KOTTAYAM PUBLIC LIBRARY

Call No MA2 Acc. No 2637

Author കേരളവർമ്മ വലിയകോയി-
ത്തമ്പുരാൻ

Title അന്യാപദേശ ശതകം

BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

Secretary

No: 2637

അന്യാപദേശശതകം.

ശ്രീ നീലകണ്ഠദീക്ഷിതരുടെ സംസ്കൃതകൃതിയെ

കേരളവൎമ്മാ

സി. എസ്സ്. ഐ., എഫ്. എം. യൂ., എം. ആർ. ഏ. എസ്സ്.,

എഫ്. ആർ. എച്ച്. എസ്സ്,

വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു

മണിപ്രവാളത്തിൽ

പരിഭാഷപ്പെടുത്തിയതു്.

മൂലത്തോടും,

സ്വൎഗ്ഗാരോഹണം ചെയ്ത

മഹാമഹിമശ്രീ സ്വാതിതിരുനാൾ

മഹാരാജാവുതിരുമനസ്സുകൊണ്ടു

ഉണ്ടാക്കിയ അവതാരികകളോടും,

എം. രാജരാജവൎമ്മരാജാ, എം. ഏ., തമ്പുരാൻ

ഉണ്ടാക്കപ്പെട്ട വ്യാഖ്യാനത്തോടും കൂ

തിരുവനന്തപുരം

കമലാലയം അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടതു.

വില ...

THE KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE
NATIONAL BOOK STALL KOTTAYAM
K.P. ... TRIVANDRUM

ANYAPADESA SATAKAM,

TRANSLATED INTO

MANIPRAVALAM,

FROM

THE SANSKRIT POEM OF

SRI NILAKANTA DIKSHITAR,

BY

KERALA VARMA,

C. S. I., F. M. U., M. R. A. S., F. R. H. S.,

VALIYA KOIL TAMPURAN,

WITH THE ORIGINAL,

THE AVATARIKAS WRITTEN

BY

HIS ILLUSTRIOUS HIGHNESS

THE LATE SVATI TIRUNAL MAHARAJA,

AND A COMMENTARY

BY

M. RAJARAJA VARMA, M. A.

KAMALALAYA PRINTING WORKS,

TRIVANDRUM.

No: 2637

പ്രസ്താവന.

സാഹിത്യസംരംഭമെല്ലാം ശമിച്ചു് നിർവ്വാണമായ അഗ്നിപർവ്വതം പോലെ അടങ്ങിയിരിക്കുന്ന ഞാൻ ഇപ്പോൾ ഈ "അന്യാപദേശമണിപ്രവാള"ത്തെ നിർമ്മിക്കാൻ ഉദ്യമിച്ചതിനുള്ള സംഗതിയെ കുറിച്ചു് ജിജ്ഞാസ ജനിക്കാവുന്ന ജനങ്ങളുടെ അറിവിനായി മാത്രമാണു് ഈ പ്രസ്താവനയെ ഇതിൽ ചേർക്കുന്നതു്.

ഇതിനു മുൻപിൽ നടന്ന ഭാഷാപോഷിണീസഭായോഗത്തിൽ ഞാൻ ചെയ്ത പ്രാരംഭപ്രസംഗത്തിന്റെ ഉപക്രമത്തിൽ ശ്രീ നീലകണ്ഠദീക്ഷിതരുടെ "അന്യാപദേശശതക"ത്തിലെ 'കിം പുഷ്ണാസി മൃഗാൻ മൃഗാധമകുലാൽ കിം വാ പരം ത്രായസേ' ഇത്യാദി ശ്ലോകത്തെ പ്രകൃതവശാൽ പ്രസ്താവിക്കയുണ്ടായി. തദനന്തരം ആ പ്രസംഗത്തെ "ഭാഷാപോഷിണി" മാസികയ്ക്കായി എഴുതി അയച്ചപ്പോൾ മേൽ പറഞ്ഞ ശ്ലോകത്തെ ഭാഷയാക്കി അയക്കുന്നതു് യുക്തമായിരിക്കുമെന്നു വിചാരിച്ചു് അപ്രകാരം ചെയ്തു. അപ്പോൾ ഈ സരസമായ ശതകം മുഴുവനും ഭാഷയാക്കിയാൽ നന്നായിരിക്കുമല്ലോ എന്നൊരു വിചാരം എന്റെ മനസ്സിൽ അംകുരിച്ചു.

ഈ "അന്യാപദേശശതക"ത്തിനു ൧൦൨൨-ാമാണ്ടു നാടുനീങ്ങിയ കവികുലശേഖരനായ സ്വാതിതിരുനാൾ മഹാരാജാവു് പ്രതിപദ്യം അവതാരിക എഴുതി ചേർത്തിട്ടുണ്ടായിരുന്നതും, എന്റെ മാതുലനും ഇപ്പോൾ രാജ്യഭാരം ചെയ്യുന്ന ശ്രീമൂലകമഹാരാജാവിന്റെ പിതാവും ആയ എന്റെ ഗുരുനാഥൻ ഇതിൽ നാല്പതിലധികം ശ്ലോകങ്ങൾക്കു് എത്രയും ഹൃദയംഗമമായ ഒരു വ്യാഖ്യാനം സംസ്കൃതത്തിൽ നിർമ്മിച്ചിട്ടുണ്ടായിരുന്നതിനെ അവിടുന്നു് എന്നെക്കൊണ്ടു വായിപ്പിച്ചു് ആവശ്യ

പ്പെട്ട ഘട്ടങ്ങളിൽ അർത്ഥം പറഞ്ഞു തന്നിട്ടുണ്ടായിരുന്നതും ഈ സരസമായ കാവ്യത്തിൽ എനിക്കു് വിശേഷ പ്രതിപത്തിയെ ജനിപ്പിക്കുന്നതിനു കാരണമായി തീൎന്നിട്ടുണ്ടു്. അതിനാലാണു ഇതു മുഴുവനും മണിപ്രവാളമാക്കാൻ, ഒന്നു ശ്രമിച്ചാലെന്താണു് എന്നൊരു വിചാരം എന്റെ മനസ്സിൽ ആവിർഭവിച്ചതു്. അതിന്റെ ശേഷം പല ജോലികളുടേയും ഇടയിൽ ഞാൻ ഇതിലെ പദ്യങ്ങളെ ദിവസംപ്രതി ഒന്നും രണ്ടും മൂന്നും വീതമായി ഭാഷയാക്കാൻ തുടങ്ങി.

എന്റെ ആദ്യഭാഷാകൃതിയായ "കേരളീയഭാഷാശാകുന്തള"ത്തിലും അനന്തരഭാഷാകൃതിയായ "അമരുകമണിപ്രവാള"ത്തിലും ദ്വിതീയാക്ഷരപ്രാസത്തിൽ വ്യഞ്ജനങ്ങൾക്കും സ്വരങ്ങൾക്കും ഐകരൂപ്യം ഉണ്ടായിരിക്കണമെന്നുള്ള നിർബന്ധത്തെ അനേകം പദ്യങ്ങളിൽ ശരിയാക്കി കൊണ്ടുപോയിട്ടുണ്ടായതെങ്കിലും സാർവ്വത്രികമായി ഞാൻ ആ നിർബന്ധത്തെ അതിൽ രണ്ടിലും അനുവർത്തിച്ചിട്ടുണ്ടായിരുന്നില്ല. അതു് ഉദാസീനതകൊണ്ടു മാത്രമല്ലാതെ അശക്തികൊണ്ടല്ലായിരുന്നു എന്നു പറയുന്നതിൽ ആത്മപ്രശംസ സ്ഫുരിക്കുന്നുണ്ടെങ്കിൽ അതിനെ മഹാന്മാർ ക്ഷമിച്ചുകൊള്ളുമാറാകണം. ദ്വിതീയാക്ഷരപ്രാസം തന്നെ അത്ര ആദരണീയമല്ലെന്നുള്ള അഭിപ്രായത്തോടുകൂടി എന്റെ പ്രിയശിഷ്യനായ ഭാഗിനേയൻ രാജരാജവൎമ്മാ, എം. ഏ., എം. ആർ. ഏ. എസ്., കോയിത്തമ്പുരാൻ "ഭാഷാമേഘസന്ദേശ"വും "ഭാഷാകുമാരസംഭവ"വും ചമച്ചു സഹൃദയഹൃദയാഹ്ലാദം ജനിപ്പിച്ചപ്പോൾ ദ്വിതീയാക്ഷരപ്രാസത്തെ കുറിച്ചുള്ള എന്റെ അത്യാചാന്ത്യമായ നിർബന്ധത്തെ ഉപേക്ഷിക്കാതെ തന്നെ ഒരു സരസകാവ്യം നിർമ്മിക്കാവുന്നതല്ലയോ എന്നൊന്നു പരീക്ഷിക്കാനായിട്ടാണു് ഞാൻ "മയൂരസന്ദേശം" എന്ന സ്വതന്ത്രകൃതിയെ അക്കാലത്തുണ്ടാക്കിയതു്. എന്നാൽ ഒരു സ്വതന്ത്രകാവ്യത്തിലെന്നപോലെ തന്നെ ഒരു ഭാഷാന്തരകൃതിയിൽ മേൽപ്പറഞ്ഞ ദ്വിതീയാക്ഷരപ്രാസവിഷയമായ നിർബന്ധം സാർവ്വത്രികമായി ഘടിപ്പിക്കാവുന്നതാണോ എന്നു പരീക്ഷിക്കാൻ ഈ "അന്യാപദേശമണിപ്രവാള"ത്തിൽ ഞാൻ ചെയ്തിട്ടുള്ള ശ്രമം അനായാസേന സഫലമായി തീൎന്നിരി-

കുന്നു എന്നുള്ള ബോധം സാമാന്യേന സഹൃദയന്മാൎക്കെല്ലാവൎക്കും ഉണ്ടാകാതിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം.

ദ്രാവിഡന്മാരും കേരളീയന്മാരുമായ പ്രാചീനഭാഷാമഹാകവികൾ അവ്യഭിചാരേണ ആദരിച്ചിരുന്നതായ ദ്വിതീയാക്ഷരപ്രാസത്തെ തീരെ ഉപേക്ഷിക്കുന്നതിനേക്കാൾ അതിൽ യഥാശക്തി സ്വരവ്യഞ്ജനങ്ങൾക്കു സാരൂപ്യത്തെ ഉണ്ടാക്കാൻ ശ്രമിക്കയാണ് ആധുനികകവികളിൽ ശക്തിമാന്മാർ ചെയ്യേണ്ടതെന്നുള്ള എന്റെ അഭിപ്രായത്തെ ഇദാനീന്തനന്മാരായ സൽകവികളിൽ ചിലർ ആദരിക്കാതിരിക്കുന്നില്ലെന്നുള്ളതു് എനിക്കു് അനല്പമായ ചാരിതാൎത്ഥ്യത്തിനു കാരണമാണു. ഭാഷാകവിതയിൽ പ്രാസനിർബന്ധം കൂടാതിരുന്നാൽ പദ്യങ്ങൾക്കു് അധികലാളിത്യമുണ്ടായിരിക്കുമെന്നുള്ളതു വാസ്തവമാണെങ്കിൽ ഭാഷാഗദ്യങ്ങൾക്കു അതിലധികമായ ലാളിത്യമുണ്ടായിരിക്കുമെന്നുള്ളതു് അതിലുമധികം വാസ്തവമാകകൊണ്ടു് ഭാഷാപണ്ഡിതന്മാർ പദ്യനിൎമ്മാണത്തിൽ പ്രവൃത്തിക്കാതിരിക്കയാണല്ലോ വേണ്ടതു്. അതു ചെയ്യാതിരിക്കുന്ന സ്ഥിതിക്കു ഭാഷാകവിതയിൽ യഥാശക്തി പ്രാസത്തെ നിൎവ്വഹിച്ചു കൊണ്ടുപോകതന്നെയാണ് വേണ്ടതു് എന്നാണ് എന്റെ പക്ഷം.

ഈ “അന്യാപദേശമണിപ്രവാള”ത്തിൽ ഏതാനും പദ്യങ്ങൾ തീൎന്നവയെ എന്റെ ഭ്രാതൃഷ്പുത്രനും സാഹിത്യരസജ്ഞനും ആയ എം. രാജരാജവൎമ്മ രാജാ, എം. ഏ., നോക്കി അഭിനന്ദിച്ചപ്പോൾ ഇതിനൊരു വ്യാഖ്യാനം എഴുതാമോ എന്നു ഞാൻ ചോദിച്ചതിനെ സന്തോഷപൂൎവ്വം കയ്ക്കൊണ്ടു് ഉടനെ അതിനായി ഉദ്യമിച്ചു് അപ്പോഴപ്പോൾ എഴുതിയതിനെ എന്റെ അടുക്കൽ കൊണ്ടുവന്നു കാണിച്ചിരുന്നതു് ഈ കൃതിയെ പൂരിപ്പിക്കുന്നതിലേക്കു് എനിക്കു് ഒരു പ്രോത്സാഹകമായി തീൎന്നിട്ടുണ്ടു്. ഇതിലെ അവതാരികകളെ ഇതിന്റെ വ്യാഖ്യാതാവായ രാജാവുതന്നെ ഭാഷപ്പെടുത്തുകയും ചിലതിനെ മാററി ഉണ്ടാക്കുകയും ചിലതിൽ തന്റെ അഭിപ്രായപ്രകാരം ചില്ലെടുത്തു ആക്ഷേപയോഗ്യങ്ങളായ ഭാഗങ്ങളെ എടുത്തുകാണിക്കയും മററും ചെയ്തു തന്റെ വ്യാഖ്യാ

നത്തെ വിദ്വജ്ജനമോദനീയമാക്കീട്ടുണ്ടു്. മൂലഗ്രന്ഥകാരന്റെ അഭിപ്രായത്തെക്കുറിച്ചും വ്യാഖ്യാതാവു ചിലെടത്തു് ആധുനികസിദ്ധാന്തപ്രകാരം യുക്തിവാദത്തെ ഉപന്യസിച്ചിട്ടുള്ളതു് നവീനമതപക്ഷപാതികളായ പണ്ഡിതന്മാൎക്കു് അഭിമതമായി തന്നെ ഇരിക്കുമെന്നു വിശ്വസിക്കുന്നു. സൎവ്വഥാ ശ്ലാഘനീയമായ ഈ വ്യാഖ്യാനത്തിൽ ശബ്ദവിസ്താരം അല്പം അധികമായിപ്പോയിട്ടുണ്ടോ എന്നൊരു ശങ്കയ്ക്കവകാശം ഉണ്ടാകാമെങ്കിൽ അതു വ്യുല്പത്തിദാൎഢ്യമില്ലാത്തവൎക്കും സുഖബോധത്തിനു വേണ്ടി മാത്രമാണെന്നുള്ള സമാധാനം ആൎക്കും എളുപ്പത്തിൽ തോന്നാവുന്നതാണു്.

ഈ "അന്യാപദേശമണിപ്രവാള"ത്തെ ഞാൻ നിൎമ്മിച്ചുകൊണ്ടിരുന്ന സന്ദൎഭത്തിൽ ഇതിലെ ചില പദ്യങ്ങളെ എന്റെ പ്രാണപ്രേയസിയും സൂക്ഷ്മഗ്രാഹിണിയും രസവേദിനിയും ആയ നാടുനീങ്ങിയ മഹാരാജ്ഞിയെ കേൾപ്പിച്ചപ്പോൾ അവിടുന്നു് അവയെ അസാമാന്യമായി അഭിനന്ദിക്കയും ഈ ഗ്രന്ഥത്തെ ഉടനെ സമഗ്രമാക്കേണമെന്നു താല്പൎയ്യപ്പെടുകയും ചെയ്തതുകൂടി എന്നെ ഈ പരിഭാഷാപൂരണത്തിൽ ബലവത്തരമായി ത്വരിപ്പിച്ചിട്ടുണ്ടെന്നുള്ള വാസ്തവത്തെ ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്കു മനസ്സു വരുന്നില്ല.

ഭാഷാന്തരം പൂൎത്തിയായതിന്റെ ശേഷം ഒരിക്കൽ അന്നു "വിദ്യാവിനോദിനീ" പത്രാധിപരായിരുന്ന എന്റെ സ്നേഹിതൻ തോട്ടക്കാട്ടു കുഞ്ഞുകൃഷ്ണമേനോൻ, ബി. എ., എം. ആർ. ഏ. എസ്., എഫ്. ആർ. എച്ച്. എസ്. ഇവിടെ വന്നു എന്നെ കാണുകയും ഈ കൃതിയെ വായിച്ചു നോക്കുകയും ഉണ്ടായതിൽ അയാളുടെ അപേക്ഷപ്രകാരം ഈ "അന്യാപദേശമണിപ്രാളം" മുഴുവനും എന്റെ പ്രിയശിഷ്യനായ ഏ. ആർ. രാജരാജവൎമ്മാ കോയിത്തമ്പുരാന്റെ എത്രയും ഹൃദയംഗമകളായ ചെറിയ അവതാരികകളോടുകൂടി "വിദ്യാവിനോദിനി"യുടെ രണ്ടു മൂന്നു പ്രതികളിലായി പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു.

ഈ പ്രസ്താവനയിൽ ഇത്രമാത്രമല്ലാതെ എനിക്കു മറ്റൊന്നും പ്രസ്താവിക്കാനുള്ളതായി തോന്നുന്നില്ല.

Trivandrum,
10th July 1902. } KERALAVARMA.

ശ്രീരസ്തു.

അന്യാപദേശശതകം

മണിപ്രവാളം

സവ്യാഖ്യാനം

ഏകേനൈവ പ്രഭുണാ ബഹുഷു ജനേഷു സമം പാല്യമാനേഷു സത്സ്വപി തത്ര കേചിൽ സ്വപ്രകൃത്യനുസാരേണ തസ്യൈവ പ്രഭോശ്ശുഭാനി അന്യേ തദിതരാണി ച മനസാ ധ്യായന്തീത്യാഹ:—

൧. ഛായാവൃക്ഷമുപാശ്രയന്തി പഥിഷു ശ്രാന്താ ഹി പാന്ഥാസ്സമം
തേഷ്വേകോഽസ്യ ശുഭം ശുഭേന മനസാ ഹ്യേഷ്യന്നനുധ്യായതി।
അന്യോ ഹന്തുമപേക്ഷതേഽസ്യ വിടപാനാധാരയഷ്ടീഃ കൃതേ
കശ്ചിന്നിശ്ചിനുതേ കവാടഫലകം കർത്തും തമേവ ക്ഷണാൽ.॥

ഒരേ പ്രഭുവിനാൽ തന്നെ രക്ഷിക്കപ്പെടുന്ന അനേകം ജനങ്ങളിൽ ചിലർ അദ്ദേഹത്തിനു ഗുണത്തേയും, മററു ചിലർ ദോഷത്തേയും, അവരവരുടെ സ്വഭാവഭേദമനുസരിച്ച് ഇച്ഛിക്കുന്നു എന്നു പറയുന്നു:—

ശ്രാന്തരായ് തണൽമരത്തെയൊന്നിനെ-
യണഞ്ഞു പാന്ഥർ മരുവീടവേ
സ്വാന്തമോദമൊടൊരുത്തനങ്ങു
കരുതുന്നതിന്നു പലതും ശുഭം।
കാന്തമായൊരു വടിക്കതിന്റെ
വിടപച്ഛിദയ്ക്കൊരുവനോർത്തിടു-
ന്നാന്തരം പരനറച്ചിടുന്നതു
മുറിച്ചുടൻ കതകു തീർക്കുവാൻ.॥

വ്യാഖ്യാനം.

“വെള്ളിക്കുന്നിലമൎന്ന ഗംഗയോടഹോ! മേളിച്ചു തുള്ളും ഭവാൻ
കൊള്ളാം, മാല, വിഭൂതി, തോലിവ ധരിച്ചുള്ളോരു സന്ന്യാസിയായ്,”
ഉള്ളിൽ കോപമൊടേവമോതുമുമയേ നൽപുഞ്ചിരിക്കൊഞ്ചലിൻ-
വള്ളിക്കെട്ടിലകപ്പെടുത്തി മരുവും മാരാരിയെക്കൈതൊഴാം. (൧)

നീലകണ്ഠകവിവൎയ്യനിൎമ്മിതമതായ കാവ്യതിലകത്തിനീ-
ന്നീലകണ്ഠപദഭക്ത കേരളകവീന്ദ്രനിന്നു മലയാൺമയിൽ
ചേലുതെല്ലുമകലാതെ ചെയ്ത പരിഭാഷ ഭാഷയിൽ വിശേഷമാം
ചില്ല നല്ല കവികൾക്കു കാട്ടി വിലസുന്നു മാതൃകയതെന്നപോൽ. (൨)

പ്രശിഷ്യനെന്നുള്ളോരു വത്സലത്വം
വിശിഷ്യയെന്നിൽ കരുതിപ്പിതൃവ്യൻ
വിശേഷകാവ്യാമൃതമാസ്വദിച്ചി-
ട്ടശേഷയാം വ്യാഖ്യ ചമയ്ക്കുവാനായ്. (൩)

ആജ്ഞാതനായിട്ടതിനായിതാ ഞാ-
നജ്ഞൻ തുനിഞ്ഞേൻ ഗുരുപാദമൂലം
വിജ്ഞാനദം കൈതൊഴുതിട്ടു ഭക്ത്യാ-
പ്രാജ്ഞാഃ! ക്ഷമിച്ചീടുക ചാപലത്തെ. (൪)

അനിതരസാധാരണമായ വൈദുഷ്യത്താലും സ്വകൃതികളുടെ അകൃത്രിമമായ ലാവണ്യത്താലും കേരളകാളിദാസനെന്നു സൎവ്വജനങ്ങളാലും സ്തുതിക്കപ്പെടുന്ന കവികുലശിരോമണിയായ ശ്രീകേരളവൎമ്മദേവൻ സംസ്കൃതാനഭിജ്ഞന്മാരായ കേരളീയ സഹൃദയന്മാരിൽ പരമകാരുണികത പൂണ്ടു് സരസകാവ്യാമൃതാസ്വാദനദ്വാരാ നീതിശാസ്ത്രതത്വങ്ങളേയും ലോകവ്യവഹാരരഹസ്യങ്ങളേയും അവരോടു ഉപദേശിക്കുന്നതിനു് ആരബ്ധകൎമ്മാവായി, ഒന്നാമതു, സ്വസംരക്ഷകപ്രഭുദ്രോഹരൂപമായ മഹാപാതകത്തിൽ നിന്നു് അവരെ നിവൎത്തിപ്പിക്കുന്നതിനു “ശ്രാന്തരായ്” ഇത്യാദി പ്രഥമശ്ലോകത്തെ ആരംഭിച്ചിരിക്കുന്നു. ശ്രാന്തരായ് ക്ഷീണിച്ചിട്ടു്, കഠിനമായ വെയിലത്തു വളരെ ദൂരം നടക്കയാൽ ക്ലാന്തന്മാരായിട്ടു, എന്നൎത്ഥം. പാന്ഥർ വഴിപോക്കർ, തണൽമരത്തെയൊന്നിനെയണഞ്ഞു ഒരു തണലുള്ള മരത്തിന്റെ ചുവട്ടിൽവന്നു, മരുവീടവേ, സുഖമായി വിശ്രമിക്കുമ്പോൾ; തണൽമരം എന്നാൽ തണലുള്ള മരം എന്നൎത്ഥം; എല്ലാം മരത്തിനും തണലുള്ളപ്പോൾ തണൽശബ്ദം നിഷ്പ്രയോജനമല്ലേ? അല്ല; മരങ്ങൾക്കു തണലിനു കൂടുതൽ കുറവു പ്രത്യക്ഷമാണല്ലോ. തണൽശബ്ദം തണലിന്റെ ആധിക്യത്തെ കുറി

ക്കുന്നു. പാന്ഥർ എന്ന ശബ്ദത്തിന്റെ വചനം ബഹുത്വത്തെ സൂചിപ്പിക്കുന്നതുകൂടാതെ മരുവുക എന്ന ക്രിയയിൽ അവരിൽ ഓരോരുത്തനും ഒരുപോലെ ഉള്ള പ്രവൃത്തിയേയും ദ്യോതിപ്പിക്കയാൽ സമം എന്ന മൂലത്തിലുള്ള ശബ്ദത്തെ ഭാഷയിൽ ഉപേക്ഷിച്ചിരിക്കുന്നു. അതിനാൽ പാന്ഥർമരുവുക എന്നതുകൊണ്ടു വഴിപോക്കർ എല്ലാവരും ഒരുപോലെ വിശ്രമിക്ക എന്നർത്ഥമറിക. ഇപ്രകാരം വഴിപോക്കർ വിശ്രമത്തെ സമമായി അനുഭവിച്ചിരിക്കുമ്പോൾ, ഒരുത്തനങ്ങു, ഒരുവനപ്പോൾ, സ്വാന്തമോദമൊടു, ഉള്ളിൽ സന്തോഷത്തോടുകൂടി, വെയിൽകൊണ്ടു ശ്രമപ്പെട്ടു് ക്ഷീണിച്ചുവരുന്ന നമുക്കു് ഛായാദാനത്താൽ വിശ്രമസൌഖ്യത്തെ നൽകിയല്ലൊ എന്നതുകൊണ്ടു സന്തുഷ്ടമാനസനായി; അതിനു, ആ തണൽമരത്തിനു പലതും ശുഭം കരുതുന്നു; അതിന്റെ തറ നന്നാക്കയും, അതിനു തടമെടുക്കയും, വെള്ളം കോരുകയും മററും ചെയ്തു അതിനെ പോഷിപ്പിക്കണം എന്നിങ്ങനെ അതിനു, പല ഗുണങ്ങളേയും ചെയ്യുന്നതിനു നിശ്ചയിക്കുന്നു; ഈ വഴിയെ വരുന്ന മററുള്ളവൎക്കും ഇനി ഒരിക്കൽ തനിക്കും ഉപകാരമായി തീരുമെന്നു കരുതി ആ തണൽമരത്തിനു പല ശുഭങ്ങളേയും ചെയ്വാൻ കരുതുന്നു. ഒരുവൻ മറെറാരുത്തനാകട്ടെ, കാന്തമായ നല്ല, ഒരു വടിക്കു, വടിയുണ്ടാക്കുന്നതിനു, അതിന്റെ, ആ മരത്തിന്റെ, വിടപച്ഛിദയ്ക്കു; വിടപത്തിന്റെ കൊമ്പിന്റെ, ഛിദയ്ക്കു, ഛേദനത്തിനു, കൊമ്പു മുറിക്കുന്നതിനു എന്നു താല്പൎയ്യം, ഓൎത്തിടുന്നു വിചാരിക്കുന്നു. മറെറാരുത്തനാകട്ടെ, തനിക്കു ശ്രമാപനോദനരൂപേണ ചെയ്ത ഉപകാരത്തെ വിസ്മരിച്ചു സ്വാൎത്ഥപരതയോടെ ആ മരത്തിന്റെ കൊമ്പു മുറിച്ചു നല്ല വടിയുണ്ടാക്കണമെന്നു വിചാരിക്കുന്നു. അപരൻ കൃതഘ്നനായ മറെറാരുവനാകട്ടെ; അതു മുറിച്ചു ആ മരത്തെ മൂടോടെ വെട്ടിയിട്ടു, കതകു തീൎക്കുവാൻ പലകയായി അറുത്തു വാതിലുണ്ടാക്കാൻ, ആന്തരം ഉറച്ചിട്ടുന്നു മനസ്സിൽ നിശ്ചയിക്കുന്നു; ഉപകാരസ്മരണ തീരെ വിട്ട മറെറാരുത്തൻ ആ മരത്തെ നിശ്ശേഷം നശിപ്പിച്ചു അതുകൊണ്ടു സ്വോപഭോഗയോഗ്യങ്ങളായ സാധനങ്ങളെ ഉണ്ടാക്കാൻ തീർച്ചയാക്കുന്നു. ശ്ലോകത്തിന്റെ വാച്യാർത്ഥത്തെക്കാൾ വ്യംഗ്യാൎത്ഥത്തെയാണു കവി സാരമായി ഗണിച്ചിരിക്കുന്നതു്. അതെന്തെന്നാൽ ഏതു പ്രകാരമാണോ നല്ല തണലുള്ള ഒരു മരത്തിന്റെ മൂട്ടിൽ വെയിൽകൊണ്ടു ക്ഷീണിച്ച വഴിയാത്രക്കാർ ഇരുന്നു ശ്രമം തീൎത്തശേഷം, അവരിൽ ചിലർ ഉപകാരസ്മരണയോടെ ആ വൃക്ഷത്തിനു മേൽക്കുമേൽ വളർച്ച വരുത്തുന്നതിനും മററു ചിലർ ഉപകാരിയായി തീൎന്ന വൃക്ഷത്തിന്റെ അംശത്തിനു നാശം വരുത്തി വടിയുണ്ടാക്കുന്നതിനും, അതിദുഷ്ടന്മാരായ മററു ചിലർ അതിനെ തീരെ നശിപ്പിച്ചു വീട്ടിൽ കൊണ്ടുപോയി കതകു തീൎക്കുന്നതിനും ആലോചിക്കുന്നു, അതുപോലെ ഒരു പ്രഭുവിനെ ആശ്രയിച്ചു കാലക്ഷേപം കഴിക്കുന്ന അനേകം ജനങ്ങളിൽ ചിലർ പ്രഭുവിനു ക്ഷേമത്തേയും സ്വാൎത്ഥപരന്മാരായ മററു ചിലർ

പ്രഭുവിന്റെ ഏകദേശനാശംകൊണ്ടു സ്വകാൎയ്യലാഭത്തേയും, സ്വാൎത്ഥൈകപരന്മാരും കൃതഘ്നതമന്മാരുമായ വേറെ ചിലർ പ്രഭുവിന്റെ നിശ്ശേഷനാശം കൊണ്ടു സ്വാഭിവൃദ്ധിയേയും ഇഛിക്കുന്നു. ഈ ശ്ലോകത്തിന്റെ എന്നല്ല ഈ കാവ്യത്തിന്റെ ജീവൻ അപ്രസ്തുതപ്രശംസാലങ്കാരമാകുന്നു. യാതൊരിടത്തിൽ അപ്രസ്തുതമായ വൃത്താന്തത്തെ വൎണ്ണിച്ചു പ്രസ്തുതമായ വസ്തുവോടു യോജിപ്പിക്കുന്നോ അവിടെ അലങ്കാരം അപ്രസ്തുതപ്രശംസയാകുന്നു. ഇവിടെ പ്രസ്തുതവിഷയമായ സ്വസംരക്ഷകപ്രഭുദ്രോഹത്തെ വിട്ടുംവച്ചു് തണൽമരത്തേയും അതിനടിയിൽ വന്നിരിക്കുന്ന ക്ഷീണിച്ച വഴിപോക്കരേയും വൎണ്ണിച്ചിരിക്കുന്നു. എന്നാൽ സൎവ്വാലങ്കാരനിദാനമായിരിക്കുന്ന സാദൃശ്യത്താൽ അപ്രസ്തുതമായ തണൽമരവും പ്രസ്തുതനായ പ്രഭുവും, അതുപോലെതന്നെ പാന്ഥന്മാരും ആശ്രിതജനങ്ങളും മററും സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ആശ്രിതജനങ്ങളുടെ ക്ലേശങ്ങളെ തീൎത്തുരക്ഷിക്ക എന്നുള്ള ഗുണത്താൽ തണൽമരത്തിനും പ്രഭുവിനും സാമ്യം. ഇതുപോലെ മററുള്ളവയിലും കാണ്ക. ആരബ്ധകാവ്യത്തിന്റെ അവിഘ്നപരിസമാപ്തിക്കായി 'ശുഭ'ശബ്ദം ഉപയോഗിച്ചിരിക്കുന്നു. ഈ കാവ്യത്തിലെ വൃത്തം കുസുമമഞ്ജരി.

ക്ഷുദ്രാണാം വൃദ്ധ്യാ വാ ക്ഷയേണ വാ കിം? മഹദ്ഭിരഭിവൃദ്ധിരേവ സൎവ്വഥാപേക്ഷണീയേത്യാഹഃ—

൨. ശ്വാനസ്സന്തൃപ്തിതോഽപി ദന്തമുകുള വ്യാവൎത്തനോൽഘാടിത-
സ്വൈരോത്താനിതവിഡ്വരാഹവൃഷ്ഗുകാഃ കിം തൈസ്സ്ഥിതൈൎവ്വാ-
മൃതൈഃ |
വസ്തവ്യം ഗിരിരാജമൌലിഷു വിഹൎത്തവ്യം പുനസ്സ്വേച്ഛയാ
ഹന്തവ്യാഃ കരിണോ മൃഗേന്ദ്ര ഇതി ച പ്രാപ്തവ്യമുച്ചൈൎയ്യശഃ ||

നിസ്സാരന്മാരായുള്ളവരുടെ ഉൽകൎഷാപകൎഷങ്ങളെ ലോകം ഗണിക്കയില്ല; അതുകൊണ്ടു വലിയ കാൎയ്യങ്ങളെ നടത്തി മഹാൻ എന്നു പേരുകേട്ടു് അഭിവൃദ്ധിയെ നേടുന്നതിനാണു് ആഗ്രഹിക്കേണ്ടതെന്നു പറയുന്നു:—

പല്ലുണച്ചു ചെറുവിട്ചരങ്ങളെ-
യുപദ്രവിച്ചു വിളയാടുവാൻ
വല്ലഭത്വമെഴുമെത്ര പട്ടികളി-
രിക്കിലെന്തവ മരിക്കിലും? |

നല്ല വന്മലയിലേറി വാണിടണ-
മിച്ഛപോലെ വിഹരിക്കണം
കൊല്ലണം മദഗജങ്ങളെ ശ്രുതി
മൃഗേന്ദ്രനെന്നിഹ പരത്തണം. ‖

പല്ലുണച്ച്, പല്ലുകളെ അണച്ച്, കടിച്ചു എന്നർത്ഥം. ചെറുവിട് ചരങ്ങളെ പീപ്പന്നിക്കുട്ടികളെ; ദുഷ്ടാഹാരാദികളാൽ പീപ്പന്നികൾ നികൃഷ്ട ജന്തുക്കളായി ഗണിക്കപ്പെടുന്നല്ലോ; അവ തീരേ പ്രസരിപ്പില്ലാത്ത ജന്തുക്കളുമാകുന്നു. ചെറുശബ്ദംകൊണ്ടു പോരാളിയെ എതിർക്കുന്നതിനുള്ള ബലക്കുറവിനെ ഒന്നുകൂടി ഉറപ്പിക്കുന്നു. അതുകൊണ്ടു സ്വതേതന്നെ ശൌര്യമില്ലാത്തവയും ഗർഹ്യങ്ങളുമായുള്ള ജന്തുക്കളുടെ—അല്പകായത്വംകൊണ്ടു നേരിട്ട് എതിർത്തുനില്ക്കാൻ കഴിയാത്ത കുട്ടികളെ, എന്നു താല്പര്യം; ഉപദ്രവിച്ചു ദ്രോഹിച്ചു; അവരേയും ഒരേ കടികൊണ്ടു കൊല്ലാൻ കഴിയുന്നില്ല, വൃഥാ കടിച്ചു ഉപദ്രവിക്കാൻ മാത്രമേ കഴിയുന്നുള്ളു എന്നു താല്പര്യം, വിളയാടുവാൻ കളിക്കുവാൻ; വല്ലഭത്വമെഴും വിരുതു കൂടുന്ന; എത്ര പട്ടികൾ, എത്ര നായ്ക്കൾ, ഉണ്ട്, എന്ന അർത്ഥസിദ്ധയായ ക്രിയയുടെ കർത്താവ്. നിന്ദ്യങ്ങളായി ശൌര്യലേശമില്ലാത്ത പീപ്പന്നിക്കുട്ടികളെ കടിച്ചുപദ്രവിക്കാൻ വിരുതു കൂടിയ എത്ര പട്ടികളുണ്ട്? അവ, ആ പട്ടികൾ ഇരിക്കിൽ എന്ത്, മരിക്കിലും എന്ത് എന്നു ചേർത്തുകൊള്ളണം; അവ ഇരുന്നാലും മരിച്ചാലും ആരും ഗൌനിക്കുന്നില്ല. പിന്നെ ഏതുവിധമിരുന്നാൽ മററുള്ളവർ ഗൌനിക്കുമെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു. നല്ല വന്മലയിലേറി വാണിടണം, നല്ല ഉന്നതപർവ്വതങ്ങളുടെ മുകളിൽ വസിക്കണം, അല്ലാതെ എച്ചിലും നക്കി വല്ലവരുടേയും പടിപ്പുരയിൽ കാവൽകാത്തു കിടക്കയല്ല വേണ്ടത്; ഇച്ഛപോലെ വിഹരിക്കണം, ഇഷ്ടംപോലെ സഞ്ചരിച്ചു സുഖമായിരിക്കണം, അല്ലാതെ വല്ലവന്റെയും ചൊൽപ്പടിക്കു കീഴിഞ്ഞു കിടക്കുകയല്ല വേണ്ടതു, മദഗജങ്ങളെ കൊല്ലണം, മദിച്ചുനിൽക്കുന്ന ആനത്തലവന്മാരെ കൊല്ലണം, മദമെന്നുള്ള ശബ്ദത്തിനു അഹങ്കാരമെന്നുകൂടി അർത്ഥം, തന്നോടു ഇനനു ആർക്ക് എതിർക്കാൻ കഴിയുമെന്നുള്ള അഹങ്കാരത്തോടുകൂടി നിൽക്കുന്ന ആനത്തലവന്മാരെയാണ് കൊല്ലേണ്ടത്. അല്ലാതെ നീചമായ ആഹാരം തിന്നു ശൌര്യലേശമില്ലാത്ത കുട്ടികളായ പീപ്പന്നികളെയല്ല, മൃഗേന്ദ്രനെന്നു മൃഗരാജനെന്നു, ഇഹലോകത്തിൽ ശ്രുതി, പേർ, കീർത്തി പരത്തണം പ്രസിദ്ധമാക്കണം. മൃഗരാജാവെന്നു കീർത്തി സമ്പാദിക്കണം, അല്ലാതെ എച്ചിൽതീനിപ്പട്ടി എന്നല്ല. ജനങ്ങളുടെ അഭിമാനത്തിനു പാത്രമാകണമെങ്കിൽ വലിയ പദവിയിൽ ഇരുന്നു വീരകൃത്യങ്ങൾ നടത്തി മഹാൻ എന്നുള്ള പേർ സമ്പാദിക്കണം. തുച്ഛകർമ്മങ്ങളെ ചെയ്തു വമ്പു നടിക്കുന്ന നിസ്സാരന്മാരെ ജനങ്ങൾ തീരെ ആദരിക്കയില്ല എന്നു താൽപര്യം.

സ്വയം പ്രജാപാലനതാത്പൎയ്യരഹിതേനാപി രാജ്ഞോ സ്വഭാഗ്യവശാൽ പുഷ്ടാനാമാത്മദിദൃക്ഷൂണാം പ്രജാനാം കേവലം ദൎശനമാത്രേണാപി സന്തുഷ്ടിഃ കാൎയ്യേത്യാഹ:—

൩. കിംപുഷ്ണാസി മൃഗാൻ? മൃഗാദനകുലാൽ കിം വാ പരം ത്രായസേ?
തൽഭാഗ്യേന തഥാപ്യമീ വനഭുവി സ്വൈരം ചരിത്വാ തൃണം।
ത്വാം രാജാനമുപാസിതും യദി കില ശ്രദ്ധാം നിബധ്നന്തി തത്
കിം പാരീന്ദ്ര! ഗുഹാഗൃഹാദപി വിനിൎഗ്ഗന്തും തവാ ദൃശ്രമഃ॥

രാജാവു സ്വകൃത്യമായ പ്രജാപാലനത്തിൽ താൽപൎയ്യലേശമില്ലാത്തവനാണെങ്കിലും, അദ്ദേഹത്തിൻെറ ഭാഗ്യവിശേഷത്താൽ സുഖികളായ ജനങ്ങൾ സന്തോഷത്തോടെ കാണാൻ വരുമ്പോൾ അതിനു അവസരം കൊടുക്കയെങ്കിലും ചെയ്യേണ്ടതാണെന്നു പറയുന്നു:—

ഭക്ഷണം മൃഗകുലത്തിനെന്തു? ഭയ-
രക്ഷയെന്തരുളിടുന്നു നീ?
യക്ഷതം തദപി നിൻെറ ഭാഗ്യമതു
പുല്ലു തിന്നു സുഖമായ് വനേ।
പക്ഷമോടധിപനായ നിൻ നതി
കൊതിച്ചു വന്നിടുകിലിന്നു ഹ-
ൎയ്യക്ഷ! കിന്തവ ഗുഹാഗൃഹത്തിനു
പുറത്തിറങ്ങുവതിനും പണി.॥

ഹൎയ്യക്ഷ! അല്ലയോ സിംഹമേ! നീ മൃഗകുലത്തിനു സ്വപ്രജകളായ ജന്തുവൎഗ്ഗത്തിന്, എന്തു ഭക്ഷണം, അരുളിടുന്നു എന്ന ക്രിയയുടെ കൎമ്മം, ഭക്ഷണം ഉപജീവനമാൎഗ്ഗം എന്താണ അരുളിടുന്നതു് ഉണ്ടാക്കി കൊടുക്കുന്നതു് ?ഒന്നുമില്ല, എന്നു താല്പൎയ്യം. ജീവസന്ധാരണമാൎഗ്ഗത്തെ നീ ഒന്നും ഉണ്ടാക്കിക്കൊടുത്തിട്ടില്ല, എന്നു മാത്രമല്ല, നീ എന്തു ഭയരക്ഷ അരുളിടുന്നു? ഭയരക്ഷ ശത്രുഭയത്തിൽനിന്നുള്ള രക്ഷ, നീ മൃഗങ്ങളെ ശത്രുക്കളിൽനിന്നും രക്ഷിക്കുന്നുണ്ടോ? അതുമില്ല: രാജാവിന്റെ കൃത്യങ്ങൾ പ്രാധാന്യേന രണ്ടു കൂട്ടമാകുന്നു, ഒന്നാമതു പ്രജകൾക്കു കാലക്ഷേപമാൎഗ്ഗത്തെ കല്പിക്ക, രണ്ടാമതു, അവരെ ശത്രുക്കളിൽനിന്നു രക്ഷിക്ക, ഈ രണ്ടു കൂട്ടവും മൃഗരാജനായ നീ ചെയ്യുന്നില്ല. തദപി എങ്കിലും, സ്വകൃത്യങ്ങളെ നീ ചെയ്യുന്നില്ലെങ്കിലും, നിൻെറ ഭാഗ്യം അക്ഷതം, നിൻെറ ഭാഗ്യ

ത്തിന്ന ഒട്ടും കുറവില്ല. അതെന്തുകൊണ്ടെന്നു പറയുന്നു—അതു് ആ മൃഗകുലം, വനേ കാട്ടിൽ, പുല്ലുതിന്നു പരാപേക്ഷകൂടാതെ വളൎന്നുനിൽക്കുന്ന പുല്ലു തിന്നു്, പുല്ലു എന്നുള്ള ശബ്ദം ഭക്ഷണസാമാന്യത്തെ കുറിക്കുന്നു. സുഖമായി സൌഖ്യത്തോടുകൂടിയതായി. നി മൃഗങ്ങൾക്കു ഭക്ഷണമാൎഗ്ഗത്തെ ഉണ്ടാക്കിക്കൊടുക്കയും അവയെ ശത്രുക്കളിൽനിന്നു രക്ഷിക്കയും ചെയ്തില്ലെങ്കിലും, അവ കാട്ടിലുള്ള ആഹാരത്തെ ഭുജിച്ചു സുഖമായിരിക്കുന്നതിനാൽ സ്വകൃത്യഫലം അയത്നേന സിദ്ധമാകയാൽ നീ ഭാഗ്യവാൻ തന്നെ. എന്നാൽ ആ മൃഗകുലം, പക്ഷമോടു, സ്വസ്വാമിയാണെന്നുള്ള സ്നേഹത്തോടെ, അധിപനായ രാജാവായ, നിൻ നതി എന്ന ശബ്ദത്തിന്റെ അംശമായ നിൻ എന്നതിൽ അന്തൎഭവിച്ച നീ എന്ന ശബ്ദത്തിന്റെ വിശേഷണം, നിൻ നതി നിനക്കായിക്കൊണ്ടുള്ള നതിയെ നമസ്കാരത്തെ വന്ദനത്തെ, നിന്നെ കണ്ടു വന്ദിക്ക എന്നുള്ളതിനെ, കൊതിച്ചു ആഗ്രഹിച്ചു, നിന്നെ കണ്ടു വന്ദിച്ചു പോകണമെന്നാഗ്രഹിച്ചു എന്നൎത്ഥം. വന്നിട്ടുകിലിന്നു, വന്നാലപ്പോൾ, ഗുഹാഗൃഹത്തിന്നു ഗുഹയാകുന്ന ഗൃഹത്തിന്റെ, പുറത്തിറങ്ങുവതിന്നും വെളിയിൽ വരുന്നതിന്നുകൂടിയും, തവ നിനക്കു, പണി കിം, ബുദ്ധിമുട്ടാകുന്നോ? സിംഹം ഗുഹയ്ക്കു വെളിയിൽ വന്നല്ലാതെ മൃഗങ്ങൾക്കു കാണ്മാൻ കഴിയുകയില്ലല്ലൊ. വിശക്കുമ്പോഴല്ലാതെ സിംഹം മററു ജന്തുക്കളെപ്പോലെ നിഷ്പ്രയോജനമായി സഹജമായ ഗാംഭീൎയ്യത്താൽ പുറത്തിറങ്ങി സഞ്ചരിക്കയില്ല. അതിനാൽ മൃഗങ്ങൾക്കു കാണുന്നതിന്നു അവസരം ചുരുങ്ങും. അല്ലയൊ മൃഗരാജ! നീ സ്വകൃത്യങ്ങളെ ചെയ്യുന്നില്ലെങ്കിലും നിന്റെ ഭാഗ്യവിശേഷത്താൽ സുഖികളായ മൃഗങ്ങൾ സ്വാമിഭക്തിയോടെ നിന്നെ കണ്ടുവന്ദിച്ചുപോകാൻ വന്നാൽ അവൎക്കു കാണ്മാൻ അവസരം കൊടുക്കുന്നതുകൂടി നീ വലിയ ശ്രമമായി കരുതുന്നോ? എന്നു വാച്യാൎത്ഥം. ശ്രമസാദ്ധ്യമായ രക്ഷണീയജനപാലനകൃത്യത്തെ ചെയ്യാതെ ഇരിക്കവെ അവർ സ്വപരിശ്രമത്താൽ സുഖികളായി തീൎന്നു ഭക്തിയോടെ സ്വാമിയോടു നിഷ്പ്രയാസമായ ഒരു കാൎയ്യത്തിന്നു അപേക്ഷിക്കുമ്പോൾ അതിനെക്കൂടിയും സാധിച്ചു കൊടുക്കാത്തതു എററവും ദോഷാവഹമാകുന്നു എന്നു പ്രതിപാദ്യം.

ലോകേ ഖലാസ്സമീചീനം വസ്തു സദാ സമീപേ വഹന്തഃ
സ്വയം ച നോപഭുഞ്ജതേ, തദാശയാ പ്രാണാനപി
ത്യക്ത്വാ സമാഗതേഭ്യോ യാചകേഭ്യശ്ച ന വിതര
ന്തീത്യാഹ:—

൪. ഉന്മുച്യസ്വജനാനപേക്ഷ്യ തൃണവൽ പ്രാണാനപി പ്രേയസ-
സ്തീർത്ത്വാദുസ്തരമണ്ണവം ച വണിജഃ പ്രാപ്താഃ പടീരാശയാ— |
ശ്ചാസൈസ്തേ വിനിവർത്തിതാഃ പ്രതിഭയൈസ്സ്വദേഹാദ്ഭവാതഃ പരം
ത്വം വാ കേവലമങ്ഗമങ്ഗമുരഗ! വ്യാലിംപ ഗന്ധദ്രവൈഃ ||

ലോകത്തിൽ ദുഷ്ടന്മാർ നല്ല വസ്തുക്കളെ സ്വാധീനമാക്കി വച്ചുംകൊണ്ട് അവയേ തന്നത്താൻ അനുഭവിക്കയുമില്ല, അവയെ ലഭിക്കുന്നതിനുള്ള മോഹത്താൽ പ്രാണനെക്കൂടികളഞ്ഞുവരുന്ന അപേക്ഷകക്ക് കൊടുക്കയുമില്ലെന്നു പറയുന്നു:—

ഇഷ്ടലോകരെവെടിഞ്ഞു ജീവനു-
മനാദരിച്ചു തൃണമെന്നപോൽ
ധൃഷ്ടമായ് കടലതും കടന്നിവിടെ
വന്ന ചന്ദനവണിക്കുകൾ |
രുഷ്ടനായവരെയങ്ങകററിയിനി
വാഴ്ക നീയുരഗ! തുഷ്ടനായ്
ദുഷ്ട! ഗന്ധമിതരച്ചു പൂശുക
നിറച്ചു തന്നുടലിലെങ്കിലും. ||

ചന്ദനവണിക്കുകൾ ചന്ദനക്കച്ചവടക്കാർ, ചന്ദനത്തെ കച്ചവടം ചെയ്യുന്നവർ; ഇഷ്ടലോകരെ വെടിഞ്ഞ്, ബന്ധുജനങ്ങളെ ഉപേക്ഷിച്ചു; ജീവനും തൃണമെന്നപോൽ അനാദരിച്ചു പ്രാണനെക്കൂടിയും പുല്ലുപോലെ നിസ്സാരമായി ഗണിച്ചു; ധൃഷ്ടമായ് ധീരതയോടെ, ആപത്തുകളെ വകവയ്ക്കാതെ; കടലതും കടന്ന് കപ്പലുകളിൽ കടലിക്കരപിടിച്ചു; ഇവിടെ അർത്ഥാൽ മലയപർവ്വതത്തിൽ വന്നു, വണിക്കുകൾ എന്ന കർത്താവിൻെറ ക്രിയ. ബന്ധുക്കളായ മററുള്ളവരെ ഉപേക്ഷിച്ചതുമാത്രമല്ല; അവനവന്റെ ജീവനെക്കൂടിയും പുല്ലുപോലെ ഗണിക്കാതെ അതിഭയങ്കരവും അതിവിസ്തൃതവുമായ കടലിനെ വീതഭയന്മാരായി കടന്നു കഷ്ടപ്പെട്ടു ചന്ദനത്തെ സമ്പാദിക്കാനായി കച്ചവടക്കാർ മലയപർവ്വതത്തിൽ എത്തുന്നു. എന്നിട്ട് അവക്കു ചന്ദനം ലഭിക്കുന്നുണ്ടോ? എന്നർത്ഥത്തിൽ പറയുന്നു. ഹേ ഉരഗ! അല്ലയോ സർപ്പമേ! നീ രുഷ്ടനായി രോഷത്തോടു കോപത്തോടുകൂടിയവനായി; പാമ്പുകൾ കോപമുൾക്കൊള്ളുമ്പോഴാണു വിഷപ്പല്ലുകൊണ്ടു കടിക്കയും വിഷക്കാററൂതുകയും ചെയ്യുന്നത്. അതിനാൽ

കോപമോടെ വിഷവായുവിനെ ഊതി; അവരെയങ്ങു അകററി കള്ളവടക്കാരെ ദൂരെ ഓടിച്ചു; ഇനി നീ തുഷ്ടനായി വാഴ്ക, ചന്ദനത്തെ അപേക്ഷിച്ചു വളരെ ദൂരെനിന്നും ബുദ്ധിമുട്ടി വന്നവരെ ഓടിച്ചുകഴിഞ്ഞല്ലൊ, ഇനി നീ സന്തുഷ്ടനായിരുന്നാലും; മറ്റൊരുത്തന്റെ ബാധയില്ലല്ലൊ. ചന്ദനമരത്തിൽ സൎപ്പങ്ങൾ ചുറ്റിക്കിടക്കുമെന്നാണു പ്രസിദ്ധി. എന്നാൽ ഇപ്രകാരം മറ്റൊരുത്തനു കൊടുക്കാതെ കൈക്കലാക്കി വച്ചിരിക്കുന്നതിനെ സ്വയം അനുഭവിക്കുന്നുണ്ടോ? അതുമില്ലെന്നു പറയുന്നു. ഹേ ദുഷ്ട! മറ്റൊരുത്തനു കൊടുക്കയുമില്ല, താൻ അനുഭവിക്കയുമില്ല, എന്നുള്ള ദൌഷ്ട്യത്തോടുകൂടിയവനേ! ഗന്ധമിതു് ഈ സുഗന്ധദ്രവ്യത്തെ; ചന്ദനത്തെ; തന്നുടലിലെങ്കിലും നിന്റെ ദേഹത്തിലെങ്കിലും; അരച്ചു പൂശുക അരച്ചുതേയ്ക്കുക; അതും നീ ചെയ്യുന്നില്ലല്ലൊ എന്നു താല്പൎയ്യം. സൎപ്പങ്ങൾ ചന്ദനമരത്തെ ചുറ്റിപ്പിണഞ്ഞുകിടന്നുംകൊണ്ടു അപേക്ഷക്കാൎക്കു ചന്ദനത്തെ കൊടുക്കാതേയും താൻ തന്നെ അനുഭവിക്കാതേയും ഇരിക്കുന്നതു എങ്ങനെയോ, അതുപോലെയാണു് ഈ ലോകത്തിൽ ദുഷ്ടന്മാർ തങ്ങൾക്കു ഉപയോഗമില്ലാത്ത നല്ല സാധനങ്ങളെ കൈവശമാക്കിക്കൊണ്ടു അവയെക്കൊണ്ടുപയോഗമുള്ളവർ വന്നപേക്ഷിച്ചാലും കൊടുക്കാതെ ഇരിക്കുന്നതു എന്നു താല്പൎയ്യം. ഉത്തരാൎദ്ധത്തിലുള്ള ഹാസ്യരസം സ്പഷ്ടം.

ദരിദ്രേണ പുരുഷേണ ചിരകാലകൃതേന മഹതാ പ്രയത്നേ
നാൎജ്ജിതം സമസ്തം ദ്രവിണമപി തദീയ ദൌൎഭാഗ്യവ
ശാൽ ക്ഷണനശ്വരം ജായത ഇത്യാഹ:—

൫. ഭ്രാന്ത്വാ ദിശാളഭിവീക്ഷ്യ വിപിനാന്യാസാദ്യ ദൈവാദിഹ
കഷ്ടാപികയാപി മുഖേന കേവലമഥൈകൈകാം ശലാകാം ഹരൻ।
കൃത്വാ നീഡകുടീം ചിരാത്തരുശിരസ്യദ്ധ്യാസ്ത യാവന്ന താം
കാകസ്താവദഹോ! തദേവ വിപിനം ദഗ്ദ്ധം ദവജ്വാലയാ ||

ദരിദ്രനായുള്ളവൻ വളരെ നാൾ ഏറിയശ്രമം ചെയ്തു് സമ്പാദിക്കുന്നതെല്ലാം ഭാഗ്യദോഷത്താൽ ക്ഷണനേരംകൊണ്ടു നശിച്ചുപോകുന്നു എന്നു പറയുന്നു:—

പാടുപെട്ടു പലദിക്കിലും പര-
മുഴന്നു ചെന്നു വിപിനങ്ങളിൽ
തേടുമപ്പൊഴുതു കണ്ട ചുള്ളിക-
ളൊരോന്നുചേൎത്തു തരുവിൽ ചിരാൽ |

ക്രൂടതീൎത്തു; കുടികൊണ്ടതില്ല
കരടം കടന്നതിന്നു മുമ്പില-
ക്കാട്ടതാനകൃശമാം കൃശാനു
പിടിപെട്ടശേഷവുമെരിഞ്ഞുപോയ്. ॥

കരടം കാക്ക; പാട്ടുപെട്ടു ബുദ്ധിമുട്ടി; പലദിക്കിലും പലെടങ്ങളിലും; പരമുഴന്നു ചെന്നു ഏററവും ക്ഷീണിച്ചു പറന്നു ചെന്നു; വിപിനങ്ങളിൽ കാടുകളിൽ; തേടുമപ്പൊഴുതു അന്വേഷിച്ചു നടക്കുമ്പോൾ; കണ്ട ചുള്ളികൾ കണ്ടുകിട്ടിയ ചുള്ളിക്കമ്പുകളെ; ഓരോന്നു ചേൎത്തു ഒററയൊററയായി ക്രൂട്ടിച്ചേൎത്തു; ഇതു ശ്രമാധിക്യത്തെ സൂചിപ്പിക്കുന്നു. ചിരാൽ വളരെക്കാലംകൊണ്ടു്; ക്രൂടതീൎത്തു ക്രൂടുണ്ടാക്കി; കടന്നു അതിനുള്ളിൽ കയറി; കുടികൊണ്ടതില്ല പാൎക്കാൻ കഴിഞ്ഞില്ല; കാക്ക വളരെ ബുദ്ധിമുട്ടി കാട്ടിൽ പലെടങ്ങളിലും തേടിനടന്നു ക്ഷീണിച്ചു കാണുന്ന വല്ല ചുള്ളികളേയും ഓരോന്നോരോന്നായി കൊത്തിയെടുത്തു കൊണ്ടുവന്നു മരത്തിൻെറ മുകളിൽ വളരെക്കാലംകൊണ്ടുണ്ടാക്കിയ ക്രൂട്ടിൽ കയറിയിരിക്കാൻ ഇടയായില്ല; അതിനു മുമ്പിൽ, അകൃശമാം കൃശാനു പിടിപെട്ടു കടുത്ത കാട്ടുതീ പിടിച്ചു്; അക്കാടു താൻ കാക്ക ക്രൂടുവെച്ചു മരം നിന്ന കാടുതന്നെ; അശേഷവും മുഴുവനും; എരിഞ്ഞുപോയി ദഹിച്ചുപോയി. വലിയ കാട്ടുതീ പിടിച്ചു ആ കാടു മുഴുക്കത്തന്നെ ഭസ്മമായി. പിന്നെ ആ ക്രൂടിൻെറ കഥ പറയണമോ? അതുപോലെ ഭാഗ്യഹീനന്മാരായ ദരിദ്രന്മാർ എത്രതന്നെ ശ്രമപ്പെട്ടു വല്ലതും സമ്പാദിച്ചാലും, അതു് അവൎക്കു് അനുഭവിക്കാൻ ഇടവരാതെ ക്ഷണത്തിൽ നശിച്ചുപോകുന്നു എന്നു താൽപൎയ്യം.

ഗുണവതോൎദ്വയോഃ പുരുഷയോൎമ്മിഥോ വൈരേ സമുൽപന്നേ തത്സഞ്ജാതം ദുൎയ്യശസ്തദ്രക്ഷകപ്രഭോരേവ: താവതാ തയോരുഭയോൎഹാനിലേശോഽപിനാസ്തീത്യാഹ:—

൬. നാംഭോജായ ശശീ ന ചാപി ശശിനേ യദ്രോചതേഽംഭോരുഹം
കിം തേന ക്ഷതമസ്തി കിഞ്ചന ജഗത്ര്യേതസ്യ്യ വാ തസ്യ്യ വാ |
ലോകാനന്ദകയോഃ പരന്ത്വിഹതയോഃ പ്രേമ്ണൈവ ഭാവ്യംമിഥ
സ്തച്ചേന്നാജനി തൽപ്രരൂഢമയശഃ സ്രഷ്ടാരം വിധേഃ കേവലം. ॥

ഗ്ഗുണവാന്മാരായ രണ്ടുപേൎക്കു തമ്മിൽ വിരോധമുണ്ടാ യാൽ അതുകൊണ്ടുണ്ടാകുന്ന ദുഷ്കീൎത്തി അവൎക്കല്ല, അവ രുടെ രക്ഷിതാവിനത്രെ, എന്നു പറയുന്നു:—

താമരയ്ക്കു ശശിയോടുമില്ലിഹ
ശശിക്കു താമരയോടും തഥാ
പ്രേമമെന്നതു നിമിത്തമേതുമൊരു
ചേതമില്ലതിനു രണ്ടിനും |
സാമരസ്യനിലയാണു വേണ്ടത-
ഭിരാമരാമവരു തങ്ങളിൽ
കാമമിന്നതുളവായിടായ്കിലയ-
ശസ്സതീവ നിയതിക്കു താൻ. ‖

ഇഹലോകത്തിൽ, താമരയ്ക്കു ശശിയോടും ചന്ദ്രനോടും, പ്രേമം സ്നേ ഹം ഇല്ല. ശശിക്കു ചന്ദ്രനു, താമരയോടും, തഥാ അപ്രകാരം, പ്രേമം ഇല്ല എന്നൎത്ഥം. ചന്ദ്രോദയത്തിൽ താമര കൂമ്പുകയും സൂൎയ്യോദയത്തിൽ വികസിക്കയും ചെയ്യുന്നതുകൊണ്ടു താമര ചന്ദ്രന്റെ വിരോധിയും സൂൎയ്യ ന്റെ പ്രിയയുമാണെന്നാണു പ്രസിദ്ധി. ചന്ദ്രന്റെ പ്രിയ ആമ്പലാണത്രെ. എന്നതു നിമിത്തം താമരയ്ക്കും ശശിക്കും തമ്മിൽ സ്നേഹമില്ലെന്നുള്ളതു കൊണ്ടു്, അതിനു രണ്ടിനും താമരയ്ക്കും ശശിക്കും, ഏതുമൊരു ചേത മില്ല. യാതൊരു ഹാനിയുമില്ല. അവയുടെ ഭംഗിക്കോ അവയിൽ ജന ങ്ങൾക്കുള്ള ആദരത്തിനൊ ഒരു കുറവുമില്ല എന്നൎത്ഥം. എങ്കിലും ഈ വിരോധം നന്നല്ലെന്നു പറയുന്നു—അഭിരാമരാം മനോഹരന്മാരായ അവരു തങ്ങളിൽ, സാമരസ്യനിലയാണു വേണ്ടതു. അവർ തമ്മിൽ യോജിപ്പുള്ളവരായിരിക്കയാണു വേണ്ടതു്, നല്ലവൎക്കു തമ്മിൽ സ്നേഹമ ല്ലാതെ വിരോധം അയുക്തമത്രേ. അഥവാ വിരോധമായിരുന്നാൽ കുററ മാകെന്നു പറയുന്നു—ഇന്നു അതു് ആസാമരസ്യനില, കാമം വേണ്ടു വോളം, ഉളവായിടായ്കിൽ ഉണ്ടായില്ലെങ്കിൽ, നിയതിക്കു താൻ ബ്രഹ്മാ വിനു തന്നെ, ഇവരെ ഇപ്രകാരം സൃഷ്ടിച്ച ബ്രഹ്മാവിനു തന്നെ; ആകുന്നു എന്ന ക്രിയ ചേൎത്തുകൊള്ളണം. അതീവ അയശസ്സു ഏററവും ദുഷ്കീൎത്തി, നല്ല ആളുകൾ തമ്മിൽ സ്നേഹമാണു വേണ്ടതു്, അതുണ്ടായില്ലെങ്കിൽ ചീത്തപ്പേർ അവരുടെ രക്ഷിതാവിനത്രേ. അതുകൊണ്ടു പ്രഭുക്കൾ തങ്ങളുടെ രക്ഷയിലുൾപ്പെട്ട നല്ല ആളുകളെ കൂട്ടിത്തല്ലിക്കാനല്ല, രഞ്ജി പ്പിക്കാനാണു യത്നിക്കേണ്ടതെന്നു താൽപൎയ്യം.

മഹതാ ദയാലുനാ പ്രഭുണാ ദരിദ്രേഭ്യഃ സ്വയം ഭൂരിവിത്തേ വിതീർണ്ണേഽപി തദാശ്രിതാഃ ക്ഷുദ്രാഃ കേചിദ്വയമേവാത്ര ഹേതുഭൂതാ ഇതി ബഹിഃ പ്രകാശ്യ താൻ വഞ്ചയന്തീത്യാഹ:—

൧. അസ്തുപ്രത്യുപകാരഗന്ധമകൃതസ്വപ്രാർത്ഥനാപേക്ഷമ-
പ്യംഭോഭിർഭുവമാർദ്രയന്തി ജലദാ ജീവന്ത്യമീ ജന്തവഃ |
ദൈവജ്ഞഃ പുനരസ്തി വൃഷ്ടിരിതി വാഗേകാ മയോക്തേതി യ-
ദ്വിശ്വം ക്രീതമിവാധിഗച്ഛതി തദേവാഘൂർണ്ണതേ മമ്മണി ||

ഏററവും ദയാലുവായ ഒരു പ്രഭു മററുള്ളവരുടെ സങ്കടങ്ങളെ അറിഞ്ഞു് അവക്കു വേണ്ടതെല്ലാം സ്വയമേ നൾകവേ ക്ഷുദ്രന്മാരായ അദ്ദേഹത്തിൻെറ സേവകന്മാർ തങ്ങളുടെ ശിപാൾശ് നിമിത്തമാണു ഇങ്ങനെ കൊടുത്തതു് എന്നു നടിച്ചു് പാവങ്ങളെ വഞ്ചിക്കുന്നു എന്നു പറയുന്നു:—

ആരിതിന്നൊരുവനർത്ഥി?യെന്തു പ-
കരം തരിമ്പൊരുപകാരവും?
വാരിദങ്ങൾ മഴപെയ്തുഹാപിസു-
ഖമേകിടുന്നിഹ ശരീരിണാം |
"മാരിപെയ്യു"മൊരു ഗീരിവണ്ണമു-
രചെയ്കയാൽ ഗണകനേകനി-
പ്പാരിനേ വില കൊടുത്തു വാങ്ങിയ-
തുപോൽ നിനപ്പതതിദുസ്സഹം||

ഇതിന്നു് മഴ പെയ്താൽ കൊള്ളാമെന്നുള്ളതിന്നു് ഒരുവനർത്ഥി ഒരപേക്ഷക്കാരൻ, ആർ ആരാകുന്നു? ആരുമില്ലെന്നു താല്പര്യം. മഴ പെയ്താൽ കൊള്ളാമെന്നു മേഘങ്ങളോടു ആരുംതന്നെ അപേക്ഷിക്കുമാറില്ലല്ലോ. അപേക്ഷ കൂടാതെ ചെയ്യുന്ന കാര്യം സ്വയമായി ചെയ്തതെന്നു ഗണിക്കേണ്ടതാണല്ലോ. പകരം, തരിമ്പു അല്പമെങ്കിലും, ഉപകാരവും എന്തു? ഒന്നുമില്ല എന്നു താല്പര്യം. മഴ പെയ്തു ജീവജാലങ്ങൾക്കു സൌഖ്യത്തെ ചെയ്തുകൊടുത്തതുകൊണ്ടു മേഘങ്ങൾക്കു അവർ എന്തു പ്രത്യുപകാരമാണു ചെയ്യുന്നതു്? ഒന്നുമില്ല. അതുകൊണ്ടു മേഘങ്ങൾ പ്രതിഫലേച്ഛ കൂടാതെ

യാണു ഈ ഗുണത്തെ ചെയ്യുന്നതെന്നു വ്യക്തപ്പെട്ടു. ഇതു് അവയുടെ മഹാമനസ്കതയെ ദ്യോതിപ്പിക്കുന്നു. അപേക്ഷക്കാർ ആരുമില്ല, പ്രത്യുപകാരവും ഒന്നുമില്ല, അഥാപി എന്നു വരികിലും, എന്നുള്ളതിനെ ഗണിക്കാതെ എന്നു താല്പര്യം. വാരിദങ്ങൾ മേഘങ്ങൾ, മഴപെയ്തു, ഇഹ ഭൂമിയിൽ, ശരീരിണാം ശരീരികൾക്കു, ജന്തുക്കൾക്കു്, ഷഷ്ഠീബഹുവചനം. സുഖം സൌഖ്യത്തെ, ഏകിട്ടുന്നു നൽകുന്നു, മേഘങ്ങൾ മഴകൊണ്ടു ഭൂമിയെ തണുപ്പിച്ചു ജന്തുക്കൾക്കു സുഖത്തെ കൊടുക്കുന്നു. മഴ വീഴാതെ ഭൂമിയിൽ യാതൊന്നും ഉണ്ടാകയില്ലെന്നും ജന്തുക്കൾക്കു ജീവിച്ചിരിക്കാൻ പാടില്ലെന്നുമുള്ളതു അനുഭവസിദ്ധമാണല്ലോ. പരന്റെ നിർബന്ധം കൂടാതെയും പ്രതിഫലേച്ഛ കൂടാതേയും മേഘങ്ങൾ വർഷിച്ചു ജീവികൾക്കു സൌഖ്യത്തെ നൽകവേ, ജ്യൌതിഷിയാകട്ടെ, ഉത്തരം താങ്ങുന്ന ഗൌളിയുടെ മട്ടിൽ, താൻ പ്രശ്നം പറക നിമിത്തമാണു മഴ പെയ്തതെന്നു നടിക്കുന്നതു് വളരെ സങ്കടമാണെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു. ഗണകനേകൻ കേവലം ഒരു പ്രശ്നവാദി, മാരി പെയ്യും മഴ പെയ്യും, ഇവണ്ണം ഒരു ഗീരു ഇപ്രകാരം ഒരു വാക്കു, ഉര ചെയ്കയാൽ പറയുക നിമിത്തം, മഴ പെയ്യുമെന്നിങ്ങനെ ഒരു പ്രശ്നം പറഞ്ഞ കേവലം ഒരു പ്രശ്നവാദി, ഇപ്പാരിനെ ഈ ലോകത്തെ, വില കൊടുത്തു വാങ്ങിയപോൽ വിലയ്ക്കു വാങ്ങിയാലെന്നപോലെ സ്വാധീനമായി അത ഏവ ലോകത്തിലുള്ള ജനങ്ങളെല്ലാം തനിക്കു കടമപ്പെട്ടവരായി, നിനപ്പതു വിചാരിക്കുന്നതു, അതിദുസ്സഹം തീരെ സഹിക്കാൻപാടില്ലാത്തതു, ആകുന്നു എന്നു ചേത്തു കൊള്ളണം. താൻ പ്രശ്നംപറയുക നിമിത്തമാണു മഴ പെയ്തതെന്നും അതിനാൽ ജനങ്ങളെല്ലാവരും തനിക്കു കടപ്പെട്ടിരിക്കുന്നു എന്നും പ്രശ്നവാദി നടിക്കുമ്പോലെയാണു നിസ്സാരന്മാരായ സേവകന്മാർ തങ്ങളുടെ പ്രഭു സ്വയമായി പ്രദർശിപ്പിക്കുന്ന ദാതൃത്വത്തിനു തങ്ങൾ കാരണഭൂതന്മാരാണെന്നു നടിക്കുന്നതു്. അപ്രകാരം ചെയ്യുന്നതു മൌഢ്യമാണെന്നു താല്പര്യം.

ലോകേ ഗുണലേശരഹിതാ അപി കേചന ഭാഗ്യവശാൽ
സർവ്വജനസേവ്യാജ്ജായന്ത ഇത്യാഹ:—

വൃ. അസ്തി സ്വാദു ഫലം കിമസ്തി കിമഥാഘ്രാതും ക്ഷമഃ കോരക-
സ്തദപി ശ്രാമ്യതു നാമ, ഭോക്തുമുചിതം പത്രം കിമസ്ത്യന്തതഃ? |
സേവ്യോ ഹന്ത! യദീദൃശോഽപി മനുജൈർവൃക്ഷാധമഃ പിപ്പലോ
ദുസ്സ്വാതന്ത്ര്യമിദം വിധേഃ കഥയതാ കസ്യാഗ്രതോ രുദ്യതേ? ||

ലേശം പോലും ഗുണമില്ലാത്ത ചിലർ ഈ ലോകത്തിൽ അവരുടെ ഭാഗ്യത്താൽ പൂജ്യന്മാരായിത്തീരുന്നു എന്നു പറയുന്നു:—

സ്വന്തമായ് രുചിയെഴുന്ന കായു-
മിതിനില്ല മൊട്ടുമധിഗന്ധമാ-
യന്തതഃ പറകിലില്ലിതിന്നദന
യോഗ്യമാം ഛദനമെങ്കിലും |
എന്തഹോ! മനുജവന്ദ്യമായധ-
മവൃക്ഷമിച്ചപലപത്രവും
ഹന്ത! ദൈവഹതകസ്വതന്ത്രത
പറഞ്ഞിതാരൊടു കരഞ്ഞിടാം ||

ഒരു വൃക്ഷത്തെക്കുറിച്ചു ജനങ്ങൾക്കു് ആദരമുണ്ടാകണമെങ്കിൽ, ഒന്നുകിൽ അതിന്റെ ഫലമോ, അല്ലെങ്കിൽ അതിന്റെ പൂവോ, ഇലയോ മറെറന്തെങ്കിലുമോ കൊണ്ടു് അവക്കു ഉപകാരമുണ്ടായിരിക്കും. അരയാലിനാകട്ടെ, രുചിയെഴുന്ന തിന്നാൻ കൊള്ളാവുന്ന, കായും ഫലവും, ഇതിനു സ്വന്തമായി ഇല്ല. മാവു, പ്ലാവു മുതലായവയുടേതുപോലെ അരയാലിന്റെ പഴം തിന്നാൻ കൊള്ളാവുന്നതല്ല. അതിഗന്ധമായ് മണമുള്ളതായ്, മൊട്ടും പൂവും, 'ഇതിനില്ല' എന്നതിനെ ഇവിടെയും അനുവൎത്തിക്കണം. മുല്ല, ചിച്ചകം മുതലായവയ്ക്കുള്ളതുപോലെ സുഗന്ധപുഷ്പം ഇതിനുണ്ടോ? അതുമില്ല; ഇതൊക്കെ ഇരിക്കട്ടെ; ഇതിന്റെ ഇലകൊണ്ടെങ്കിലും ഒരു പ്രയോജനമുണ്ടോ എന്നു പറയുന്നു—അന്തതഃ പറകിൽ ഒടുക്കം പറഞ്ഞുവന്നാൽ, അദനയോഗ്യമാം ചോറു വിളമ്പി ഉണ്ണാൻ കൊള്ളാവുന്ന ഇലപോലും ഇതിനില്ല. എങ്കിലും അരയാലു വന്ദ്യമായിത്തീൎന്നിരിക്കുന്നല്ലോ എന്നുള്ള ആശ്ചൎയ്യത്തെ അഹോ! എന്നുള്ള നിപാതം സൂചിപ്പിക്കുന്നു. അധമവൃക്ഷം ചീത്ത മരമായ; ഗുണരാഹിത്യത്താൽ അധമത്വം. ഇച്ചപലപത്രവും ഈ അരയാലു കൂടിയും, ഇലകൾ സൎവ്വദാ ഇളകിക്കൊണ്ടിരിക്കകൊണ്ടു 'ചപലപത്ര'മെന്നു അരയാലിനു പേരു സിദ്ധിച്ചു. മനുജവന്ദ്യമായ് മനുജരാൽ മനുഷ്യരാൽ, വന്ദ്യമായ് പൂജിക്കപ്പെടേണ്ടതായി, അരയാലിനെ പ്രദക്ഷിണം വെച്ചു് നമസ്ക്കരിക്കയും അതിനു തറകെട്ടിക്കയും മററും ചെയ്താൽ പാപശാന്തി വരുമെന്നുള്ള വിശ്വാസത്തെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. എന്തു്! ഇതു ആശ്ചൎയ്യം തന്നെ. ഉപയോഗലേശമില്ലാത്ത ഈ വൃക്ഷത്തെ ആരാധിക്കണമെന്നു് വിധിച്ച ദൈവത്തെ ദുഷിക്കുന്നു—ഹന്ത! കഷ്ടം! ഈ ദൈവഹതകസ്വതന്ത്രത ദൈവഹതകന്റെ ദുർദ്ദൈവത്തിന്റെ, സ്വതന്ത്രത സ്വാതന്ത്ര്യത്തെ, ആരോടു പറഞ്ഞു കരഞ്ഞിടാം? ദൈവത്തിന്റെ ദുസ്സ്വാതന്ത്ര്യത്തെപ്പററി ആരോടു സങ്കടം പറയാം? ഈ സങ്കടം കേൾക്കാനാരുമില്ല എന്നു താൽപൎയ്യം. ഉപകാര

ലേശമില്ലാത്ത അരയാലു ജനങ്ങളാൽ ആദരണീയമായിത്തീരുന്നതെങ്ങനെയോ, അതുപോലെ ഗുണലേശമില്ലാത്തവർ ഭാഗ്യവശാൽ പൂജ്യന്മാരായിത്തീരുന്നു എന്നു താൽപര്യം.

പുരുഷോ ബഹുവിഭവാന്വിതോഽപി ദാതൃത്വരഹിതശ്ചേൽ തസ്യ ജന്മൈവ നിഷ്പ്രയോജനമിത്യാഹ:—

ൻ. സർവ്വാസാം സരിതാംപതിർയ്യദി യദി വ്യാപ്തസ്സമസ്താ ദിശഃ
കല്പാന്തേഷ്വപി വാ ന ശുഷ്യതി യദി സ്വൈരം തദംഗീകൃതം |
അംഭസ്സ്വാദു പിപാസതഃ പഥി പരിശ്രാന്തസ്യ പാന്ഥസ്യ കിം
തേന സ്യാൽ ഫലമർണ്ണവോയമിതി ചേദിന്ദുഗ്രഹേ സ്നാസ്യതേ ||

എത്രതന്നെ ഐശ്വര്യവാനാണെങ്കിലും ദാതൃത്വമില്ലാത്ത പുരുഷന്റെ ജന്മം നിഷ്പ്രയോജനമെന്നു പറയുന്നു:—

വിശ്വവാഹിനികളാൽ വൃതം വിത-
തമേതു ദിക്കിലുമിതല്പവും
നശ്വരത്വമിതിനില്ല കല്പമ-
തിലും സമസ്തമിതു സമ്മതം |
നിശ്വസിച്ചു തൃഷയാവരും പഥി-
കനെന്തു സാധ്യമിതിനാലെടോ?
വിശ്വസിക്കിതു സമുദ്രമെങ്കിലി-
ഹ പുണ്യപർവ്വണി കുളിച്ചിടാം ||

സമുദ്രം, വിശ്വവാഹിനികളാൽ, വിശ്വകളായ സകലകളായ, വാഹിനികളാൽ നദികളാൽ, വൃതം വരിക്കപ്പെട്ടിരിക്കുന്നു. ഭർത്താവായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലുള്ള എല്ലാ നദികളുടേയും ഭർത്താവു സമുദ്രമാണ്. സ്വച്ഛമായ് പാനയോഗ്യമായ ജലത്തോടു കൂടിയ അനേകം നദികൾ സമുദ്രത്തിൽ ചെന്നു ചേരുന്നുണ്ടു്. അതുകൊണ്ടു സമുദ്രജലം പാനയോഗ്യമായിരിക്കേണ്ടതാണ്. പിന്നെയോ, ഇതു സമുദ്രം, ഏതു ദിക്കിലും എല്ലായിടത്തും, വിതതം വിസ്തൃതമായിരിക്കുന്നു, സമുദ്രം അക്കര കാണ്മാൻ പാടില്ലാത്ത വിധത്തിൽ പരന്നു കിടക്കുന്നു. തടാകങ്ങളേയും മററുംപോലെ ക്ലിപ്തമായ വിസ്താരത്തോടുകൂടിയതല്ലാത്തതുകൊണ്ടു അതിലുള്ള വെള്ളം ദുഷിച്ചുപോകാൻ മാർഗ്ഗമില്ല. അതുകൊണ്ടും പാനയോഗ്യമായിരിക്കേണ്ടതാണ്, പുനശ്ച,

കല്പമതിലും പ്രളയകാലത്തിലും, ഇതിന്ന അല്പവും നശ്വരത്വമില്ല ഇതിന്ന ഒട്ടും നാശമില്ല, പ്രളയകാലത്തിൽ ലോകമാസകലം നശിച്ചു വിശ്വമെല്ലാം ഒരേ സമുദ്രമായിത്തീരുന്നു എന്നു പുരാണപ്രസിദ്ധമത്രെ. ഒരിക്കലും സമുദ്രത്തിലെ ജലം വററിപ്പോകുന്നില്ലെന്നുള്ളതുകൊണ്ടും അതിന്ന പാനയോഗ്യത വേണ്ടതാണ്. എങ്കിലും അതു അപ്രകാരം തന്നെയൊ എന്നു ഉത്തരാർദ്ധത്തിൽ പറയുന്നു—ഇതിനാൽ സമുദ്രത്തിനാൽ, തൃഷയാ ദാഹത്താൽ, നിശ്വസിച്ചു ദീർഘശ്വാസം വിട്ടു, വരും പഥികന്ന വരുന്ന വഴിപോക്കന്ന, എന്തു സാദ്ധ്യം? എന്തു പ്രയോജനം? ഒരു പ്രയോജനവുമില്ലെന്നൎത്ഥം. ഓരുള്ളതിനാൽ കടൽവെള്ളം കുടിക്കാൻ കൊള്ളുകയില്ല. ലോകത്തിലുള്ള സകല നദികളുടെ ഭൎത്താവായും, ലോകമാസകലം വ്യാപിച്ചും, കല്പകാലത്തിൽ കൂടിയും നാശമിയലാതെയും, അത എവ സകല ജനസേവ്യനായും കീൎത്തിമാനായും ക്ഷയലേശമില്ലാത്തവനായും ഇരിക്കുന്നതുകൊണ്ടു എന്തു ഫലം? വഴി നടന്നു ക്ഷീണിച്ചു ദാഹത്തോടെ വരുന്ന വഴിപോക്കന്നു കുടിക്കാൻ ഒരു തുള്ളി ജലം പോലും കൊടുക്കുന്നില്ല; ദാരിദ്ര്യത്താൽ കഷ്ടപ്പെട്ടു വരുന്നവന്ന ഒരുപകാരവും ചെയ്യുന്നില്ല. ഈ മഹാനായ സമുദ്രത്തിനെക്കൊണ്ടു പിന്നെ എന്തു ഫലമാണുള്ളതെന്നു ഹാസ്യമായി പറയുന്നു—ഇതു സമുദ്രമെങ്കിൽ മഹാനായ സമുദ്രമാണെന്നു വരികിൽ, ഇഹ ഇവിടെ, പുണ്യപൎവ്വണി പുണ്യങ്ങളായ പൎവ്വദിവസങ്ങളിൽ, ഗ്രഹണം, വാവു മുതലായ ദിനങ്ങളിലുള്ള പുണ്യകാലങ്ങളിൽ, കുളിച്ചിടാം സ്നാനം ചെയ്യാം, ഇതു വിശ്വസിക്ക എന്നു വിശ്വസിച്ചുകൊണ്ടാലും. ഇത്ര മഹാനായ സമുദ്രത്തെക്കൊണ്ടു ഒരുപയോഗവുമില്ലെന്നില്ല; പുണ്യകാലങ്ങളിൽ സ്നാനം ചെയ്യാം. അതുകൊണ്ടു പുണ്യമുണ്ടോ എന്നുള്ളതു വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കുന്നു. ഐശ്വൎയ്യവാനായ ഒരുവനെക്കൊണ്ടു ഇത്ര അതിതുച്ഛമായ ഫലം ഉണ്ടാകുന്നതു് ഇല്ലാത്തതുപോലെ തന്നെ ഗണിക്കേണ്ടതാണെന്നു താൽപൎയ്യം. ഒടുവിലത്തെ പാദത്തിൽ ഹാസ്യരസം നന്നായി ദ്യോതിക്കുന്നുണ്ടു്.

സ്വോപഭോഗ്യം വസ്തു യഥാ ന കാലാന്തരെ പ്രണശ്യേത്തഥാ തൽ സംരക്ഷ്യൈവാനുഭ്രുയാദിത്യാഹ:—

൧൦. സ്ഥിത്വാ തീരഭുവി പ്രസാൎയ്യ സരസി സ്വൈരം കരാഗ്രം പയഃ
പാതവ്യം പിബ താവതാ ന വിരമേട്ടന്തീന്ദ്ര! കിം തേ തൃഷാ?
ഉൻമൃദ്നാസി തടീതപഃ കലുഷയസ്യുൻമൂലയസ്യബ്ജിനീം
ഹാനിഃ തസ്യ? തവൈവ മുഗ്ദ്ധമുഖകം ഭ്രാതഃ പുനസ്തൃഷ്യതഃ ||

ഉപഭോഗയോഗ്യങ്ങളായ സാധനങ്ങളെ ഇനി ഒരു കാലത്തിൽ അനുഭവത്തിനു കൊള്ളാത്തവിധമാക്കിത്തീക്കാതെ കരുതി ഉപയോഗിക്കേണ്ടതാണെന്നു പറയുന്നു:—

അന്തികേ കരയിൽ നിന്നു കൈ വിരവിൽ
നീട്ടിവേണ്ട സരസീജലം
ദന്തിരാജ! സുഖമായ് കുടിക്ക, തവ
തഷ്ശാന്തി വരികില്ലയോ?
എന്തിനിത്തടമിടിച്ചിട്ടന്നിഹ മു-
ടിച്ചിട്ടന്നഹഹ! പദ്മിനീം
പന്തിയല്ലിതു, തവൈവ ഹാനി, യിനി
മൃഗ്യമാമുദകമുത്തൃഷഃ

അല്ലയോ ദന്തിരാജ! ആനത്തലവനെ! കരയിൽ തടാകത്തിന്റെ തീരത്തിൽ, അന്തികെ വെള്ളത്തിനടുത്തുനിന്നു, കൈ തുമ്പിക്കൈ, വിരവിൽ പതുക്കെ, നീട്ടി, വേണ്ട ആവശ്യമുള്ള, സരസീജലം സരസ്സിലെ തടാകത്തിലെ ജലത്തെ വെള്ളത്തെ, സുഖമായ്, വെള്ളത്തിൽ നനച്ചിറങ്ങാതെ മുകളിൽ തന്നെ നിന്നു വെള്ളം കോരിക്കുടിക്കത്തക്കവണ്ണം നീണ്ട തുമ്പിക്കൈയുള്ളതുകൊണ്ടു് ഇറങ്ങേണ്ട ക്ലേശം അനുഭവിക്കാതെ; കുടിക്ക, കുടിച്ചാലും. അല്ലയോ ദന്തിരാജ! കരയിൽ നിന്നുതന്നെ തുമ്പിക്കൈയിൽ തടാകത്തിൽ നിന്നും വെള്ളം കോരി എടുത്തു വേണ്ടുവോളം കുടിച്ചാലും. അതുകൊണ്ടു എന്തു ചേതം കൊള്ളണം. അതുകൊണ്ടു തവ നിനക്കു, തഷ്ശാന്തി ദാഹശാന്തി, വരികില്ലയോ? അപ്രകാരം വെള്ളം കുടിച്ചതുകൊണ്ടു നിനക്കു ദാഹം മാറുകയില്ലയോ? പിന്നെ •ആന എന്താണു ചെയ്യുംവ പതിവുള്ളതെന്നു പറയുന്നു—എന്തിനിത്തടമിടിച്ചിട്ടന്നിഹ എന്തിനാണ് ഇവിടെ കരയെറ്റാം ഇടിച്ചിടുന്നതു്? നിന്റെ ദാഹശാന്തിക്കു അതു എന്തെങ്കിലും പ്രയോജനം ചെയ്യുന്നുണ്ടോ? അത്രതന്നെയോ? മുടിച്ചിട്ടന്നഹ! ഹാ! പത്മിനീം.•എന്തിനു എന്നു ഇവിടേയും ചേക്കണം. എന്തിന് പദ്മിനീം താമരയെ അഹഹ! കഷ്ടം! കഷ്ടം! മുടിച്ചിടുന്നു, മൂലനാശം ചെയ്യുന്നു, മൂടോടെ പിഴുതു കളയുന്നു?അതുകൊണ്ടു നിനക്കു ദാഹശാന്തി വരുന്നുണ്ടോ? ഇല്ല. ഇതു പന്തിയല്ല, ഇപ്രകാരം നീ നശിപ്പിക്കുന്നതു ഒട്ടുംശരിയല്ല. എന്തുകൊണ്ടെന്നുപറയുന്നു—തവൈവ ഹാനി ഇപ്രകാരം ചെയ്യുന്നതുകൊണ്ടുള്ള ദോഷം നിനക്കുതന്നെയാകുന്നു. അതെങ്ങനെ എന്നു പറയുന്നു—ഉത്തൃഷഃ (ഷഷ്ഠ്യേകവചനം) തവ എന്നുള്ളതിന്റെ വിശേഷണം. ഉൽഗതയായ ഉൽക്രതയായ,

തൃട്ടോട്ടകൂടിയ; ദാഹത്തോട്ടകൂടിയ തവ നിനക്കു, ഉദകം ജലം, ഇനി, ഒരിക്കൽ ദൃശ്യമാകും അന്വേഷിക്കേണ്ടതായിവരും. നിനക്കു ഇനി ഒരിക്കൽ ദാഹിക്കുമ്പോൾ കുടിക്കാൻ വെള്ളത്തിന്നു മറെറാരു ദിക്കിൽ തേടി നടക്കേണ്ടിവരും. കരയ്ക്കടിച്ചുകളയുന്നതുകൊണ്ടു തടാകം നികന്നു ഉള്ള വെള്ളം കലങ്ങിപ്പോകുന്നു. താമരയൊക്കെ പറിച്ചുകളയുന്നതുകൊണ്ടു ഇനിയൊരിക്കൽ വന്നാൽ അവിടെ ഒന്നും കാണുകയില്ല. അതുകൊണ്ടു ഇപ്രകാരം നാശം ചെയ്താൽ ദോഷം ആൎക്കുതന്നെയാണ്. അതുപോലെ ഉപയുക്തങ്ങളായ വസ്തുക്കളെ തീരെ നശിപ്പിച്ചുകളഞ്ഞാൽ പിന്നൊരിക്കൽ അവയെ ആവശ്യപ്പെടുമ്പോൾ കിട്ടുന്നതല്ല. അതുകൊണ്ടു അവയെ കരുതി അനുഭവിക്കേണ്ടതാണെന്നു താല്പൎയ്യം.

ധനിനാം സദ്മ യാചകജനഭ്രയിഷ്ഠം ചേദേവ ശ്ലാഘ്യം ഭവതി; അതൈതദ്ഗതേ തേഷു യാചകേഷ്വത്സാരിതേഷു ന കേവലം തേഷാമേവ ഹാനിഃ; ധനിനാം യശസശ്ച സുതരാം നാശ ഇത്യാഹ:—

ഫഫം. കോ ദോഷഃ പരിതോ ഗതേ മധുകരേ? ക്രീതഃ കിമേഷ ത്വയാ?
ക്രീതേനാപി കിമാസ്യതേ കചിദിഹ ഗ്ലാനോദരേണ ക്ഷണം?
ജാനാസ്യേവമഥാപി ചേൽ ക്ഷിപസി തം കൎണ്ണാനിലൈൎദ്ദൂരതോ
ദുൎല്ലക്ഷ്യോഽസി നിരങ്കുശോഽസി ഭവതോ മത്തേഭ! വാൎത്തൈവകാ?

ധനവാന്മാരുടെ ഗൃഹത്തിൽ അൎത്ഥികൾ വന്നുചേരുന്നതു തന്നെയാണ് അതിന്നു മാഹാത്മ്യത്തെ ഉണ്ടാക്കുന്നതു്. അവരെ അടിച്ചോടിച്ചു കളയുന്നപക്ഷം ദോഷം യാചകന്മാൎക്കു മാത്രമല്ല, ധനവാന്റെ യശസ്സിന്നും നാശം സംഭവിക്കുന്നു എന്നു പറയുന്നു:—

ചേതമെന്തു പരിതോഗമിക്കിലളി?
നീ വിലയ്ക്കതിനെ വാങ്ങിയോ?
ക്രീതമെങ്കിലുമൊരേടമങ്ങതു
ബുഭുക്ഷിതം ക്ഷണമിരിക്കുമോ?
നീ തഥാപി ചെവികൊണ്ടടിച്ചുട-
നകററിടുന്നതിനെയെപ്പൊഴും
വീതസംശയമധൃഷ്യ! മത്തഗജ!
നിൻെറ വാൎത്ത പറയാവതോ?

അല്ലയോ മത്തഗജ! മദംകൊണ്ടു വെളിവില്ലാതെ തോന്നിയതു കാണിക്കുന്ന ഗജമേ! അളി വണ്ടു, പരിതോ ഗമിക്കിൽ നിന്റെ ഗണ്ഡസ്ഥലത്തെ വിട്ടു തേൻ കുടിക്കാനോ മറെറാ മററു ദിക്കുകളിൽ പോകുന്നതുകൊണ്ടു; നിൻെറ ഗണ്ഡത്തിലിരുന്നു മദജലത്തെ ആസ്വാദിക്കാൻ നീ സമ്മതിക്കാത്ത സ്ഥിതിക്കു മററു ദിക്കുകളിൽ പോയി ഭക്ഷണം നേടാൻ പറന്നു നടക്കുന്നതുകൊണ്ടു എന്നൎത്ഥം. എന്തു ഛേതം? ദോഷമെന്താണുള്ളതു്? ഒന്നുമില്ലെന്നു താൽപൎയ്യം. നീ മദജലത്തെ അവയ്ക്കു കൊടുക്കുന്നില്ല; അതുകൊണ്ടു അവയ്ക്കു ദോഷമൊന്നുമില്ല; അവ മററിടങ്ങളിൽ പോയി ഭക്ഷണം സമ്പാദിക്കുന്നു. എങ്കിലും വലിയ ആളുകളെ വിട്ടും വെച്ചു പോകുന്നതു പാട്ടുള്ളതാണോ എന്നു പറയുന്നു—നീ അതിനെ വിലയ്ക്കു വാങ്ങിയോ? നിന്നെത്തന്നെ ആശ്രയിച്ചിരിക്കുന്നതിനു നീ ആ വണ്ടിനെ വിലകൊടുത്തു വാങ്ങിയോ? ആളുകളെ വിലയ്ക്കു വാങ്ങിവന്ന അടിമക്കച്ചവടത്തെയാണു ഇവടെ സൂചിപ്പിച്ചിരിക്കുന്നതു്. നീ വണ്ടിനെ അടിമയായി വിലയ്ക്കു വാങ്ങിയിരുന്നെങ്കിൽ അതു നിന്നെ വിട്ടു പോകുന്നതു മൎയ്യാദയല്ല, അപ്രകാരം ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു അതു് മറെറാരാളെ ആശ്രയിക്കാൻ പോകുന്നതിൽ ഒരു കുററവുമില്ല. അഥവാ വിലയ്ക്കു വാങ്ങിയാൽ തന്നെ ഒരുവനെ പട്ടിണിയിട്ടാൽ അവൻ ഓടിപ്പോകാതെ ഇരിക്കയില്ലെന്നു പറയുന്നു—ക്രീതമെങ്കിലും, അഥവാ നീ അതിനെ വിലയ്ക്കു വാങ്ങിയിരുന്നു എങ്കിലും; ബുഭുക്ഷിതം, ബുഭുക്ഷയോടുകൂടിയതായാൽ; പട്ടിണി കിടക്കയാൽ ഭക്ഷണം കിട്ടിയാൽ കൊള്ളാമെന്നുള്ള ആഗ്രഹത്തോടുകൂടിയതായാൽ; അതു, ആ വണ്ടു, ക്ഷണം ക്ഷണനേരംപോലും; ഒരേടമങ്ങിരിക്കുമൊ? ഒരിടത്തിൽതന്നെ അനങ്ങാതെ ഇരിക്കുമോ? ഇരിക്കയില്ലെന്നൎത്ഥം. അടിമയാണെങ്കിൽ തന്നെയും പട്ടിണിയിട്ടാൽ അവൻ സ്വാമിയെ വിട്ടു് ഓടിപ്പോകുന്നതു കുററമാകുമോ? ഇല്ല. തഥാപി എങ്കിലും, അൎത്ഥാൽ നിനക്കു് ഇതൊക്കെ നല്ലവണ്ണം അറിയാമെങ്കിലും, നീ അതിനെ ചെവികൊണ്ടു, ചെവിയാട്ടി, എപ്പോഴും അടിച്ചു് ഉടൻ, ക്ഷണനേരമെങ്കിലും മദജലം കുടിക്കാൻ സമ്മതിക്കാതെ, വീതസംശയം, (ക്രിയാവിശേഷണം) ശങ്കകൂടാതെ, അകററിടുന്നു ഓടിക്കുന്നു, അതിനു ഇങ്ങനെ അടിച്ചോടിച്ചതുകൊണ്ടു ഒരു ഹാനിയും വരാനില്ലെന്നുള്ള വിചാരം തീരെ ഇല്ലാതെ അതിനെ നീ അടിച്ചോടിക്കുന്നു. അധൃഷ്യ! അനഭിഗമ്യ! ഒരുത്തനെയും അടുത്തു വരാൻ സമ്മതിക്കാത്തവനേ! നിൻെറ വാൎത്ത നിൻെറ കഥ, പറയാവതോ? പറയാൻ കൊള്ളുന്നതാണോ? അല്ല എന്നു താൽപൎയ്യം. മദിച്ചു നിൽക്കുന്ന ആനയ്ക്കു ഗണ്ഡത്തിൽ വണ്ടുകൾ പറ്റിയിരിക്കുന്നതാണു് ഭംഗി. അതിനെ അടിച്ചോടിക്കുന്നതുകൊണ്ടു അവററകൾക്കു മദജലം കിട്ടുന്നില്ലെന്നു മാത്രമല്ല, ആനയ്ക്കു ഭാഗിക്കുറവും ഉണ്ടാകുന്നു. അതുപോലെ ധനവാന്മാർ യാചകന്മാരെ ആട്ടിക്കളഞ്ഞാൽ യാചകന്മാൎക്കു മാത്രമല്ല, നഷ്ടം, ധനവാന്മാരുടെ യശസ്സും നശിക്കുമെന്നാണു് ഭാവമെന്നു്

അവതാരികയെ അനുസരിച്ചുള്ള വ്യാഖ്യാനം അത്ര ഹൃദയംഗമമായി തോന്നുന്നില്ല. മറ്റൊരു മാതിരി യോജന—അല്ലയോ മത്തഗജ! അളിപരിതഃ നിന്റെ ചുറ്റും ഗമിക്കിൽ എന്തു ഛേതം. നിനക്കു എന്തു ഛേതമാണുള്ളതു്? വണ്ടു നിന്റെ ഗണ്ഡത്തിലുള്ള മദജലത്തിന്റെ മണം ഏറ്റു അതിനെ ആസ്വാദിക്കാനായി നിന്റെ ചുറ്റും പറന്നു നടന്നതുകൊണ്ടു നിനക്കു വല്ലതും നഷ്ടമുണ്ടോ? ആനയ്ക്കു മദം കെട്ടിക്കിടന്നാൽ ദോഷമാണു്, അപ്പോൾ അതിനെ കുടിച്ചു എടുത്തുകൊണ്ടുപോകാൻ വരുന്ന വൈദ്യസ്ഥാനീയനായ വണ്ടു വരുന്നതുകൊണ്ടു നിനക്കു ദോഷമൊന്നുമില്ല. നീ വിലയ്ക്കു അതിനെ വാങ്ങിയോ? നീ പ്രതിഫലം കൊടുത്തിട്ടുണ്ടോ? നിന്റെ ഗണ്ഡത്തിലുള്ള മദജലത്തെ എടുത്തുകൊണ്ടുപോകാനായി നീ വണ്ടിനു കൂലി കൊടുത്തിട്ടുണ്ടോ? പിന്നെ അതിന്റെ നല്ല ബുദ്ധികൊണ്ടു അതു വരുന്നതുതന്നെ ഭാഗ്യം എന്നു താൽപര്യം. അഥവാ പ്രതിഫലം കൊടുത്തിരുന്നാൽ തന്നെയും ബുഭുക്ഷിതം വിശന്നുംകൊണ്ടു ഭക്ഷിക്കാൻ സമ്മതിക്കായ്കയാൽ കൃത്യമൊന്നുമില്ലാതെ, കൃത്യാന്തരവ്യാപൃതന്മാരായവർ ഒരു വേലക്കു കൂലികൊടുത്തുവരുത്തിയാൽകൂടി ആ വേല ചെയ്വാൻ നിർവ്വാഹമില്ലെങ്കിൽ മറ്റു ·കൃത്യങ്ങളെ വിട്ടുംവെച്ചു് അവിടെത്തന്നെ കാത്തുകെട്ടിക്കിടക്കുമോ? ഇല്ല. പുഷ്പാദികളിൽ നിന്നും വണ്ടിനു മധു കിട്ടുമെന്നിരിക്കെ നിന്റെ മദജലത്തെ കുടിക്കാൻ വന്നിരിക്കുന്നതു ഭാഗ്യംതന്നെ എന്നു കരുതേണ്ടതാണു്. തഥാപി നിനക്കു ഇതൊക്കെ അറിയാമെങ്കിലും, വിതസംശയം ചെവികൊണ്ടു അടിച്ചു അതിനെ എപ്പോഴും അകറ്റിടുന്നു. വണ്ടിനു യാതൊരു കടമയുമില്ലെന്നു നിനക്കു അറിയാമെങ്കിലും, ഇവിടെയല്ലെങ്കിൽ മറ്റൊരു ദിക്കിൽ അതു പോകുമെന്നു അറിവുണ്ടെങ്കിലും, അതിനെ നീ അടിച്ചോടിക്കുന്നു. അധൃഷ്യ! തോന്നിയവണ്ണം നടക്കുന്നവനേ മത്തഗജ! തലക്കു വെളിവില്ലാത്ത ഗജമേ! നിന്റെ വാർത്ത പറയാവതോ? നിന്റെ കഥ പറയാനെന്തുള്ളൂ? തലക്കു വെളിവില്ലാതെ തോന്നിയവാസമായി നടക്കുന്നവനു ഇന്നതേ ചെയ്യാവൂ എന്നുണ്ടോ! അവൻ കാട്ടുന്നതിനെ ആരെങ്കിലും വകവെയ്ക്കാറുണ്ടോ? ഉമ്പില്ലാത്തവർ തങ്ങൾക്കു ക്ഷേമകരമായുള്ളതെന്തെന്നു അറിഞ്ഞാൽ കൂടിയും അതിനു വിപരീതമായി ചെയ്യുന്നു എന്നു താൽപര്യം.

മഹത്സാമ്യലിപ്സൂനധമാനുദ്ദിശ്യ ഖലോക്ത്യാ ഹസതി:—

ഫാ. നേതവ്യസ്സമയഃ കിയാനിഹ സഖേ! കാക! ത്വയാ ഭ്രാമ്യതാ
ഹംസീഭ്രമേ സുഖേന ഭുങ്ക്ഷ്വ നളിനീനാളാനി പദ്മാകരേ |
വ്യാകർത്തവ്യമിഹാസ്തി കിം? വിമലതാ കിഞ്ചിത്തു കാര്യ്യാ തനോ–
ർഹംസത്വേ യദി തേ ജനോ വിവദതേ ദണ്ഡ്യോഽഹമസ്മ്യഗ്രതഃ.

മഹാന്മാരോടു് ഒപ്പം ഭാവിച്ചു നടക്കാൻ ഇച്ഛിക്കുന്ന നീചന്മാരെ [illegible]ത്തിൽ പരിഹസിക്കുന്നു:—

വായസ! ഭ്ര[illegible]മെത്രകാലമിവിടെ-
ത്തു[illegible]ന, [illegible]മായ്
പോയണ[illegible]ളിനാകരേ
ന[illegible]ളുനാളുകൾ ഭുജിക്കനീ
കായമല്പമ[illegible]ലീകരിക്കിലലമെങ്കിലും
തവ[illegible]തച്ഛദ-
ഛായ[illegible]ജ[illegible]സാര[illegible]ജ റം
[illegible]ദസാദൃശ്യ[illegible]

വായസ! അല്ലയോ കാക്കേ! ഇവിടെ, അത്ഥാൽ അന്നങ്ങളുടെ അധിവാസഭൂമിയല്ലാത്ത പ്രദേശങ്ങളിൽ; എത്രകാലം എത്രനാൾ; ഭ്രമണം സഞ്ചാരം; തുടന്നിടുന്നു? ദുഷ്ടാഹാരങ്ങളെ ഭക്ഷിച്ചുകൊണ്ടു ഇവിടെ ഇപ്രകാരം ചുററിപ്പറന്നു നടക്കുന്നതെന്തിനു്? പിന്നെ എന്താണു ചെയ്യേണ്ടതെന്നു പറയുന്നു — നീ അന്നമായ് അന്നമാണെന്നു് നടിച്ചു്; നളിനാകരേ പോയി താമരപ്പൊയ്കയിൽ ചെന്നു്, ന[illegible]ളുനാളുനാളുകൾ നവങ്ങളായ [illegible]ളായ, [illegible]നാളങ്ങളുടെ താമരത്തണ്ടുകളുടെ, നാളുകൾ നാമ്പുകളെ; ഭുജിക്ക ഭുജിച്ചാലും. അന്നങ്ങളുടെ ആഹാരം താമരത്തണ്ടുകളാകുന്നു, അതുപോലെ നീയും അന്നമാണെന്നു നടിച്ചു തടാകത്തിൽ ചെന്നു താമരത്തണ്ടുകളെ ഭക്ഷിച്ചാലും. അന്നത്തിനും നിനക്കും എന്താണു ഭേദം? കായമല്പം [illegible] [illegible]ൽ [illegible] ദേഹത്തെ അല്പം വെളുപ്പിച്ചാൽ മതി; അന്നത്തിന്റെ [illegible] വെളുത്ത [illegible], നിനക്കു കറുത്തതാണു്, അല്ലാതെ ഭേദ[illegible]ല്ല, അ[illegible]കൊണ്ടു ദേഹം ഒന്നു വെളുപ്പിച്ചാൽ നീ അന്നം [illegible], [illegible] വെളുപ്പുവരുത്തിയതിൽ പിന്നീടും; ജനത ജനങ്ങൾ, [illegible], സിതച്ഛച്ഛായയെ സിതച്ഛദത്തിന്റെ അന്നത്തിന്റെ ച്ഛായയെ സാമ്യത്തെ, സംശയിക്കിൽ തക്കിക്കുന്നെങ്കിൽ, നിനക്കു അന്നത്തിനോടു സാമ്യമില്ലെന്നു ജനങ്ങൾ തക്കിക്കുന്നെങ്കിൽ; അതിന്റെ [illegible]പാദത്തിന്; ഇജ്ജനം ഞാൻ തന്നെ; പ്ര[illegible]ദസാദൃശ്യം [illegible] [illegible]ഷ്പെടേണ്ടവനാകും [illegible]ഷിക്കപ്പെ[illegible] [illegible]ച്ചും നീ അന്നമല്ലെന്നു ജ[illegible]ളും പറയു[illegible] [illegible]ത്ത [illegible] അർഹനായിട്ടുള്ള[illegible]. എന്തെന്നാൽ ഞ[illegible] [illegible]ത്തിട്ടല്ലേ [illegible] അന്നമായി നടിച്ചു പുറപ്പെട്ടതു്. കാക്ക അന്നമായി ഭാവിച്ചു നടന്നാൽ അതു് എത്ര

മാത്രം പരിഹാസപാത്രമായി തീരുമോ അത്രമാത്രം അധമന്മാർ മഹത്തുകളുടെ ഒപ്പം ഭാവിച്ചു നടന്നാൽ നിന്ദ്യന്മാരായിത്തീരുമെന്നു താൽപര്യം.

ലോകെ ഖലാഃ പടുത്വാദിഭിസ്സജ്ജനസ്പർദ്ധിനോ f പി ഗുണലേശാഭാവാന്നിന്ദ്യാ ഭവന്ത്യേവേത്യാഹ:—

ഹന്ത. കിം ത്വം ദോഹദമീഹസേ? കിമുദകൈസ്സിക്തോ fസി? കിം കേനചിൽ
ബദ്ധസ്തേ സകൃദാലവാലവലയഃ? കിം തേ മഹീസംസ്കൃതഃ?
ദ്വിത്രിഃ പുഷ്യസിവാസരേഹ്യനുഗുണം ധൂർദ്ധൂരതേ! നിഹ്നവേ
ദുർഗ്ഗന്ധോ ന ഭവേദിയാൻ യദി തതസ്ത്വം പാരിജാതോ fസിനഃ ||

ദുഷ്ടന്മാർ സാമർത്ഥ്യത്താൽ നല്ലവരോടൊപ്പം ഭാവിച്ചാലും ഗുണലേശമില്ലാത്തവരാകയാൽ നിന്ദ്യന്മാരായിത്തന്നെ തീരുന്നു എന്നു പറയുന്നു:—

ഇട്ടതില്ല വളമൊട്ടുമേ തവ,
നനച്ചതില്ലടിയൊരിക്കലും,
ചട്ടമായ് തടമെടുത്തതില്ല,
തറ നല്ലതാക്കിയതുമില്ല തേ,
തിട്ടമായ് തദപി രണ്ടു മൂന്നു കുറി
പൂത്തിടുന്നൊരു ദിനത്തിലി-
ക്കെട്ടഗന്ധമുള്ളവായിട്ടായ്കിലൊരു
കല്പവൃക്ഷമായി ധൂർത്തി! നീ

അയി! ധൂർത്ത! അല്ലയോ ധൂർത്തമേ, ഉന്മത്ത! നീ ഒരു കല്പവൃക്ഷംതന്നെയാകുന്നു. എന്തെന്നാൽ, വളമൊട്ടും ഇട്ടതില്ല നിനക്കു് ഒരു വളവും ചെയ്യാറില്ല; തവ നിൻെറ; അടി മൂട്; ഒരിക്കലും നനച്ചതില്ല, നിന്റെ മൂട്ടിൽ ആരും ഒരിക്കലും ഒരു തുള്ളി വെള്ളംപോലും ഒഴിക്കാറില്ല; തടം ചട്ടമായി എടുത്തതില്ല, ശരിയായി നിനക്കു തടമെടുക്കയും പതിവില്ല; തേ, നിൻെറ, തറ നല്ലതാക്കിയതുമില്ല. നീ നിൽക്കുന്ന തറ കിളച്ചിളക്കി നന്നാക്കയും പതിവില്ല. സാധാരണ ഒരു ചെടിയോ വൃക്ഷമോ ഉണ്ടാകണമെങ്കിൽ അതിൻെറ മൂടു കിളച്ചു തടമെടുത്തു വളമിട്ടു വെള്ളം കോരണം, ഇതൊന്നും നിനക്കു ചെയ്യുന്നില്ല. തദപി എങ്കിലും; ഒരു ദിനത്തിൽ, ഒരു ദിവസം തന്നെ; രണ്ടു മൂന്നു കുറി, രണ്ടു മൂന്നു തവണ; തിട്ടമായ്, നിശ്ചയമായ്, നീ പൂത്തിടുന്നു; എങ്കിലും ഒരു ദിവസം തന്നെ

വളരെത്തവണ നീ പൂക്കം. ഈ ഗുണമെല്ലാമിരിക്കിലും നിനക്ക ഒരു ദോഷം വന്നുകൂടിയിരിക്കുന്നു എന്നു പറയുന്നു. ഇക്കെട്ട ഗന്ധമുളവായിട്ടാല്ലില്‍, നിന്റെ പുഷ്പത്തിന്ന ഇത്ര കഠിനമായ നാറ്റം ഇല്ലാതെ ഇരുന്നുവെങ്കില്‍; നീ ഒരു കല്പവൃക്ഷം തന്നെ. ഈ നാററമാണ നിന്നെ ചീത്തയാക്കിത്തീക്കുന്നതു്. അതുപോലെ എത്ര വളരെ സാമത്ഥ്യമുണ്ടെങ്കിലും ദുഷ്ടത്വമൊന്നിനാല്‍ തന്നെ ദുഷ്ടന്ന ശിഷ്ടത്വം ലഭിക്കയില്ലെന്നു താല്‍പയ്യം.

ശ്രമം വിനാ സുഖാവാപ്തിന്നഭവേദിത്യാഹ:—

ഹര്‍. ഗന്തവ്യം ജലമദ്ധ്യ ഏവ ഗതവന്മന്തവ്യമേതദ്വപുഃ
ക്ഷന്തവ്യാ ലവണാനിലാ ഇതി കൃതം നിര്‍വിദ്യ സാംയാത്രിക!
അന്തര്‍വേശ്മനി ഹംസതൂലശയനേ സുപ്താ സുഖം ജാഗ്രതോ
ഹസ്താഗ്രേ ധനമേഷ്യതി സ്വയമിതി ഭ്രാതഃ! കിമാസ്തേ ഹൃദി? ॥

ശ്രമം കൂടാതെ സുഖം കിട്ടുകയില്ലെന്നു പറയുന്നു:—

എത്തണം കടല്‍നടുക്കതാനുടല്‍
വെടിഞ്ഞപോല്‍ കരുതിയുപ്പുകാ-
റരുത്തപിപ്പതു പൊറുത്തിടേണമിതി
മാഴ്കൊലാ ജലധിവാണിജ!
പത്തനത്തില്‍ മൃദുമെത്തമേല്‍ പ്രിയയു-
മൊത്തുറങ്ങിയുണരും വിധൌ
വിത്തമെത്തിടുമയത്നമായ് കര-
തലത്തിലെന്നു കരുതുന്നുവോ?

ജലധിവാണിജ! കടല്‍കച്ചവടക്കാര! കടലില്‍കൂടി സഞ്ചരിച്ചു കച്ചവടം ചെയ്യുന്നവനെ! ഉടല്‍ വെടിഞ്ഞപോല്‍ കരുതി ദേഹം നശിച്ചുപോയി എന്നാച്ചുകൊണ്ടു, ജീവനെ ഉപേക്ഷിച്ചു എന്നര്‍ത്ഥം; കടല്‍ നടുക്ക് എത്തണം, കപ്പലില്‍ അഗാധവും കരകാണാത്തതുമായ സമുദ്രത്തില്‍ കൂടി സഞ്ചരിക്കണം, അതു മാത്രം മതിയോ? ഉപ്പുകാററ് ഓരുള്ള കാററ്, സമുദ്രത്തിലുള്ള ഉപ്പുരസം ചേന്ന കാററ്; ഉത്തപിപ്പതു് ഉപദ്രവങ്ങളുണ്ടാക്കുന്നതിനെ, പൊറുത്തിടേണം സഹിക്കണം; ഇതി ഇപ്രകാരമെല്ലാം ചെയ്യണമല്ലോ എന്നു വിചാരിച്ചു്, മാഴ്കൊലാ വ്യസനക്കേണ്ട; ഇത്രവളരെ കഷ്ടപ്പെട്ടു വേണമല്ലോ നമുക്ക പണം സമ്പാദിക്കാന്‍ എന്നു് അല്ലയോ കപ്പല്‍ക്കച്ചവടക്കാരാ! നീ വ്യസനിക്കേണ്ട;

എന്തുകൊണ്ടെന്നുത്തരാർദ്ധത്തിൽ പറയുന്നു. പത്തനത്തിൽ സൌധാഗ്രത്തിങ്ങളിൽ, മൃദുമെത്തമേൽ മൃദുവായ മെത്തയിൽ, മൃദുവായ ഹംസതൂലം കൊണ്ടുള്ള മെത്തയിൽ; പ്രിയയുമൊത്തു ഭാര്യയോടുകൂടി; സുഖമായ് ഉറങ്ങി ഉണരും വിധൌ, ഭാര്യയോടൊരുമിച്ചു കിടന്നുറങ്ങി ഉണരുമ്പോൾ, അയത്നമായി നിഷ്പ്രയാസമായി കരതലത്തിൽ കൈയിൽ, വിത്തം എത്തിടും പണം കിട്ടും, എന്നു കരുതുന്നുവോ, എന്നു വിചാരിക്കുന്നോ? തന്റെ ഭവനത്തിൽ സ്വന്തം മെത്തയിൽ ഭാര്യയോടൊരുമിച്ചു സുഖമായി കിടന്നുറങ്ങി എഴുന്നേൽക്കുമ്പോൾ പണം കൈയിലുണ്ടാകുമെന്നാണോ നീ വിചാരിക്കുന്നതു? ഒരിക്കലുമുണ്ടാകയില്ല. ശ്രമം കൂടാതെ ഒന്നും സാധിക്കയില്ല.

അസന്തസ്സുഖദുഃഖയോരപി ദുർഗ്ഗുണാൻ ന പരിത്യജന്തീത്യാഹ:—

൫൭. ആസ്വാദ്യ സുഖമാപണേ വിപണിനഃ ശ്രദ്ധാലുഭിഃ പ്രാർത്ഥിതഃ
കിഞ്ചില്ലുംഠതി വഞ്ചനാ[illegible]തകദ്ദ്രവ്യന്ന തസ്യ [illegible]ദ്ഭുതം |
ആപാതാളവിലംഘിതംഗഭസി [illegible] ദുത്പാതകേ മാരുതേ
മജ്ജന്ത്യാമപി നാവി മുഞ്ചതി ന യസ്സ്വാമേവ മൂല്യസ്ഥിതിം ||

അസത്തുകൾ സുഖത്തിലും ദുഃഖത്തിലും അവരുടെ ദുർഗ്ഗുണത്തെ വിടുന്നില്ലെന്നു പറയുന്നു:—

അഞ്ചിതാത്മസുഖമാപണേ ഒരുവ-
 മാപണം ശരണൊരുവസ്തുവി-
ന്നഞ്ചിനെഴുതമതാക്കി മൂല്യ
 മുരചെയ്യിലെന്തതിലൊരത്ഭുതം |
സഞ്ചിതോഗ്രരഭസം ജലത്തെ-
 യതിഘോരമാരുതനിളക്കവേ
വഞ്ചിമുങ്ങുമളവിങ്കലും ശഠ-
 നിളയ്ക്കയില്ല വില തെല്ലുമേ ||

ആപണെ ആപണത്തിൽ, കടയിൽ; അഞ്ചിത[illegible] അഞ്ചിതമായിരിക്കുന്ന [illegible] തോടുകൂ[illegible] ങ്ങൾക്ക [illegible] കൊണ്ടു

PUBLIC LIBRARY
No: 2637

നല്ല ലാഭമുണ്ടാകുനിമിത്തം നല്ല സൌഖ്യമായിട്ട് എന്നത്ഥം. മരുവും ഇരിക്കുന്ന, ആപണേശൻ കച്ചവടക്കാരൻ; ഒരു വസ്തുവിനു അവന്റെ കടയിലുള്ള ഒരു സാധനത്തിനു, മൂല്യം വില, അഞ്ചിനെശ്ശതമതാക്കി അഞ്ചുവിലയുള്ളതിനെ നൂറെന്നാക്കി; ഉരചെയ്കിൽ; പറഞ്ഞാൽ; അതിൽ ഒരത്ഭുതം ഇല്ല. ഒരു കച്ചവടക്കാരൻ ഏതെങ്കിലും ഒരു സാധനത്തിനു ആവശ്യക്കാർ കടയിൽ വന്നു ചോദിക്കുമ്പോൾ അതിനു അഞ്ചുരൂപാ മുതലുണ്ടെങ്കിൽ നൂറു രൂപാ വില പറഞ്ഞാൽ അതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. പിന്നെ ഏതിലാണ് ആശ്ചര്യപ്പെടാനുള്ളതെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു—സഞ്ചിതോഗ്രരഭസം, ക്രിയാവിശേഷണം, കടുത്ത വേഗത്തോടെ, അതിഘോരമാരുതൻ വലിയ കൊടുങ്കാററു്; ജലത്തെ ഇളക്കവേ, അതിഘോരമായ കൊടുങ്കാററിളകി ഓളമടിച്ച്; വഞ്ചിമുങ്ങും അളവിങ്കലും വള്ളം മുങ്ങാൻ ഭാവിക്കുന്ന സമയത്തു കൂടിയും, ശഠൻ ശാഠ്യക്കാരനായ മക്കടമുഷ്ടിയായ, ആ കച്ചവടക്കാരൻ വില തെല്ലുമേ ഇളയ്ക്കുയില്ല വില സ്വല്പമെങ്കിലും കുറയ്ക്കുയില്ല. ചരക്കുകൾ കേറ്റിക്കൊണ്ടുപോകുന്ന വള്ളം കായൽ നടുക്കു വന്നു വലിയ കൊടുങ്കാററിനാൽ ഇളകിയ ഓളം തല്ലി മുങ്ങി ചരക്കെല്ലാം നഷ്ടമാകുമെന്നു വരുന്ന അവസരത്തിൽ കൂടിയും മുൻ പറഞ്ഞിരുന്ന വിലയിൽ അല്പമെങ്കിലും അവൻ കുറയ്ക്കുയില്ല. അതിനാലത്രെ അവൻ ശഠൻ എന്നു വിളിക്കപ്പെട്ടിരിക്കുന്നതു, അതുപോലെ ആപത്തിലും സമ്പത്തിലും ദുഷ്ടൻ ദൌഷ്ട്യത്തെ വിടുകയില്ലെന്നു താൽപര്യം.

ഈ ശ്ലോകത്തിൻെറ അവതാരിക സ്വല്പം ഭേദപ്പെടുത്തിയാൽ കൊള്ളാമെന്നു തോന്നുന്നു. എന്തെന്നാൽ കച്ചവടക്കാരൻ അവൻെറ ചരക്കുകൾക്കു വില കൂട്ടിപ്പറയുന്നതു അവൻെറ ധമ്മമെന്നല്ലാതെ ദോഷമായി ഗണിക്കാറില്ല. ലാഭത്തെ ഇച്ഛിച്ചല്ലാതെ ഒരുവനും, വിശിഷ്യ കച്ചവടക്കാരൻ, വേല ചെയ്യുന്നില്ല. പലേടങ്ങളിൽനിന്നും [illegible] മുൻകൂറായി വിലയും കൊടുത്തു വില്പാനായി വെച്ചിരിക്കുന്ന സാമാനങ്ങൾക്കു വില കൂട്ടിപ്പറയുന്നതു കച്ചവടക്കാരൻെറ ദൌർഗുണ്യമായി വിചാരിക്കാൻ പാടുള്ളതല്ല. അതുകൊണ്ടു 'കഷ്ടപ്പെട്ടു സമ്പാദിച്ച ഒരു സാധനത്തിനും ഏതു കാലത്തിലും ഉടമസ്ഥൻ വില ഇളയ്ക്കുയില്ല' എന്നുള്ള അവതാരിക കുറേക്കൂടി യുക്തമായി തോന്നുന്നു. 'ശഠൻ' എന്ന ശബ്ദം ദൃഢനിശ്ചയത്തെ കുറിക്കുന്നതേയുള്ളു എന്നു ഗണിച്ചുകൊള്ളാവുന്നതാണ്.

ദ്വയോ രാജ്ഞോമ്മിഥോ വിരോധാവസ്ഥായാം യേ യേ പ്രതികൂലാഃ പുനഃ കദാചിത്തയോമ്മേളനേ തേഷാമാനുകൂല്യം തയോസ്സന്ധികാരിണോദ്ദൂതസ്യ ദൌജ്ജന്യം ച ഭവേദിത്യാഹ:—

ഫന്ന വിദ്ധം മന്മസ്സ യേന യേന ശരളോന്മിശ്രാ ഗിരഃശ്രാവിതാ-
ജജ്വാല ജ്വലനാസ്രുവന്നിശിനിശിക്രൂരൈരഃ കരൈര്യസ്സദാ |
സർവ്വേ തേ സുഹൃദോ ബഭൂവുരധുനാ സംഗേ മിഥഃ കാമിനോ-
ർജ്ജൌജ്ജന്യസ്യവിഭാവനാൽ പരിണതൌ ദ്ദൂതീ പരം ദൂഷിതാ ||

രണ്ടുപേൎക്കു തമ്മിൽ വിരോധമുള്ളപ്പോൾ പ്രതികൂലന്മാരായിരുന്നവർ അവർ തമ്മിൽ രഞ്ജിക്കുമ്പോൾ അനുകൂലന്മാരാകുന്നു; പഴിയെല്ലാം അവരെ രഞ്ജിപ്പിക്കാൻ ശ്രമിച്ച മദ്ധ്യസ്ഥനും ആയിത്തീരുന്നു എന്നു പറയുന്നു:—

അന്നു ബാണഗണമെയ്തുയും ഗരള-
മിശ്രഗീരുകൾ പൊഴിക്കയും
വന്നുയൎന്നു നിശിവഹ്നിപോലെ-
രികയും വിരോധമൊടു ചെയ്തവർ |
ഇന്നു ദംപതികൾ ചേൎന്നനാ-
ളിലനുകൂലരായഖിലരും സ്വയം
ചെന്നു സാന്ത്വമരചെയ്തു ദൂതിയവൾ
തന്നിലായ് പഴിയശേഷവും ||

അന്നു വിരഹകാലത്തിൽ എന്നൎത്ഥം. ബാണഗണം എയ്തുയും അമ്പുകളുടെ കൂട്ടത്തെ എയ്യുകയും, മന്മഥനെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. ഗരളമിശ്രഗീരുകൾ പൊഴിക്കയും വിഷത്തോടുകൂടിയ മൊഴികളെ പുറപ്പെടീക്കയും, കോകിലങ്ങളെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. നിശി രാത്രിയിൽ, വന്നുയൎന്നു ഉദിച്ചു പൊങ്ങി, വഹ്നിപോലെ എരികയും അഗ്നിയെപ്പോലെ തപിപ്പിക്കയും, ചന്ദ്രനെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. വിരോധമൊടു ചെയ്തവർ വിരോധം കരുതി ചെയ്തവർ, മന്മഥകോകിലചന്ദ്രന്മാർ; വിരഹാവസ്ഥയിൽ ഇവർ താപകാരകന്മാരാണെന്നു പ്രസിദ്ധമാണല്ലോ; ഇപ്രകാരം ദ്രോഹിച്ചവർ, ഇന്നു ദംപതികൾ ചേൎന്ന നാളിൽ ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ ചേൎന്നപ്പോൾ; അഖിലരും മുൻപറഞ്ഞവരെല്ലാവരും, (സ്വയം അന്യന്റെ പ്രേരണകൂടാതെ) അനുകൂലരായ് ഇഷ്ടന്മാരായ്, മുൻപിൽ ദുഃഖകാരികളായിരുന്ന മന്മഥൻ, കോകിലം, ചന്ദ്രൻ ഇവർ എല്ലാവരും ഇപ്പോൾ ഭാൎയ്യാഭൎത്താക്കന്മാർ ചേൎന്നുകഴിഞ്ഞപ്പോൾ സുഖകാരികളായി തീൎന്നിരിക്കുന്നു. കുറ്റമൊക്കെയും പിന്നെ ആൎക്കായിത്തീൎന്നു എന്നു് ഒടുവിലത്തെ പാദത്തിൽ പറ

യുന്നു:—ചെന്നു സാന്ത്വം ഉരചെയ്തു അവരുടെ അടുക്കൽ പോയി സമാധാനം പറഞ്ഞു, ദൂതിയവർ തന്നിലായി, ദൂതിക്കായി; പഴിയശേഷവും കുററമെല്ലാം, കുററമെല്ലാം അവരെ യോജിപ്പിക്കുന്നതിനു പോയി സമാധാനം പറഞ്ഞ ദൂതിക്കായിത്തീൎന്നു. ദൂതി വേണ്ടതുപോലെ ദൂത്യം ചെയ്യായ്കയാലാണ് നമ്മൾ തമ്മിൽ ഇത്രനാളും കലഹത്തിന്നിടയായതു് എന്നു ദംപതികൾ കുററത്തെ ദൂതിയിൽ ആരോപിക്കുന്നു. അതുപോലെ വിരോധക്കാരായ രണ്ടുപേരെ യോജിപ്പിക്കുന്നതിന്നായി ഇടയ്ക്കു നില്ക്കുന്നവനാണു പഴിയെല്ലാം കിട്ടുന്നതു്. മുൻപിൽ വിരോധികളായിരുന്നവരെല്ലാം സ്നേഹിതന്മാരായിത്തീരുമെന്നു താൽപൎയ്യം. അവതാരികയിൽ രാജാക്കന്മാരെന്നു ഉദാഹരണമായി പറഞ്ഞിരിക്കുന്നതല്ലാതെ അവരെ മാത്രം ഗണിച്ചിട്ടേയുള്ളൂ എന്നു ക്ലിപ്തപ്പെടുത്താനിടയില്ല.

ബലവദവജ്ഞാകരണാന്ന കേവലം സ്വസ്യ നാശഃ, കിന്തു സ്വാശ്രയസ്യാപീത്യാഹ:—

൨൦. സന്നദ്ധേഷു പയോധരേഷു ചലിതേ മന്ദം പുരോമാരുതേ
കാദമ്ബൈകമലാകരസ്ഥിതിമപി ത്യക്ത്വാ സരഃ പ്രസ്ഥിതേ |
മിഥ്യാരോപിതപൌരുഷൈൎമ്മധുകരൈൎമ്മുഗ്ദ്ധൈശ്ച ദല്യാസിതം
തസ്യേദം ഫലമമ്ഭസാ പ്രവഹതാ ശൈവാബ്ജിനീ മജ്ജിതാ ||

ബലവാനെ ധിക്കരിച്ചാൽ തനിക്കു തന്നെയല്ല, തന്നെ താങ്ങുന്നവനും നാശം വരുമെന്നു പറയുന്നു:—

കൊണ്ടലംബരമതിൽ പരന്നു പരി-
ചോടണഞ്ഞിതു പുരോമരു-
ത്തിണ്ടലാണ്ടൊരരയന്നമസ്സര-
സരസ്സിലേക്കു നടകൊണ്ടിതേ |
വണ്ടതിൻനിരയിരുന്നു തണ്ട-
ലരതിൽ ജഡം ദുരഭിമാനമൂലം-
കൊണ്ടതിന്റെ ഫലമാണിതാ നാ-
ളിനിതാൻജലൌഘമതിൽ മഗ്നയായ് ||

അംബരമതിൽ ആകാശത്തിൽ, കൊണ്ടൽ മേഘം, പരന്നു ആകാശത്തിൽ നല്ലവണ്ണം കാർ കൊണ്ടുകഴിഞ്ഞു. പുരോമരുത്തു് കിഴക്കൻകാററു്, പരിചോടു് അണഞ്ഞിതു പതുക്കെ അടിച്ചു തുടങ്ങി. മഴക്കാ

ലത്തു കാററ് കിഴക്ക നിന്നാണ് അടിക്കുന്നതു്. ഇത്രയും കണ്ടപ്പോഴേക്ക ഇണ്ടലാണ്ട വ്യസനത്തോടുക്രടെ, ഇനി താമരത്തണ്ട ഭക്ഷിക്കാൻ കഴികയില്ലല്ലോ എന്ന വ്യസനത്തോടെ, അരയന്നം ജാത്യേകവചനമാണിതു്; അരയന്നക്കൂട്ടമെന്ന താൽപര്യം. അപ്സരസരസ്സിലേക്ക പ്രസിദ്ധപ്പെട്ട മാനസസരസ്സിലേക്ക, നടകൊണ്ടിതേ പറന്നുപോയി; മഴക്കാലം വരുന്നതുവരെ അരയന്നങ്ങൾ ഭൂമിയിൽവന്നു താമരത്തണ്ടുകളെതിന്നുനടക്കും; മഴ ആരംഭിക്കുമ്പോൾ അവ മാനസസരസ്സിലേക്ക പൊയ്ക്കൂളയുമെന്നാണ് പ്രസിദ്ധി. ജഡം ബുദ്ധിയില്ലാത്ത, വണ്ടതിൻനിര വണ്ടുകളുടെ ക്രട്ടമാകട്ടെ, ദുരഭിമാനമുൾക്കൊണ്ടു് അന്നങ്ങൾ ഭീരുക്കളാണ്, ഞങ്ങൾക്ക പേടിയൊന്നുമില്ല എന്നുള്ള ദുരഭിമാനത്തോടെ, തണ്ടലരതിൽ താമരയിൽ, ഇരുന്നു. അതിൻെറ ഫലമാണു തന്നേക്കാൾ ബലിയവർ കാണിക്കുന്നതിനെ വകവെക്കാതെ മൂഢധൈര്യത്തോടുക്രടി ഇരുന്നതിൻെറ ഫലമാണ്, ഇതാ കണ്ടുകൊൾക, ജലൌഘമതിൽ മഴ വീണുണ്ടായ ജലപ്രവാഹത്തിൽ, നളിനിതാൻ മഗ്നയായ് താമര തന്നെ മുങ്ങിപ്പോയി. പിന്നെ അതിലിരുന്ന വണ്ടിൻെറ കഥ പറയണമോ? എന്നു താൽപര്യം. ദുരഭിമാനത്തോടെ ഇപ്രകാരമിരുന്നതിൻെറ ഫലമാണ് വലിയ വെള്ളപ്പൊക്കത്തിൽ തങ്ങൾ നശിച്ചു എന്നു മാത്രമല്ല തങ്ങളെ താങ്ങിയിരുന്ന താമരയും മുങ്ങിപ്പോയതു്. അതുകൊണ്ടു വലിയവർ കാണിക്കുന്നതിനെ ധിക്കരിച്ചു നടന്നുക്രടാ എന്നു താൽപര്യം.

ഉൽകൃഷ്ടേ വസ്തുനി യേന കേനചിൽ ത്യക്തേ തേന തസ്യ വസ്തുനഃ കാവാ ക്ഷതിഃ? അപിതു സ ഏവ സാരാസാരവിവേകശൂന്യ ഇത്യവദാതം ഭവതീത്യാഹഃ—

ഫവ്വ. സന്ത്യക്താ യദി കേതകീ ത്രിഭുവനശ്ലാഘ്യാ പുരദ്രോഹിണാ
തസ്മിന്നേവ ഹി പർയ്യവസ്യതി തതോവസ്തുഷപസാരജ്ഞതാ |
കിം വേണിഷു ന താം വഹന്തി സുദൃശഃ കിം സാ ന വിക്രീയതേ
കിംനേമാമുപലാലയന്തി രസികാഃ ക്ഷോണീഭുജോ മൌലിഭിഃ ||

ആരെങ്കിലും നല്ല വസ്തുക്കളെ ധിക്കരിക്കുന്ന പക്ഷം അവയ്ക്കു യാതൊരു ഹാനിയുമില്ല. അവനു നന്മതിന്മകളെ അറിഞ്ഞുക്രടാ എന്നു വരികയേയുള്ളൂ എന്നു പറയുന്നു:—

ശങ്കരൻ വെടികിലിത്ര ഭംഗികല-
ലരുന്ന കേതകസുമത്തിനെ-
ശ്ശങ്കയില്ല ഗുണദോഷബോധ-
മവനില്ല തെല്ലുമതു സിദ്ധമാം |

മങ്കമാർ മുടിയിൽ വെച്ചിടുന്ന-
തിനെ വിററിടുന്നു പലരും ശിര-
സ്സിങ്കലൻപൊടു ധരിച്ചിടുന്നു
രസികത്വമുള്ള ധരണീശരും ‖

ഇത്ര ഭംഗി കലരുന്ന ഇത്ര നല്ല ഭംഗിയുള്ള, കേതകകുസുമത്തിനെ കൈതപ്പൂവിനെ, ശങ്കരൻ വെടികിൽ സാക്ഷാൽ ശ്രീപരമേശ്വരൻ തന്നെ ഉപേക്ഷിച്ചാലും, ശിവന്നു കൈതപ്പൂ വിരോധമാണെന്നു പ്രസിദ്ധമാണല്ലോ. അവന്നു ഗുണദോഷബോധം, നല്ലതും ചീത്തതും അറിയാനുള്ള ശക്തി, തെല്ലുമില്ല അല്പംപോലുമില്ല. അതു എന്നുള്ളതു, സിദ്ധമാം നിശ്ചയമാകയേയുള്ളു, ശങ്കയില്ല അതിനു തർക്കമില്ല. സാക്ഷാൽ ഭഗവാനായ ശ്രീപരമേശ്വരൻതന്നെ ആയാലും ശരി, ഇത്ര നന്നായുള്ള കൈതപ്പൂവിനെ ഉപേക്ഷിക്കുന്നപക്ഷം അദ്ദേഹത്തിനു ഗുണദോഷജ്ഞാനം ലേശംപോലും ഇല്ലെന്നു വരുന്നതല്ലാതെ ആ പൂവിനുള്ള ഭംഗിക്കോ ഗുണത്തിനോ ഒരു കുറവു വരുന്നതല്ല. അതെങ്ങനെ നിശ്ചയിച്ചു എന്നു ഉത്തരാർദ്ധത്തിൽ പറയുന്നു—അതിനെ മങ്കമാർ മുടിയിൽ വച്ചിടുന്നു സ്ത്രീകൾ കൈതപ്പൂ ചൂടുന്നു, പരമേശ്വരനു ഇഷ്ടമില്ലെന്നുവെച്ചു അവർ അതിനെ ഉപേക്ഷിക്കുന്നില്ല. അതുപോലെതന്നെ പലരും വിററിടുന്നു, 'അതിനെ' എന്നു ചേർത്തുകൊള്ളണം. പലരും അതു വിററു പണം സമ്പാദിക്കുന്നു. അതിനാൽ കൈതപ്പൂവിനു ആളുകൾക്കു പ്രിയമുണ്ടെന്നു വെളിപ്പെടുന്നു. എന്നു മാത്രമല്ല, രസികത്വമുള്ള ധരണീശരും, രസികന്മാരായ, അത ഏവ ഗുണദോഷബോധമുള്ള രാജാക്കന്മാർ കൂടിയും, 'അതിനെ' എന്നു അനുവർത്തിക്കണം, ശിരസ്സിങ്കൽ അൻപൊടു ധരിച്ചിടുന്നു, ശിരസാ വഹിക്കുന്നു, തലയിൽ വെച്ചുകൊണ്ടാടുന്നു. അതിനാൽ കൈതപ്പൂവിനു ഗുണമുണ്ടെന്നും അതിനെ മററുള്ളവർ ആദരിക്കുന്നുണ്ടെന്നും സിദ്ധം. അതുകൊണ്ടു പരമേശ്വരൻ അതിനെ ഉപേക്ഷിക്കുന്നതു അദ്ദേഹത്തിന്റെ ഗുണദോഷജ്ഞാനരാഹിത്യത്തെ വെളിപ്പെടുത്തുന്നതേയുള്ളു. നല്ല വസ്തുക്കളെ എത്ര കേമനായുള്ള ആൾ ധിക്കരിച്ചാലും അതിന്റെ മാഹാത്മ്യം നശിച്ചുപോകയില്ല. അവൻ ഈ വിഷയത്തിൽ സാരാസാരവിവേകശൂന്യനാണെന്നു മാത്രമേ വരികയുള്ളു എന്നു ഭാവം.

മഹതി പദേ സ്ഥിതാൻ കേചിദജ്ഞാത്വൈവ സാധൂൻ പരിതാപയന്തീത്യാഹ: —

ഫൻ. കോണേ കാപ്യവതീർയ്യ ഗാത്രമഭിതസ്സിക്ത്വാ പയസ്സീകരൈ-
രാസ്വാദ്യോദകമാഗതോഽസ്മി പുനരിത്യാശസ്ത ഗജസ്യാശയ ।
കാസാരസ്യ ദശാ തദാസൗ കലുഷിതാന്യംഭാംസി ഭഗ്നാസ്തടാഃ
പ്രധ്വസ്താ നളിനീ കിമത്ര ബഹുനാ ഖാതവ്യമാസ്തേ പുനഃ

വലിയ സ്ഥാനത്തിലിരിക്കുന്ന ചിലർ അറിയാതെ തന്നെ സാധുക്കളെ ഉപദ്രവിക്കുന്നു എന്നു പറയുന്നു:—

ചെന്നിറങ്ങിയൊരു കോണിൽ മെയ്യിതു
നനച്ചു നീരതു കുടിച്ചു ഞാൻ
വന്നിതെന്നിഭവരന്റെ ഭാവ-
മതു, പൊയ്കതന്നുടെയവസ്ഥയോ? ।
തന്നിമിത്തമുദകം കലങ്ങി,
കര വീണുപോയ്, നളിനിനഷ്ടയായ്,
ചൊന്നിടേണ്ടധികമാദ്യമേയി-
തു കുഴിക്കവേണ്ടവിധമായിതേ ॥

ഒരു കോണിൽ ചെന്നിറങ്ങി തടാകത്തിന്റെ ഒരു മൂലയ്ക്കു കൂടി ചെന്നിറങ്ങി, മെയ്യിതു നനച്ചു ഉടലെല്ലാം കഴുകി, നീരതു കുടിച്ചു വെള്ളവും കുടിച്ചുംവെച്ച്, ഞാൻ വന്നിതു് ഞാൻ ഇതാ ഇവിടെ വന്നു, എന്നു് ഇഭവരന്റെ ഭാവമതു എന്നാണ് ആനത്തലവന്റെ വിചാരം, പൊയ്കയുടെ ഒരു മൂലയ്ക്കു ചെന്നിറങ്ങി മേലെല്ലാം കഴുകി വെള്ളവും കുടിച്ചുംവെച്ച് ഞാൻ ഇങ്ങു പോന്നതേയുള്ളു എന്നാണു ആനത്തലവൻ വിചാരിക്കുന്നതു്. അല്ലാതെ അപ്രകാരം ചെയ്തതുകൊണ്ടു താൻ ആർക്കും ഒരു ഹാനിയും ചെയ്തിട്ടില്ലെന്നാണു അതിന്റെ ഭാവം. എന്നാൽ വാസ്തവത്തിൽ പൊയ്ക തന്നുടെയവസ്ഥയോ? ഇപ്രകാരം ആന ചെന്നിറങ്ങി വെള്ളം കുടിച്ചുംവെച്ച് പോയതുകൊണ്ടു പൊയ്കയ്ക്കുണ്ടായ ഹാനി എന്തെല്ലാമാണ്? പറയാം. തന്നിമിത്തം, ആന ഇറങ്ങി വെള്ളംകുടിച്ചുംവെച്ച് പോയതുകൊണ്ടു്; ഉദകം കലങ്ങി തെളിഞ്ഞുകിടന്ന വെള്ളമാസകലം കലങ്ങിക്കഴിഞ്ഞു, കര വീണുപോയ്, കരയെല്ലാം ഇടിഞ്ഞു താഴെ വീണിരിക്കുന്നു; നളിനി നഷ്ടയായ്, താമരപ്പൂ ഒന്നുമില്ലാതെയായി; ചൊന്നിടേണ്ടധികം ഏറെ ഒന്നും പറയാനില്ല. ഇതു്, ഈ പൊയ്ക; ആദ്യമേ കുഴിക്കവേണ്ടവിധമായിതേ, ഇനി പുതുതായി കുഴിച്ചു നന്നാക്കേണ്ട സ്ഥിതിയിലായിരിക്കുന്നു എന്നു പറഞ്ഞാൽ മതിയല്ലോ. താനിറങ്ങി വെള്ളം കുടിച്ചുവെച്ചുപോയതുകൊണ്ടു യാതൊരു ഹാനിയും വരാനില്ലല്ലോ എന്നാണ് ആനയുടെ

ഭാവം. വാസ്തവത്തിൽ പൊയ്കയുടെ കര ഇടിഞ്ഞു വീഴുകയും അതിലെ വെള്ളം കലങ്ങുകയും താമരയെല്ലാം നശിക്കയും ചെയ്തതു നിമിത്തം അതു ഇനി പുതുതായി കഴിച്ചു നന്നാക്കേണ്ട സ്ഥിതിയിലായിരിക്കുന്നു; അതു് ആന തീരെ അറിയുന്നതുമില്ല. അതുപോലെ വലിയ ആളുകൾക്കു തങ്ങളുടെ സുഖത്തിനായി ചെയ്യുന്ന പ്രവൃത്തികൾ കൊണ്ടു മററുള്ളവക്കു് ഒരു ഹാനിയും നേരിടുന്നില്ലെന്നാണ് ഭാവം; വാസ്തവത്തിൽ മററുള്ളവരുടെ കഷ്ടദശ അല്പയല്ല, അതിനെ വലിയവർ അറിയുന്നുമില്ലെന്നു താൽപര്യം.

രാഷ്ട്രപാലനധുരീണോ രാജാ സ്വകൃത്യേ ജാഗരൂകതാരഹിതശ്ചേത്തദ്രാഷ്ട്രം പ്രണഷ്ടം സ്യാദിത്യാഹ:—

൨൦. ദ്യൌരിത്ഥം ക്ഷിതിരിത്ഥമിത്ഥമുദധിർമ്മദദതി കൃത്വാ സ്ഥിതിം
വിശ്വസ്യാഹനി വിശ്രമായ ശയിതും പ്രാരംഭി ധാത്രാ യദാ |
ദണ്ഡം ചണ്ഡകരൈരസ്ത്രദൈവ പവനൈ രൌൽപാതികൈശ്ശോഷിതം
മേഘൈഃ പ്ലാവിതമത്ഭുതൈരപി ജഗൽ സ്രഷ്ടവ്യമാസീൽപുനഃ ||

നാടുവാഴുന്ന രാജാവു തൻെറ കൃത്യത്തിൽ സർവ്വദാ ജാഗരൂകനായിരുന്നില്ലെങ്കിൽ രാജ്യം നശിച്ചുപോകുമെന്നു പറയുന്നു:—

പുണ്ഡരീകഭവനംബരം ധര-
ണി വാരിരാശിയിവയേപ്പകൽ
ദണ്ഡമോടു പണിചെയ്തു വെച്ചു
നിശി വിശ്രമത്തിനു ശയിക്കവേ |
ചണ്ഡരശ്മികൾ കടുത്ത കാററു-
കൾ മഹാംബുദങ്ങളിവയാൽ ജഗ-
ന്മണ്ഡലം ക്ഷപിതമായ് വിരി
ഞ്ചനു പുനശ്ച സൃഷ്ടി തുടരേണ്ടതായ് ||

ബ്രഹ്മാവു് പകൽ മുഴുവനുംകൊണ്ടു ജഗത്തെല്ലാം സൃഷ്ടിച്ചതിൽ പിന്നീടു രാത്രിയിൽ ഉറങ്ങുമ്പോൾ പ്രളയമുണ്ടായി സർവ്വം നശിക്കയും പിന്നെ പിറേറദിവസം പ്രഭാതത്തിൽ ആദ്യമേ സൃഷ്ടി ആരംഭിക്കയും ചെയ്യുന്നു എന്ന പുരാണപ്രസിദ്ധമായ കഥയെയാണ് ഈ ശ്ലോകത്തിൽ

സൂചിപ്പിച്ചിരിക്കുന്നത്, ഈ മാതിരി പ്രളയത്തിന്ന നൈമിത്തികപ്രളയ മെന്നാണ പേർ. "നാരായണീയ"ത്തിൽ ഭട്ടതിരി ഇതിനെ ഇപ്രകാരം പറഞ്ഞിരിക്കുന്നു—

"സോfയം ചതുർയുഗസഹസ്രമിതാന്യഹാനി
താവന്മിതാശ്ചരജനിർബഹുശോ നിനായ |
നിദ്രാത്യസൌ ത്വയി നിലീയ സമം സ്വസൃഷ്ടൈ-
ര്നൈമിത്തികപ്രളയമാഹുരതോfസ്യ രാത്രിം ||
അസ്മാദൃശാം പുനരഹർമ്മുഖകൃത്യതുല്യാം
സൃഷ്ടിം കരോത്യനുദിനം സ ഭവൽപ്രസാദാൽ" ഇത്യാദി-

പുണ്ഡരീകഭവൻ, ബ്രഹ്മാവു; പകൽ, പകൽസമയത്തു; അംബരം; ആകാശം; ധരണി, ഭൂമി; വാരിരാശി, സമുദ്രം; ഇവയെ ഒന്നുമോടെ നന്നായി ക്ലേശിച്ചു; പണിചെയ്തുംകൊണ്ട്, സൃഷ്ടിച്ചു, അതാതിന്റെ സ്ഥിതിയെ കല്പിച്ചു വെച്ചു, നിശി, രാത്രിയിൽ, വിശ്രമത്തിന്ന്, പകൽ മുഴുവൻ വേലചെയ്തതിന്റെ ക്ഷീണം തീർക്കാനായ് കൊണ്ടു; ശയിക്കവേ, അത്താഴം കിടന്നുറങ്ങുമ്പോൾ; ചണ്ഡരശ്മികൾ, പ്രളയകാലസൂര്യന്മാർ; പ്രളയകാലത്തിൽ അതിതേജോമയന്മാരായ പന്ത്രണ്ടു സൂര്യന്മാർ ഉദിക്കുമെന്നാണ പ്രസിദ്ധി. കടുത്ത കാററുകൾ, വലിയ കൊടുങ്കാററുകൾ ഉണ്ടാകുമത്രെ. മഹാംബുദങ്ങൾ, പുഷ്കലാവർത്തം മുതലായ വലിയ കാർമേഘങ്ങൾ; ഇവ വർഷിച്ചാണ് പ്രളയസമുദ്രമുണ്ടാകുന്നത്. ഇവയാൽ ജഗന്മണ്ഡലം, വിശ്വമാസകലം; ക്ഷപിതമായ് നശിപ്പിക്കപ്പെട്ടതായി; അതുകൊണ്ട്, വിരിഞ്ചന്ന, ബ്രഹ്മാവിന്ന; പുനശ്ച, പിന്നെയും രണ്ടാമതും, സൃഷ്ടി തുടരേണ്ടതായ്, സൃഷ്ടി ആരംഭിക്കേണ്ടതായി. ബ്രഹ്മാവു പകൽ മുഴുവൻ വളരെ കഷ്ടപ്പെട്ടു ലോകമെല്ലാം സൃഷ്ടിച്ചതിന്റെശേഷം വിശ്രമിക്കാനായി രാത്രിയിൽ കിടന്നുറങ്ങിയപ്പോഴേക്കു പ്രളയം വന്നു സൃഷ്ടിച്ചതാസകലം എങ്ങനെ നശിച്ചുപോയോ അതുപോലെ രാജ്യത്തെ രക്ഷിക്കുന്ന രാജാവു സകലതും വേണ്ടതുപോലെ ഏർപ്പാടു ചെയ്തതിന്റെ ശേഷം സ്വല്പനേരമെങ്കിലും അശ്രദ്ധനായിരുന്നെങ്കിൽ ആ രാജ്യം നശിച്ചുപോകുമെന്നുതാൽപര്യം.

മഹദാശ്രയേണ ക്ഷുദ്രാ അപി സുഖിനസ്സ്യുരിത്യാഹ:—

വ. ഹ. സ്വസ്തി സ്വാഗതമസ്യതേ സുഖമമീ ജാതാഃ കുതഃ പല്ലവാ-
സ്സന്തസ്സൽകുസുമാന്യപീഹ കിമിതോ മാധവീ ച തത്രേക്ഷ്യതേ ||
കിം ഭൃംഗാ അപി സന്തി സാധു ശിരസി ന്യസ്തം പദം ശാഖിനാ
ധുർദ്ധരാസ്തി ന ദുർല്ലഭം കിമപി തേ യാവദ്വസന്തസ്സഖീ ||

മഹാന്മാരുടെ ആശ്രയം നിമിത്തം അല്പന്മാരും സുഖികളാകുന്നു എന്നു പറയുന്നു:—

മംഗളം വരവു നന്നു സൌഖ്യമി-
ഹ കിന്നു? സൽകിസലയങ്ങളും
സംഗതങ്ങൾ തവ നല്ല പൂക്ക-
ളുമവററിലുണ്ടു മകരന്ദവും ।
ഭൃംഗസംഘവുമതുണ്ണുവാൻ, ത-
രുകുലത്തിൽ നീ പ്രവര, നൊന്നിനും
ഭംഗമില്ല തവ ധൂൎത്ത! ഭവ്യ-
മൃതുരാജനിങ്ങിയലുവോളവും ॥

വസന്തകാലത്തു പുഷ്പിച്ചു നിൽക്കുന്ന ഉമ്മത്തിനെ കണ്ടു കവി അതിനെ സംബോധനചെയ്തു ഇപ്രകാരം പറയുന്നു—ധൂൎത്ത! അല്ലയോ ഉമ്മത്തേ! മംഗളം നിനക്കു മംഗളം ഭവിക്കട്ടെ. ഒരുത്തനെ ആദ്യമായി കാണുമ്പോൾ എല്ലാവരും പ്രഥമമായി ആശംസിക്കാറുള്ളതാണിതു്. വരവു നന്നു, വന്നതു സന്തോഷമായി. പുത്തനായി ഒരാൾ വന്നാൽ സ്വാഗതം പറയുന്നതു ലൌകികമത്രേ. സൌഖ്യമിഹ കിന്നു? സൌഖ്യമല്ലീ? കുശലം ചോദിക്കുന്നതും നടപ്പാണല്ലോ. തവ സൽകിസലയങ്ങളും സംഗതങ്ങൾ, നിനക്കു നല്ല തിളിരിലകളും ഉണ്ടായിട്ടുണ്ടല്ലോ. കിളുന്നുണ്ടാകുന്നതു ചെടികളുടെ വളർച്ചയെ ദ്യോതിപ്പിക്കുന്നു. നല്ല പൂക്കളും 'സംഗതങ്ങൾ തവ' എന്നു അനുവൎത്തിക്കണം. തിളിരുകൾ മാത്രമല്ല നല്ല, പൂക്കളും ഉണ്ടായിരിക്കുന്നല്ലോ. ഇത്രമാത്രമെയുള്ളോ? അവററിൽ മകരന്ദവും ഉണ്ടു്, പൂക്കളിൽ തേനും ഉണ്ടു്. അതുണ്ണുവാൻ ഭൃംഗസംഘവും 'ഉണ്ടു്' എന്നനുവൎത്തിക്കണം. അല്ല, ആ തേൻ കുടിക്കാൻ വണ്ടിൻ കൂട്ടവും എത്തീട്ടുണ്ടു്. തേൻമാവു മുതലായ ഉത്തമവൃക്ഷങ്ങളിൽ നിന്നും നിനക്കു എന്തു കുറവാണുള്ളതു്? നീ തരുകുലത്തിൽ പ്രവരൻ, നീ വൃക്ഷസമൂഹത്തിൽവെച്ചു ഉത്തമൻ തന്നേ സംശയമില്ല. ഋതുരാജനു വസന്തത്തിനു, ഭവ്യം കുശലം, ഇയലുവോളവും ഇരിക്കുന്നിടത്തോളം, തവ ഒന്നിനും ഭംഗമില്ല, ഒരു വിഷയത്തിലും നിനക്കു കുറവില്ല. വസന്തം എത്രകാലം സുഖമായിരിക്കുന്നോ അത്രയും കാലം നിൻെറ ഈ യോഗ്യതക്കു് ഒരു കുറവും വരികയില്ല. തദഭാവത്തിൽ നിൻെറ മേന്മയും നശിക്കുമെന്നർത്ഥം. ഋതുരാജൻ എന്ന ശബ്ദംകൊണ്ടു വസന്തത്തിൻെറ പ്രാധാന്യത്തെ സൂചിപ്പിച്ചിരിക്കുന്നു. വസന്തം ഊൎജ്ജിതമായിരിക്കുന്നതുവരെ തുച്ഛമായ ഉമ്മത്തു ഉത്തമവൃക്ഷപദവിയെ അനുഭവിക്കുന്നു; അനന്തരം അതു് അധമതചത്തെ പ്രാപിക്കുന്നു. അതു

പോലെ അല്പന്മാർ വലിയവരുടെ ആശ്രയത്താൽ സുഖികളായിരിക്കുന്നു. അതില്ലാതെ ആകുമ്പോൾ ദുഃഖികളായിത്തീരുന്നു എന്നു താല്പൎയ്യം.

മഹതാം പ്രതാപേനൈവ തദാശ്രിതാശ്ശക്താഃ കേചിന്മൎയ്യാദാമനുല്ലംഘ്യ തിഷ്ഠന്തി; തേഷു മഹൽസു കിഞ്ചിദ ജാഗരൂകേഷു തദാശ്രിതാനാം തേഷാം പ്രകൃതിരന്യൈവ ഭവേദിത്യാഹ:—

൨൨. ദൃഷ്ടാശ്ചന്ദ്രസമുദ്ഗമാസ്സതമതിക്രാന്താസ്സതം പ്രാവൃഷ-
സ്സീമാമേഷ ന ജാതുചലംഘത കിലേത്യബ്ധിന്ന വിശ്വസ്യതാം।
യോƒസൌ ശേത ഇവായമേവ വിധിനാ വാമേന ചേച്ചാല്യതേ
കാ സീമേതി തദാസ്തി, കേ ജനപദാഃ, കാ മേദിനീ, കാ ദിശഃ? ॥

വലിയ ആളുകളുടെ ഓജസ്സുകൊണ്ടു അവരെ ആശ്രയിച്ചിരിക്കുന്ന ശക്തന്മാർ മൎയ്യാദക്കാരായിരിക്കുന്നു; എപ്പോഴെങ്കിലും യജമാനന്മാർ സ്വല്പം ദൃഷ്ടിവെക്കാതെ ഇരിക്കുന്നോ അപ്പോൾ അവരെ ആശ്രയിച്ചിരിക്കുന്നവരുടെ പ്രകൃതി മാറുന്നു എന്നു പറയുന്നു:—

സോമനുൽഗമമതെത്രയായ് ജല-
ധരാഗമങ്ങളുവയെത്രയായ്
സീമയേയിതു കവിഞ്ഞതില്ലയിതി
വിശ്വസിച്ചിടരുതാഴിയേ।
വാമമായ വിധിയിക്കിടക്കു-
മിതിനെയിളക്കി വിടുകിൽ തദാ
സീമയും ജനപദങ്ങളും ക്ഷിതിയു-
മെങ്ങു ദിക്കുകളുമൊക്കയും? ॥

സോമന്റ് ഉൽഗമം അതെത്രയായ്, എത്ര തവണ ചന്ദ്രനു ഉദയം ഉണ്ടായിക്കഴിഞ്ഞു? വളരെ കഴിഞ്ഞതല്ലോ. അതുപോലെ ജലധരാഗമങ്ങൾ അവ എത്രയായ്, എത്ര വളരെത്തവണ വൎഷകാലം വന്നുകഴിഞ്ഞിരിക്കുന്നു? ചന്ദ്രോദയത്തിലും വൎഷത്തുവിലുമാണു സമുദ്രത്തിനു ക്ഷോഭമുണ്ടാകുന്നതു്. ചന്ദ്രോദയവും വൎഷകാലവും എത്ര കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഇതു, സമുദ്രം; സീമയേ, അതിരിനെ; കവിഞ്ഞതില്ല, കടന്നി

ട്ടില്ല; സമുദ്രം കര കവിഞ്ഞു ആക്രമിച്ചിട്ടില്ല. ഇതി, എന്നു വിചാരിച്ചു; ആഴിയെ വിശ്വസിച്ചിടരുതു, സമുദ്രത്തെ വിശ്വസിച്ചുപോകരുതു്. അതു എന്തുകൊണ്ടെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു—ഇക്കിടക്കമതിനെ, എന്തുവന്നാലും ഒരു കുലുക്കമില്ലാതെ ഗംഭീരമായി കിടക്കുന്ന ഈ സമുദ്രത്തെ, വാമമായ വിധി ഇളക്കി വിട്ടുകിൽ, ദുരദൃഷ്ടം ചാടിക്കുന്ന പക്ഷം; നമ്മുടെ ദുഷ്കാലത്തിനു അതിനു ഒരിളക്കമുണ്ടായി എന്നുവരികിൽ എന്നത്ഥം; തദാ, അപ്പോൾ പിന്നെ; സീമയും ജനപദങ്ങളും ക്ഷിതിയും ദിക്കുകളുമൊക്കെയും എങ്ങു്? കരയും രാജ്യങ്ങളും ഭൂമിയും ദേശങ്ങളും ഒന്നുമില്ലാതെയാകും. സമുദ്രം കിടപ്പിൽനിന്നും ഒന്നിളകിയാൽ പിന്നെ ഒരതിരുമില്ല; സവ്വും നശിക്കുമെന്നു താൽപയ്യം. അതുകൊണ്ടു് അതിനെ വിശ്വസിക്കരുതു്. സമുദ്രത്തിന്റെ കിടപ്പുകൊണ്ടാണു ഭൂമിക്കു് അതിരു കല്പിക്കപ്പെട്ടിരിക്കുന്നതു്. സമുദ്രത്തെ ഓജസ്വിയായ യജമാനനായിട്ടും ഭൂമി, രാജ്യങ്ങൾ, ദേശങ്ങൾ ഇവയെ ശക്തന്മാരായ ഭൃത്യന്മാരായിട്ടുമാണു അവതാരികയിൽ കല്പിച്ചിരിക്കുന്നതു് എന്നു തോന്നുന്നു. ഇതിനു സാമരസ്യം മതിയായോ എന്നു സംശയമായിരിക്കുന്നു. അതുപോലെ വാമമായ വിധി ഇളക്കിവിട്ടുകിൽ എന്നുള്ളതിനു യജമാനൻ ജാഗരൂകനായിരിക്കാത്തപക്ഷം എന്നാക്കിയതും മതിയായില്ലെന്നു തോന്നിപ്പോകുന്നു. വലിയ ഗംഭീരന്മാരായ ആളുകളെയും സവ്ഥാ വിശ്വസിച്ചുകൂടാ; അവർ നിലയ്ക്കു നില്ക്കുന്നതു കൂട്ടാക്കേണ്ട; അവരെ ഭരിക്കുന്നവക്കു ഭാവമൊന്നു പകരുമ്പോൾ കാണാം അവരുടെ വേഷപ്പകർച്ച എന്നു അവതാരികയെ ഭേദപ്പെടുത്തിയാൽ കുറച്ചുകൂടി ഭംഗി അധികമില്ലയോ എന്നു തോന്നുന്നു.

കദാചിദ്യൽകിഞ്ചിദപദാനം കൃതവതാ പുരുഷേണ പുന
ർമ്മുഹുസ്താദൃശാപദാനാന്ന്യകൃതൈവ കേവലം പൂവ്വ
കൃതനിജാപദാനോൽഘോഷണേ കൃതേ യൽ പൂവ്വ
മന്യേനൈവാകാരി തദപ്യന്യ പടുതയാ ന, അപി
തു ദൈവവശാദിത്യേവ നിശ്ചയഃ കാൎയ്യ ഇത്യാഹ:—

൩൬. സവ്വത്ര സ്രവതോ ഽസ്യ കിഞ്ചിദുദകം ധിഷ്ണ്യം മുഹുൎത്തേ ക്വചി-
ച്ഛുക്തീനാമുദരേഷു മൌക്തികമഭൂൽ കാലേ കദാചിൽ കില ।
അദ്യാപ്യേവ ച തഥാ കരോതു പടുതാം യദ്യസ്തി തദ്ഭൂരത-
ശ്ശൂന്യൈഃ കേവലം തു ഗർജ്ജിതൈവ്യ്ഥയതി ശ്രോത്രാണി ധാരാധരഃ ॥

മുൻപിൽ എപ്പോഴോ ഒരിക്കൽ ഒരു വീരകൃത്യത്തെ ചെയ്തിട്ടുള്ളതിനെ പിന്നീട് അപ്രകാരമൊന്നും ചെയ്യാതെ കൂടക്കൂടെ കൊട്ടി ഘോഷിക്കുന്നവർ മുൻ ചെയ്തിട്ടുള്ളതു കൂടെ അവരുടെ സാമർത്ഥ്യംകൊണ്ടല്ല, എന്തോ യാദൃച്ഛികമായി നടന്നുപോയതാണെന്നു വിചാരിക്കേണ്ടതാണെന്നു പറയുന്നു:—

മാരിയെങ്ങുമൊരുപോലെ താൻ ചൊരി-
യവേ കദാചന യദൃച്ഛയാ
വാരിബിന്ദുവൊരു ശുക്തിസംപു-
ടമതിൽ പതിച്ചു കില മുക്തയായ് |
ആരിതോർത്തു മുകിലാവതെങ്കി-
ലതുപോലെ ചെയ്തിടണമിപ്പൊഴും
ഭൂരിശുഷ്കരടിതങ്ങൾകൊണ്ടിഹ
പൊടിച്ചിടുന്നു ചെവി കേവലം ||

എങ്ങും ഒരുപോലെ താൻ മാരി ചൊരിയവേ, മേഘം എല്ലായിടത്തും ഒരുപോലെ മഴയെ വർഷിക്കവേ; കദാചന, ഒരിക്കൽ; യദൃച്ഛയാ ഭാഗ്യവശാൽ; ഒരു വാരിബിന്ദു, ഒരു വെള്ളത്തുള്ളി; ശുക്തിസംപുടമതിൽ, മുത്തുച്ചിപ്പിയിൽ, പതിച്ചു, വീണു്, മുക്തയായ് കില, മുത്തായി പോലും. മഴവെള്ളം മേഘത്തിൽനിന്നും മുത്തുച്ചിപ്പിയിൽ വീണു മുത്തായി തീരുന്നു എന്നാണു പണ്ടത്തെ അന്ധവിശ്വാസം. വാസ്തവത്തിൽ മുത്തുച്ചിപ്പി സമുദ്രത്തിൽ കിടക്കുന്ന ഒരു കീടവിശേഷത്തിന്റെ ഓട്ടിയായാകുന്നു. ആ ജന്തുവിന്റെ ഉള്ളിലുള്ള ശുക്ലത്തിന്റെ വികാരഭേദമാണ് മുത്തെന്നു നാം പറയുന്നതു്. കവിയും പ്രാചീനന്മാരുടെ വിശ്വാസം അബദ്ധമാണെന്നു 'കില' ശബ്ദത്താൽ വ്യഞ്ജിപ്പിക്കുന്നു. എല്ലായിടത്തും മഴ പെയ്യുന്ന കൂട്ടത്തിൽ മേഘം സമുദ്രത്തിലും വർഷിച്ചപ്പോൾ എന്തോ യദൃച്ഛയാ ഒരു തുള്ളി വെള്ളം മുത്തുച്ചിപ്പിയിലും വീണു അതു മുത്തായി തീർന്നു. അതു മേഘത്തിന്റെ സാമർത്ഥ്യംകൊണ്ടല്ല എന്നു താൽപര്യം. അല്ല, മേഘത്തിന്റെ സാമർത്ഥ്യമാണെന്നു വിശ്വസിക്കണമെങ്കിൽ ഇപ്പോഴും അങ്ങനെ ചെയ്തു ദൃഷ്ടാന്തപ്പെടുത്തി തരണമെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു—ആരിതോർത്തു? മേഘമാണ് മുത്തുണ്ടാക്കിയതെന്നു ആരാണ് അറിഞ്ഞതു്? ആവതെങ്കിൽ മുകിൽ അതുപോലെ ഇപ്പോഴും ചെയ്തിടണം, എന്നാൽ വിശ്വസിക്കാമെന്നർത്ഥം. അതു അങ്ങ

ന്നെ ചെയ്യുന്നില്ല. പിന്നെയോ? ഭൂരിശുഷ്കരടിതങ്ങൾകൊണ്ടു, കടുത്തതും മഴയാൽ പിൻതുടരപ്പെടാത്തതുമായ ഇടിമുഴക്കങ്ങളെക്കൊണ്ടു; പ്രവൃത്തിയിൽ ഒന്നും കാണാതെ കേവലം വാക്കുകൊണ്ടുമാത്രം തട്ടിമൂളിക്കുന്നതുകൊണ്ടെന്നൎത്ഥം. ചെവി കേവലം പൊടിച്ചിടുന്നു, ചെവി പൊട്ടിക്കമാത്രം ചെയ്യുന്നതേയുള്ളൂ. ഇവിടെ ഇടിമുഴക്കത്തെ മേഘം മുൻപിൻ ചെയ്തിട്ടുള്ള പരാക്രമത്തെ ഉൽഘോഷിക്കുന്നതായി കല്പിച്ചിരിക്കുന്നു.

അല്പായുഷാ പുരുഷേണ യഥാശക്ത്യാത്മശ്രേയസി സൎവ്വദാ പ്രയത്നഃ കാൎയ്യ ഇത്യാഹ:—

വ൪. ആയുസ്തേ കിയദസ്തി തത്ര ച കിയത്താരുണ്യമത്രാപി വാ-
പ്യൎദ്ധം നിൎഗ്ഗളിതം നിശാത്മകതയാ യത്രാസ്തി സംഗോ ന തേ |
ശേഷാസ്സന്തി കതി ക്ഷണാഃ പ്രണയജസ്തത്രാപി കോപോ യദി
വ്യൎത്ഥം നിശ്ചിനു ചക്രവാകി! ജനനം കസ്തേ ഹിതം വക്ഷ്യതി? ||

മനുഷ്യന് ആയുഷ്കാലം അല്പമാകകൊണ്ട് അതിനുള്ളിൽ ശ്രേയസ്സിനെ സമ്പാദിക്കാൻ നല്ലവണ്ണം യത്നിക്കേണ്ടതാണെന്നു പറയുന്നു:—

എത്രയുണ്ടു തവ ജീവകാലമയി
ചക്രവാകി! പുനരല്പമേ
തത്ര യൌവന,മതിങ്കലും പകുതി
രാത്രിയാ,യതിൽ വിയോഗമേ
അത്ര നിൻ ജനി നിരൎത്ഥയാണ-
റിക ശിഷ്ടമാം സമയമുള്ളത-
ങ്ങത്രയും പ്രണയകോപമായ്ക്കു-
ളകി,ലാരു നിൻെറ ഹിതമോതിടും? ||

അയി ചക്രവാകി! അല്ലയോ ചക്രവാകതരുണി! തവ ജീവകാലം എത്രയുണ്ട്? ഭൂമിയിൽ നിൻെറ ആയുസ്സു എത്രയുണ്ട്? അധികമില്ലെന്നൎത്ഥം. തത്ര പുനഃ അതിൽ തന്നെ, ആ സ്വല്പമായ ആയുഷ്കാലത്തിൽ തന്നെ; യൌവനം അല്പമേ, ആ അല്പമായ ജീവിതകാലത്തിൽ യൌവനം ഉള്ള ദിവസം കുറച്ചേയുള്ളൂ എന്നൎത്ഥം. അതിങ്കലും പകുതി രാത്രി

യായ്, യൌവനമുള്ള സ്വല്പനാളിലും പകുതി രാത്രിയായിക്കഴിഞ്ഞുപോകും. രാത്രിയിലോ പിന്നെ നിനക്കു സൌഖ്യമില്ലല്ലൊ. എന്തെന്നാൽ അതിൽ വിയോഗമേ, രാത്രിയിൽ നിനക്കു വിരഹമാണല്ലോ. ചക്രവാകങ്ങൾ പകൽ ഇണ ചേൎന്നിരിക്കുമെന്നും രാത്രിയിൽ പിരിഞ്ഞുപോകുമെന്നാണ് ഐതിഹ്യം. അല്ലയോ ചക്രവാകി! നിനക്കു ആയുസ്സു തന്നെ അല്പം; അതിലും കുറച്ചു നാളെയുള്ളു യൌവനം; അതിലും പകുതി രാത്രിയായിപ്പോകും, പിന്നെ നിനക്കു സുഖിച്ചിരിക്കാൻ കുറേ പകലുമാത്രമേയുള്ളു. അതുകൊണ്ടു ശിഷ്ടമാം സമയമുള്ളതങ്ങത്രയും, ശിഷ്ടം കുറച്ചു സമയമുള്ളതു മുഴുവനും; പ്രണയകോപമായ് കളകിൽ, സൗന്ദൎയ്യപ്പിണക്കംകൊണ്ടു കളയുന്നപക്ഷം, അത്ര, ഭൂലോകത്തിൽ; നിൻജനി, നിന്റെ ജനനം, നിരൎത്ഥയാണ്; നിഷ്പ്രയോജനയാണ്; പിന്നെ ഈ ലോകത്തിൽ നിന്റെ ജന്മം കൊണ്ടു ഒരു ഫലവുമില്ല. അതുകൊണ്ടു ഉള്ള സമയമെങ്കിലും പാഴായി കളയാതെ സുഖമായിരിക്കണം. ആരു നിന്റെ ഹിതംഓതിടും? നിനക്കു ആരാണു ഗുണദോഷം പറഞ്ഞുതരാനുള്ളതു്? ആരുമില്ലെന്നതാൽ പൎയ്യം. അതുകൊണ്ടു ഞാൻ പറഞ്ഞുതരുന്നതിനെ കേട്ടാൽ നിനക്കു ക്ഷേമമമാണ്. ഇഹലോകവാസത്തിനുള്ള സ്വല്പകാലത്തിനുള്ളിൽ എല്ലാവരും ശ്രേയസ്സു സമ്പാദിച്ചുകൊള്ളണമെന്നു ഭാവം.

വസ്തൂനി ഫലപ്രദാതൃത്വം ദൈവായത്തം, നതു തദ്വസ്തുനിഷ്ഠമിത്യാഹ:—

൨൪. സൎവ്വേഷാം വിദിതാസ്സുധാകരകരാസ്സാക്ഷാൽ സുധാരൂപിണ-
സ്സന്ദേഹോऽപി ന തൽഭുജസ്സമനസോ ജാതാ അമൎത്ത്യാ ഇതി |
താനേവ ഹ്യുപഭുഞ്ജതേ പ്രതിനിശം ദീനാശ്ചകോരാ ഇമേ
ക്ഷീയന്തേ തൃണവച്ച, കോന ഗഹനാം ജനാതി ധാതുൎഗ്ഗതിം? ||

ഫലം തരാനുള്ള ശക്തി പദാൎത്ഥത്തിനുള്ളതല്ല. അനുഭവിക്കുന്നവന്റെ ഭാഗ്യംപോലെ ഉണ്ടാകുന്നതാണെന്നു പറയുന്നു:—

ചൊല്ലു നീളെയമൃതാംശുരശ്മിയ-
മൃതെന്നു പാരിലിഹ, സംശയം
തെല്ലുമില്ലതു ഭുജിച്ചു തന്നെ-
യമരത്വമാൻനു സുമനസ്സുകൾ |

അല്ലുതോറുമതുതാനശിച്ചു
മരുവുന്നൊരാതുരചകോരമോ
പുല്ലുപോലെ തുലയുന്നു, ദൈവ-
ഗതിയാക്കു പാക്കിലറിയാമഹോ!॥

അമൃതാംശുരശ്മി, ചന്ദ്രന്റെ രശ്മി, നിലാവു; അമൃതെന്നു, അമൃതമാകുന്നു എന്നു; ഇഹപാരിൽ, ഭൂമിയിൽ, ചൊല്ലു നീളെ പരക്കെ പ്രസ്താവം 'ആകുന്നു' എന്ന ക്രിയ അദ്ധ്യാഹരിക്കണം. നിലാവു അമൃതം തന്നെയാണ് എന്നാണ് എല്ലാവരുടേയും വിശ്വാസം എന്നർത്ഥം. അതു ഭുജിച്ചുതന്നെ അതു ഭക്ഷിച്ചിട്ടുതന്നെയാണ്; സുമനസ്സുകൾ, ദേവന്മാർ അമരത്വമാന്നു, മരണമില്ലാത്തവരായിത്തീന്നതു്. സംശയം തെല്ലുമില്ല, ഒട്ടും ശങ്കയില്ല. അമൃതം ഭക്ഷിച്ചവക്കു മരണമുണ്ടാകയില്ലെന്നും ദേവന്മാക്കാഹാരം ചന്ദ്രനാണെന്നും പുരാണപ്രസിദ്ധിയുണ്ടു്. "അപി നിപീയ സുരൈൎജ്ജനിതക്ഷയം" എന്നു "നൈഷധത്തി"ലുണ്ടു്. എന്നാൽ അമൃതു ഭക്ഷിക്കുന്നവർ മരിക്കയില്ലെന്നുള്ളതു സാൎവ്വത്രികമല്ലെന്നു പറയുന്നു:—അല്ലുതോറും, രാത്രിതോറും അതു താൻ, അമൃതത്തെതന്നെ; ചകോരങ്ങൾ നിലാവു കുടിക്കുമെന്നു കവിപ്രസിദ്ധമാകുന്നു. നിലാവു അമൃതംതന്നെ എന്നു മുൻപിൽ പറഞ്ഞല്ലോ. അശിച്ചു ഭക്ഷിച്ചു; മരുവുന്ന ആതുരമായ ദീനമായ ചകോരം ആകട്ടെ; ഇതു ജാത്യേകവചനമാണ്. പുല്ലുപോലെ തുലയുന്നു, നിഷ്പ്രയാസമായി മരിക്കുന്നു. പുല്ലു കരിഞ്ഞുപോകുന്നതിനു പ്രയാസമുണ്ടോ? അതുപോലെ ക്ഷണേന മരിക്കുന്നു. അവറ്റകളുടെ വിഷയത്തിൽ അമൃതത്തിനു അമരത്വം സിദ്ധിപ്പിക്കാനുള്ള ശക്തി കാണുന്നില്ല. അഹോ! ദൈവഗതി ആക്കു പാക്കിലറിയാം? ഈശ്വരേച്ഛ ആക്കുമറിഞ്ഞുകൂടാ. അതുകൊണ്ടു പദാൎത്ഥങ്ങളുടെ ഗുണം അനുഭവിക്കുന്നവന്റെ ഭാഗ്യമനുസരിച്ചിരിക്കുമെന്നു താൽപൎയ്യം. ഇതിനെത്തന്നെയാണ് കാളിദാസൻ "വിഷമപ്യമൃതം ക്വചിദ്ഭവേദമൃതം വാ വിഷമീശ്വരേച്ഛയാ" എന്നു "രഘുവംശ"ത്തിൽ പറഞ്ഞിരിക്കുന്നതു്.

മഹാന്തസ്സന്തസ്തഥാ പൂജ്യന്തെ, തദാശ്രിതാസ്തു താദൃശാ ഗുണലേശരഹിതാശ്ചേൽ കഥം പൂജ്യാ ഭവന്തീത്യാഹ:—

൨൬. അൎച്ചാമസ്സതതം ഗണാധിപമഥാപ്യാഖുൻനിഹന്മസ്സുതം
ധ്യായാമോ ഹൃദി ഭൈരവം തദപിതു പ്രോത്സാരയാമശ്ശുനഃ।
ഭൂതേശം പ്രണമസ്തഥാപി ശതശോ ഭൂതാൻ നിഗൃഹ്ണീമഹേ
ന ഹ്യേകസ്യ ഗുണഃ പരസ്യ മഹതോ ദോഷാനപി പ്രോൎണ്ണുതേ॥

മഹാന്മാർ സർവ്വപ്രകാരേണ പൂജ്യന്മാരാകുന്നു; എന്നാൽ തദാശ്രിതന്മാർ ഗുണലേശമില്ലാത്തവരാണെങ്കിൽ ഒരു വിധത്തിലും പൂജ്യന്മാരാകയില്ലെന്നു പറയുന്നു:—

വാരണാസ്യനെ വണങ്ങുവോരുമിഹ
കൊന്നിടുന്നു മുഹുരുന്ദുരൂൻ
ഭൈരവസ്മരണസക്തചിത്തരു-
മകററിടുന്നു ഭഷകങ്ങളെ |
ഘോരഭൂതഹതി ചെയ്തിടുന്നു
ബഹു ഭൂതഭർത്തൃപദഭക്തരും
സ്ഥൂരദോഷഭരമേകനു-
ള്ളതിനെയന്യമാന്യത മറച്ചിടാ ||

വാരണാസ്യനെ, ഗണപതിയെ; വണങ്ങുവോരും, വന്ദിക്കുന്നവർ കൂടിയും; ഉന്ദുരൂൻ, എലികളെ; മുഹു, കൂടക്കൂടെ; കൊന്നിടുന്നു. എലി ഗണപതിയുടെ വാഹനമാണ് എന്നു വിചാരിച്ചു ആളുകൾ അതിനേയും പൂജിക്കുന്നില്ല. അതുപോലെ ഭൈരവസ്മരണസക്തചിത്തരും, ഭൈരവന്റെ ചുടലദേവതയായ ശൈവമൂർത്തിയുടെ, സ്മരണത്തിൽ, ധ്യാനത്തിൽ; സക്തമായ, ചേർന്നിരിക്കുന്ന; ചിത്തത്തോടു ഹൃദയത്തോടു, കൂടിയവരും; ഭൈരവാരാധന ചെയ്യുന്നവർ കൂടിയും ഭഷകങ്ങളെ, പട്ടികളെ; അകററിടുന്നു, അടിച്ചോടിക്കുന്നു. ഭൈരവദേവന്റെ ഭൂതന്മാരാണ് പട്ടികൾ എന്നുവെച്ചു പട്ടികൾ പൂജ്യങ്ങളാകുന്നില്ല. അതിൻവണ്ണം ഭൂതഭർത്തൃപദഭക്തരും, ഭൂതഭർത്താവിന്റെ ശാസ്താവിന്റെ; പദങ്ങളെ പാദങ്ങളെ, തൃക്കാലടികളെ; ഭജിക്കുന്നവരും, സേവിക്കുന്നവർ കൂടിയും, ബഹു, വളരെ, ഘോരഭൂതഹതി, ഘോരങ്ങളായ ഭൂതങ്ങളുടെ പിശാചുകളുടെ, ഹതി; ഹനനവും ചെയ്തിടുന്നു. ശാസ്താവിന്റെ ഭൃത്യവർഗ്ഗങ്ങളാണു ഭൂതങ്ങൾ എന്നു കരുതി അവററകളെ ജനങ്ങൾ നശിപ്പിക്കാതെ ഇരിക്കുന്നില്ല. അതുകൊണ്ടു എന്താണ് ഊഹിക്കേണ്ടതെന്നു ഒടുവിലത്തെ പാദത്തിൽ പറയുന്നു—സ്ഥൂരദോഷഭരം, അധികമായ ദോഷം; ഒരുവനുള്ളതിനെ അന്യമാന്യത, മറെറാരുവന്റെ പൂജ്യത; മറച്ചിടാ മൂടുകയില്ല. ഒരുവനുള്ള അധികമായ ദോഷം മറെറാരുവനുള്ള പൂജ്യതകൊണ്ടു മറഞ്ഞുപോകയില്ല എന്നു താൽപര്യം. ഒടുവിലത്തെ പാദത്തെതന്നെ അവതാരികയായി സ്വീകരിച്ചാൽ കുറച്ചുകൂടി നന്നായിരിക്കയില്ലയോ എന്നു തോന്നുന്നു.

ഗംഭീരഹൃദയാ മഹാന്തോ ബഹുഭിഃകാൎയ്യൈർഹൃദി സമുൽ-
ഭൃതം ക്ഷോഭം ജാതു ന ബഹിഃ പ്രകാശയന്തീത്യാഹ:—

൨൦. അംബുക്ഷോഭകൃതഃ കതീഹ തിമയഃ കത്യുച്ഛ്രിതാഃ പൎവ്വതാഃ
കീദൃക്ചാന്തരബഡവാനലോ ഹുതവഹഃ കീദൃക് ച നൌകാഗതിഃ |
ആഗച്ഛൽപ്രതിഗച്ഛദുച്ചലദുപാശ്ലിഷ്യൽ പ്രധാവൽപതൽ-
കല്ലോലാരഭടീഭിരേവ ജലധേസ്സൎവ്വം തദാച്ഛാദ്യതേ ‖ •

വളരെ കാൎയ്യങ്ങളെക്കൊണ്ടു് ഉള്ളിൽ ക്ഷോഭമുണ്ടെങ്കിലും അഗാധമനസ്സുകളായ മഹാന്മാർ അതിനെ വെളിയിൽ കാണിക്കയില്ലെന്നു പറയുന്നു:—

വെള്ളമാകവെയിളക്കിടും തിമിക-
 ളെത്ര വന്മലകളാഴിത-
ന്നുള്ളതിൽ കൊടിയ ബാഡവാഗ്നി
 പുനരെത്ര കപ്പലുകൾ മീതെയും |
തള്ളലോടിളകി വന്നുയൎന്നു
 തടമാൎന്നടിച്ചു മറിയുന്നതാ-
യുള്ള വീചിയുടെയുൽഭടാ-
 ഭ്ടികളാലിതാകെ മറയുന്നിതേ ‖

ആഴി തന്നുള്ളതിൽ, സമുദ്രത്തിൻെറ അടിയിൽ; വെള്ളം ആകവേ ഇളക്കിടും തിമികൾ എത്ര? വെള്ളമാസകലം കലക്കി മറിക്കാൻ തക്ക വണ്ണം കരുത്തുള്ള മകരമത്സ്യങ്ങൾ അനവധിയുണ്ടു്. വന്മലകൾ, 'എത്ര' എന്നു അനുവൎത്തിക്കണം, എത്ര അനവധി വലിയ പൎവ്വതങ്ങൾ അടിയിൽ കിടക്കുന്നുണ്ടു്? അതുപോലെ കൊടിയ ബാഡവാഗ്നി, ഭയങ്കരനായ ബഡവാനലൻ ഉണ്ടു്. ബഡവാഗ്നി എന്നൊരു അഗ്നി സമുദ്രത്തിന്റെ അടിയിൽ ഉണ്ടെന്നും അതു വററിച്ചുകളയുന്നതുകൊണ്ടാണു് നദികൾ വഴിയായും മററും വളരെ ജലം സമുദ്രത്തിൽ സൎവ്വദാ വീഴുന്നുണ്ടെങ്കിലും അതിന്നു ഏററം വരാത്തതെന്നുമാണു് ഐതിഹ്യം. ഇത്രയും അടിയിൽ; മീതെയും കപ്പലുകൾ പുനരെത്ര? സമുദ്രത്തിൽ കൂടി എത്ര വലിയ കപ്പലുകൾ ഗതാഗതം ചെയ്യുന്നു? അതുകൊണ്ടു് ക്ഷോഭകാരണങ്ങൾ പലതുമുണ്ടു്; എങ്കിലും അതൊന്നും വെളിപ്പെടുത്തുന്നില്ലെന്നു ഉത്തരാൎദ്ധത്തിൽ പറയുന്നു—ഇതാകെ, അൎത്ഥാൽ മുൻപറഞ്ഞ സംഗതികളെക്കൊണ്ടുണ്ടാകുന്ന ക്ഷോഭമെല്ലാം, തള്ളലോടെ ഇളകി

വന്നു, തള്ളിക്കേറി; ഉയൻറ തടം ആൻറ, പൊങ്ങി കരയ്ക്കു വന്നു, അടിച്ചു മറിയുന്നതായുള്ള വീചിയുടെ തിരമാലയുടെ, ഉൽഭടാർഭടികളാൽ ഉൽഭടകളായ ഭയാനകങ്ങളായ, ആർഭടികളാൽ നൃത്തങ്ങളാൽ, തിരമാലകളുടെ ഭയങ്കങ്ങളായുള്ള ആഘാതങ്ങളാൽ എന്നത്ഥം. മറയുന്നിതേ കാണാതെയായിത്തീരുന്നു. സമുദ്രത്തിനുള്ള ക്ഷോഭമെല്ലാം സവ്ദാ കരയ്ക്കുതുണ്ടുയൻറ വന്നടിക്കുന്ന തിരമാലകളുടെ ചലനങ്ങളാൽ കാണാതെ പോകുന്നു. അതുപോലെ ഗംഭീരന്മാരായവർ തങ്ങാംക്കുള്ള ക്ഷോഭമെല്ലാം നിത്യകൃത്യങ്ങളാൽ മറയ്ക്കുന്നു എന്നത്ഥം.

ബഹുവിഭവശാലിനം മഹാന്തം കമപി സ്തുവന്നാഹ:—

വൃ. ജാമാതാ കമലാക്ഷ ഏവ ഗൃഹിണീ ഗംഗാ ജഗൽപാവനീ
ശീതാംശുപ്രമുഖാസ്സുതാ ഭഗവതീ ശ്രീരേവ കന്യാ സ്വയം |
ഈദൃക്തേ ഗൃഹമേധിതാ ത്രിഭുവനാധാരസ്യ വാരാന്നിധേ
കസ്സ്ക്നോതി ജനോ മനോരഥപഥേഽപ്യേതാവദുൽപ്രേക്ഷിതും ||

ബഹുവിഭവവാനായ ഒരു മഹാനെ സ്തുതിക്കുന്നു:—

ദേവനാം ഹരി തനൂജതൻെറ പതി,
ദേവി ഗംഗ തവ ഗേഹിനീ,
താവകാത്മഭവരിന്ദുമുഖ്യർ,
മലർമങ്ക തന്നെ തവ കന്യക |
ഏവമണ്ണവ! ജഗത്രയാശ്രയ!
ഭവദ്ഗൃഹസ്ഥതയൊരുത്തനാ-
ലാവതല്ലിതു പുനമ്മനോരഥ-
പഥത്തിനും വിഷയമാക്കുവാൻ ||

അണ്ണവ! ജഗത്രയാശ്രയ! ത്രൈലോക്യത്തിനു ആധാരമായിരിക്കുന്ന സമുദ്രമേ! ആദ്യം സമുദ്രമേ ഉണ്ടായിരുന്നുള്ളു. അതിൽ നിന്നും സകല ചരാചരത്തേയും ബ്രഹ്മാവു സൃഷ്ടിച്ചു, അതിനാൽ സകല ലോകങ്ങാംക്കും സമുദ്രം ആദികാരണമാകുന്നു. തനൂജതന്റെപതി മകളുടെ ഭത്താവു, ദേവനാം ഹരി 'ആകുന്നു' എന്ന ക്രിയ എല്ലായിടത്തും ചേത്തുകൊള്ളണം, സാക്ഷാൽ മഹാവിഷ്ണു തന്നെയാകുന്നു. മഹാലക്ഷ്മി പാലാഴ് മഥനത്തിൽ ഉണ്ടായതുകൊണ്ടു സമുദ്രപുത്രിയായി വിചാരിക്കപ്പെടുന്നു. തവ ഗേഹിനീ നിന്റെ ഭായ്യാ ദേവി ഗംഗ, സകലലോകപാവനിയായ ഗംഗാഭഗവതിയാകുന്നു, നദികൾ സമുദ്രത്തിന്റെ ഭാൎയ്യമാരായി കല്പിക്കപ്പെട്ടിരിക്കുന്നു,

താവകാത്മഭവർ, നിന്റെ പുത്രന്മാർ ഇരുമ്മുവ്യർ ചന്ദ്രൻ മുതലായവരാണു്, പാലാഴിമഥനത്തിൽ ലക്ഷ്മി ചന്ദ്രൻ കാളകൂടം കൌസ്തുഭമണി അമൃതം ഇവയുണ്ടായി എന്നു പുരാണപ്രസിദ്ധമാകുന്നു. മുഖ്യശബ്ദം മറവുള്ളവയെ കുറിക്കുന്നു. തവ കന്യക നിന്റെ മകൾ, മലർമങ്കതന്നെ സാക്ഷാൽ ലക്ഷ്മീദേവിതന്നെയാകുന്നു. ഏവം ഭവൽഗൃഹസ്ഥത നിന്റെ കുടുംബത്തിലുള്ള ആളുകൾ ഇത്ര മഹാന്മാരായുള്ളവരാകുന്നു. ഇതു പുനഃ ഇത്ര മാഹാത്മ്യമുള്ള ഒരു ഗാർഹസ്ഥ്യത്തെ, മനോരഥപഥത്തിനും വിഷയമാകുവാൻ, എത്ര കടന്ന മോഹങ്ങൾ ഉള്ളവനുകൂടിയും വിചാരിക്കാൻ ആവതല്ല, കഴിയുന്നതല്ല. മോഹങ്ങൾ എത്ര വളരെ കടന്നിരുന്നാലും കുടുംബത്തിലുള്ളവരൊക്കെയും ഇപ്രകാരം മാഹാത്മ്യമുള്ളവരായി വരണമെന്നു വിചാരിക്കാൻകൂടി കഴിയുന്നതല്ല; പിന്നെ സാധിക്കുന്നതിന്റെ കാര്യം പറയാനില്ലല്ലോ. അപ്രകാരമുള്ള മഹാവിഭവത്വം നിനക്കു സിദ്ധിച്ചിരിക്കുന്നു.

മുൻപിലുള്ള ശ്ലോകങ്ങളോടു ഒത്തുനോക്കുമ്പോൾ ഈ ശ്ലോകത്തിനു രസപുഷ്ടി അവതാരികയിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു മാത്രം മതിയാകുന്നുണ്ടോ എന്നു ശങ്ക തോന്നിപ്പോകുന്നു. ജഗത്ത്രയാശ്രയ! എന്നുള്ള സംബുദ്ധികൊണ്ടു കേവലം മാഹാത്മ്യത്തെ കുറിക്കുന്നതേയുള്ളു എന്നു വിചാരിക്കുന്നപക്ഷം, അപ്രകാരമുള്ള ഒരുവനു ഇത്രയും ഭാഗ്യം വരുന്നതിൽ ആശ്ചര്യപ്പെടാനൊന്നുമില്ലെന്നു വരും. ആശ്ചര്യമുണ്ടെന്നുള്ളതു ഒടുവിലത്തെ പാദത്തിൽ ദ്യോതിപ്പിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ടു ഉള്ളവനു പിന്നെയും ധാരാളം വരും, ഇല്ലാത്തവനു ഒന്നും കിട്ടുകയില്ലെന്നാണു ശ്ലോകത്തിന്റെ താൽപര്യം എന്നു വെച്ചാൽ കൊള്ളാമെന്നു തോന്നുന്നു. ജഗത്ത്രയാശ്രയനായി, അത ഏവ സർവ്വലോകഭർത്താവായിരിക്കുന്ന സമുദ്രത്തിനു ഒന്നും അസാദ്ധ്യമല്ല, അതുകൊണ്ടു അതിനു മോഹത്തിനുകൂടി അവിഷയമായ വിഭവപുഷ്ടി ഉണ്ടായിരിക്കുന്നു. സാധുക്കൾക്കാകട്ടെ ഒന്നുമുണ്ടാകയില്ല എന്നു താൽപര്യം. അഥവാ, വലിയ പദവിയിലിരിക്കുന്നവർക്കു ഗാർഹസ്ഥ്യം അസുഖപ്രദമായിട്ടാണു ലോകത്തിൽ സാധാരണ കണ്ടുപോരാറുള്ളതു്, അല്ലയോ സമുദ്രമേ! നിന്റെ വിഷയത്തിൽ മാത്രം അതു അന്യഥാ ഭവിച്ചിരിക്കുന്നല്ലോ, അതു ആശ്ചര്യം തന്നെ, എന്നോ അർത്ഥമാകാമെന്നു തോന്നുന്നു.

കലൌ ഗുണവന്തസ്സന്തോ ന കൈശ്ചിദപ്യാദ്രിയന്തേ, ഖലാസ്സർവ്വജനൈഃ പൂജ്യന്ത ഇത്യാഹ:—

൨൯. യന്മൂലേ നിഖിലാഗമാനുപദിശംസ്തത്ത്വം പരം ശങ്കരോ
യൽപർണ്ണേ ജഗതാം നിധിസ്സ തു വടോ നാമ്നാപി ന സ്വീകൃതഃ
യച്ഛാഖാനിചയഃ പിശാചനിലയോ യന്മൂലഗാഃ പന്നഗാ-
സ്തസ്യാശ്വത്ഥതരോഃ പുനഃ കതി നമസ്കാരാഃ കതി, പ്രാർത്ഥനാഃ ॥

കലിയുഗത്തിൽ ഗുണവാന്മാരെ ആരും ആദരിക്കയില്ല; അസജ്ജനങ്ങളെ എല്ലാവരും ആരാധിക്കുന്നു എന്നു പറയുന്നു:—

ഫാലനേത്രനുപദേശദായക-
    നധസ്ഥലത്തി,ലുലകേന്തിട്ടും
ബാലനായ ഭഗവാൻ ദലത്തിൽ,
    വടമെങ്കിലും സ്പൃടമനാദൃതം |
ആലയം ബഹുപിശാചജാല-
    മതിനഗ്രഭാഗ,മുരഗാശ്രിതം
മൂലമിച്ചലദലത്തിനെത്ര
    നതിയും പ്രദക്ഷിണവുമച്ചയും ||

അധസ്ഥലത്തിൽ മൂട്ടിൽ; ഉപദേശദായകൻ ഫാലനേത്രൻ ദക്ഷിണാമൂൎത്തിരൂപനായ ഭഗവാൻ പരമേശ്വരൻ, 'ഇരിക്കുന്നു' എന്ന ക്രിയ ചേൎത്തുകൊള്ളണം. ദക്ഷിണാമൂൎത്തിയായ ഭഗവാൻ പരമേശ്വരൻ പേരാലിന്റെ മൂട്ടിൽ യോഗാസനത്തിലിരുന്നു സൎവവേദാന്തതത്വങ്ങളേയും ലോകത്തിനായിക്കൊണ്ടു് ഉപദേശിച്ചു എന്നു പുരാണപ്രസിദ്ധമാകുന്നു. ദലത്തിൽ ഇലയിൽ; ഉലകേന്തിട്ടും ബാലനായ ഭഗവാൻ ലോകഭൎത്താവായ ഭഗവാൻ ശ്രീകൃഷ്ണൻ സ്ഥിതിചെയ്യുന്നു. മഹാപ്രളയത്തിൽ സൎവ്വചരാചരങ്ങളും നശിച്ചു ത്രൈലോക്യമെല്ലാം ജലാവൃതമാകുമ്പോൾ ഭഗവാൻ മഹാവിഷ്ണു മാത്രം കുഞ്ഞിന്റെ വേഷത്തിൽ ഒരു പേരാലിലയിൽ പ്രളയസമുദ്രത്തിൽ പൊങ്ങിക്കിടക്കുമെന്നാണു് പൂൎവ്വകഥ. എങ്കിലും ഇത്രയൊക്കെ മാഹാത്മ്യമുള്ളതാണെങ്കിലും; വടം, പേരാലു് സ്പൃടമനാദൃതം ആരാലും ആദരിക്കപ്പെടുന്നില്ലെന്നു സ്പഷ്ടം. അതിന്റെ പേരു പോലും ഉച്ചരിക്കാറില്ലെന്നു താൽപൎയ്യം. പിന്നെ ഏതിനെ ലോകം ആരാധിക്കുന്നു എന്നുത്തരാൎദ്ധത്തിൽ പറയുന്നു—അഗ്രഭാഗം, അരയാലിന്റെ മേൽഭാഗം; ബഹുപിശാചജാലമതിനു് ആലയം, യക്ഷഗന്ധൎവ്വാദിപിശാചുക്കളുടെ ഇരിപ്പിടമാകുന്നു; അരയാലിന്റെ മുകളിലാണു പിശാചുകളിരിക്കുന്നതു് എന്നാണു അന്ധവിശ്വാസം. മൂലം മൂടു്; ഉരഗാശ്രിതം ഉരഗങ്ങളാൽ പാമ്പുകളാൽ; ആശ്രിതം സേവിതം, മൂടു പാമ്പുകളുടെ അധിവാസമാകുന്നു; അങ്ങനെ ഇരിക്കുന്ന ഈ ചലദലത്തിനു അരയാലിനു; എത്ര നതിയും നമസ്കാരവും പ്രദക്ഷിണവും. അശ്വത്ഥപ്രദക്ഷിണം ദോഷാപഹമായി ഗണിക്കപ്പെടുന്നു. അച്ചയും പൂജയും; തറ കെട്ടിക്കുക വിളക്കുവെയ്ക്കുക മുതലായ കൃത്യങ്ങളാൽ അതിന്റെ

പൂജ്യത സ്പഷ്ടമാണല്ലോ. പേരാലിന്റെ മൂട്ടിൽ വേദാന്ത തത്വോപദേശിയായ സാക്ഷാൽ ദക്ഷിണാമൂൎത്തിയും, ഇലയിൽ ലോകനിയന്താവായ വിഷ്ണുവും ഇരിക്കുന്നു. എന്നിട്ടുകൂടിയും അതിനെ ആരും തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ല. അരയാലിന്റെ മൂട്ടിൽ പാമ്പുകളുടെ സംഘം, മുകളിൽ പിശാചങ്ങളുടെ കൂട്ടം; എന്നിട്ടും എല്ലാവരും അതിനെ പ്രദക്ഷിണം വെയ്ക്കുന്നു, നമസ്കരിക്കുന്നു, പൂജിക്കുന്നു, എന്നുവേണ്ട, വളരെ ആദരിക്കുന്നു. കലികാലവിശേഷം തന്നെ; നല്ലവരെ അനാദരിക്കയും ദുഷ്ടന്മാരെ ആദരിക്കയും ചെയ്യുന്നതു് എന്നു താൽപൎയ്യം.

സ്വയം പ്രയത്നാൎജ്ജിതം വസ്തു കാലെ സ്വേനാനുപഭുക്തം
ചേൽ ഫലകാലെ ബലവാനന്യ ഉപേത്യ പ്രസഹ്യ
ഹരന്നനുഭുങ്ക്തേ ഇത്യാഹ:—

൩൦. ആഗച്ഛന്ത്യവഗുണ്ഠയന്ത്യഥ പുനഃ പശ്യന്തി ജിഘ്രന്തി ച
സ്വാരബ്ധം മധു മക്ഷികാ ന കണമപ്യസ്യ സ്വയം ഭുഞ്ജതേ।
ധന്യസ്ത്വന്യ ഉപേത്യ നിൎദ്ദയമമൂരുത്സാരയൻ ദൂരത
സ്സ്വാദം സ്വാദമിദം സ്വസംഭൃതമിവ സ്വച്ഛന്ദമാനന്ദതി॥

അവനവൻ കഷ്ടപ്പെട്ടു സമ്പാദിക്കുന്നതിനെ വേണ്ട കാലത്തിൽ സ്വയം അനുഭവിക്കാഞ്ഞാൽ ബലവാനായ മററാരുവൻ വന്നു പിടിച്ചുപറിച്ചു കൊണ്ടുപോയി അനുഭവിക്കുമെന്നു പറയുന്നു:—

പാരമാസ്ഥയൊടു ശേഖരിച്ച മധു
മൂടിവെച്ചരികിൽ നോക്കിയെ-
ന്നേരവും മരുവിടുന്ന മക്ഷികകൾ
ഭക്ഷിയാതെയൊരു തുള്ളിയും।
സ്വൈരമന്യനൊരു ധന്യനെത്തി-
യവയെത്തുരത്തിയലിവെന്നിയേ
സാരഘം സരസമാത്മസംഭൃത
മിവാസ്വദിച്ചു സുഖമശ്നുതേ॥

മക്ഷികകൾ തേനീച്ചകൾ, പാരം ആസ്ഥയൊടു ശേഖരിച്ചു, വളരെ താൽപൎയ്യത്തോടെ കഷ്ടപ്പെട്ടു സമ്പാദിച്ചു; മധു തേനിനെ; മൂടിവെച്ചു് മെഴുകൊണ്ടു മൂടി; ഒരു തുള്ളിയും ഭക്ഷിയാതെ, എന്നേരവും എപ്പോഴും;

അരികിൽ നോക്കി മരുവിട്ടുന്നു അടുത്തിരുന്നു നോക്കിക്കൊണ്ടുതന്നെ ഇരിക്കുന്നു. നിധി കാക്കുന്ന ഭൂതത്തിനെപ്പോലെ കാവൽ കാത്തിരിക്കുന്നു. തേനീച്ചകൾ അവയുടെ ദേഹത്തിൽനിന്നുണ്ടാകുന്ന മെഴുകൊണ്ടു പണപ്പലകയിലെ സുഷിരങ്ങൾപോലെ അറയറയായി കൂട്ടുണ്ടാക്കീട്ടു, പുഷ്പങ്ങളിൽനിന്നു തേൻ ശേഖരിച്ചുകൊണ്ടുവന്നു അവയെ നിറച്ചു മെഴുകൊണ്ടു മൂടീട്ടു അതിന്മീതെ ഇരിക്കുന്നു. ഈ തേൻ ഒരു പക്ഷം കഴിയുമ്പോൾ മുട്ടകളായിത്തീരും. അവ വിരിഞ്ഞു തേനീച്ചകൾ ഉണ്ടാകുന്നു. ഈ വാസ്തവത്തെ ആധാരമാക്കിവെച്ചാണു കവി ഈ ശ്ലോകത്തെ ഗ്രഥിച്ചിരിക്കുന്നതു്. തേനീച്ചകൾ വളരെ ബുദ്ധിമുട്ടി അങ്ങുമിങ്ങും പറന്നു നടന്നു തേൻ ശേഖരിച്ചുകൊണ്ടുവന്നു അതിനെ തീരെ അനുഭവിക്കാതെ അറയിൽ വച്ചു സൂക്ഷിച്ചു കാവൽ കാത്തിരിക്കുന്നു. അതിൻെറ ഫലമെന്തെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു—സൈ്വരം അന്യനൊരു ധന്യനെത്തി, ഭാഗ്യവാനായ മറെറാരുത്തൻ വെറുതേ കയറിവന്നു; ഇത്ര ആസ്വാദ്യമായ തേനിനെ അനുഭവിക്കുന്നതുകൊണ്ടു ധന്യത്വം. അവനു ആ മധുവിനു യാതൊരവകാശവുമില്ല. അതുകൊണ്ടാണു വെറുതേ കേറിവന്നു എന്നു പറഞ്ഞതു്. അലിവെന്നിയേ, മറ്റൊരുവൻെറ സ്വത്തിനെ പിടിച്ചുപറിക്കാമോ എന്നുള്ള ആർദ്രത തീരെ ഇല്ലാതെ; സാരഘം, തേനിനെ; ആത്മസംഭൃതമിവ, താൻ സമ്പാദിച്ചു വച്ചിട്ടുള്ളതുപോലെ; ആസ്വദിച്ചു ഭക്ഷിച്ചു; സുഖമശ്നുതേ, സുഖത്തെ പ്രാപിക്കുന്നു. താൻ സമ്പാദിച്ചു വെച്ചിരുന്നതുപോലെ തേനെല്ലാം എടുത്തു കുടിച്ചു് ആനന്ദിക്കുന്നു. അതുപോലെ തന്നത്താൻ തീരെ അനുഭവിക്കാതെ കഷ്ടപ്പെട്ടു കിട്ടുന്നതെല്ലാം സൂക്ഷിച്ചുവെയ്ക്കുന്നവൻെറ സ്വത്തു അനുഭവിക്കാൻ മററുള്ളവരായിത്തീരുമെന്നു താൽപര്യം.

യേന കേനചിൽ ഖലേന പ്രഭുണോപദ്രുതാസ്തദ്രാഷ്ട്രവാസിനോ ജനാഃ "ഗുണവാനന്യസ്ത്വവിളംബേനൈവാഗത്യ സർവാൻ രക്ഷിഷ്യതി" ഇതീമാം വാർത്താംശ്രുത്വാ തുഷ്യന്തി, പ്രത്യക്ഷേതു തദ്വിപരീതമേവ ദൃശ്യത ഇത്യാഹ:—

ശ. ഭ. ആസന്നോ മധുരാഗതം വനഭുവസ്സാമ്രാജ്യമിത്യുത്ഥതാ-
ശ്ശ്രൂയന്തേ ഗിര ഏവ തത്വമിഹ ന ജ്ഞാതുംവിധാതുഃക്ഷമം |
യൽ പത്രൈസ്ത്രുടിതം യദപ്യുപരതം പുഷ്പോൽഗമൈസ്ശാഖിനാം
യൽ ഗ്ലാനം വിടപൈരിദം പുനരിഹ പ്രത്യക്ഷമാലക്ഷ്യതേ ||

ദുഷ്ടനായ രാജാവിനാൽ ദ്രോഹിക്കപ്പെടുന്ന പ്രജകൾ താമസിയാതെ ഗുണവാനായ ഒരു രാജാവു വന്നു വേണ്ട

പോലെ രക്ഷിക്കുമെന്നു കേട്ടു സന്തോഷിക്കുന്നു. എന്നാൽ വരാൻപോകുന്നതെന്താണെന്ന് ആക്കറിയാം? തൽക്കാലാനുഭവം ക്ലേശമാണു എന്നു് പറയുന്നു:—

സന്നികൃഷ്ടമധുനാ വസന്തമിനി-
യീവനത്തിനതിഭാഗ്യമാ-
യെന്നിയന്ന മൊഴിതാൻ ശ്രവിപ്പ-
തറിയാവതല്ല വിധിവാസ്തവം |
ഇന്നിഹ ക്ഷിതിരുഹാളി തന്നുടെ
ദലം ക്ഷയിച്ചു കുസുമോൽഗമം
നിന്നിതാ വിടപമൊക്കെ വാടി-
യിതു തന്നെ കാണ്മതു സമക്ഷമായ് ||

അധുനാ ഇപ്പോൾ, വസന്തം സന്നികൃഷ്ടം വസന്തം അടുത്തുവന്നിരിക്കുന്നു. ഇനി ഈ വനത്തിനു അതിഭാഗ്യമായ് ക്ഷേമകാലമായി. വസന്താവിർഭാവത്തിലാണു വനത്തിനു പുഷ്പോൽഗമാദികളാലും മറവും ഭംഗിയുണ്ടാകുന്നതു്. എന്നു് ഇയന്ന മൊഴിതാൻ ശ്രവിപ്പിതു, എന്നു കേമമായി പറയുന്നതുമാത്രമേ കേൾക്കാനുള്ളൂ. വിധിവാസ്തവം ദൈവത്തിന്റെ തത്വം. അറിയാവതല്ല അറിയാൻ പാടില്ല. 'വസന്തം വരാറായി, പിന്നെ വനത്തിനു ശുക്രദശ തന്നെയാണു്' എന്നിങ്ങനെ പറഞ്ഞു കേൾക്കുന്നതല്ലാതെ വാസ്തവത്തിൽ താൽകാലികമായ അനുഭവം മറിച്ചാണെന്നർത്ഥം. ഇന്നു് ഇപ്പോൾ; വാസ്തവത്തിൽ അനുഭവസിദ്ധമായിരിക്കുന്നതു് ഇതാണു—ക്ഷിതിരുഹാളി തന്നുടെ മരക്കൂട്ടത്തിന്റെ, ദലം ഇല; ക്ഷയിച്ചു പൊഴിഞ്ഞു, അതുപോലെ കുസുമോൽഗമം പുഷ്പങ്ങളുടെ വരവു നിന്നു, ഇതാ വിടപമൊക്കെ കൊമ്പു് എല്ലാം വാടി, ഇതുതന്നെ സമക്ഷമായ് പ്രത്യക്ഷമായ്, കാണ്മതു കാണ്മാനുള്ളതു്. ഇലകളെല്ലാം പൊഴിഞ്ഞു കൊമ്പുകളെല്ലാം വാടി പൂക്കളും ഒന്നുമില്ലാതെയായിരിക്കുന്ന വൃക്ഷങ്ങൾ മാത്രമേ പ്രത്യക്ഷത്തിൽ കാണ്മാനുള്ളൂ. ഇനി വസന്തം വരുമ്പോൾ പുഷ്പമുണ്ടാകുമെന്നും മറവും പറയുന്നതു മാത്രമേയുള്ളൂ: ഈ പറയുന്നതൊക്കെ വാസ്തവമോ അല്ലയോ എന്നു ആക്കറിയാം? വരാൻപോകുന്ന ഗുണങ്ങളെ വിചാരിച്ചു് ആശംസിക്കുന്നതു മൌഢ്യം തന്നെ എന്നു താൽപര്യം.

യേനകേനചിൽ പ്രഭുണാ സചിവാദിമുഖേന ശാസിതാനാം ഖലാനാംഹൃദി താദൃശസചിവാദീനാം നാശേന സമുൽഭൃതമവലേപം പ്രശമയന്നാഹ:—

൨൨. ഉത്സന്നോ മധുരസ്തി കോകിലരവൈരുത്സന്നമസ്ത്യേതദ-
പ്യുത്സന്നം മലയാനിലൈരിദമപി പ്രാഗേവ ജാനീമഹേ |
പാന്ഥാസ്സുഷ്യത താവതൈവ കിമിതി ഭ്രാന്താ യദി പ്രാണിതി
സ്തോകേ നാപി മനോഭവോ വിഗളതു പ്രാണേഷു ശുഷ്കോ ഗ്രഹഃ ||

രാജാജ്ഞയാൽ തങ്ങളെ ശിക്ഷിച്ച രാജപുരുഷന്മാർ നശിച്ചല്ലോ എന്നു വിചാരിച്ചു ദുഷ്ടന്മാർ സന്തോഷിക്കേണ്ട എന്നു പറയുന്നു:—

നഷ്ടമായി പരപുഷ്ടനാദമ-
ലയാനിലൈസ്സഹ വസന്തമെ-
ന്നിഷ്ടവാർത്തയിഹ പാന്ഥരേ! വയ-
മറിഞ്ഞു, വാസ്തവമിതെങ്കിലും |
കഷ്ടമെന്തു കലരുന്നു തുഷ്ടിയി-
ത്തുകൊണ്ടു മാത്രമയി മൂഢരേ!
ദുഷ്ടനാം സ്മരനിരിക്കെ നിങ്ങൾ
കരുതേണ്ട ജീവിതദുരാഗ്രഹം ||

പാന്ഥരേ! വിരഹികളെ! ഇഹ, ഇവിടെ; പരപുഷ്ടനാദമലയാനിലൈഃ സഹ, പരപുഷ്ടനാദങ്ങൾ കോകിലശബ്ദങ്ങൾ. മലയാനിലങ്ങൾ ചന്ദനമലയിലെ കാററുകൾ, ഇവയോടുകൂടി; വസന്തകാലത്തിനു ഇവ സഹകാരികളും വിരഹികൾക്കു അത്യന്തം ദ്രോഹകാരികളുമാകുന്നു. വസന്തം വസന്തത്തു, നഷ്ടമായി കഴിഞ്ഞുപോയി, എന്നു ഇഷ്ടവാർത്ത സന്തോഷവർത്തമാനം, വയമറിഞ്ഞു നാം മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. വിരഹികൾക്കു താപകാരികളായ കോകിലമലയാനിലവസന്തങ്ങൾ പോയി എന്നുള്ള നല്ല വർത്തമാനം നാം കേട്ടുകഴിഞ്ഞിരിക്കുന്നു. ഇതു വാസ്തവമെങ്കിലും, ഇപ്പോൾ വസന്താദികൾ പോയി എന്നുള്ളതു സത്യംതന്നെ എങ്കിലും, അയി മൂഢരേ! അല്പയോ മൂഢന്മാരേ! ഇതുകൊണ്ടുമാത്രം തുഷ്ടി സന്തോഷം എന്തു കലരുന്നു? സന്തോഷിക്കുന്നുവോ? കഷ്ടം! സന്തോഷിക്കാനില്ലാത്തതു എന്തുകൊണ്ടെന്നു പറയുന്നു. ദുഷ്ടനാം സ്മരൻ ഇരിക്കെ, ദുഷ്ടനായ കാമദേവൻ ജീവിച്ചിരിക്കുമ്പോൾ, ജീവിത

ദുരാഗ്രഹം ജീവിച്ചിരിക്കുമെന്നുള്ള ദുർമ്മോഹത്തെ, നിങ്ങൾ കരുതേണ്ട. വസന്താദികളായ ഭൃത്യഗണങ്ങൾ ഇപ്പോൾ നശിച്ചു എന്നു വിചാരിച്ചു നിങ്ങൾ സന്തോഷിക്കേണ്ട. പ്രഭുവായ കാമൻ ഉള്ളപ്പോൾ നിങ്ങൾ ജീവിച്ചിരിക്കാൻ മോഹിക്കേണ്ട. കാമന്റെ സാന്നിധ്യത്തിൽ അവ ഇനിയും വരുമെന്നർത്ഥം. അതുകൊണ്ടു അല്ലയോ ദുഷ്ട? നിന്നെ ഇപ്പോൾ ശിക്ഷിച്ച രാജപുരുഷൻ നശിച്ചു എന്നു കേട്ടു സന്തോഷിക്കേണ്ട. രാജാവു് ഇരിക്കുമ്പോൾ ഒരുവനല്ലെങ്കിൽ മറ്റൊരു രാജപുരുഷൻ നിന്റെ അകൃത്യങ്ങളെ ശിക്ഷിച്ചു നിറുത്തുമെന്നു താൽപര്യം.

ബഹുഖലസമാശ്രിതം യം കഞ്ചിൽ ഖലമുദ്ദിശ്യ ത്വത്തോഽപി ത്വദുൽഭവഹേതുഭൂതഃ പുരുഷ ഏവ സ്തുത്യ ഇതി മർമ്മോക്ത്യാ നിന്ദന്നാഹ:—

നനു. തിക്താസ്തേ വിടപാസ്ത്വചോ യദി തതോഽപ്യാസംസ്തതോഽപി- [ച്ഛദാ-
സ്തേഭ്യോഽപി പ്രസവാസ്തതോഽപി ച ഫലാന്യേവം ന ദൃഷ്ടം ക്വ- [ചിൽ |
സ്തൌമി ത്വാമഥവാ ന നിംബ! ഭവതോഽപ്യാസീദ്യതസ്സംഭവ-
ശ്ശ്രീമൽ തൽ കില നിംബബീജമധുനാ സ്തുത്യം വചശ്ശാലിനാം ||

‘നിന്നെക്കാൾ നിന്നെയുണ്ടാക്കിയവൻ തന്നെ മഹാകേമൻ’ എന്നു അനേകദുഷ്ടാശ്രിതനായ ദുഷ്ടപ്രമാണിയെ നിന്ദിക്കുന്നു:—

ഭൂരിതിക്തമിഹ കമ്പു, തോലതിലുമേ-
റു,മേറുമതിലും ദലം,
പാരിലേറുമതിലും പ്രസൂന,മതിലും
ത്വദീയമതിയാം ഫലം |
പാരിഭദ്ര! പരമാൽഭുതസ്ത്വ,മഥവാ
തവ സ്തവമവാസ്തവം
സൂരിവർണ്ണ്യമിഹ നിംബബീജമതു താൻ
തവാഽപി ജനനപ്രദം ||

പാരിഭദ്ര! അല്ലയോ വേപ്പുമരമേ! ഭൂരിതിക്തമിഹ കമ്പു ഇഹ ലോകത്തിൽ നിന്റെ കമ്പു വളരെ കയ്പുള്ളതാകുന്നു. തോൽ അതിലും ഏറും, തൊലിയുടെ കയ്പു കമ്പിനുള്ളതിലും അധികമാകുന്നു. അതിലും ഏറും ദലം. അതിലും ക്രൂരം ഇലയുടെ കയ്പും. അതിലും ഏറും പ്രസൂനം. പൂവിനു കയ്പു അതിലും ക്രൂരതരമാകുന്നു. അതിലും അതിയാം ത്വദീയം ഫലം, നിന്റെ കായ്ക്കു് അതിലും കവിയും കയ്പു. അതുകൊണ്ടു ത്വം പരമാത്ഭുതഃ നീ വളരെ ആശ്ചര്യം ജനിപ്പിക്കുന്ന വൃക്ഷം തന്നെ. എന്തെന്നാൽ ഇങ്ങനെ സർവ്വാംഗങ്ങളും കയ്പുള്ള ഒരു വൃക്ഷവും ഭൂമിയിൽ കണ്ടുകിട്ടുകയില്ല. അതുകൊണ്ടു നീ സ്തുത്യർഹൻ തന്നെ. ഇനി പക്ഷാന്തരം പറയുന്നു; അഥവാ അല്ലെങ്കിൽ; തവ സ്തവം അവാസ്തവം, വാസ്തവത്തിൽ നിന്നെയല്ല സ്തുതിക്കേണ്ടതു്; പിന്നെ എന്തിനെയാണെന്നു പറയുന്നു— തവ അപി ജനനപ്രദം, നിന്നെക്കൂടി ജനിപ്പിക്കാൻ ശക്തിയുള്ള, സർവാംഗതിക്തനായ നിന്നെക്കൂടി ഉണ്ടാക്കാൻ കഴിവുള്ള; നിംബബീജമത്ഭുതം, വേപ്പിൻകുരുതന്നെയാണു, ഇഹ സൂരിവർണ്യം, ലോകത്തിൽ സൂരികളാൽ, വിദ്വാന്മാരാൽ, വാക്പടുതാദിവൈദഗ്ദ്ധ്യമുള്ളവരാൽ; വർണ്യമായുള്ളതു് സ്തുതിക്കപ്പെടേണ്ടതു്. നിന്നെക്കാളും നിന്നെ മുളപ്പിച്ച കുരുവിനെയാണു പുകഴ്ത്തേണ്ടതു്. എന്തെന്നാൽ ഇത്ര മഹാനായ നിന്നെ അതു ജനിപ്പിച്ചല്ലോ. ഇത്ര നിന്ദ്യമായി മറ്റൊന്നുമില്ലെന്നുള്ള വിപരീതാർത്ഥം ഗ്രഹിക്ക. ദുഷ്ടനെക്കാളും അവനെ ജനിപ്പിച്ച ദുഷ്ടനാണു അതിതരാം നിന്ദ്യനെന്നു ഭാവം.

ലോകേ മഹാന്തോ യഥാ സദ്ഭ്യോ ഭൂരിവിത്തം വിതീര്യ തദുൽഘോഷിതയശസ്സശ്ശോഭന്തേ; തഥാ വയമപി കുർമ്മ ഇതി ഭ്രമേണ ഖലാസ്താദൃശേഭ്യ ഏവ കിമപി ദദതസ്സ്വീയയശസി തൈരുൽഘോഷിതേ താവതാ നിജം ജന്മ സഫലം മന്യന്ത ഇത്യാഹ:—

൩൪. ചൂതാഃ പല്ലവമുൽഗിരന്തി വിതരന്ത്യേതൽ പികേഭ്യസ്തത-
സ്തേഃപ്യേതന കുഹൂഃകുഹൂരിതി കളം കലന്തി ക്രൂജാമിതി |
നിംബോഽപി സ്വയമുൽഗിരൻ ഫലമനേനാരാധയൻ വായസാൻ
കിഞ്ചിൽ തേഷു തതോ രടൽസു സഫലം ജന്മ സ്വകം മന്യതേ

മഹാന്മാർ സജ്ജനങ്ങൾക്കു വളരെ ധനത്തെ ദാനം ചെയ്തു സ്തുതന്മാരായിരിക്കുന്നതുപോലെ നമുക്കും ചെയ്യണം

മെന്നു കരുതി ദുഷ്ടന്മാർ അസജ്ജനങ്ങൾക്കു വല്ലതും നൽകീട്ടു സ്തുതന്മാരാകുമ്പോൾ ജന്മസാഫല്യം വന്നതായി വിചാരിക്കുന്നു എന്നു പറയുന്നു:—

പല്ലവങ്ങളുളവാക്കി മാവിഹ
കൊടുത്തിടുന്നതു പികത്തിനായ്
നല്ലപോലതു കുഹൂരവങ്ങൾ
തുടരുന്നു, വേപ്പുമതു കാൺകയാൽ |
ക്ഷുല്ലകം സഫലമുദ്യമിച്ചു
കരടത്തിനേകിയതുകൊണ്ടു തെ-
ല്ലുല്ലസിച്ചതു രടിക്കവേ ക-
രുതിടുന്നു ജന്മസഫലം നിജം ||

മാവു പല്ലവങ്ങൾ ഉളവാക്കി, തളിരിലകളെ ഉണ്ടാക്കി; പികത്തിനായ് കൊടുത്തിടുന്നു, അവയെ കോകിലത്തിനു ഭക്ഷിക്കാൻ കൊടുക്കുന്നു. അവയെ ഭക്ഷിച്ചിട്ടു, അതു കോകിലം; നല്ലപോലെ കുഹൂരവങ്ങൾ തുടരുന്നു. ശ്രവണമധുരമാംവണ്ണം 'കുഹൂ കുഹൂ' എന്നുള്ള ശബ്ദങ്ങളെ പുറപ്പെടുവിക്കുന്നു. മാന്തളിർ ഭക്ഷിച്ചേക്കലേ കോകിലങ്ങൾ കണ്ഠശുദ്ധി വന്നു നന്നായി ഗാനം ചെയ്കയുള്ളു. ഈ കുഹൂരവങ്ങൾ ചെയ്യുന്നതു മാവിനെ പുകഴ്ത്തുന്നതായി ഇവിടെ കല്പിച്ചിരിക്കുന്നു. അതു കാൺകയാൽ, മാവു ചെയ്യുന്നതു കണ്ടു; വേപ്പും ക്ഷുല്ലകം സഫലം ഉദ്യമിച്ച് അല്പമായും നീചമായുമുള്ള തന്റെ പഴത്തെ ഉണ്ടാക്കി, കരടത്തിന് ഏകി, കാക്കയ്ക്കു കൊടുത്ത്; അതുകൊണ്ടു അതിനെ തിന്നതുകൊണ്ട്; അതു കാകൻ, തെല്ലു ഉല്ലസിച്ചു സ്വല്പം ആഹ്ലാദം പൂണ്ട്; രടിക്കവേ, 'കാകാ' എന്നു കർണ്ണകഠോരമായി ശബ്ദിക്കുമ്പോൾ; വേപ്പു നിജം ജന്മ തന്റെ ജന്മത്തെ; സഫലം കരുതിടുന്നു സാഫല്യം സിദ്ധിച്ചതായി വിചാരിക്കുന്നു മാവിനോട് ഒപ്പമായി എന്നാണു വേപ്പിന്റെ ഭാവം. മഹാന്മാരോട് ഒപ്പത്തിനൊപ്പം കാണിക്കുന്ന ദുഷ്ടന്മാർ നിന്ദ്യന്മാരായി തീരുമെന്നു താൽപര്യം.

ലോകസ്തു സ്വാതന്ത്ര്യേണ മഹാഭോഗാനുഭവേഽപി സ്വച്ഛന്ദസ്ഥിതൗ ലഭ്യം സുഖം നാപ്നുയാദിത്യാഹ:—

൫൨. ഭോജ്യം സ്വാദു പയഃ സ്ഥിതിർമ്മണിഗണൈരാപിഞ്ജരേ പഞ്ജരേ
ദൂരേ ചിന്തയിതും ച ദംശമശകാഃ പാരേ ഗിരാം ലാലനം |
സത്യം സർവ്വമഥാപി കാനനഭുവി സ്വാച്ഛന്ദ്യമവ്യാഹതം
ധ്യായന്തീ വിമനാ മനാഗപി ശുകീ നാലംബതേ നിർവൃതിം ||

അസ്വാധീനനിലയിലിരുന്നുംകൊണ്ടു വലിയ പദവിയെ അനുഭവിക്കുന്നവനു സ്വേച്ഛപോലെ ഇരിക്കുന്നവൻെറ സുഖം കിട്ടുകയില്ലെന്നു പറയുന്നു:—

ക്ഷീരമുണ്ടു സരസം ഭുജിപ്പതി-
നിരിപ്പതിന്നു മണിപഞ്ജരം
ദൂരവേ മശകദംശചിന്തയു-
മജസ്രമെത്ര പരിലാളനം।
നേരതൊക്കെയുമഥാപി കാനന-
വിഹാരമോൎത്തു വിമനായിതാ
കീരസുന്ദരി കൃതാൎത്ഥഭാവമ-
ണയുന്നതില്ല ലവലേശവും ॥

ഭുജിപ്പതിനു കുടിക്കുന്നതിനു; സരസം സ്വാദുവായ; ക്ഷീരമുണ്ടു്, പാലുണ്ടു്; വളൎത്തുന്ന തത്തയ്ക്കു കുടിക്കാൻ നല്ല പാലാണു്. ഇരിപ്പതിന്നു മണിപഞ്ജരം, ഇരിക്കാൻ നല്ല രത്നം പതിച്ച കൂടു; കാട്ടിൽ പറന്നു നടക്കുമ്പോൾ കുടിക്കാൻ കാട്ടാറിലെ കലങ്ങിയ വെള്ളമേയുള്ളു; ഇരിക്കാൻ വല്ല മരത്തിന്റെ ഇലകളും മറവും കൊണ്ടു തന്നത്താനെ കെട്ടിയുണ്ടാക്കിയ കൂടുമേയുള്ളു. ഇവിടെ കുടിക്കാൻ പാലാണു്; ഇരിക്കാൻ നല്ല കൂടുണ്ടു്; അതുപോലെ; മശകദംശചിന്തയും ദൂരവേ, കൊതു കടിച്ചെങ്കിലോ എന്നുള്ള വിചാരം ദൂരെ തള്ളിക്കളയാം. കാട്ടിലാണെങ്കിൽ ഇങ്ങനെ സുഖമായിരിക്കാൻ കഴികയില്ല. എന്നു മാത്രമല്ല, അജസ്രമെത്രപരിലാളനം, എല്ലായ്പോഴും അതു ലാളിച്ചു തന്നെ വളൎത്തപ്പെടുന്നു. കാട്ടിലാണെങ്കിൽ തിരിഞ്ഞുനോക്കുപാലും ചെയ്യാനാരുമില്ല. നേരതൊക്കെയും അതൊക്കെയും വാസ്തവം തന്നെ. ഇരിപ്പും കിടപ്പും ഭക്ഷണവും വളരെ സുഖമാണെന്നുതന്നെയല്ല വളരെ ചെല്ലമായിട്ടാണു വളൎത്തപ്പെടുന്നതും. അഥാപി, എങ്കിലും; കീരസുന്ദരി, പെൺകിളി; കാനനവിഹാരം, കാട്ടിലുള്ള സ്വൈരസഞ്ചാരത്തെ; ഓൎത്തു്, വിചാരിച്ചു്; വിമനായിതാ, ദുഃഖത്തോടുകൂടിയവളായിട്ടു; ലവലേശവും തീരെ, കൃതാൎത്ഥഭാവം അണയുന്നതില്ല തൃപ്തിപൂണ്ടവളായിരിക്കുന്നില്ല. കാട്ടിലായിരുന്നാൽ മുൻപറഞ്ഞ സുഖമൊന്നുമില്ലെങ്കിലും സ്വച്ഛന്ദമായി സഞ്ചരിക്കാമായിരുന്നു എന്നു ഓക്കുമ്പോൾ തത്തയ്ക്കു തീരെ മനസ്സിനു് സുഖമില്ലാതെ ആയിത്തീരുന്നു. ഇവിടെ ഇത്രയൊക്കെ പദവിയുണ്ടെങ്കിലും പിടിച്ചടച്ചിട്ടിരിക്കയാണല്ലൊ. അതുകൊണ്ടു കാട്ടിലെ സുഖം ഇവിടെ വരുന്നതല്ല. സ്വാച്ഛന്ദ്യത്തിലെ സൌഖ്യമുള്ളു എന്നു താല്പൎയ്യം.

——o——

ലോകാ വദാന്യസ്യ കസ്യചിദ്രാജ്ഞസ്സകാശാൽ ഭൂരിധനേ
ലബ്ധേfപി തത്സർവം വിസ്മരന്തസ്തസ്മൈ രാജ്ഞ ഏവ
തദിതീർണ്ണസ്യവിത്തസ്യ കിമപ്യംശം യദോപദീകർത്തും
പ്രാരഭന്തേ തദാ തസ്മിന്നീർഷ്യാം കുർവന്തീത്യാഹ:—

നൂനം പ്രാങ്മേഘൈഃ കിയദംബു പീതമുദധേഃ പീതേfപിവൃഷ്ടം കിയ-
ദ്വൃഷ്ടേ ചാപികിയൽ പ്രലീനമവനൌ പീതം കിയൽപ്രാണിഭിഃ!
നേദം കശ്ചന വേദ യത്തു കിമപി പ്രാപാവശിഷ്ടം പുന-
ർമ്മാന്തേ സരിതാംമുഖേന തദഭ്രദീർഷ്യാസ്പദം പശ്യതാം ||

നല്ല ദാതാവായ രാജാവിന്റെ പക്കൽ നിന്നും അന
വധി ധനം കിട്ടീട്ടുള്ളതൊക്കെ മറന്നിട്ട് അതിൻെറ ഒരു
സ്വല്പാംശംപോലും തിരികെ കാഴ്ച്ചവെക്കുന്നതിനു ജന
ങ്ങൾ മനസ്സുകേടുള്ളവരായിത്തീരുന്നു എന്നു പറയുന്നു:—

വാരിയെത്ര മുകിൽ മുന്നമിക്കടലിൽ
നിന്നു വാങ്ങിയതിലെത്ര താൻ
മാരിപെയ്തു ഭുവി ലീനമെത്ര-
യതിലെത്ര പീതമഥ ചേതനൈഃ |
ആരിതൊക്കെയറിയുന്നു? ഘർമ്മ-
വിരമത്തിലൊട്ടതു സരിന്മുഖോ-
ത്സാരിതം തിരികെ വന്നുചേർന്ന-
തിഹ കാണികൾക്കസഹനീയമായ് ||

ജലദുർഭിക്ഷമുള്ള പരദേശങ്ങളിൽ നദീജലത്തിൽ ഒരു തുള്ളി പോലും സമുദ്രത്തിൽ തിരികെ വീഴാൻ സമ്മതിക്കാതെ എല്ലാം ചാലു വഴിയായി വിട്ടു കൃഷിക്കുപയോഗപ്പെടുത്തിവരുന്നു. ഈ വാസ്തവത്തെ ആധാരമാക്കി കവി ഈ ശ്ലോകത്തെ രചിച്ചിരിക്കുന്നു. മുകിൽ മേഘം, മുന്നം അത്ഥാൽ വേനൽ കാലത്തിൽ, ഇക്കടലിൽ നിന്നു, എത്ര വാരി എത്ര വളരെ ജലത്തെ, വാങ്ങി ആവിയായി ആദാനംചെയ്തു. കടലിൽ നിന്നും ആവിയായി പോയിട്ടുള്ള ജലം തന്നെയാണു മേഘമായി പരിണമിച്ചിരിക്കുന്നത്. അതിൽ, കടലിൽ നിന്നും വാങ്ങിയ ജലത്തിൽ, എത്ര താൻ എത്ര വളരെ; മാരി പെയ്തു; മഴയായി വർഷിച്ചു. ഭുവി, ഭൂമിയിൽ, ലീനമെത്ര താണുപോയതു എത്ര വളരെയുണ്ട്, മഴയായി പെയ്ത

വെള്ളത്തിൽ എത്ര വളരെ ആൎക്കുപയോഗമില്ലാതെ തറയിൽ വററിപ്പോയി. അഥ പിന്നെ, അതിലെത്ര താഴെ വററിപ്പോകാതെ നദീമാൎഗ്ഗമായും മററും ഒലിച്ചുപോയ ജലത്തിൽ എത്ര വളരെ, ചേതനൈഃ ചേതനങ്ങളാൽ, പ്രാണികളാൽ, പീതം കുടിക്കപ്പെട്ടിരിക്കുന്നു. ആരിതൊക്കെയറിയുന്നു? ഈ പോയതൊന്നും ആരുംവകവെയ്ക്കുന്നില്ല. പിന്നെ ഏതിനെയാണു ഗണിക്കുന്നതെന്നു പറയുന്നു—ഘൎമ്മവിരമത്തിൽ, വേനലിന്റെ അവസാനത്തിൽ, അത ഏവ വൎഷാരംഭത്തിൽ, അത്ര ഒട്ടു, സ്വല്പം ജലം; സരിൻമുഖോത്സാരിതം, നദീമുഖങ്ങളിൽ കൂടി ഒലിച്ചു; തിരികെ വന്നുചേൎന്നു, തിരികെ സമുദ്രത്തിൽ സംഗമിക്കുന്നതു്; കാണികൾക്കു നോക്കിനിൽക്കുന്നവൎക്കു്, അസഹനീയമായി, ദുസ്സഹമായിരിക്കുന്നു. സമുദ്രത്തിൽ നിന്നാണു ജലമൊക്കെയും മേഘത്തിനു കിട്ടീട്ടുള്ളതു്, അതിൽ എത്രയോ സ്വല്പമായ അംശമേ തിരികെ കടലിൽ വന്നു വീഴുന്നുള്ളു എന്നുള്ള വിചാരമില്ലാതെ അത്രയും ജലം അവിടെ തിരികെ ചെന്നു സംഗമിക്കുന്നതിൽ കാണികൾ ഈൎഷ്യയുള്ളവരായിരിക്കുന്നു. ഇതുപോലെതന്നെയാണു ജനങ്ങൾ എത്ര വളരെ കിട്ടിയാലും തീരെ കൊടുക്കാൻ മനസ്സില്ലാത്തവരായിരിക്കുന്നതു്.

——:o:——

പ്രഭുഭിഃ പരമുഖേന പ്രജാപോഷണമാത്മനാ കിഞ്ചിത്തദുപദ്രവശ്ച ക്രിയതേ ചേത്തേഷു യശശ്ചാത്മന്യയശശ്ചാവശിഷ്ടം സ്യാദിത്യാഹ:—

൩൦. മേഘം ദ്വാരതയാ വിധായ ഭുവനാന്യാപ്ലാവയസ്യംഭസാ
ചന്ദ്രം ദ്വാരതയാ വിധായ സവിതഃ! പുഷ്ണാസി സൎവ്വൌഷധീഃ |
യത്തീക്ഷ്ണതപസീവ തത്തു കുരുഷേ സ്വേനൈവ തേനാധുനാ
ദാതൃത്വം ഘനചന്ദ്രയോഃ പരിണതം ക്രൌൎയ്യം തു ശിഷ്ടം ത്വയി ||

രാജാവു മന്ത്രിമാർ മുഖാന്തരം പ്രജകളെ പരിപാലിക്കവേ, വല്ലതെങ്കിലും അല്പമായ ഒരു ഉപദ്രവത്തെ തന്നെത്താൻ ചെയ്യുന്നപക്ഷം, രക്ഷിക്കുന്നതുകൊണ്ടുള്ള യശസ്സെല്ലാം മന്ത്രിമാൎക്കു് ആകയും ഉപദ്രവിച്ചതുകൊണ്ടുള്ള ദുഷ്കീൎത്തി രാജാവിനു ശേഷിക്കയും ചെയ്യുന്നു എന്നു പറയുന്നു:—

നീരദങ്ങൾ മുഖമായ് ജഗത്തിനെ
നനച്ചിടുന്നു സലിലേന നീ
ദ്വാരമാക്കിയഥ താരകേശനെ
വളൎത്തിടുന്നു സകലൌഷധീഃ ।
സൂര! ഭോ! കിമപി താപനക്രിയ
തനിച്ചു തന്നെയിഹ ചെയ്കയാൽ
ക്രൂരതാ ഫലിതയായ് നിനക്കു
ഘനചന്ദ്രയോഃ പുനരുദാരതാ ॥

ഭോ സൂര! അല്ലയോ സൂൎയ്യ! നീ നീരദങ്ങൾ മുഖമായ്, മേഘങ്ങൾ വഴിയായ്; ജഗത്തിനെ ലോകത്തിനെ, സലിലേന ജലംകൊണ്ടു, മഴ പെയ്തു എന്നൎത്ഥം. നനച്ചിടുന്നു തണുപ്പിക്കുന്നു. സൂൎയ്യന്റെ ശക്തികൊണ്ടു ഭൂമിയിൽ നിന്നും ആവി ഉത്ഭവിച്ചു മേഘമുണ്ടായി വൎഷമുണ്ടാകുന്നു. അതുകൊണ്ടു ലോകത്തിന്നു താപശാന്തി വരുത്തുന്ന മഴയ്ക്കു നീ തന്നെയാണു കാരണം. അതിൻവണ്ണം അഥ താരകേശനെ ചന്ദ്രനെ, ദ്വാരമാക്കി ഇടനിലക്കാരനായി കല്പിച്ചു; സകലൌഷധീഃ എല്ലാ ചെടികളേയും, വളൎത്തിടുന്നു. ചന്ദ്രരശ്മി ഏറ്റിട്ടാണു ഓഷധികളെല്ലാം ഉണ്ടാകുന്നതു് എന്നാണു പ്രസിദ്ധി. അതിനാലത്രേ ചന്ദ്രനു 'ഓഷധീശൻ' എന്ന പേർ സിദ്ധിച്ചതു്. സൂൎയ്യരശ്മി തന്നെയാണു ചന്ദ്രനിൽ പ്രതിഫലിച്ചു നിലാവായി തീരുന്നതെന്നു ജ്യോതിശ്ശാസ്ത്രസിദ്ധാന്തം. ഇങ്ങനെ നീ ഓരോരുത്തർ മുഖാന്തരം പലവിധം താപശാന്തി വരുത്തുന്നുണ്ടു്. എന്നിട്ടും തനിച്ചുതന്നെ സ്വയമായി, ഇഹലോകത്തിൽ, കിമപി അല്പം, താപനക്രിയ ചൂടുകൊണ്ടുള്ള ഉപദ്രവത്തെ ചെയ്കയാൽ സൂൎയ്യന്റെ സ്വപ്രവൃത്തി ചൂടുപിടിപ്പിക്കയാണല്ലോ. നിനക്കു ക്രൂരതാ ക്രൌൎയ്യം, ഫലിതയായി സിദ്ധിച്ചു. നീ ക്രൂരനാണു താപകാരകനാണു എന്നു എല്ലാവരും പറയുന്നു. നീ ചെയ്യുന്ന താപശാന്തിയുടെ മേന്മയെല്ലാം നിന്റെ ദാസന്മാരായ മേഘചന്ദ്രന്മാൎക്കായി തീരുന്നു. ഉദാരതാ പുനഃ ഔദാൎയ്യമാകട്ടെ ഘനചന്ദ്രയോഃ മേഘചന്ദ്രന്മാൎക്കു്, 'ഫലിതയായി' എന്നു ചേൎത്തുകൊള്ളണം. നീ ചെയ്യുന്ന ഗുണങ്ങൾക്കെല്ലാം പേരു കേൾക്കാൻ മററുള്ളവർ. ദോഷത്തിനെല്ലാം നീ തന്നെ. അതുപോലെ വലിയവർ ചെയ്യുന്ന ഗുണങ്ങൾക്കെല്ലാം പേർ മററുള്ളവൎക്കു്, ദോഷത്തിനെല്ലാം ദുഷ്കീൎത്തി തങ്ങൾക്കു തന്നെ എന്നു താല്പൎയ്യം.

ക്ഷുദ്രാ ഗുണലേശയുക്താ അപി മഹാന്തഃ കേചിത്താദൃശ
ഗുണരഹിതാശ്ചേദപി മഹതി സ്ഥാനേ മഹാന്ത
ഏവ സ്ഥാപ്യാ ഇത്യാഹ:—

നൂവ്യം ദ്വാരം ന പ്രജഹാതു ജാതു നിയതം ജാഗത്തു രാത്രീരപി
സ്വാല്പേനാപി മുദം പ്രയാതു കിമതഃ ശ്വാ ശൈവതാവാനപി |
സംപാദ്യോ മഹതാ ധനേന സതതം ഭോജ്യശ്ച സാന്ത്വൈരിതി
ത്യക്ത്വാ മത്തഗജം പദേഽസ്യ മഹതഃ സ്ഥാപ്യഃ കിമേതാവതാ? ||

നിസ്സാരന്മാർ ഗുണവാന്മാരും മഹാന്മാർ ഗുണമില്ലാത്തവരുമായിരുന്നാലും നിസ്സാരന്മാർ മഹാന്മാരുടെ നിലയിൽ ഗണിക്കപ്പെടുകയില്ലെന്നു പറയുന്നു:—

പത്തനപ്പടി വെടിഞ്ഞിടാ ക്ഷണ-
മുറങ്ങിടാ നിശയിൽ, വല്ലതും
ത്തമാകിലതിതുഷ്ടമാം ശുനക-
മെങ്കിലും ശുനകമത്രതാൻ |
വിത്തസംഹതി കൊടുത്തുവാങ്ങി-
യതിയത്നഭോജ്യത നിമിത്തമായ്
മത്തഹസ്തിവരനേയൊഴിച്ചതു
തദാസ്പദത്തിൽ വിനിവേശ്യമോ? ||

ശുനകം പട്ടി, പത്തനപ്പടി വെടിഞ്ഞിടാ വീട്ടുവാതിൽ വിട്ടുപോകയില്ല, എല്ലായ്പ്പോഴും കാവൽ കാത്തു കിടക്കും. നിശയിൽ ക്ഷണം ഉറങ്ങിടാ രാത്രിയിൽ ക്ഷണനേരം പോലും ഉറങ്ങുകയില്ല. രാത്രി മുഴുക്കെ ഉറക്കമിളച്ചു സൂക്ഷിച്ചിരിക്കും. ഇത്രയൊക്കെ വേലചെയ്യുന്നതിനു ചിലവുള്ള തീറ്റി വല്ലതും കൊടുക്കേണമോ? അതും വേണ്ട. വല്ലതും ത്തമാകിൽ അതിതുഷ്ടമാം, എന്തെങ്കിലും തീറ്റിക്കു കൊടുത്താൽ മതി, അതുകൊണ്ടു സന്തോഷിച്ചുകൊള്ളും. വല്ലതും ഒരു കഷണം തിന്നാൻ കൊടുത്താൽ വലുമാട്ടി കുഴഞ്ഞും കൊണ്ടു് അടങ്ങികിടക്കും. ഇത്രയൊക്കെ നല്ല സ്വഭാവമുള്ള ജന്തുവാണു പട്ടി. എങ്കിലും, ശുനകംശുനകമത്രതാൻ പട്ടി പട്ടിതന്നെ, അതിന്റെ നിന്ദ്യത പോകയില്ല. നേരെമറിച്ചു വിത്തസംഹതി കൊടുത്തു വാങ്ങി, വളരെ വിലകൊടുത്തു വാങ്ങി, അതിയത്നഭോജ്യത നിമിത്തമായ് വളരെ ബുദ്ധിമുട്ടി തീറ്റേണ്ടതുകൊണ്ടു, മത്തഹസ്തിവരനെ മദിച്ചുനിൽക്കുന്ന ആനത്തലവനെ, മത്തശബ്ദംകൊണ്ടു ആനയുടെ അഹങ്കാരത്തേയും അതിനെ ഭരിക്കാനുള്ള ക്ലേശാധിക്യത്തേയും സൂചിപ്പിച്ചിരിക്കുന്നു. ഒഴിച്ചു വിട്ടുംവെച്ചു് അതു പട്ടി, തദാസ്പദത്തിൽ ആനയുടെ സ്ഥാനത്തിൽ, വിനിവേശ്യമോ? സ്ഥാപിക്കപ്പെടുവാൻ യോഗ്യമോ? അല്ലെന്നു താൽപര്യം. പട്ടിയെ വളർത്താൻ പ്രയാസമില്ല;

അതു നല്ല ഉപകാരിയായ ജന്തുവാണ്, ആനയെ വാങ്ങുവാൻ വളരെ വില കൊടുക്കണം, എന്നു തന്നെയല്ല വളൎത്താനും പ്രയാസം, എന്നു വിചാരിച്ചു ആരെങ്കിലും പട്ടിയെ ആനയെപ്പോലെ ഗണിക്കാറുണ്ടോ? അതുപോലെ ക്ഷുദ്രന്മാർ ഗുണവാന്മാരാണെങ്കിലും മഹാന്മാർ അപ്രകാരമല്ലാത്തവരാണെങ്കിലും, ക്ഷുദ്രന്മാർ മഹാന്മാരെപ്പോലെ ഗണിക്കപ്പെടുകയില്ലെന്നു താല്പൎയ്യം.

അസന്തഃ കേചനാ ബാല്യാത്സ്വപോഷകൈൎയ്യസ്യ കസ്യചിൽ പ്രഭോൎന്നികടം നീതാശ്ചേൽ കാലാന്തരേ സ്വപോഷകാണാം നിജാഭ്യുദയഹേതുഭൂതാനാം തേഷാം നാമാപി വിസ്മരന്തീത്യാഹ:—

൨൩. ഉൽപന്നാസ്സരിതാം ഹ്രദേഷു സുചിരം തത്രൈവ പുഷ്ടാസ്തതഃ
പ്രാപ്താഃ പ്രാവൃഷി സാഗരം, ജലചരാസ്താസാം മുഖാദേവ യേ |
ദപിത്രൈരേവ ദിനൈസ്തിമിംഗിലകുലസ്യാസാദ്യ കൂടസ്ഥതാം
മുഷ്യന്ത്യഭ്യ ന തേ രഹസ്യപി കൃതാം നാദേയതാസംകഥാം ||

ബാല്യാൽ പ്രഭൃതി വളൎത്തി വലിയവരുടെ അടുക്കൽ കൊണ്ടാക്കിയവരുടെ നാമധേയം പോലും അസജ്ജനങ്ങൾ കാലാന്തരത്തിൽ മറക്കുന്നു എന്നു പറയുന്നു:—

ജാതമായ് പുഴയതിൻകയത്തി-
ലവിടെച്ചിരായ പരിപുഷ്ടിയേ
യാതമായ് ശഫരമാഴി പററി
മഴ വീഴവേ പുഴമുഖേന താൻ |
സ്ഥിതമായ് ചില ദിനങ്ങൾ കൊ-
ണ്ടൊരു തിമീന്ദ്രനായ് പുഴയിൽമുന്നമുൽ-
ഭൂതമായ കഥയേ രഹസ്സി-
ലുമുരപ്പതിന്നതു സഹിച്ചിടാ||

ശഫരം മത്സ്യം, പുഴയതിൻ കയത്തിൽ നദിയിലുള്ള കുഴിയിൽ, ജാതമായ് ഉണ്ടായിട്ടു; അവിടെ ആ കയത്തിൽ കിടന്നുതന്നെ, ചിരായ, വളരെക്കാലംകൊണ്ടു, പരിപുഷ്ടിയെ വലിപ്പത്തെ, അഭിവൃദ്ധിയെ എന്നും; യാതമായ് പ്രാപിച്ചു, മഴ വീഴവേ മഴ പെയ്തു ആററിൽ വെള്ളം

പൊങ്ങിയപ്പോൾ, പുഴമുഖേന താൻ പുഴയുടെ മുഖത്തിൽ സംഗമസ്ഥാനത്തിൽ കൂടെത്തന്നെ; പുഴയുടെ മുഖാന്തരം തന്നെ എന്നും, ആഴി പററി സമുദ്രത്തിൽ ചെന്നുചേൎന്നു; മത്സ്യം ആററിലാണു ഉണ്ടായതും വളൎന്നതും; പുഴമുഖേന തന്നെയാണ് മഹാനായ സമുദ്രത്തിൽ ചെന്നു ചേൎന്നതും. എങ്കിലും, ചില ദിനങ്ങൾകൊണ്ടു സമുദ്രത്തിൽ ചെന്നെത്തി കഴിഞ്ഞു കുറേനാൾകൊണ്ടു്; സ്ഥീതമായ് വലിപ്പംവെച്ചു്, അഭിവൃദ്ധിയുണ്ടായി എന്നും; ഒരു തിമിംഗ്ഗനായി മകരമത്സ്യങ്ങളിൽവെച്ചു, തലവനായി, ഇത്രയും വലിപ്പം വന്നതിൻെറ ശേഷം, അതു ആ മത്സ്യം; മുന്നം പുഴയിൽ ഉൽഭൂതമായ കഥയെ മുൻപിൽ താൻ ആററിലാണു ഉണ്ടായതെന്നുള്ള സംഗതിയെ; രഹസ്സിലും ഉരപ്പതു ഇന്നു സഹിച്ചിടാ ഗോപ്യമായി പറയുന്നതുപോലും അസഹ്യമായി വിചാരിക്കുന്നു. മകരമത്സ്യമായാൽ പിന്നെ അതു ആററിൽ വരികയില്ല. ചെറിയ മത്സ്യങ്ങളാണു് മകരമത്സ്യങ്ങളാകുന്നതെന്നു മുൻപുള്ളവർ വിശ്വസിച്ചിരുന്നു. വാസ്തവത്തിൽ മകരമത്സ്യം മത്സ്യജാതിയിൽ ചേൎന്നതേയല്ല. ദുഷ്ടന്മാൎക്ക വലിപ്പം വരുമ്പോൾ മുൻപിൽ സഹായികളായിരുന്നവരെ മാത്രമല്ല, പാൎപ്പെട്ട അച്ഛനമ്മമാരെ പോലും അവർ മറന്നുകളകയും പൂൎവസ്ഥിതി പറകപോലും ചെയ്യുന്നതു കുറച്ചിലായി വിചാരിക്കയും ചെയ്യുന്നു എന്നു ഭാവം.

മഹതഃ കസ്യചിൽ പ്രഭോസ്സകാശാദവാപ്തം ദ്രവിണം സ്വീയധനവദ്ദത്വാ പരാൻ പീഡയതഃ ഖലാൻദ്ദിശ്യാഹ:—

൪൦. പന്ഥാഃ കൎദ്ദമിതഃ പയഃ കലുഷിതം ഹംസാഃ കൃതാ ദൂരതഃ
പീഡ്യന്തേ ച യദേവമൎത്ഥിന ഇതി ക്രൂരാരവൈശ്ചാതകാഃ ।
സോഢാഹേ തവ ഹേ പയോദ! സകലം, ശക്നോഷി ദാതുംസ്വതഃ
കിം ത്വം ശീകരമേകമപ്യുദധിനാ ലോഭോ യദി സ്വീകൃതഃ? ॥

മഹാനായ പ്രഭുവിൻെറ പക്കൽ നിന്നും കിട്ടിയ ധനത്തെ സ്വന്തമെന്നപോലെ ചിലവഴിച്ചു മററുള്ളവരെ ദ്രോഹിക്കുന്ന ദുഷ്ടന്മാരെപ്പററി പറയുന്നു:—

പങ്കിലീകൃതപഥം ത്വമാവിലി-
തവാരി ദൂരിതസിതച്ഛദം
ശങ്കിയാതിടികൾകൊണ്ടു പീഡ-
യസി യാചകം ജലദ! ചാതകം ।

കിങ്കിലൈതദഖിലം സഹേമഹി,
പയോധി ലോഭമുരരീകരി-
ച്ചെങ്കിൽ നീ തനിയെയേകശീകരവു-
മേകുവാൻ നിപുണനാകുമോ? ॥

ജലദ! അല്ലയോ മേഘമേ! ത്വം നീ; പങ്കിലീകൃതപഥം പങ്കിലീകൃതമായി ചളിയുള്ളതാക്കപ്പെട്ട; പന്ഥാവോടു വഴിയോടു കൂടും വണ്ണം; വഴിയെല്ലാം ചെളികെട്ടിച്ച് എന്നൎത്ഥം, ആവിലിതവാരി ആവിലിതമായ കലക്കപ്പെട്ട; വാരിയോടു ജലത്തോടുകൂടുംവണ്ണവും; വെള്ളമെല്ലാം കലക്കി എന്നൎത്ഥം; ദൂരിതസിതച്ഛദം ദൂരിതങ്ങളായ ഓടിക്കപ്പെട്ടവയായ; സിതച്ഛദങ്ങളോടു ഹംസങ്ങളോടുകൂടുംവണ്ണവും, ഹംസങ്ങളെ എല്ലാം ഓടിച്ച എന്നൎത്ഥം. വൎഷാരംഭത്തിൽ ഹംസങ്ങൾ മാനസസരസ്സിലേക്ക പോകുന്നു. ഇതു മൂന്നും ക്രിയാവിശേഷണങ്ങൾ എന്നു ധരിക്ക. ശങ്കിയാതെ മടികൂടാതെ; യാചകം ചാതകം വെള്ളം വേണമെന്നു യാചിക്കുന്ന ചാതകത്തെ; മഴ വീഴുന്നതുവരെ ചാതകപ്പക്ഷി വെള്ളം കുടിക്കയില്ലെന്നും മഴ വീഴുമ്പോൾ അതു ദാഹത്തെ തീൎക്കുന്നു എന്നുമാണു പ്രസിദ്ധി. ഇടികൾകൊണ്ടു ഇടിമുഴക്കങ്ങൾ കൊണ്ടെന്നും മുഷ്ടിപ്രാഘാതം കൊണ്ടെന്നും; പീഡയസി ദ്രോഹിക്കുന്നു; അല്ലയോ മേഘമേ! നീ വഴിയൊക്കെ ചളികെട്ടിച്ചു വൃത്തികേടാക്കുന്നു, വെള്ളമെല്ലാം കലക്കുന്നു, ഹംസങ്ങളെ തീററി തിന്നാൻ സമ്മതിക്കാതെ ഓടിക്കുന്നു, കുറച്ചു വെള്ളം തരണേ എന്നു യാചിച്ചു വരുന്ന ചാതകത്തെ മടികൂടാതെ ദ്രോഹിക്കുന്നു. കിങ്കിലൈതൽ എന്തു സാഹസമാണിതു്? അഖിലം സഹേമഹി ആകട്ടെ, ഇതൊക്കെ സഹിച്ചുകൊള്ളാം. പയോധി സമുദ്രം, ലോഭത്തെ ഉരരീകരിച്ചെങ്കിൽ ലുബ്ധിനെ സ്വീകരിച്ചെങ്കിൽ, നിനക്കു വെള്ളം തരാതെ ഇരുന്നെങ്കിൽ എന്നൎത്ഥം. നീ തനിയേ നീ തന്നെത്താൻ, ഏകശീകരവും ഒരുതുള്ളി ജലംപോലും, ഏകുവാൻ കൊടുക്കാൻ, നിപുണനാകുമോ സമൎത്ഥനാകുമോ? സമുദ്രം നിനക്കു ജലം തരാത്തപക്ഷം നിനക്കു ഒരു തുള്ളി ജലംപോലും കിട്ടുകയില്ല. പിന്നെ മുൻപറഞ്ഞ വിധം നീ എങ്ങനെ ഉപദ്രവിക്കും? സമുദ്രത്തിന്റെ ഔദാൎയ്യത്തെ നീ ദുൎമ്മാൎഗ്ഗത്തിൽ ഉപയോഗിക്കുന്നു. ഇതുപോലെ ദുഷ്ടന്മാർ സ്വപ്രഭുക്കളുടെ ഗുണങ്ങളെ തങ്ങളുടെ ദുഷ്പ്രവൃത്തിക്കു വളമാക്കിത്തീൎക്കുന്നു എന്നു താൽപൎയ്യം.

ഗുണവാനപി പ്രഭുഃ ഖലൈൎന്നീചൈശ്ച സഹ സംഗത-
ശ്ചേൽ സുജനാനാം തതഃ പ്രവാസ ഏവ യുക്ത
ഇത്യാഹ:—

൪൧. സർവജ്ഞോ യദി ശങ്കരോ യദി, മഹാദേവോ യദി പ്രായശോ
ദേവാനാമപി ദൈവതം യദി തദപ്യാസ്താമിദം ദൂരതഃ |
ധുർധൂരൈഃ ഫണിഭിഃ കപാലവലയൈരന്യൈശ്ച തേ സംഗതി-
ശ്ചൂഡാചന്ദ്രകലേ! ന താവദുചിതാ, യാചേ ബഹിർഗ്ഗമ്യതാം ||

പ്രഭു ഗുണവാനാണെങ്കിലും ദുഷ്ടന്മാരും നീചന്മാരുമായി സഹവാസമുള്ളയാളായി തീൎന്നാൽ സജ്ജനങ്ങൾ അദ്ദേഹത്തെ വിട്ടുപിരിയുന്നതു തന്നെയാണു യുക്തമെന്നു പറയുന്നു:—

ആത്തബന്ധു പരമേശ്വരൻ സകല
വിഷ്ടപാധിപതി മൌലിയിൽ
ചേൎത്ത ചന്ദ്രകലികേ! ശിവന്റെ
മഹിമാവനന്യസമമെങ്കിലും |
ധൂൎത്തപുഷ്പഭുജഗാസ്ഥിമാല
മുതലായതോടു സഹ സംഗമം
കീൎത്തനീയസുഷമേ! നിനക്കു-
ചിതമല്ല പോക വെളിയിൽ, തൊഴാം ||

ആത്തബന്ധു ദീനരക്ഷകനായി; സകലവിഷ്ടപാധിപതി സകലലോകത്തിനും നാഥനായിരിക്കുന്ന; പരമേശ്വരൻ സർവേശ്വരനായ ഭഗവാൻ ശിവൻ; മൌലിയിൽ, ശിരസ്സിൽ, ചേൎത്ത, അലങ്കാരമായി അണിയുന്ന, ചന്ദ്രകലികേ! ചന്ദ്രക്കലേ! ശിവന്റെ മഹിമാവു്, ഭഗവാന്റെ മാഹാത്മ്യം, അനന്യസമമെങ്കിലും അനന്യസാധാരണമാണെങ്കിലും, ശിവന്റെ മാഹാത്മ്യം വളരെയുണ്ടെന്നു മുൻപുള്ള വിശേഷണങ്ങളാൽ സ്പഷ്ടം. അദ്ദേഹം കിരീടത്തിൽ ചന്ദ്രക്കലയെ ചൂടുന്നു എന്നാണു പ്രസിദ്ധി. അല്ലയോ ചന്ദ്രക്കലേ! ഇത്ര മാഹാത്മ്യമേറുന്ന ഭഗവാന്റെ ശിരസ്സിൽ ഇരിക്കുന്നതു നല്ലതു തന്നെ, എങ്കിലും ധൂൎത്തപുഷ്പഭുജഗാസ്ഥിമാല മുതലായതോടു സഹ സംഗമം, ഉമ്മത്തുംപൂവു്, സൎപ്പം, അസ്ഥിമാല തുടങ്ങിയ നീചവസ്തുക്കളോടുള്ള സഹവാസം, പരമേശ്വരൻ ഉമ്മത്തുംപൂവു് മുതലായവയെ ധരിക്കുന്നു എന്നാണു് പ്രസിദ്ധി, അവ എത്രയും നീചങ്ങളാകുന്നു. ഭഗവാൻ മാഹാത്മ്യമുള്ള ആളാണെങ്കിലും ഈ നീചവസ്തുക്കളോടു സംഗതനായിരിക്കുന്നു. അദ്ദേഹത്തിനോടു നീ ചേൎന്നിരിക്കകൊണ്ടു നീയും ഈ നീചവസ്തുക്കളുമായി സംഗമിച്ചിരിക്കുന്നു. അതു നിനക്കു് ഉചിതമല്ല. അതെന്തുകൊണ്ടെന്നു കീൎത്തനീയസുഷമേ!

എന്നുള്ള സംബുദ്ധിയാൽ വ്യക്തപ്പെടുത്തിയിരിക്കുന്നു. നീ കീൎത്തനീയയായ ശ്ലാഘനീയയായ, സുഷമയോടു, പരമായ കാന്തിയോടു കൂടിയതായിരിക്കുന്നു. അതുകൊണ്ടു നീ ശോഭയുള്ള പദാൎത്ഥങ്ങളോടു ചേൎന്നിരിക്കേണ്ടതാണു്, അല്ലാതെ ദുഷ്ടപദാൎത്ഥസംഗമത്തിനു അൎഹയല്ല. ഇവിടെ അതുള്ളതുകൊണ്ടു പോക വെളിയിൽ തൊഴാം, ഭഗവാൻ മാഹാത്മ്യമുള്ള ആളാണെങ്കിലും നീചസഹവാസമുള്ള ആളാകകൊണ്ടു് അദ്ദേഹത്തെ വെടിയണമെന്നപേക്ഷിക്കുന്നു, 'തൊഴാം' എന്ന ശബ്ദം അപേക്ഷയിലുള്ള ഉറപ്പിനേയും നീചസംഗമത്തിലുള്ള വെറുപ്പിനേയും കാണിക്കുന്നു.

ദാതൃഭിർദ്ദേയം വസ്തു തത്തൽകാലേഷ്വേവ ന ദത്തം
ചേദൎത്ഥിനാം മഹാൻ ഖേദഃ സ്യാദിത്യാഹ:—

൪൨. അസ്യാം പ്രാവൃഷി ചാതകൈൎജ്ജലകണാ ലബ്ധാ ന ചേൽ കിം [തതോ
ഭാവിപ്രാവൃഷി ദാസ്യതേ ദ്വിഗുണമിത്യഭ്ര! ത്വയാ ഗമ്യതേ।
ഏതേഽദ്യൈവ ലയം വ്രജന്തി പൃഥുകൈരേതൽകുലീനോഽപി ചേ-
ദേകഃ പ്രാണിതി താവതൈവ കൃതമസ്ത്വത്രൈവ നസ്സംശയഃ ॥

കൊടുക്കാനുള്ളതിനെ വേണ്ട കാലങ്ങളിൽ തന്നെ കൊടുക്കാതെ ഇരുന്നാൽ യാചകന്മാർ വളരെ കഷ്ടപ്പെട്ടു പോകുമെന്നു പറയുന്നു:—

ചാതകങ്ങളുദബിന്ദുവിക്കുറി
ഭുജിച്ചതില്ല യദി കിം തതഃ?
സ്ഥിതമായതുള്ളിടാമടുത്ത
കുറിയെന്നു നീ ജലദ! ഗച്ഛസി।
പോതകങ്ങളോടു കൂടിയിന്നിവ
നശിച്ചിടുന്നു, മരുവുന്നതു-
ണ്ടേതദന്വയജമേകമെങ്കിൽ
മതിയാമത,ത്ര മമ സംശയം॥

ജലദ! മേഘമേ! ചാതകങ്ങൾ ചാതകപ്പക്ഷികൾ, ഇക്കുറി ഇത്തവണ, ഈ വർഷത്തിൽ, ഉദബിന്ദു ജലബിന്ദു, ഭുജിച്ചതില്ല യദി, കുടിച്ചില്ലെങ്കിൽ, ഇത്തവണ ചാതകങ്ങൾക്കു ജലപാനം കിട്ടിയില്ലെങ്കിൽ, കിം തതഃ, അതുകൊണ്ടു എന്തു ദോഷം? ഒന്നുമില്ലെന്നൎത്ഥം. അടുത്ത കുറി

വരുന്ന മഴക്കാലത്തിൽ, സ്ഥിതമായി അധികമായി, കഴിഞ്ഞ തവണ കൊടുക്കാത്തതു കൂടിക്കൂട്ടി എന്നൎത്ഥം. അരുളിടാം കൊടുക്കാം. എന്നു വിചാരിച്ചു, നീ ഗൎജ്ജസി നീ പോകുന്നു. മററുള്ള ഋതുക്കളിൽ ജലപാനം ചെയ്യാതെ മഴക്കാലം വന്നാൽ ദാഹം തീൎക്കാമെന്നു മോഹിച്ചു വരണ്ടു കിടക്കുന്ന ചാതകങ്ങളെ വഞ്ചിച്ചു, വരുന്ന തവണ ധാരാളം കൊടുക്കാമെന്നു കരുതി അല്ലയോ മേഘമേ! നീ മഴപെയ്യാതെ പൊയ്യൂളയുന്നു. അതുകൊണ്ടുണ്ടാകുന്ന ഫലമെന്തെന്നു പറയുന്നു—ഇവ ചാതകങ്ങൾ; പോതകങ്ങളോടുകൂടി കുഞ്ഞുകുട്ടികളോടൊരുമിച്ചു, ഇന്നു ഇക്കറിതന്നെ, നശിച്ചിട്ടുന്നു മരിച്ചുപോകുന്നു, ദാഹിച്ചു വരണ്ടു കൂട്ടത്തോടെ മരിച്ചു വംശം അററുപോകുന്നു. ഏതദന്വയജം ഈ വൎഗ്ഗത്തിലുള്ള, ഏകം ഒന്നെങ്കിലും; മരുവുന്നതുണ്ടു് എങ്കിൽ, ജീവിച്ചുകിടന്നാൽ, അതു മതിയാം മതിയാകും. എന്തെന്നാൽ അതിൽനിന്നു പിന്നെ സന്താനങ്ങൾ ഉണ്ടാകുമെന്നു മോഹിക്കാം. അത്ര മമ സംശയം ഒന്നെങ്കിലും ജീവിച്ചു കിടക്കുമോ എന്നുള്ളതിൽ എനിക്കു വളരെ സന്ദേഹമുണ്ടു്. ഒന്നും കിടക്കയില്ലെന്നാണു എനിക്കു തോന്നുന്നതു്. ചാതകങ്ങൾ വൎഷകാലത്തിൽ ദാഹം തീൎക്കുന്നു എന്നാണു് പ്രസിദ്ധി. അപ്പോൾ മേഘം വരുന്ന തവണ ധാരാളമായി പെയ്യുക്കാമെന്നുവെച്ചു മഴ പെയ്യാതെ ഇരുന്നുകളഞ്ഞാൽ ചാതകങ്ങളെല്ലാം ദാഹംകൊണ്ടു മരിച്ചുപോകും, പിന്നെ മഴ പെയ്തതുകൊണ്ടു് അവയ്ക്കു് ഒരു പ്രയോജനവുമില്ല. അതുപോലെ അൎത്ഥികൾക്കു വേണ്ടപ്പോൾ സഹായം ചെയ്യാതെ ഇരുന്നാൽ പിന്നെ എന്തുകൊണ്ടും അവക്കു് ഒരു ഫലവും സിദ്ധിക്കയില്ലെന്നു താൽപൎയ്യം.

മഹത്യാ സമ്പദായുക്തോഽപി ഗുണലേശരഹിതോ നരഃ
സൎവ്വജനഗൎഹ്യോ ഭവതീത്യാഹ:—

൩൨. വൎണ്ണഃസ്തോഽതിമനോരമസ്സിരസി തേ വാസോ മൃഡാനീപതേഃ
പ്രത്യേതവ്യതരം ച കാഞ്ചനമിതി പ്രൌഢം പുനന്നാമ തേ |
കിം കൎത്തവ്യമിതഃ പരം ച ഭവതാ ധുൎദ്ധൂര! ലോകാഃ പുന-
ൎന്ന ക്രീണന്തി ന ച സ്പൃശന്തി ന ച വാ പശ്യന്തി ഗന്ധപ്രിയാഃ ||

വളരെ സമ്പത്തുള്ളവനാണെങ്കിലും ഗുണലേശമില്ലാത്തവനായിരുന്നാൽ അവനെ എല്ലാവരും നിന്ദിക്കുമെന്നു പറയുന്നു:—

വണ്ണമെത്ര ഹൃദയംഗമം, വസതി-
വാമദേവനുടെ മൌലിയിൽ
സ്വണ്ണമെന്ന പുകൾപെററ പേരു തവ,
പൂണ്ണമാം വിഭവമീവിധം |
വണ്ണയാമി കിമഥാപി നിന്നെയിഹ
സൌരഭപ്രസിതമാം ജനം
നിണ്ണയം കിതവ! വാങ്ങുകില്ല തൊട്ടു-
കില്ല നോക്കുകയുമില്ലഹോ ! ||

കിതവ! അല്ലയോ ഉന്മത്ത!; വണ്ണം എത്ര ഹൃദയംഗമം, നിന്റെ നിറം എത്ര മനോഹരമായിരിക്കുന്നു, വസതി വാമദേവനുടെ മൌലിയിൽ, നിന്റെ ഇരിപ്പ് സാക്ഷാൽ ഭഗവാനായ പരമേശ്വരന്റെ തലയിലാകുന്നു, സ്വർണ്ണം എന്ന പുകൾപെററ പേരു സ്വർണ്ണമെന്ന പ്രസിദ്ധപ്പെട്ട പേരാണു നിനക്ക്; "ധൂർധൂരഃ കാഞ്ചനാഹ്വയഃ" എന്ന അഭിധാനമനുസരിച്ചു സ്വർണ്ണത്തിനുള്ള പേരെല്ലാം ഉന്മത്തിനും ഉള്ളതായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈ വിധം മുൻപറഞ്ഞ മാതിരി, തവ വിഭവം പൂർണ്ണമാം, നിന്റെ മാഹാത്മ്യത്തിന് ഒരു കുറവുമില്ല. എങ്കിലും ഗന്ധഗുണമില്ലാത്തതുകൊണ്ടു ആരും നിന്നെ ആദരിക്കുന്നില്ലെന്ന് ഉത്തരാർദ്ധത്തിൽ പറയുന്നു:—വർണ്ണയാമി കിം? ഇതിലധികം സ്തോത്രം എന്താണുള്ളതു്? ഇതിലധികം സ്തുത്യർഹമായി മറെറാന്നുമില്ലെന്നർത്ഥം; അഥാപി എങ്കിലും; സൌരഭപ്രസിതമാം ജനം സൌരഭത്തിൽ, സുഗന്ധത്തിൽ പ്രസിതമായ, താൽപര്യമുള്ള ജനം; മണമുള്ള സാധനങ്ങളിൽ പ്രിയമുള്ള ജനങ്ങൾ എന്നർത്ഥം; നിന്നെ ഇഹ, നിന്നെ ഈ ലോകത്തിൽ; വാങ്ങുകില്ല, തൊട്ടുകില്ല, നോക്കുകയും ഇല്ല, അവർ തീരെ ഗണിക്കയില്ല; നിർണ്ണയം നിശ്ചയം തന്നേ. ഇത്ര മാഹാത്മ്യമുള്ളതാണെങ്കിലും സുഗന്ധമില്ലാത്തതിനാൽ ജനങ്ങളാൽ തീരെ അനാദരിക്കപ്പെടുന്നല്ലോ എന്നുള്ള ആശ്ചര്യത്തെ അഹോ! എന്നുള്ള നിപാതം ദ്യോതിപ്പിക്കുന്നു. അതുപോലെ ഒരുവൻ എത്രയൊക്കെ വൈഭവമുള്ളവനായിരുന്നാലും സൽഗുണമില്ലാത്തവനായിരുന്നാൽ ജനങ്ങളാൽ ആദരിക്കപ്പെടുകയില്ലെന്നു താൽപര്യം.

പരമധാമ്മികേ കസ്മിംശ്ചിൽ പ്രഭൌ രാജ്യം ശാസതി
പരമാമോദശാലിനസ്സുജനാഃ ഖലേഽന്യസ്മിൻ വി
പ്ലവേ ധൂതമൌനാ ഏവ ഭവന്തീത്യാഹ:—

൪൪. രാജ്യം യേന കൃതംനതസ്യ ശൃണുമഃ കാമസ്യ നാമാധുനാ
യേഷാമേവ ഗിരഃ പുരാ പരഭൃതൈസ്തൈരദ്യ മൌനം ധൃതം |
വ്യാപ്താ യേന ദിശോ ന സാംപ്രതമസൌ മന്ദാനിലഃ സ്പന്ദതേ
കിം ബ്രൂമോ നിതരാം നിദാഘഹതകോ വിശ്വം നവംനിർമ്മമൌ ||

ഏററവും ധാർമ്മികനായ ഒരു രാജാവു രാജ്യം ഭരിക്കവേ സന്തുഷ്ടന്മാരായിരുന്ന സജ്ജനങ്ങൾ ദുഷ്ടനായ മറെറാരാൾ രാജ്യഭാരം നടത്തുമ്പോൾ മിണ്ടാതെ സർവ്വവും സഹിക്കുന്നു എന്നു പറയുന്നു:—

കുന്ദബാണനധിരാട്ടു തന്നുടയ
നാമമിപ്പൊഴുതു കേട്ടിടാ
സുന്ദരാലപിതമാം പികപ്രകര-
മിന്നു പഞ്ചമമുരച്ചിടാ
ചന്ദനാദ്രിപവനൻ ദിഗന്തവിസൃതൻ
നിവൃത്തിയധുനാപരി
സ്പന്ദനം, ഹതനിദാഘമദ്യ പുതുതായ്
ചമച്ചിതു ജഗത്തിനെ

ഇപ്പൊഴുതു്, വസന്തംപോയി വേനൽ വന്നപ്പോൾ; അധിരാട്ടു മഹാരാജാവായ കുന്ദബാണൻ തന്നുടയ, കാമദേവന്റെ; നാമം കേട്ടിടാ, പേരുപോലും ആരും പറയാറില്ല. വസന്തകാലത്തിൽ രാജ്യം ഭരിച്ചു വാണ രാജാവായ കാമദേവന്റെ പേരുപോലും ഗ്രീഷ്മകാലത്തിൽ കേൾക്കാനില്ല. അതുപോലെ വസന്തത്തിൽ സുന്ദരാലപിതമാം സുന്ദരമായ കർണ്ണാനന്ദകരമായ, ആലപിതം ഗാനാലാപത്തോടു കൂടിയ, പികപ്രകരം കുയിൽക്കൂട്ടം, ഇന്നു്, ഇപ്പോൾ ഗ്രീഷ്മത്തിൽ, പഞ്ചമമുരച്ചിടാ, പഞ്ചമസ്വരത്തിൽ ഗാനം ചെയ്യുന്നില്ല, കുയിലിന്റെ ഒച്ച പഞ്ചമസ്വരമെന്നാണു പ്രസിദ്ധി. വസന്തത്തിൽ കളമാകുംവണ്ണം ഗാനം ചെയ്തുകൊണ്ടിരുന്ന കുയിലുകൾ ഇപ്പോൾ മൂകങ്ങളായി. ദിഗന്തവിസൃതൻ, ദിഗന്തങ്ങളിൽ, എല്ലാദിക്കുകളിലും; വിസൃതനായ, സഞ്ചരിച്ചുകൊണ്ടിരുന്ന, ചന്ദനാദ്രിപവനൻ, മലയമാരുതൻ, അധുനാ; ഇപ്പോൾ, പരിസ്പന്ദനം, ചുററുമുള്ള മന്ദഗമനം, നിവൃത്തി, വസന്തത്തിൽ എല്ലാ ദിക്കിലും മന്ദമായി ചലിച്ചുകൊണ്ടിരുന്ന മലയമാരുതന്നു് അനക്കമില്ലാതെയായി; എന്തിനേറെ, അദ്യ, ഇപ്പോൾ, ഹതനിദാഘം, ദുഷ്ടനായ വേനൽ, ജഗത്തിനെ പുതുതായി ചമച്ചിതു്, ലോകത്തെ പുത്തനാക്കിത്തീർത്തിരിക്കുന്നു,

ഗ്രീഷ്മാവിർഭാവത്തിൽ തൽസഹചരങ്ങളായ കടുത്ത സൂര്യകിരണങ്ങളും, ചുഴലിക്കാററും മററും പുറപ്പെട്ടിരിക്കുന്നു. മുൻപു വസന്തത്തിലുണ്ടായിരുന്നവയെല്ലാം അവസാനിച്ചു. അതുപോലെ മുൻപിൽ ഭൂമി നല്ല രാജാവിനോടു കൂടിയിരുന്നപ്പോൾ സുഖികളായിരുന്ന ജനങ്ങൾ ദുഷ്ടരാജാവു നാടുവാഴുംകാലം എല്ലാം സഹിച്ചുംകൊണ്ടു മിണ്ടാതെ ഇരിക്കുന്നു എന്നു താൽപര്യം.

ഖലസ്യ യസ്യ കസ്യചിൽ പ്രഭോരാശ്രയാ ദുർവൃത്തൈ-
സ്താദൃശൈരേവ ജനൈരുപദ്രുതം പരമദീനം
കഞ്ചിൽ സുജനം പ്രതി ഭാവിസുഖകാലാവസ്ഥാം
പ്രകാശ്യ സമാശ്വാസയന്നാഹ:—

൪൫. പീയന്താം തമസാ ദിശോ വിദധതാം നിചാഃ പിശാചാഃ സ്വയം
വ്യാക്രോശന്തു ശിവാഃ കിയച്ചിരമസൌ കാലസ്സുഖേ സ്ഥാസ്യതി? |
അദ്യോദേഷ്യതി ഭാനുരേഷ്യതി ദിശാമദ്യ പ്രസാദോ മുഖേ-
ഷ്വദ്യസ്വാം പ്രകൃതിംഗമിഷ്യതി മഹീ, കോക! ത്വയം ക്ഷമ്യതാം ||

ഖലനായ രാജാവിനെ ആശ്രയിച്ചു വളൎന്ന ദുഷ്ടന്മാരാൽ ഉപദ്രവിക്കപ്പെട്ടു പരമദീനനായിരിക്കുന്ന ഒരു സജ്ജനത്തെ നല്ല കാലം അടുത്തുകഴിഞ്ഞു എന്നു പറഞ്ഞ് ആശ്വസിപ്പിക്കുന്നു:—

ആകവേയിരുൾ നിറഞ്ഞിടട്ടെ,
കലരട്ടെ ഭൂതതതി ഗവ്,മ-
സ്തോകമായ് ശിവകൾ കൂകിടട്ടെ,
നിലയെത്ര നേരമിതു നിന്നിടും? |
ലോകബാന്ധവനുദിക്കുമിപ്പൊഴുതു
ദിങ്മുഖങ്ങൾ തെളിവാൎന്നിടും
കോകമേ! കിമപി നീ പൊറുക്ക
വരുമിക്ഷണം പ്രകൃതിയിൽ ക്ഷിതി ||

കോകമേ! ചക്രവാകമേ! രാത്രി വന്നു ലോകത്തെ ബാധിച്ചിരിക്കകൊണ്ടു വിരഹാതുരനായ നീ വ്യസനിക്കേണ്ട. ഇരുൾ ആകവേ നിറഞ്ഞിടട്ടെ, ദിക്കെല്ലാം ഇരുട്ടു മൂടിക്കളയട്ടെ; അജ്ഞാനം എല്ലാവക്കും

ഇരുന്നുകൊള്ളട്ടെ എന്നും; ഭൂതതതി ഗർവ്വം കലരട്ടെ, പിശാചസംഘം 'ഇപ്പോഴാം നമ്മുടെ അധിവാസകാലമാണ്' എന്നുള്ള അഹങ്കാരം കരുതിക്കൊള്ളട്ടെ; ദുഷ്ടന്മാർ വമ്പു നടിച്ചുകൊള്ളട്ടെ എന്നും, പിശാചവർഗ്ഗങ്ങൾ രാത്രിയിലെ സഞ്ചരിക്കയൊള്ളൂ. ശിവകൾ അസ്തോകമായി കൂകിടട്ടെ, കുറുക്കന്മാർ അധികമായി നിലവിളിച്ചുകൊള്ളട്ടെ; നീചന്മാർ അവരുടെ പ്രാബല്യത്തെ വിളിച്ചു നിലവിളിക്കട്ടെ എന്നും, മുൻപറഞ്ഞ സംഗതികളെല്ലാം ഭയജനകങ്ങളാകുന്നതു കൂടാതെ സജ്ജനസ്ഥാനീയമായ ചക്രവാകത്തിനു ദുസ്സഹങ്ങളുമാകുന്നു. ചക്രവാകങ്ങൾക്കു രാത്രിയിൽ വിരഹമാണെന്നുള്ളതും പ്രസിദ്ധമാണല്ലോ. ഇതുകൊണ്ടൊന്നും ഭയപ്പെടുകയും വ്യസനിക്കയും ചെയ്യേണ്ട, എന്തെന്നാൽ നിലയിതു എത്ര നേരം നിന്നിട്ടും, ഈ അവസ്ഥ എത്ര നേരത്തേക്കു നില്ക്കാൻ പോകുന്നു? വളരെ നേരം ഇല്ലെന്നർത്ഥം. ഈ സ്ഥിതിയൊക്കെ ക്ഷണത്തിൽ മാറിപ്പോകും; പിന്നീട് എന്താണ് വരുന്നതെന്നു പറയുന്നു:—ഇപ്പൊഴത്തെ, ക്ഷണത്തിൽ. ലോകബാന്ധവൻ, സൂര്യൻ; പ്രജാക്ഷേമകാരിയായ രാജാവെന്നും, ഉദിക്കും ഉദയത്തെ പ്രാപിക്കും, പ്രബലനായി വരുമെന്നും; അപ്പോൾ ദിങ്മുഖങ്ങൾ തെളിവാർന്നിട്ടും, എല്ലാ ദിക്കിലും വെളിച്ചമുണ്ടാകും, മുൻപിൽ വ്യസനിച്ചുകൊണ്ടിരുന്നവരുടെ മുഖത്തിൽ പ്രസാദമുണ്ടാകുമെന്നും, അതുകൊണ്ടു നീ കിമപി പൊറുക്ക, അല്പം ക്ഷമിച്ചിരുന്നാലും, ഇക്ഷണം താമസിയാതെ, അല്ലെങ്കിൽ ലോകബാന്ധവോദയത്തിൽ, ക്ഷിതി പ്രകൃതിയിൽ വരും, ഭൂമി അതിന്റെ സഹജയായ സ്ഥിതിയേ പ്രാപിക്കും, രാജ്യത്തിനു ക്ഷേമമുണ്ടാകുമെന്നും, തൽക്കാലം കാണുന്നതൊന്നും വകവെക്കണ്ട, താമസിയാതെ എല്ലാവർക്കും ക്ഷേമമുണ്ടാകും.

വദാന്യാനാം കേഷാഞ്ചിൽ പ്രഭൂണാം സകാശാദചിദൂരാഗതാ ബഹവഃക്ഷണേന കിമപ്യവാപ്യയാന്തി; ചിരേണ തദാശ്രിതഃ കശ്ചിൽ സർവ്വദാ തത്സമീപേ തിഷ്ഠന്നപ്യലബ്ധദ്രവിണോ ജായത ഇത്യാഹ:—

൪൩. മേഘാ ഇത്യവതീര്യ്യകേപി നഭസസ്സർവ്വം പയോ ഗൃഹ്ണതേ
യാദാസീതി സമാഗതാസ്തത ഇതോപ്യന്യേ രമന്തേ സുഖം |
യസ്തു സ്വാന്തിക ഏവ തസ്യ മഹതസ്താലസ്യ കാലാൽ ബഹോ-
ശ്ശുഷ്കസ്യാപി ഹി നോപയോഗകണികാം പശ്യാമി തേനാബ്ധിനാ ||

ദൂരദേശത്തിൽ നിന്നും വരുന്നവർ രാജാവിന്റെ പക്കൽനിന്നും ക്ഷണത്തിൻ സമ്മാനങ്ങൾ വാങ്ങിക്കൊണ്ടു

പോകുന്നു, വളരെക്കാലമായി എപ്പോഴും സമീപത്തു് ആശ്രയിച്ചു നില്ക്കുന്നവന്നു് ഒന്നും കിട്ടുകയില്ലെന്നു പറയുന്നു:—

അന്തരിക്ഷമതിൽ നിന്നു വന്നു
കവരുന്നു മേഘമുദകത്തിനേ-
ച്ചിന്തവിട്ടു ജലജന്തുവെത്തിയിഹ
സന്തതം വിഹരതേതരാം |
ഹന്ത! തുംഗമൊരു താലമന്തിക-
മണഞ്ഞുണങ്ങി മരുവുന്നതി-
ന്നെന്തഹോ! കടലിനാൽ തരിമ്പുമു-
പയോഗമിന്നു ചിരകാലമായ് ||

അന്തരിക്ഷത്തിൽ നിന്നു വന്നു്, എത്രയോ ദൂരത്തിൽ കിടക്കുന്ന ആകാശത്തിൽ നിന്നും വന്നിറങ്ങി, ഉദകത്തിനെ, ജലത്തെ, മേഘം കവരുന്നു അപഹരിക്കുന്നു. മേഘം സമുദ്രത്തിലിറങ്ങി ജലത്തെ കുടിച്ചുകൊണ്ടു പോയി പിന്നീടു വർഷിക്കുന്നു എന്നാണു പൂർവ്വവിശ്വാസം. വാസ്തവത്തിൽ സമുദ്രത്തിൽ നിന്നും സൂര്യരശ്മിസമ്പർക്കത്താൽ ആവിയുണ്ടായി അതാണു ആകാശത്തിൽ മേഘമായി തീരുന്നതു്. ഇഹ ജലജന്തുവെത്തി, നദി മുതലായ മറുദിക്കുകളിൽ നിന്നു ജലജന്തുക്കൾ വന്നു സമുദ്രത്തിൽ; ചിന്തവിട്ടു, നിർവ്വിചാരമായി, സന്തതം, എല്ലായ്പോഴും; വിഹരതേതരാം, വളരെ സുഖമായി കളിയാടുന്നു. ഇപ്രകാരം അന്യദിക്കുകളിൽനിന്നും വന്നുചേരുന്നവൎക്കു സമുദ്രം വളരെ ഉപകാരം ചെയ്യുന്നു. അടുത്തു നില്ക്കുന്നവനോ? അന്തികമണഞ്ഞു, സമീപത്തിലായി നില്ക്കുന്ന, അടുത്തു് ആശ്രയിച്ചു നില്ക്കുന്ന എന്നും, ഉണങ്ങി മരുവുന്ന, ശുഷ്കമായി നില്ക്കുന്ന, ദരിദ്രനായിരിക്കുന്ന എന്നും, തുംഗമൊരു താലമതിന്നു, പൊക്കമുള്ള പനയ്ക്കു്, മഹാനായ സേവകന്നു് എന്നും, പന കടൽക്കരയിൽ സാധാരണയുണ്ടാകുന്നു, അതിന്നു പൊക്കം വളരെ വരും, എപ്പോഴും അതു ശുഷ്കമായി നില്ക്കയും ചെയ്യും. ഇവിടെ പനയെ സമുദ്രസേവകനായി കല്പിച്ചിരിക്കുന്നു. ചിരകാലമായി, വളരെക്കാലം കരയ്ക്കു നിന്നിട്ടും, വളരെനാൾ ആശ്രയിച്ചിട്ടുമെന്നും ഇന്നു കടലിനാൽ തരിമ്പുമുപയോഗമെന്തു, കടലിനെക്കൊണ്ടു സ്വല്പമെങ്കിലും ഉപകാരം സിദ്ധിച്ചിട്ടില്ല. കടലിലെ വെള്ളത്തിൽ അല്പമെങ്കിലും അതിന്നു കിട്ടീട്ടില്ല. അതിനാലത്രെ അതു ശുഷ്കമായി നില്ക്കുന്നതു്. ഹന്ത! കഷ്ടം. ദൂരദിക്കിൽ നിന്നും അപരിചിതനായി വരുന്നവന്നു രാജാക്കന്മാർ വളരെ സമ്മാനങ്ങൾ കൊടുത്തയ

ട്ടുന്നു, തന്നെ ആശ്രയിച്ചിരിക്കുന്ന മഹാനായ സേവകന് ഒന്നും കൊടുക്കുന്നതുമില്ല. കഷ്ടം! മിററത്തു മുല്ലയ്ക്കു മണമില്ലെന്നുള്ള പഴഞ്ചൊല്ലിന് ഇതു് ഒരു ഉദാഹരണമാകുന്നു.

കാലേ വിപരീതേ ഖലൈഃ ക്രിയമാണാവമതിസ്സദ്ഭിസ്ഗത്യന്തരാഭാവാദവശ്യം സോഢവ്യേത്യാഹ:—

൪൧. ആക്രാമന്തു തമേവ ചൂതമപി ച ക്രോശന്തു രേഫോത്തരം
ഡിംഭോഽസ്മാകമസീതി ചാഭിദധതാം കാകാ വരാകാസ്സ്വയം ।
ഗന്തവ്യം ക്വ തതോഽന്യതഃ പരഭൃത! ക്ഷന്തവ്യമേതാവദ-
പ്യഗ്രേ കസ്യ നിവേദ്യതാമിദമതിക്രാന്തോ വസന്തോഽധുനാ ॥

കാലം വിപരീതമായിരിക്കുമ്പോൾ ദുഷ്ടന്മാർ ചെയ്യുന്ന അവമാനങ്ങളെ സജ്ജനങ്ങൾ സഹിച്ചുകൊള്ളുകയല്ലാതെ നിവ്വാഹമില്ലെന്നു പറയുന്നു;—

മാവതിൽ ബത! കടന്നിരുന്നു
കൃപണങ്ങളായ കരടങ്ങൾ "നീ
കേവലം പൃഥുകമാണു ഞങ്ങളുടെ"
യേവമാർത്തു പറയട്ടെടോ ।
പോവതെങ്ങു പരപുഷ്ടമേ! ശൃണു
പൊറുത്തുകൊള്ളണമിതൊക്കയും
ഹാ! വസന്തമതിയാത, മാരൊടിനി-
യാവലാതിയുരചെയ്തിടാം ॥

പരപുഷ്ടമേ! കുയിലേ! കൃപണങ്ങളായ, ദീനങ്ങളായ; കരടങ്ങൾ, കാക്കകൾ; ദുഷ്ടന്മാരുടെ സ്ഥാനത്തു കാക്കകളെ കല്പിച്ചിരിക്കുന്നു. മാവതിൽ കടന്നിരുന്നു്, വസന്തകാലത്തിൽ കുയിലിന്റെ വാസസ്ഥലമായിരുന്ന മാവിൽ കേറിയിരുന്നു്; നീ കേവലം ഞങ്ങളുടെ പൃഥുകമാണു, നീ ഞങ്ങളുടെ കുട്ടിയത്രെ; കുയിലിനെ കാക്കകളാണു വളർത്തുന്നതെന്നു വെച്ചാണു് കുയിലിനു 'പരപുഷ്ട'മെന്നു പേർ. ഏവം, എന്നു; ആർത്തു പറയട്ടെടൊ, ഉച്ചത്തിൽ ഘോഷിക്കട്ടെ. ബത! കഷ്ടം! ദുർജ്ജനം സജ്ജനസ്ഥാനത്തിൽ വന്നതു കഷ്ടം. കാക്കയ്ക്കും കുയിലിനും ആകൃതിയിൽ ഏതാനും സാമ്യമുണ്ടു്; ഒന്നു വല്യതും മററതു ചെറുതും ആകുന്നു. കാക്കകൾ മാവിലിരുന്നു ഭക്രങ്കാരം ചെയ്യുന്നതിനെ ഇവിടെ ഇപ്രകാരം

ഉൽപ്രേക്ഷിച്ചിരിക്കുന്നു. അതുപോലെ സജ്ജനങ്ങൾ ഞങ്ങളുടെ ദാസന്മാരത്രെ എന്നു ദുഷ്ടന്മാർ പറഞ്ഞുകൊള്ളട്ടെ എന്നു താൽപര്യം. എന്തു ചെയ്യാം! പോവതെങ്ങു? ഗത്യന്തരമൊന്നുമില്ലല്ലോ. ശൂണു, കേട്ടാലും; ഇതൊക്കെയും പൊറുത്തുകൊള്ളണം, ഇതൊക്കെ, ഈ അവമാനമൊക്കെ സഹിച്ചുകൊൾകയല്ലാതെ നിർവാഹമില്ല. എന്തെന്നാൽ വസന്തം അതിയാതം, വസന്താ പൊയ്പ്പൊഴിഞ്ഞതല്ലോ; തന്റെ സ്വാമി നാമാവശേഷനായല്ലോ. ഇനി ആരോട്ട് ആവലാതി ഉരചെയ്തിടാം? ഇനി ആരുടെ അടുക്കൽ സങ്കടമറിയിക്കാം? ആരുമില്ലെന്നർത്ഥം. ഹാ! കഷ്ടം! ഇതു സ്വസ്വാമിയുടെ നാശത്തെയും അതുകൊണ്ടു സിദ്ധിക്കുന്ന അവമതിയേയും വിചാരിച്ചുള്ള വ്യസനത്തെ ദ്യോതിപ്പിക്കുന്നു. സജ്ജനങ്ങളുടെ ആവലാതി കേൾക്കാനാരുമില്ലെന്നു വരുമ്പോൾ ദുഷ്ടന്മാർ ചെയ്യുന്ന അവമാനങ്ങളെ അവർ സഹിക്കയെന്നേ വരികയുള്ളൂ എന്നു താൽപര്യം.

അസതാമേവ പ്രാബല്യേ മൂർഛിതേ തത്ര താൻ പ്രത്യേ
വമേവ കാര്യമേവം ന കാര്യമിതി കോ നിയന്തേ
ത്യാഹ:—

൪൮. ഗന്തവ്യം ശിശിരേണ നാമ ഭവിതവ്യം നാമ ചൂതാങ്കുരൈ-
സ്താനാസ്വാദ്യ പികഃ കരിഷ്യതി തദാ നാമ സ്വരം പഞ്ചമം |
ആസ്താമേഷ തഥാവിധസ്ത്വമസി കിം കാക! സ്വതന്ത്രസ്യ തേ
കാലോഽയം സ്വര ഏഷ ഭോജ്യമിദമിത്യേഷാ കുതോ യന്ത്രണാ? ||

ദുർജ്ജനങ്ങൾക്കു പ്രാബല്യം മൂർഛിച്ചിരിക്കുമ്പോൾ കാര്യാകാര്യങ്ങളെ അവരോടു നിയമിച്ചു പറയാനാരുള്ളു എന്നു പറയുന്നു:—

പോകണം ശിശിരകാലമാമ്രതരു-
പാളിയിൽ കിസലയാളിയു-
ണ്ടാകണം പികമതാസ്വദിച്ചു കള-
പഞ്ചമസ്വരമുരച്ചിടും |
നീ കഥം സദൃശനാമതിന്നു? കിമഹോ
സ്വതന്ത്ര! തവ കാലവും
കാകമേ കഥയ ഭോജ്യവും സ്വരവു
മിന്നതെന്നൊരു നിയന്ത്രണ ||

കുയിൽ ഗാനം ചെയ്യുന്നമെങ്കിൽ ഇന്നതെല്ലാമുണ്ടാകണമെന്നു ക്ലിപ്തമുണ്ട്. അവ്യെന്തെന്നാൽ, ശിശിരകാലം പോകണം, മഞ്ഞു കാലം പോയി വസന്തത്തു വരണം, ആമ്രതരുപാളിയിൽ, മാവിൻകൂട്ടത്തിൽ കിസലയാളി ഉണ്ടാകണം, നിറയ തളിരിലകളുണ്ടാകണം, പികം, കുയിൽ, അതു് ആസ്വാദിച്ചു, മാന്തളിർ ഭക്ഷിച്ചതിന്റെ ശേഷം കളപഞ്ചമസ്വരം ഉരച്ചിട്ടം, ശ്രോത്രാനന്ദകരമാംവണ്ണം പഞ്ചമസ്വരത്തിൽ ഗാനം ചെയ്യും. അപ്പോൾ കുയിൽ ഗാനം ചെയ്യുന്നതിന്നും, മഞ്ഞു വിട്ടു വസന്തം വരണം, മാന്തളിർ ഉണ്ടാകണം, അതു് അതിനെ ഭക്ഷിക്കണം, പഞ്ചമസ്വരത്തിലേ പാടാൻ പാടുള്ളൂ, എന്നെല്ലാം ക്ലിപ്തങ്ങളുണ്ടു്. കാക്കയ്ക്കോ? കാകമേ! നീ അതിന്നു, പികത്തിനോടു; കഥം സദൃശനാം, എങ്ങനെ തുല്യനാകുന്നു? എന്തെന്നാൽ, സ്വതന്ത്ര! തോന്നിയവാസമായി നടക്കുന്നവനേ; തവ, നിനക്കു; കാലവും, ഇന്നകാലത്തിലേ ശബ്ദിക്ക എന്നും, ഭോജ്യവും, ഇന്നതേ ഭക്ഷിക്ക എന്നും, സ്വരവും, ഇന്ന സ്വരത്തിലേ ശബ്ദിക്ക എന്നും, ഒരു നിയന്ത്രണ, ഒരു നിബന്ധനയുണ്ടോ? കഥയ, പറകതന്നെ. കാക്ക എന്തും തിന്നും, എപ്പോഴം കരയും, ഏതു സ്വരത്തിലും ശബ്ദിക്കും; അതിനൊന്നിനും ഒരു ക്ലിപ്തവുമില്ല; അതിനാലത്രേ സ്വതന്ത്ര എന്നു വിളിക്കപ്പെട്ടിരിക്കുന്നതു്. കുയിലിനു ഇവയെല്ലാററിനും നിബന്ധനയുണ്ടു്. കുയിലിനെ സജ്ജനമായിട്ടും കാക്കയെ ദുർജ്ജനമായിട്ടും ഈ ശ്ലോകത്തിൽ കല്പിച്ചിരിക്കുന്നു. സജ്ജനങ്ങൾക്കു എല്ലാ കാര്യങ്ങൾക്കും ക്ലിപ്തമായ പന്ഥാവുണ്ടു്; ദുർജ്ജനം തോന്നിയതുപോലെ ചെയ്യുന്നു എന്നു താൽപര്യം.

അനേക ഖലജനാധാരഭൂതം കഞ്ചിദ്വൃക്ഷോക്ത്യാ നിന്ദന്നാഹ:—

൪൩. കാകാ മൂർദ്ധ്നി സുഖം വസന്തി ശതശഃശാഖാസു ശാഖാമൃഗാ
ഘൂകാഃ കോടരഗഹ്വരേഷു മശകൈർള്ളംശൈശ്ച സാന്ദ്രം തലം |
ആധാരഃ കിയതാമസി സ്ഥിരതരം ശുദ്ധം ച ലബ്ധം യശഃ
പാന്ഥാ നോപസരന്തി ചേൽ ക്ഷതമിതഃ കിം വൃക്ഷരാജസ്യ തേ ||

അനവധി ദുഷ്ടന്മാക്കു് ആശ്രയഭൂതനായിരിക്കുന്നവനെ സമ്പ്രദായത്തിൽ നിന്ദിച്ചു പറയുന്നു:—

മൌകലിവ്രജമിരുന്നിടുന്നു മുകളിൽ
സുഖം, കപികൾ കൊമ്പിലും,
ഘൂകവൃന്ദമതു കോടരത്തിലു,മടിക്ക
ദംശമശകങ്ങളും |

ആകയെത്രയിഹ ചേതനങ്ങൾ,
വിശദം യശോഽധിഗതം, മദ്ധ്വഗം
ലോകമന്തികമണഞ്ഞിടായ്കിലിഹ
വൃക്ഷരാജ! തവ കാ ക്ഷതിഃ? ‖

അല്ലയോ വൃക്ഷരാജ! അരയാലേ! നിന്റെ മുകളിൽ മൌലികവ്രജം, കാക്കകളുടെ കൂട്ടം; സുഖം സൌഖ്യമായി; ഇരുന്നിടുന്നു, കൊമ്പിലും കവരങ്ങളിൽ; കപികൾ, കുരങ്ങുകൾ 'സുഖം ഇരുന്നിടുന്നു' എന്നു അനുവത്തിക്കണം. കോടരത്തിലും, പോടുകളിൽ; ഖേടകവൃന്ദം, മൂങ്ങകളുടെ കൂട്ടം; സുഖം ഇരുന്നിടുന്നു. അടിക്കു്, മൂട്ടിൽ; ദംശമശകങ്ങളും, എറമ്പു്, കൊതുകു്, മുതലായവയും; സുഖം ഇരുന്നിടുന്നു; ആകയെത്രയിഹ ചേതനങ്ങൾ, ഇപ്രകാരം മുകളിലും കൊമ്പുകളിലും പോടുകളിലും മൂട്ടിലുമായി എത്ര ചേതനങ്ങൾ! എത്ര വളരെ പ്രാണികൾ നിന്നെ ആശ്രയിച്ചു സുഖമായിരിക്കുന്നു. അതുകൊണ്ടു വിശദം, നിമ്മലമായ; യശഃ യശസ്സു്, കീത്തി; അധിഗതം, പ്രാപ്തം, നിനക്കു സിദ്ധിച്ചിരിക്കുന്നു; ജീവരക്ഷകനെന്നുള്ള കീത്തി നിനക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു. പിന്നെ, അദ്ധ്വഗം ലോകം, വഴി നടന്നുവരുന്ന ജനങ്ങൾ; അന്തികം അണഞ്ഞിടായ്കിൽ അടുക്കൽ മൂട്ടിൽ വന്നിരിക്കുന്നില്ലെന്നുള്ളതുകൊണ്ടു; തവ കാ ക്ഷതിഃ? നിനക്കു എന്തു കുറവാണുള്ളതു്? അതുകൊണ്ടു നിനക്കു് ഒരു ഹാനിയും ഇല്ല എന്നത്ഥം. അല്ലയോ മഹാപ്രഭോ! എത്രയോ ദുഷ്ടന്മാർ അങ്ങേ ആശ്രയിച്ചു കാലക്ഷേപം ചെയ്യുന്നു. സജ്ജനം അങ്ങേ ആശ്രയിക്കുന്നില്ലെന്നുള്ളതുകൊണ്ടു എന്തു കുറച്ചിലാണു വരാനുള്ളതു്? എന്നു മമ്മോക്തിയായി കവി ചോദിക്കുന്നു. വളരെ ദുഷ്ടന്മാരെ ഭരിക്കുന്നതുകൊണ്ടു പ്രഭുവിനു അയശസ്സുണ്ടാക മാത്രമേ ചെയ്കയുള്ളൂ. കുറഞ്ഞിരുന്നാലും സജ്ജനങ്ങളെയാണു രക്ഷിക്കേണ്ടതെന്നു താൽപര്യം.

ബഹിർമ്മധുരമന്തഃ കക്കശം കഞ്ചിൽ പ്രഭുമുപാസിതുമാഗതഃ കശ്ചിദന്യമുഖനേ തദീയഖലതാമവഗമ്യ തതോ നിവൃത്ത ഇത്യാഹ:—

൭൦. സ്നിഗ്ദ്ധശ്യാമളകോമളം ദലമതി പ്രച്ഛായശീതം തലം
ഭൂപൃഷ്ഠത്തവിലംബിജംഭലഫലസ്ഥൂലം ച വൃത്തം ഫലം! |
സംപശ്യൻ വിജനേ വനേ വ്യവസിതസ്തത്രൈവ വസ്തും സുഖം
പാന്ഥഃ പാന്ഥമുഖാദപിക്ഷ്യദ്രുമമമും ദൈവാദവേത്യ ദ്രുതഃ ‖

പുറമേ നല്ലവനായും ഉള്ളിൽ ദുഷ്ടനായുമുള്ള ഒരു പ്രഭുവിനേ ആശ്രയിക്കുന്നതിന്നു വന്ന ഒരുവൻ അദ്ദേഹത്തിൻെറ ദൌർജ്ജന്യത്തേ മറെറാരുവനിൽ നിന്നും ധരിച്ച് ഒഴിഞ്ഞുപോയതായി പറയുന്നു:—

മൃഷ്ടനീലരുചിയാം ദലം തണൽ
നിറഞ്ഞു ശീതളമതാം തലം
പുഷ്ടമായ് പൃഥുലമാം ഫലം
പഥികനങ്ങു കണ്ടു വിജനേ വനേ |
ഹൃഷ്ടനായ് കരുതി തത്ര തന്നെ
വസതിക്കഥാന്യ പഥികോക്തിയാൽ
ദുഷ്ടമായ വിഷവൃക്ഷമെന്നതു
ധരിച്ചഹോ ഝടിതി മണ്ടിനാൻ ||

വിജനേവനേ, ആരുമില്ലാത്ത കാട്ടിൽ, പഥികൻ വഴിപോക്കൻ വഴി നടന്നു ക്ഷീണിച്ചു വിശ്രമത്തിന്നു ഇച്ഛിച്ചു വരുന്ന വഴിയാത്രക്കാരൻ, മൃഷ്ടനീലരുചിയാം ദലം, നല്ല പച്ചനിറമുള്ള ഇലയേയും, തണൽ നിറഞ്ഞു ശീതളമതാം തലം, ധാരാളം തണലുള്ളതുകൊണ്ടു തണുപ്പോടു കൂടിയിരിക്കുന്ന മൂടിനേയും, പുഷ്ടമായ് പൃഥുലമാം ഫലം, കൊലച്ചു കൊലച്ചു നിൽക്കുന്ന വലിയ പഴങ്ങളേയും, കണ്ടു ഹൃഷ്ടനായ്, സന്തുഷ്ടഹൃദയനായി ആവൂ! ഇവിടെ വിശ്രമിച്ചു വിശപ്പടക്കാമെന്നു സന്തോഷത്തോടെ തത്രതന്നെ, അവിടെത്തന്നെ, വസതിക്കു കരുതി, അവിടെത്തന്നെ വിശ്രമിക്കാമെന്നുറച്ചു. അഥ അപ്പോൾ, അതു് ആ വൃക്ഷം, ദുഷ്ടമായ . വിഷവൃക്ഷമെന്നു, ചീത്ത ചേർമരമെന്നു. ചേർമരത്തിൻെറ മൂട്ടിൽക്കൂടി പോയാൽ ദേഹമെല്ലാം പൊള്ളും. അന്യപഥികോക്തിയാൽ, മറ്റൊരു വഴിപോക്കൻ പറഞ്ഞു, ധരിച്ചു, മനസ്സിലാക്കി, ഝടതി മണ്ടിനാൻ, ക്ഷണത്തിൽ അതിനെ ഒഴിഞ്ഞു ഓടിപ്പോയി. അഹോ! കഷ്ടം! ഈ വിഷവൃക്ഷത്തിന്നു ഇത്ര നല്ല ഇലയും കായും തണലും ആളുകളെ ഭ്രമിപ്പിക്കാനുണ്ടാകുന്നല്ലൊ എന്നും വഴിപോക്കന്നു വിശ്രമസ്ഥാനം കിട്ടിയില്ലല്ലോ എന്നും ഉള്ളതിനെ ദ്യോതിപ്പിക്കുന്നു. ചേർമരത്തിന്റെ മൂട്ടിൽ വഴിപോക്കൻ എങ്ങനെ വിശ്രമിക്കയില്ലയോ അതുപോലെ പുല്ലുകൊണ്ടു മൂടിയ കിണറുപോലെ ചതിയനായ പ്രഭുവിനെ സജ്ജനങ്ങൾ ആശ്രയിക്കയില്ലെന്നു താൽപര്യം.

മഹാന്തോ ബഹുഭിഃ കാര്യഭരൈർബാധിതാ അപി കൈശ്ചിദിതരൈരസ്തോഷിതാ അപി തത്രോഭയത്രാപി നിശ്ചലാ ഏവ തിഷ്ഠന്തീത്യാഹ:—

൭൧. വർഷന്ത്വംബുമുചസ്തപന്തു തപനാ മഥ്നന്തു ദേവാസുരാ
ബധ്നന്തു പ്ലവഗാഃ പതന്തു സരിതോ ഗംഗാദിമാസ്സർവ്വതഃ |
പുഷ്ണാത്വുൽപലബാന്ധവഃ പ്രതിനിശം മുഷ്ണാതു വാ ബാഡവോ
നാബ്ധിഃ ക്ഷുഭ്യതി ന പ്രസീദതി തതോ ന ക്ഷീയതേ നൈധതേ ||

ക്ലേശകരങ്ങളായും തോഷകരങ്ങളായും പല സംഗതികളുണ്ടെങ്കിലും മഹാന്മാർ അവയൊന്നുകൊണ്ടും കുലുക്കമില്ലാത്തവരായിരിക്കുന്നു എന്നു പറയുന്നു:—

പൂഷരശ്മികൃതതാപ, മഭ്രകൃതവൃഷ്ടി,
ദേവകൃതമന്ഥനം,
ഘോഷമായമരനിമ്നഗാദിപതനം,
പ്ലവംഗകൃതബന്ധനം, |
ഓഷധീശകൃതപോഷ, മൌർവ്വകൃത-
ശോഷ, മീവക നിമിത്തമാ-
യീഷലില്ലൊരു കലക്കവും തെളിവുമൃ-
ദ്ധിയും ക്ഷയവുമബ്ധിയിൽ ||

പൂഷരശ്മികൃതതാപം, പൂഷാവിന്റെ സൂര്യന്റെ രശ്മികളാൽ കൃതമായ ചെയ്യപ്പെട്ട താപം ചൂടു്, സൂര്യൻ നന്നായി ജ്വലിച്ചു ചൂടു്, പിടിപ്പിക്കുന്നു. അഭ്രകൃതവൃഷ്ടി; അഭ്രങ്ങളാൽ മേഘങ്ങളാൽ കൃതമായ ചെയ്യപ്പെട്ട വൃഷ്ടി വർഷം, മേഘങ്ങൾ തണുത്ത ജലത്തെ ചൊരിയുന്നുണ്ടു്. ദേവകൃതമന്ഥനം ദേവന്മാരാൽ ചെയ്യപ്പെട്ട കടയൽ, പണ്ടു്, അമൃതം ലഭിക്കുന്നതിനു ദേവാസുരന്മാർ മന്ദരം പർവ്വതത്തെ മത്തായും വാസുകിയെ കയറായുമാക്കി പാലാഴിമഥനം ചെയ്ത കഥയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ഘോഷമായ് അമരനിമ്നഗാദിപതനം, ഗംഗ മുതലായ മഹാനദികളുടെ ഊക്കോടുള്ള ചാട്ടം പണ്ടു ഭഗീരഥൻ തപസ്സുചെയ്തു പിതൃമോക്ഷത്തിനായി ഗംഗയെ ഭൂമിയിൽ അവതരിപ്പിച്ച കഥയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. സകല നദികളും സമുദ്രത്തിലാണല്ലൊ സംഗമിക്കുന്നതു്. അതിനെ ആദിശബ്ദത്താൽ ധ്വനിപ്പിക്കുന്നു. പ്ലവംഗകൃതബന്ധനം, വാനരന്മാരാൽ ചെയ്യപ്പെട്ട ചിറകെട്ടൽ, ശ്രീരാമനു രാവണനിഗ്രഹം ചെയ്വാൻ ലങ്കാപ്രവേശനത്തിനായി ഹനുമൽപ്രഭൃതികളായ വാനരന്മാരാൽ സേതുബന്ധനം ചെയ്യപ്പെട്ട പുരാണകഥയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ബന്ധനം എന്ന ശബ്ദത്തിനു പിടിച്ചുകെട്ടുക എന്നുള്ള അർത്ഥത്തെയും ഗ്രഹിക്കാം. ഓഷധീശകൃതപോഷം, ചന്ദ്രനാൽ ചെയ്യപ്പെടുന്ന പുഷ്ടി, ചന്ദ്രോദയത്തിൽ സമുദ്രത്തിനു് ഏറ്റമുണ്ടാകുന്നു. ഔർവ്വകൃതശോഷം

ബഡവാഗ്നിയാൽ ചെയ്യപ്പെടുന്ന വാട്ടം; സമുദ്രാന്തവ്ത്തിയായ ബഡവാനലൻ ജലത്തെ വറ്റിക്കുന്നു എന്നാണു പ്രസിദ്ധി. ഈവക നിമിത്തമായി മുൻ പറഞ്ഞ ശോഷകരമായും പോഷകരമായുമുള്ള സംഗതികളെ കൊണ്ടു്, അബ്ധിയിൽ സമുദ്രത്തിൽ, ഒരു കലക്കവും തെളിവും, ശുദ്ധിയും, ക്ഷയവും ഈഷലില്ല, സ്വല്പമെങ്കിലുമില്ല. ദേവന്മാർ മഥനം ചെയ്തതും, വലിയ നദികൾ പാഞ്ഞുവീഴുന്നതും, സേതുബന്ധം ചെയ്തതും കൊണ്ടു് സമുദ്രത്തിനു കലക്കം വരാവുന്നതാണു്. അതുപോലെ ഗംഗ മുതലായ ശുഭ്രജലനദികളുടെ സംഗമം നിമിത്തം തെളിവും, മേഘങ്ങൾ ചൊരിയുന്ന വഷംകൊണ്ടും നദീജലസംഗമംകൊണ്ടും ചന്ദ്രൻ ചെയ്യുന്ന ഏറ്റംകൊണ്ടും ശുദ്ധിയും സൂയ്യരശ്മികളാൽ ഉണ്ടാകുന്ന താപംകൊണ്ടും ബഡവാനലൻ ചെയ്യുന്ന ശോഷംകൊണ്ടും ക്ഷയവും ഉണ്ടാകാവുന്നതാണു്. ഇതൊന്നും സമുദ്രത്തിനെ ബാധിക്കുന്നില്ല. അതുപോലെ മഹന്മാർ ക്ഷോഭകാരണങ്ങളുണ്ടായാലും ശരി തോഷകാരണങ്ങളുണ്ടായാലും ശരി, കുലുക്കമില്ലാതെ ഇരിക്കുന്നു എന്നു താൽപര്യം

അനേകജനജീവനഹേതുഭൂതം യം കഞ്ചിന്മഹാന്തം സ്തുവന്നാഹ:—

൭൨. വാപീകൂപതടാകപല്വലസരസ്സ്രോതസ്വിനീസാരിണീ-
തോയാഭ്യുദ്ഗമനിർഝരഹ്രദജലാധാരോദപാനപ്രപാഃ |
സംപന്നാ ഉപജീവ്യ യസ്യ വിഭവം സംക്ഷോൽ പ്രണാള്യാപി വാ
തസ്മൈ ജീവനജീവനായ സരിതാമീശായ തുഭ്യം നമഃ ||

അനേകംപേക്കു കാലക്ഷേപത്തിനു കാരണഭൂതനായിരിക്കുന്ന ഒരു മഹാനെ സ്തുതിക്കുന്നു:—

പാവനം നദവുമുത്സവും നദിയു-
മന്ധുവും കുളവുമസ്സര-
സ്സ്രാവനഹ്രദിനീതോട്ടകയാൽ
പരിഖാ തടാഗമുദപാനവും |
ഏവനുള്ള വിഭവത്തിനാലിവ
ഭവിച്ചിട്ടുന്നു ഭുവി കേവലം
ജീവനങ്ങളുടെ ജീവനായ ഭവതേ
നമോസ്തു സരിതാംപതേ! ||

പാവനം പരിശുദ്ധമായ, നദവും, നദത്തിനും നദിക്കും വ്യത്യാസം ഒന്നു പടിഞ്ഞാട്ടു് ഒലിക്കുന്നതെന്നും മറ്റേതു കിഴക്കോട്ടു ഒലിക്കുന്നതെന്നു മാകുന്നു, ഉത്സം അരുവി, നദിയും, പുഴയും; അന്ധു കിണറും, കുളവും സ്നാനപാനാദികൾക്കു കുഴിച്ചുണ്ടാക്കുന്നതാണു കുളം; സരസ്സ് പ്രകൃത്യാ ഉള്ള കുളം; വനഹ്രദിനി കാട്ടാറ്; ഇതു അല്പജലമുള്ളതായിരിക്കും. തോട് ഇതു കൃത്രിമമായും അകൃത്രിമമായുമുണ്ടു്, കായൽ വിശലമായ ഒരുവക ജലാശയം, ഇതിൽ ചിലതു ഓരുള്ളതും ചിലതു് ഓരില്ലാത്തതു മായിരിക്കും; പരിഖാ കിടങ്ങ്, തടാഗം കാട്ടിലും മറ്റുമുള്ള സരസ്സിനാണു ഈ പേർ സാധാരണ പറയാറുള്ളതു്. ഉദപാനം, തൊട്ടി, തണ്ണീർപന്തലിലും മറ്റും കുടിവെള്ളം ഇട്ടിരിക്കുന്ന തൊട്ടി, ഇവ ഈ ജലാശയങ്ങളെല്ലാം, ഏവനുള്ള വിഭവത്തിനാൽ കേവലം യാവനൊരുത്തന്റെ വൈഭവംകൊണ്ടുതന്നെ ഭുവി ഭൂമിയിൽ, ഭവിച്ചിട്ടു ഉണ്ടായിരിക്കുന്നു. ഇവയെല്ലാം സമുദ്രത്തിൽനിന്നും ജലം ആവിയായിപോയി മേഘമായി വർഷിച്ചു് ഉണ്ടാകുന്ന ജലംകൊണ്ടു നേരിട്ടോ അല്ലാതെയോ പൂർണ്ണങ്ങളാകുന്നു. അപ്രകാരമുള്ള ജീവനങ്ങളുടെ ജീവനായ, ജലങ്ങളുടെ ജന്മഭൂമിയായ; ജീവനായ എന്ന ശബ്ദത്തിനു ജീവൻ ആയ എന്നും ജീവനായ എന്നു ചതുർത്ഥ്യന്തമായും അർത്ഥം കല്പിക്കാം. സരിതാംപതേ! സമുദ്രമേ! ഭവതേ നിനക്കായിക്കൊണ്ടു, നമോസ്തു നമസ്കാരം. പലർക്കും ഉപജീവനത്തിനു ഹേതുഭൂതനായിരിക്കുന്ന ആൾ വന്ദ്യനെന്നു താൽപര്യം.

മഹാന്തസ്സുഖദുഃഖയോരപി ന തുഷ്യന്തി ന ഖിദ്യന്ത
ഇത്യാഹ:—

൬൩. നാത്യുഷ്ണോ ന ച ശീതളോ, ജലനിധിർല്ലബ്ധപ്രതിഷ്ഠോഽപി [സൻ
കസ്തസ്യാഃ പ്രകൃതേരമും ചലയിതും ശക്തസ്ത്രിലോകേഷ്വപി
അദ്യാപി ജ്വലതാന്തരേവ വിഹിതം കിം താവദൌർവ്വാഗ്നിനാ
സായം സായമുദിത്വരേണ ശശിനാ തത്രൈവ വാ കിം കൃതം? ||

മഹാന്മാർ സുഖം വരുമ്പോൾ സന്തോഷിക്കയും ദുഃഖം വരുമ്പോൾ വ്യസനിക്കയും ചെയ്കയില്ല; ഒന്നിനും അവരെ സ്വപ്രകൃതിയിൽനിന്നും ചലിപ്പിക്കാൻ കഴികയില്ലെന്നു പറയുന്നു:—

ഖ്യാതമെങ്കിലുമത്യുഷ്ണമല്ലപി ച-
ശീതമല്ലുദധിയാവത-
ല്ലേ തദീയനിയതസ്വഭാവമിതി-
ളക്കുവാനലകിലാർക്കുമേ |

ജാതമെന്തു ബഡവാമുഖാഗ്നി
ജ്വാരേ ജ്വലിക്കിലുമഹന്നിശം
ശീതദീധിതിയുദിച്ചു വന്നനുനിശം
ഹിമച്ചൂട വമിക്കിലും ॥

ഉദധി -സമുദ്രം, ഖ്യാതമെങ്കിലും, പ്രസിദ്ധമെങ്കിലും, അത ഏവ ഒരു സ്ഥിതി ലഭിച്ചിരിക്കുന്നതാണെങ്കിലും, മൂർത്തിമത്തായ ഏതിനും ശീതോഷ്ണസ്ഥിതി ഭേദിക്കുന്നതാണ്, അതുകൊണ്ട് സമുദ്രം ഉഷ്ണമായോ ശീതമായോ ഇരിക്കണം. എന്നാൽ വാസ്തവമെങ്ങനെ? അതു് ഉഷ്ണമല്ല, സമുദ്രത്തിനു ചൂടുണ്ടോ? ഇല്ല, അപിച ശീതമല്ല, എന്നാൽ തണുപ്പുണ്ടോ? അതുമില്ല, ഏതദീയനിയതസ്വഭാവം, ഇതിന്റെ ഉഷ്ണവുമല്ല ശീതവുമല്ല എന്നുള്ള ഈ പ്രകൃതിസിദ്ധമായ സ്വഭാവത്തെ, ഉലകിൽ ആക്കമേ, ലോകത്തിൽ ഒന്നിനുംതന്നെ, ഇളക്കുവാൻ ആവതല്ല, മാററാൻ കഴിയുന്നതല്ല, എന്നാൽ ശീതോഷ്ണസ്ഥിതിയെ ഭേദിപ്പിക്കാൻ സമുദ്രത്തിനെ എന്തെങ്കിലും ബാധിക്കുന്നുണ്ടോ? എങ്കിലല്ലേ ഭേദം വരാനിടയുള്ളു. എന്നുള്ളതിനു ഉണ്ടെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു:—ബഡവാമുഖാഗ്നി അഹന്നിശം രാപ്പകൽ, ജ്വാരേ ജ്വലിക്കിലും ഉള്ളിൽ കിടന്നു കത്തുന്നതുകൊണ്ടും, അനുനിശം രാത്രിതോറും, ശീതദീധിതി ചന്ദ്രൻ ഉദിച്ചുവന്നു ഹിമച്ചൂട വമിക്കിലും ഹിമവർഷം ചെയ്യുന്നതുകൊണ്ടും, ജാതമെന്തു് എന്തു പററി? ഒന്നും ഫലിച്ചില്ലെന്നർത്ഥം. ബഡവാഗ്നി സമുദ്രത്തിന്റെ അന്തർഭാഗത്തിൽ ജ്വലിക്കുന്നതുകൊണ്ടു അതു ചൂടു പിടിക്കുന്നതുമില്ല; ചന്ദ്രൻ മഞ്ഞു പൊഴിക്കുന്നതുകൊണ്ടു തണുക്കുന്നതുമില്ല, സമുദ്രത്തിന്റെ നിയതസ്വഭാവത്തിനു ഒരു ഭേദവുമില്ല. ഇതുപോലെ മഹാന്മാർ ഒന്നുകൊണ്ടും സ്വപ്രകൃതിയിൽ നിന്നു് ഇളകുന്നില്ലെന്നു താൽപര്യം.

മഹദാശ്രയവിഭവാദിശാലിഭിരപി ദൈവഗതിരനിവാര്യേത്യാഹ:—

൫൪. രാജാ വിപ്രകുലസ്യയസ്യ തനയസ്സോമസ്സ വാരാന്നിധേ-
ശ്ശ്വസ്സ്വാശ്രയണീയപാദകമലസ്തസ്യാശ്രയോയം ഹരേഃ ।
ആനീതശ്ചുളുകംസ ഏവ ചുളുകേƒപ്യന്തഃ പ്രവേശ്യേതചേൽ
കസ്സംവേദിതുമീഹതേ ഭഗവതഃ കാലസ്യ ലീലായിതം ॥

മഹാന്മാരുടെ ആശ്രയമുണ്ടായിരുന്നാലും തലയിലെഴുത്തു തടുക്കാവതല്ലെന്നു പറയുന്നു:—

വിപ്രസംസദധിരാജനായ
ഭഗവാൻ ഹിമദ്യുതിയിതിൻ സുതൻ
സ്വപ്രകാശനഖിലാഭിവന്ദ്യ-
പദനാമധോക്ഷജനിതാശ്രയം |
ഇപ്രകാരമെഴുമാഴിയും ചു-
ളുകനീതമസ്തമിതമാകിലി-
ന്നപ്രമേയമറിയാവതാക്ക-
തിവിചിത്രകാലഗതി വിഭ്രമം ||

വിപ്രസംസദധിരാജനായ, ബ്രാഹ്മണവൎഗ്ഗത്തിനു രാജാവായ, ഭഗവാൻ ഹിമദ്യുതി വന്ദനീയനായ ചന്ദ്രൻ, ഇതിൻ സുതൻ സമുദ്രത്തിന്റെ പുത്രനാകുന്നു, പാലാഴിമഥനത്തിൽ ചന്ദ്രനും അവിടെനിന്നാണല്ലോ ഉണ്ടായതു്. സ്വപ്രകാശൻ പരമാത്മസ്വരൂപിയായി; അഖിലാഭിവന്ദ്യപദനാം എല്ലാവരാലും വന്ദിക്കപ്പെടേണ്ട പദങ്ങളോടുകൂടിയവനായിരിക്കുന്ന, എല്ലാവരും കാല്ക്കൽ വീണു നമസ്കരിക്കുന്ന, അധോക്ഷജനു വിഷ്ണുവിനു; ഇതു സമുദ്രം, ആശ്രയം ഇരുപ്പിടം ആകുന്നു. മഹാവിഷ്ണു പാലാഴിയിലാണല്ലോ അനന്തന്റെ മേൽ ശയിക്കുന്നതു്. മറ്റെല്ലാവൎക്കും ആശ്രയഭൂതനായിരിക്കുന്ന വിഷ്ണുവിനുകൂടി ആശ്രയമാണു സമുദ്രം എന്നു ധ്വനി. ഇപ്രകാരം എഴും ഇവ്വണ്ണമെല്ലാമിരിക്കുന്ന, ഇത്ര വളരെ വൻപനായ, ആഴിയും സമുദ്രംകൂടിയും, ചുളുകനീതം ചുളുകത്തിൽ ഉള്ളംകയ്യിന്റെ കുഴിയിൽ, നീതം ആക്കപ്പെട്ടു്, അസ്തമിതം ആകിൽ നഷ്ടമായിപ്പോയി കാണാതെ ആയിപ്പോയി എന്നുവരികിൽ, പണ്ടു് അഗസ്ത്യമഹൎഷി സമുദ്രത്തെ മുഴുവനും ഉള്ളംകൈയ്യുള്ളിലാക്കി ആചമിച്ചുകളഞ്ഞ കഥയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അപ്രമേയം മനസ്സിനു് അവിഷയമായ, അതി വിചിത്രകാലഗതിവിഭ്രമം അത്യത്ഭുതമായ ദൈവഗതിവിലാസം, ആൎക്കു് അറിയാവതു് ആൎക്കറിയാൻ കഴിയും? വിധിയുടെ ഗതി ആൎക്കും അറിവാൻ പാടില്ലാത്തതാകുന്നു. ,വിധിക്കു വലിയവനെന്നും എളിയവനെന്നും ആൾഭേദമില്ലെന്നു താല്പൎയ്യം.

അല്പസ്യ വസ്തുനോ രക്ഷണേച്ഛയാ മഹതാമന്യേഷാം ബഹൂനാം നാശഃ സ്യാദിത്യാഹഃ—

൫൫. ദുഗ്ധം സ്വാദു രസാദപീഹമധുനോ ദഗ്ധം വിശേഷാത്സുകേ-
സ്സംവൎത്തവ്രതസാക്ഷിണോ ജലചരാ മന്ഥാദ്രിണാ മാരിതാഃ |
പ്രണേഭ്യോ ƒപ്യധികാസ്സുരദ്രുമമുഖാഃ പ്രാപ്താസ്സമസ്താ വ്യയം
കിഞ്ചിദ്രക്ഷിതുമിച്ഛതാമൃതമിഹ ക്ഷീരാബ്ധിനാ നാശിതം |

അല്പമായ ഒരു വസ്തുവിനെ വെച്ചു സൂക്ഷിക്കാൻ മോഹിച്ചു മററനേകം മഹാർഘങ്ങളായ വസ്തുക്കളേക്കൂടി നശിപ്പിക്കുന്നവനെ ദൂഷിക്കുന്നു:—

പ്ലുഷ്ടമായ് മധുരദുഗ്ധപൂരമത്തു
ഘോരവാസുകിവിഷത്തിനാൽ
പിഷ്ടമായ് ജലചരോൽകരം
പ്രളയസാക്ഷി മന്ദരഗിരീന്ദ്രനാൽ |
ഇഷ്ടമാമമരഭൂരുഹപ്രഭൃതി
രത്നസഞ്ചയമത്തും ഹൃതം
നഷ്ടമായമൃതുമിങ്ങു പാൽക്കടലി-
തിൻെറ രക്ഷയെ നിനയ്ക്കുയാൽ ||

പാൽക്കടൽ ഇതിന്റെ, അമൃതത്തിന്റെ; രക്ഷയെ നിനയ്ക്കയാൽ പാൽക്കടൽ അമൃതിനെ കൊടുക്കാതെ സൂക്ഷിക്കണമെന്നുദ്ദേശിക്കയാൽ; എന്താണു ഫലമുണ്ടായതെന്നു പറയുന്നു—മധുരദുഗ്ദ്ധപൂരമത്തു സ്വാദുവായ പാലെല്ലാം; ഘോരവാസുകിവിഷത്തിനാൽ പ്ലുഷ്ടമായ് ദഹിപ്പിക്കപ്പെട്ടതായി, പ്രളയസാക്ഷി പ്രളയകാലംമുതൽ കിടപ്പുള്ള പുരാതനങ്ങളായ, ജലചരോൽകരം ജലജന്തുക്കളെല്ലാം, മന്ദരഗിരീന്ദ്രനാൽ പിഷ്ടമായ് പൊടിക്കപ്പെട്ടു. ഇഷ്ടമാം, മഹാർഘങ്ങളാകകൊണ്ടു പ്രത്യേകം പ്രതിപത്തിയുള്ള; അമരഭൂരുഹപ്രഭൃതി രത്നസഞ്ചയമത്തും, കല്പവൃക്ഷം മുതലായ രത്നങ്ങളും ഉൽകൃഷ്ടവസ്തുക്കളും, ഹൃതം ബലാൽകാരേണ തട്ടിപ്പറിച്ചുംകൊണ്ടു പോകപ്പെട്ടു. അമൃതും ഇങ്ങു നഷ്ടമായി, സൂക്ഷിച്ചുവെയ്ക്കാൻ നിശ്ചയിച്ചിരുന്ന അമൃതും ഇല്ലാതെയായി. മുൻ പറഞ്ഞ സംഗതികളെല്ലാം പാലാഴിമഥനത്തിലുണ്ടായതാണ്. ഇത്രയൊക്കെ നാശംപറ്റി, ദേവാസുരന്മാർ ആവശ്യപ്പെട്ട അമൃത് ആദ്യമേ കൊടുത്തിരുന്നെങ്കിൽ മററുള്ളതൊന്നും നശിക്കയില്ലായിരുന്നു. ഇപ്പോൾ അവയും ഇല്ലാതെയായി, അമൃതും അവർ കൊണ്ടുപോയി. ഇതുപോലെയാണു ലുബ്ധന്മാക്കും പററുന്നതെന്നു താൽപര്യം.

യഃ കാലേ മനസാ ന ദദാതി സ പരൈർബലാദ്ധൃതസ്വഃ സോപാ ഭവതീത്യാഹ:—

ഉന്നം. ലബ്ധാ ശ്രീർമ്മുരവൈരിണാ പുരഭിദാ ലബ്ധാസ്വയം ചന്ദ്രമാ
ദേവൈരപ്സരസോ മണിദ്വിപഹയാസ്തൽസ്വാമിനൈവാഹൃതാഃ।
ഏകസ്മൈ സ്വയമേകമേവ വിതരത്യേതേഷു ചേൽ സാഗര-
സ്ത്രൈലോക്യം വശയേജ്ജഡസ്തു സ വൃഥാ വിക്രമ്യ തൈർല്ലുണ്ഠിതഃ ||

ആവശ്യപ്പെട്ടപ്പോൾ വേണ്ടതിനെ മനസ്സോടെ കൊടുക്കാതെ ഇരിക്കുന്ന, ലുബ്ധന്റെ സർവസ്വവും മററുള്ളവർ ബലാൽക്കാരമായി പിടിച്ചുപറിച്ചു കൊണ്ടുപോകുമെന്നു പറയുന്നു:—

താരിൽമങ്കയെ ഹരിച്ചു ശൌരി
ശശിയെശ്ശിവൻ ത്രിദശരപ്സരഃ-
പാരിജാതഗജവാജിരത്നമുഖമാം
സമസ്തവുമസംശയം |
വാരിരാശി തനിയെയൊരുത്തനിതി-
ലൊന്നു നൽകുകിൽ വശംവദം
പാരിതിന്നു, പരമിജ്ജഡം ഹഠഹൃത-
സ്വമേഭിരഭവദ്വൃഥാ ||

ശൌരി വിഷ്ണു; താരിൽമങ്കയെ, ലക്ഷ്മിദേവിയെ, ഹരിച്ചു, അപഹരിച്ചു; ഈ ക്രിയ എല്ലായിടത്തും അനുവർത്തിപ്പിക്കണം. ശിവൻ, ശശിയെ, ചന്ദ്രനെ, ഹരിച്ചു. ത്രിദശർ ദേവന്മാർ, അപ്സരഃപാരിജാതഗജവാജിരത്നമുഖമാം, ദേവസ്ത്രീകൾ, കല്പവൃക്ഷം, ഐരാവതം, ഉച്ചൈശ്രവസ്സ്, കൌസ്തുഭം മുതലായ സമസ്തവും എല്ലാം; അസംശയം, ശങ്കകൂടാതെ ഹരിച്ചു. വാരിരാശി സമുദ്രം, ഇതിലൊന്നു, തനിയെ മനസ്സോടെ, ഒരുത്തനു നൾകുകിൽ കൊടുത്തെങ്കിൽ, ഇതിനു സമുദ്രത്തിനു, പാർ ലോകം, വശംവദം, അടിമപ്പെട്ടുപോകുമായിരുന്നു. പരം ഇജ്ജഡം എന്നാൽ അപ്രകാരം കൊടുക്കാതെ ഈ മൂഢൻ ഡലയോരഭേദമുള്ളതിനാൽ ജഡം ജലനെറിക; ഏഭിഃ, ഇവരാൽ, മുൻപറഞ്ഞ വിഷ്ണു മുതലായവരാൽ, വൃഥാ വെറുതേ; ഹഠഹൃതസ്വം ബലാൽകാരമായി ഹരിക്കപ്പെട്ട സ്വത്തോടുകൂടിയതായി, അഭവൽ തീൻ്റ. മനസ്സോടെ ഒന്നിനെ എങ്കിലും ഒരാൾക്ക കൊടുത്തിരുന്നെങ്കിൽ മററുള്ളവയെങ്കിലും ഇപ്പോൾ ഉണ്ടായിരുന്നേനെ.

ഏകകന്യകാദാനവിഷയേऽപി ഗൃഹസ്ഥഃ ശൂന്യഹസ്തോ ഭവതീത്യാഹ:

൫൦. കത്യശ്വാഃ കതി ധേനവഃ കതി ഗജാഃ കത്യത്ഭുതാഃ പാദപാ-
സ്സുന്ദര്യഃ കതി സുഭ്രുവഃ കതി മഹാരത്നാന്യനർഘാണ്യപി |
ജാതൈകാ കില കന്യകാ ജലനിധേർഭ്രാതും പ്രസക്താ യദാ
സർവ്വം തദ്വ്യയിതം തദാ പരിണതൌ നാമൈകമുച്ഛേഷിതം ||

ഒരു കന്യകയേ വേട്ടുകൊടുക്കുന്നതിനാൽ തന്നെ ഗൃഹസ്ഥന്റെ സ്വത്തു നാമാവശേഷമാകുന്നു എന്നു പറയുന്നു:—

വാഹമെത്ര പശുവെത്രയെത്ര
ഗജമെത്രയത്ഭുതകരം മരം
മോഹനാകൃതികളെത്ര കാമി-
നികളെത്ര രത്നമതിദുല്ലഭം |
സ്നേഹമേറുമൊരുകന്യകാമണി
ജനിക്കയാലുദധിയേതദു-
ദ്വാഹനായ ചിലവാക്കിനാനൊടുവിൽ
നാമമാത്രമവശിഷ്ടമായ് ||

ഉദധി സമുദ്രം, അതിനാൽ പാലാഴി, സ്നേഹം ഏറും ഒരു കന്യകാമണി ജനിക്കയാൽ, ചെല്ലമായ ഒരു പുത്രിയുണ്ടാകനിമിത്തം, മഹാലക്ഷ്മി പാലാഴിയിൽ നിന്നാണല്ലോ ഉണ്ടായതു്, ഏതദുദ്വാഹനായ ഇവളുടെ വേളിക്കായി, വാഹമെത്ര കുതിരകളെത്ര, ഉച്ചൈശ്രുവസ്സു മുതലായവ, പശുവെത്ര കാമധേനു മുതലായവ, എത്ര ഗജം ഐരാവതം മുതലായവ എത്ര അത്ഭുതകരം മരം കല്പവൃക്ഷം മുതലായവ, എത്ര മോഹനാകൃതികളായ കാമിനികൾ അപ്സരസ്സുകൾ, എത്ര അതിദുർല്ലഭരത്നം കൌസ്തുഭം മുതലായവ, ഇവയെ എല്ലാം ചിലവാക്കിനാൻ, ചിലവഴിച്ചു. ഇങ്ങനെ സർവ്വസ്വവും ചിലവഴിച്ചതുകൊണ്ടുണ്ടായ ഫലമെന്തു്? ഒടുവിൽ നാമമാത്രം അവശിഷ്ടമായ് ഒടുവിൽ പേരുമാത്രം ശേഷിച്ചു. സമുദ്രത്തിനു 'രത്നാകരം' എന്നു പേരുണ്ടു്. ഈ പേരുള്ളതല്ലാതെ അതിൽ രത്നമൊന്നുമില്ലാതെയായി. പാരദേശികനായ മൂലകവി തന്റെ വർഗ്ഗക്കാരിൽ കന്യകാദാനത്തിനു കണക്കില്ലാത്ത പണം ചിലവാക്കുന്ന നടപ്പിനെ

ഈ ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അഭിമാനത്തിന്നൊന്നി [illegible] ളികളില കുടുംബസ്വത്തിനെ മുടിച്ചു ആടയന്തരം ഘോഷ കന [illegible] ല്ലാഞ്ഞയില്ല. അവർ ഈ ശ്ലോകത്തെ ഹൃദിസ്ഥമാക്കേണ്ടതാണ്.

ദാനശാലിനാം ധനിനാം ഗൃഹ ഏവ ശ്രീസ്സർവദാ നിശ്ചലാ തിഷ്ഠതീത്യാഹ:—

ഭവ്യ. പ്രാഗഭ്യാഗതയാ കിലാംഭസരിതാ സംപ്ലാവയന്ത്യാ മഹീ-
മംഭോധിസ്സ്വയമപ്യപൂര്യത സകൃത്തത്തജ്ജലാധാരവൽ |
ആസ്തേfയം കഥമക്ഷയോ നിധിരപാം തേതേ കഥം വാസതേ
നിർവ്യാജാംബുധരാംബുദാനസുകൃതം സിദ്ധം തദിത്ഥം പുനഃ ||

ദാനശാലികളായ ധനികന്മാരുടെ ഗൃഹത്തിൽ മാത്രമേ ശ്രീ എപ്പോഴും നിശ്ചലയായിരിക്കയുള്ളു എന്നു പറയുന്നു:—

ജൃംഭമാണജവമഭ്രനിർജ്ഝരണി
വീണു മന്നിലൊഴുകീടവേ
സംഭരിച്ചു സലിലം സകൃൽ കടലിൽ മററു
ചാലുകളിലെന്നപോൽ |
അംഭസാം നിധിയപാരമക്ഷ-
യമതെങ്ങു? മററവയുമെങ്ങഹോ?
ദംഭമെന്ന്യെ ജലദാവലിക്കു
ജലദാനജന്യഫലമീദൃശം ||

അഭ്രനിർജ്ഝരണി ഗംഗാ, ജൃംഭമാണജവം ജൃംഭമാണമായ വർദ്ധിച്ചുകൊണ്ടിരുന്നതായ, ജവത്തോടു (ഊക്കോടു), കൂടുംവണ്ണം; വീണു് പണ്ടു ഭഗീരഥൻ ഗംഗയെ അവതരിപ്പിച്ചപ്പോൾ, മന്നിൽ ഒഴു [illegible] ഭൂമിയിൽ കൂടി ഒലിക്കുന്ന വഴിക്കു, മററു ചാലുകളിൽ എന്ന [illegible] ടലിൽ സലിലം സകൃൽ സംഭരിച്ചു, മററുള്ള താണ സ്ഥലങ്ങളിൽ വെള്ളം നിറച്ചു കൂട്ടത്തിൽ സമുദ്രത്തിലും ഒരു തവണ വെള്ളം നിറച്ചു. സംഭരിച്ചു എന്ന ക്രിയയ്ക്കു അഭ്രധിർജ്ഝരണിയാണു കർത്താവെന്നറിക. ഇപ്പോൾ അവററുകളുടെ സ്ഥിതിഭേദമെന്തെന്നു പറയുന്നു—അംഭസാം നിധി അപാരം, അക്ഷയം, അതെങ്ങു? ജലങ്ങൾക്കെല്ലാം ആധാരമായി, അനന്തമായി, ഒരിക്കലും ക്ഷയമില്ലാത്ത സമുദ്രത്തിന്റെ സ്ഥിതി

എങ്ങനെ ഇരിക്കുന്നു? മററവയുമെങ്ങഹോ: മററുള്ള ചാലുകളുടെ സ്ഥിതി എങ്ങനെ ഇരിക്കുന്നു? അവയിൽ ജലമില്ലാതെ അറ്റയിത്തീന്നിരിക്കുന്നു. ഈ ഭേദം വരാനുള്ള കാരണമെന്തെന്നു അന്ത്യപാദത്തിൽ പറയുന്നു— ദംഭമെന്യേ നിർവ്യാജമായി, ജലദാവലിക്കു മേഘസമൂഹത്തിനു, ജലത്തെ ദാനം ചെയ്യുന്നതിനു എന്നുള്ള യൌഗികാത്ഥവും കവിഹൃദയത്തിലുള്ളതായി കാൺക. ജലദാനജന്യ ഫലം, ജലം കൊടുത്തതുകൊണ്ടുള്ള ഫലം, ഈദൃശം ഇപ്രകാരമാകുന്നു: ഈ ദാനപുണ്യത്തിനാലത്രേ സമുദ്രത്തിനു ഇന്നൊരു കുറവുമില്ലാതെ ഇരിക്കുന്നതു്. ശാസ്ത്രദൃഷ്ട്യാ നോക്കുന്നതായാലും മേഘമുണ്ടായി വർഷിക്കുന്നതുകൊണ്ടു തന്നെയാണു സമുദ്രത്തിലുള്ള ജലത്തിനു കൂടുതൽ കുറവില്ലാത്തതു്.

അനേകജനോപകാരകരണപരായണാനാം പ്രഭൂണാമാശ്രയഃ കൈശ്ചിദീർഷ്യാവശേന ന കൃതശ്ചേത്ത ഏവ ഭാഗ്യഹീനാ ഇതി ജ്ഞേയാ ഇത്യാഹ:—

൫൯. ഖാതം ശീതളവാരി വാരിദകുലശ്യാമാംഭിരാമദ്രുമം
പാന്ഥശ്രാന്തിഹരം സരഃപഥി ഹൃതം ദുർഭിക്ഷമപ്യംഭസാം |
യേ തേപ്യത്ര ഭുവി ചാതകാ ഇതി കദാപ്യജ്ഞാതഭൌമോദകാ-
സ്തേ ഗൃഹ്ണന്തി ന ചേദിഹാംബു കിമതോ ദൈവേനതേവഞ്ചിതാഃ ||

അനേക ജനങ്ങൾക്കു ഉപകാരം ചെയ്യുന്ന പ്രഭുക്കന്മാരെ ആശ്രയിക്കുന്നതു കുറച്ചിലെന്നു കരുതി ചിലർ മടിക്കുന്നതായാൽ അതുകൊണ്ടുള്ള ഹാനി അവൎക്കു തന്നെ എന്നു പറയുന്നു.

ശീതവാരി പഥികശ്രമാപഹ-
മുദാരഭൂരുഹവിരാജിതം
ഖാതമായ് സരണിയിൽ സരോ-
വരമപാകൃതം സലിലകഷ്ടവും |
ചാതകങ്ങളവനീജലത്തെയറിയാത്ത
പക്ഷികൾ കുടിക്കയി-
ല്ലേതദംബുവിനെയെങ്കിലെന്തതുകൾ
വഞ്ചിതങ്ങൾ വിധിയാൽപരം ||

ശീതവാരി തരംഗ ജലൗഘത്തോടുകൂടിയതും, പഥികശ്രമാപഹം വഴിപോക്കരുടെ ക്ഷീണത്തെ തീക്കുന്നതും, ഉദാരഭൂരുഹവിരാജിതം വലിയ വൃക്ഷങ്ങളാൽ ശോഭിതവും, ആയ സരോവരം നല്ല തഡാഗം, സരണിയിൽ, വഴിയിൽ, ഖാതമായ് കുഴിക്കപ്പെട്ടു; തന്നിമിത്തം, സലിലകഷ്ടവും ജലദാരിദ്ര്യവും, അപാകൃതം നീക്കപ്പെട്ടു; വഴിയിൽ നല്ല കുളുത്ത ജലത്തോടുകൂടിയ ഒന്നാംതരം തഡാഗം കുഴിക്കപ്പെട്ടിട്ടുള്ളതിനാൽ ആക്കും കുടിക്കാൻ വെള്ളത്തിനു ബുദ്ധിമുട്ടില്ല. ഇപ്രകാരമിരിക്കവെ, അവനീജലത്തെ, ഭൂമിയിലുള്ള വെള്ളത്തെ, അറിയാത്ത കുടിക്കാത്ത; അഥവാ ഭൂമിയിൽ വെള്ളമുണ്ടെന്നുതന്നെ ഗണിച്ചിട്ടില്ലാത്ത; പക്ഷികളായ ചാതകങ്ങൾ; ഏതദംബുവിനെ ഈ തഡാഗത്തിലെ ജലത്തെ, കുടിക്കയില്ല എങ്കിൽ; ചാതകങ്ങൾ മേഘത്തിൽ നിന്നു വീഴുന്ന ജലത്തെ മാത്രമേ കുടിക്കയുള്ളൂ എന്നാണു പ്രസിദ്ധി എന്നു്? അതു കൊണ്ടു ആക്കാണു ദോഷം? അതുകൾ പരം വിധിയാൽ വഞ്ചിതങ്ങൾ, ദൈവത്താൽ അവതന്നെ വഞ്ചിക്കപ്പെട്ടു, അവയ്ക്കു തന്നെ ഹാനി എന്നത്ഥം; മററുള്ളവരെക്കാൾ തങ്ങൾക്കു ഒരു വിശേഷം വേണമെന്നു ദുരഭിമാനം ഭാവിക്കുന്നവക്കു തന്നെ അതുകൊണ്ടുണ്ടാകുന്ന ദോഷമെന്നു താൽപര്യം.

ബഹുവിത്തദായിഷു മഹൽസു സ്ഥിതേഷു താൻ വിഹായ
പക്ഷപാതേന യേ ക്ഷുദ്രാനേവ വൃഥാശ്രയന്തി തേ
നിഷ്ഫലജന്മാനഃ പാപിന ഏവേത്യാഹ:—

൩൦. ഭൂമിഷ്ഠാ അതിപാവനീസ്സുരഭിലാസ്സ്വാദീരപസ്സന്ത്യജൻ
യാചത്യംബുദമാംബു ചാതകഗണോ യത്തേന കിം സാധ്യതേ? |
കിം തസ്മൈസ്സദപിഗ്ഘനാ പ്രവർഷതി ഘനഃ? കിം വാ തപസ്സാധ്യതേ?
പ്രാഗ് ജന്മന്യവിതീർണ്ണവാരികണികഃ പാപീ സ ഇത്യൂഹ്യതേ ||

ധാരാളം കൊടുക്കുന്ന മഹാന്മാരെ വിട്ടുംവെച്ചു ക്ഷുദ്രന്മാരോടു യാചിക്കുന്നവനു ഒരു ഫലവും സിദ്ധിക്കുന്നില്ലെന്നു തന്നെയല്ല, പാപിയെന്നുള്ള പേർ കിട്ടുകയും ചെയ്യുന്നു എന്നു പറയുന്നു:—

പാരിലുള്ള പരിശുദ്ധചാരുജലമൊക്കെ
വിട്ടു പണിപെട്ടഹോ
നീരിനായ് മുകിലിനോടിരന്നു ഫലമെന്തു
നേടിയിഹ ചാതകം |

ഭൂരിയായൊരു ജലാപ്തിയില്ല, സു-
കൃതാപ്തിയില്ല, ജനനാന്തരേ
വാരിബിന്ദുവരുളാത്ത ജന്തുവിതു
പാപിയെന്നു പരമൂഹ്യമായ്‌ ||

ചാതകം, പാരിലുള്ള ഭൂമിയിലുമുള്ള, പരിശുദ്ധ ചാരുജലമൊക്കെ വിട്ടു, ശുദ്ധമായ നല്ല ജലത്തെ എല്ലാം ഉപേക്ഷിച്ച്‌; പണിപ്പെട്ടു കഷ്ടപ്പെട്ടു, മുകിലിനോടു മേഘത്തോടു, നീരിനായി, ജലം തരണേ എന്നു; ഇരന്നു, യാചിച്ചതുകൊണ്ടു, ഫലമെന്തു നേടി? എന്തു ഗുണത്തെയാണു സമ്പാദിച്ചതു്? ദാഹിച്ചു കഷ്ടപ്പെട്ടു ആകാശത്തിൽ പറന്നു നടന്നു മേഘത്തിനോടു യാചിച്ചതുകൊണ്ടു, ഭൂരിയായൊരു ജലാപ്തിയില്ല, കുറേ അധികം ജലം കിട്ടിയെന്നുണ്ടോ? അതില്ല. സുകൃതാപ്തിയില്ല, പുണ്യം കിട്ടിയോ? അതുമില്ല. ഇങ്ങനെ വന്നു ഇരക്കുന്നതുകൊണ്ടു അതിനു മാത്രമായി കുറേ അധികം മഴ പെയ്തുവോ, അല്ലെങ്കിൽ അതിനു പുണ്യം ലഭിക്കുയോ ഒന്നുമുണ്ടായില്ല. പിന്നെ എന്തു കിട്ടിയെന്നു അന്ത്യപാദത്തിൽ പറയുന്നു—ഇതു, ഈ ചാതകം, ജനനാന്തരേ, കഴിഞ്ഞജന്മത്തിൽ; വാരിബിന്ദുവരുളാത്ത പാപിയായ ജന്തു ദാഹിച്ചവക്കു ഒരു തുള്ളി വെള്ളംപോലും കൊടുത്തിട്ടില്ലാത്ത മഹാപാപിയായ ജന്തുവായിരുന്നു, എന്നു പരം ഊഹ്യമായി, എന്നു എല്ലാവക്കും മനസ്സിലാകാൻ വഴിയായി. ഇത്ര മാത്രമേ ഫലം സിദ്ധിച്ചുള്ളു. മുജ്ജന്മത്തിൽ ദാഹിക്കുന്നവനു വെള്ളം കൊടുക്കാത്തവൻ പിന്നത്തെ ജന്മത്തിൽ ചാതകമായി തീരുമെന്നാണു ഐതിഹ്യം.

ബഹുവിഭവസഹിതോഽപി വദാന്യോഽപി പുരുഷോ നിർജ്ജനപ്രദേശേ സർവ്വദാ സ്ഥിതശ്ചേത്തസ്യ യശോന സ്യാദേവ, കിന്തു യദൃച്ഛയാ കശ്ചിദർത്ഥീ തദീയസവിധം പ്രതി ഗതശ്ചേത്സ ഏക ഏവ ലബ്ധമനോരഥസ്സ്യാദിത്യാഹ:—

ശ്ലോ. സ്വാദൂന്യേവ ഫലാനി സന്തി സുരഭീണ്യേവ പ്രസൂനാനി ച
സ്വാന്തം ചാപ്യുപകർത്തുമർഹതി ജനേ സാദ്ധ്യം വനസ്ഥേന കിം? |
ഭാഗ്യം ഹ്യേതദതർക്കിതം വനതരോഃ പാന്ഥോ യദാ താപസ-
ച്ഛായാമസ്യ യദൃച്ഛയാ ഫലവതീ മധ്യാസ്ത ഗന്ധോത്തരാം ||

ദാനം ചെയ്വാൻ വേണ്ട ശേഷിയും മനസ്സുമുള്ളവർ അതിനു തക്കതായ സ്ഥലത്തു ഇരിക്കാതെ വല്ല മൂലയിലോ

മുക്കിലോ വസിച്ചാൽ, തങ്ങളുടെ ഉദ്ദേശ്യത്തെ സാധിപ്പിക്കാൻ യദൃച്ഛയാ തരം കിട്ടിയാലുമായി ഇല്ലെങ്കിലുമായി എന്നു പറയുന്നു:—

സുപ്രസൂനനികുരുംബവും സുഫല-
    ജാലവും വിപുലവന്യയാ-
മിപ്രദേശമതിലെങ്കിലെന്തു ഫ-
    ലമർഹരോടുപചികീർഷയും |
അപ്രതർക്കിതമരണ്യശാഖിയുടെ
    ഭാഗ്യമേ പഥികതാപസൻ
സപ്രസാദമദസീയമാം തണലണഞ്ഞു
    വാണതു യദൃച്ഛയാ||

അരണ്യശാഖിയുടെ, കാട്ടുമരത്തിന്റെ; പ്രസൂനനികുരുംബവും നല്ല മണമുള്ള പ്രസൂനങ്ങളുടെ, പൂക്കളുടെ, നികുരുംബവും കൂട്ടവും; സുഫലജാലവും, പഴുത്തു സ്വാദുള്ള പഴങ്ങളുടെ കൂട്ടവും, അർഹരോടു, യോഗ്യന്മാരോടു; ഉപചികീർഷയും ഉപകരിക്കാനുള്ള ഇച്ഛയും; തണലിൽ വിശ്രമം നൽകുതന്നെ ഉപകാരം; വന്യയാം, കൊടുങ്കാടായിരിക്കുന്ന; ഈ പ്രദേശമതിലെങ്കിൽ എന്തു ഫലം? ഒരു പ്രയോജനവുമില്ലെന്നർത്ഥം, വൻകാട്ടിൽ നിൽക്കുന്ന മരത്തിനു നല്ല സുഗന്ധങ്ങളായ പുഷ്പങ്ങളും സ്വാദുക്കളായ പഴങ്ങളും വിശ്രമത്തിനു സുഖമുള്ള നല്ല തണലും ഉണ്ടായിരിക്കുന്നതുകൊണ്ടു ആക്കും ഒരു ഫലവും സിദ്ധിക്കുന്നില്ല. എന്നാലില്ലെന്നുമില്ല, പക്ഷെ അതു വളരെ അപൂർവ്വമാണെന്നു ഉത്തരാർദ്ധത്തിൽ പറയുന്നു— പഥികതാപസൻ, വഴിപോക്കനായ മഹർഷി; യദൃച്ഛയാ, അദസീയമാം, ഇതിന്റെ തണൽ അണഞ്ഞു തണലിൽ വന്നു, സപ്രസാദം സന്തോഷത്തോടെ, വാണതു അരണ്യശാഖിയുടെ അപ്രതർക്കിതം, വിചാരിച്ചിരിക്കാത്ത ഭാഗ്യമേ, ഭാഗ്യം തന്നെ ആകുന്നു. ഇങ്ങനെ പൂജ്യനായ ഒരുവനു ഉപകരിക്കാൻ സന്ദർഭം ഭാഗ്യംകൊണ്ടു് ലഭിച്ചുഎന്നായി എന്നല്ലാതെ എല്ലായ്പ്പൊഴും സാധിക്കുന്നതല്ല എന്നു താൽപര്യം.

നരാണാൻ ജീവിതം ക്ഷണഭംഗുരമപി കൃതപുണ്യപാപ
വാൎത്താ ചിരസ്ഥായിനീത്യാഹ:—

ന്വ. പാദപേഷു വ്യയിതം ഫലം പഥിഷുയൈൎന്നൈസ്സദാപാദപൈ-
ൎയ്യൈരപ്യുന്നതമൌലിഗോപിതഫലൈഃ കോണേ നിലീയസ്ഥിതം |
ദാവേന ജ്വലിതാ ദ്വയേƒപി ഖലു തേ നിശ്ശേഷിതാസ്സാംപ്രതം
പുണ്യം പാപമിതി സ്ഥിതം ദ്വയമിദം തേഷാംദ്വയാനാംപൃഥക് ||

പുണ്യവാനും പാപിക്കും മരണം ഒരുപോലെ ഉണ്ടെ
ങ്കിലും അവർ ചെയ്ത കൃത്യങ്ങളുടെ കഥ ഭിന്നയായി എന്നേ
യ്ക്കും നിലനിൽക്കുമെന്നു പറയുന്നു:—

സ്പഷ്ടമാം ഫലമശേഷമേകി പഥികൎക്കു
താണ ചില പാദപം
ധൃഷ്ടമായതു മറച്ചു മൌലിയി-
ലൊളിച്ചുനിന്നു ചിലതുന്നതം |
നഷ്ടമായതൊരുപോലെ രണ്ടുമെരിയും
ദവാഗ്നിയതിനാൽ, പുന-
ശ്ശിഷ്ടമായരിയ പുണ്യമൊന്നിനഥ
മററതിന്നരിയ പാപവും ||

താണ ചില പാദപം, പൊക്കം കുറഞ്ഞ ചില വൃക്ഷങ്ങൾ; പഥികൎക്കു, വഴിപോക്കൎക്കു, സ്പഷ്ടമാം കാണത്തക്കവിധം നിരത്തി; ഫലം അശേഷം, പഴങ്ങളെല്ലാം, ഏകി, കൊടുത്തു. ചില വൃക്ഷങ്ങൾ താണുനിന്നു എല്ലാവൎക്കും കാണത്തക്കവിധം ഫലങ്ങളെ ഉത്ഭവിപ്പിച്ചു അവയെ എല്ലാം വഴിപോക്കൎക്കു കൊടുത്തു. ഉന്നതം, പൊക്കമുള്ള; ചിലതു, വേറെ ചില വൃക്ഷങ്ങൾ; അതു, ഫലത്തെ, ധൃഷ്ടമായി, ആരെയും അടുക്കൽ അടു പ്പിക്കാതെ, മൌലിയിൽ മറച്ചു, ശിഖരങ്ങളിൽ മറച്ചുംകൊണ്ടു്, ഒളിച്ചു നിന്നു. അതുരണ്ടും, ഈ രണ്ടുകൂട്ടം വൃക്ഷങ്ങളും, എരിയുംദവാഗ്നിയതിനാൽ കത്തുന്ന കാട്ടുതീ പെട്ടു; ഒരുപോലെ നഷ്ടമായി. പുനഃ, എന്നാൽ, ഒന്നിനു ആദ്യം പറഞ്ഞ വൃക്ഷങ്ങൾക്കു, അരിയ പുണ്യം, ഫലദാനജന്യമായ വലിയ സുകൃതവും; മററതിന്നഥ, രണ്ടാമതു പറഞ്ഞ വൃക്ഷങ്ങൾക്കാകട്ടെ, അരിയ പാപവും, ഫലദാനം ചെയ്യായ്കയാലുള്ള വലിയ പാപവും, ശിഷ്ടമായി, ശേഷിച്ചു. കൊടുക്കുന്നവനും കെട്ടിസൂക്ഷിക്കുന്നവനും മരണം

നിശ്ചയമായി ഉണ്ട്; പക്ഷേ കൊട്ടക്കുന്നവന് മരണാനന്തരം യശസ്സും മററവന് ദുൎയ്യശസ്സും ഉണ്ടാകുന്ന സ്ഥിതിക്ക് ദാനം ചെയ്യുന്നവനാണു അധികം ലാഭമെന്നു താൽപൎയ്യം.

മഹാന്തഃ ക്ഷണഭംഗുരജീവിതാ അപി തേഷാം യശസോ
നകദാചിദപിനാശ ഇത്യാഹ:—

ന്നു. അധ്വന്യാഃ കില മൂലഗൎത്തമധുനാപ്യാപൂരയന്ത്യശ്രുഭിർ-
വ്യാക്രോശന്ത്യധുനാ സബാന്ധവകുലാസ്സായം മുഹൂൎത്തം ദ്വിജാഃ |
ഇത്ഥം യാവദിമാനി ബിഭ്രതി ശുചം ഭൂതാന്യപി ത്വൽകൃതേ
താവത്ത്വം ന ഗതോഽസി പാദപ! ചിരം കീൎത്ത്യാത്മനാ വൎത്തസേ ||

മഹാത്മാക്കൾ മരിച്ചാലും തങ്ങളെ പററി വ്യസനിക്കാൻ ആളുകളുള്ളതുവരെ യശശ്ശരീരത്തോടെ ജീവിച്ചുതന്നെ ഇരിക്കുന്നു എന്നു പറയുന്നു:—

വാൎത്തിടുന്നു തവ മൂലഗൎത്തമ-
തിലിപ്പൊഴും പഥികർ കണ്ണുനീ-
രാൎത്തിടുന്നു സകുടുംബമാം ദ്വിജഗണം
മുഹൂൎത്തമിഹ സന്ധ്യയിൽ |
ആൎത്തി ഭൂതകുലമിത്ഥമേററിടവെയോൎത്തു
നിൻെറ പല സദ്ഗുണം
കീൎത്തിമൂൎത്തിയൊടു പാൎത്തിടും ചിര-
മപേതനല്ല തരുവൎയ്യ! നീ ||

തരുവൎയ്യ! ഉത്തമവൃക്ഷമേ!, തവ മൂലഗൎത്തമതിൽ, നിന്റെ മൂട്ടു നിന്നിരുന്ന കുഴിയിൽ; വൃക്ഷം വേരററു വീണുകഴിഞ്ഞാൽ അവിടെ ഒരു വലിയ കുഴി കാണാം. പഥികർ,വഴിപോക്കർ; ഇപ്പോഴും കണ്ണുനീർ വാൎത്തിടുന്നു, ഈ വൃക്ഷം നിന്നിരുന്നപ്പോൾ വിശ്രമത്തിനു എത്ര നല്ല തണൽ തന്നിരുന്നു എന്നു വിചാരിച്ചു വ്യസനിച്ചു കരയുന്നു; സന്ധ്യയിൽ മുഹൂൎത്തം, കുറേനേരം; ഇഹ,ഈ വൃക്ഷം നിന്നിരുന്നിടത്തിൽ; സകുടുംബമാം ദ്വിജഗണം കുഞ്ഞുകുട്ടികളോടു ചേൎന്ന പക്ഷിസമൂഹം; ആൎത്തിടുന്നു; കൂട്ടമായി കരയുന്നു; പ്രതിസായാഹ്നം ശരിയായി വന്നു വൃക്ഷോപരി വെച്ചിരുന്ന കൂടുകളിൽ ചേക്കേറിവന്ന പക്ഷികൾ പതിവനുസരിച്ചു വന്നു കൂട്ടമായി കര

യുന്നു; നിന്റെ പല സദ്ഗുണം ഓൎത്തു, പക്ഷികൾക്കും പഥികന്മാൎക്കും രാപ്പകൽ വിശ്രമം നൽകിവന്ന ഗുണമോൎത്തു; ഭൂതകുലം, പ്രാണിവൎഗ്ഗം, ഇത്ഥം, ഇപ്രകാരം, ആൎത്തിപ്പെട്ടിടവേ; വ്യസനിക്കവേ, നീ അപേതനല്ല, നീ നശിച്ചു എന്നു പറഞ്ഞുകൂടാ, പിന്നെയോ? ചിരം, വളരെനാൾ, കീൎത്തിമൂൎത്തിയോടു; യശശ്ശരീരത്തോടുകൂടി; പാൎത്തിടും, ഇരിക്കും. നിന്നക്കുണ്ടായിരുന്ന ഗുണങ്ങളെ ഓൎത്തു വ്യസനിക്കുന്നവരുള്ളതുവരെ നീ യശശ്ശരീരനായി വാഴുമെന്നൎത്ഥം.

ദുൎദ്ദേശവാസിനസ്സൎവ്വേऽപി ദുൎഭഗാ ഇതി ന നിന്ദ്യാഃ;
തത്രാപി വിശിഷ്ടാനാം വിദ്യമാനത്വാദിത്യാഹ:—

ന്യർ· ജായന്തേ വിജനേ വനേ ക്ഷിതിരുഹോ യദ്യപ്യമീ ദുൎഭഗാ-
സ്സൎവ്വേ തേ വടുഭി സ്തഥാപി ന തഥാ ബോദ്ധും ക്ഷമാസ്തുല്യവൽ |
ആക്രാന്തേഷ്വപി തേഷു കേഷുചിദതിക്രൂരക്രിയൈസ്ശ്വാപദൈൎ
ഗൃഹ്യന്തേ കതിചിദ്യതസ്സമധുരൈൎബ്രഹ്മൎഷിഭിഃ പാവനൈഃ ||

ചീത്തടിക്കിലുള്ളതെല്ലാം ചീത്തയെന്നു തള്ളിക്കളഞ്ഞുകൂടാ എന്നു പറയുന്നു:—

അഖിലവേ വിജനകാനനത്തിലുളവാം
മരങ്ങൾ സുഭഗങ്ങളല്ലെ-
ല്ലേകരീതിയിൽ വടുക്കളെങ്കിലു-
മിവററിലേതിനെയുമോൎക്കൊലാ |
ഭീകരപ്രകൃതിസത്വസങ്കലി-
തമായിടുന്നു ചിലതെങ്കിലും
സ്വീകരിച്ചു മരുവുന്നതേ ചില-
തിനേത്തപോധനവരിഷ്ഠരും ||

വിജനകാനനത്തിൽ, ആരുമില്ലാത്ത വൻകാട്ടിൽ; ഉളവാം ഉണ്ടാകുന്ന, മരങ്ങൾ അഖിലവേ; വൃക്ഷങ്ങളെല്ലാം, സുഭഗങ്ങളല്ല നല്ലവയല്ല, എങ്കിലും വടുക്കൾ താരതമ്യവിവേചനത്തിന്ന് അശക്തന്മാരായ ബാലന്മാർ, ഇവററിൽ ഏതിനേയും ഇവയിൽ എല്ലാത്തിനേയും, ഏകരീതിയിൽ ഓൎക്കൊലാ ഒരുപോലെ ചീത്തയാണെന്ന് വിചാരിക്കരുത്. അതിന്റെകാരണം ഉത്തരാൎദ്ധത്തിൽപറയുന്നു:—ചിലതു, ചില വൃക്ഷങ്ങൾ,

ഭീകരപ്രകൃതിസത്ത്വസങ്കുലിതമായിട്ടുള്ള എങ്കിലും ഭീകരപ്രകൃതികളായ ഭയങ്കര സ്വഭാവത്തോട്ടുകൂടിയ; സത്ത്വങ്ങളാൽ ജന്തുക്കളാൽ, സർപ്പം, കരടി മുതലായവയാൽ, സങ്കുലിതമായിട്ടുള്ള, ആക്രമിക്കപ്പെട്ടിരിക്കുന്ന, എങ്കിലും, ചിലതിനെ തപോധനവരിഷ്ഠരും, മഹർഷിശ്രേഷ്ഠന്മാരും സ്വീകരിച്ചുമരുവുന്നിതേ, ആശ്രയിച്ചു വസിക്കുന്നുണ്ട്; ചില വൃക്ഷങ്ങൾ ദുഷ്ടമൃഗങ്ങൾക്കു വാസമായിരിക്കുന്നുണ്ടെങ്കിലും ചിലതു പൂജ്യന്മാരായ മഹർഷിമാരാൽ ആശ്രിതവുമായിരിക്കുന്നതിനാൽ എല്ലാത്തിനേയും ഒരുപോലെ ദുഷ്ടങ്ങളെന്നു ധിക്കരിച്ചുകൂടാ എന്നു താൽപര്യം.

പരമദയാലവഃ പ്രഭവഃ കൃതജ്ഞേഭ്യശ്ച കൃതഘ്നേഭ്യശ്ച സമമുപകുർവന്തീത്യാഹഃ—

൬൩. നിദ്രാലസ്യശരീരസാദവമനാന്നദ്വേഷകാസജ്വര-
ശ്വാസശ്വേതിമഹിക്കികാപ്രഭൃതയോ മാസേഷു മാതുർധ്രുവാഃ
ജാതസ്തൽക്ഷണമേവ നശ്യതു ശതം വർഷാണി വാ ജീവതു
സ്വർഗ്ഗേ വാ പിതരൌ ദധാതു നരകേ വാ പാതയത്വഞ്ജസാ ||

ഫലം അനുകൂലമായിരുന്നാലും അല്ലെങ്കിലും ചെയ്യാനുള്ളതു ചെയ്യേതീരൂ എന്നു പറയുന്നു:—

സ്ഫീതമായ രുചിപാണ്ഡുതാജ്വര-
ശരീരസാദവമനാദിയായ്
വീതസൌഖ്യതകൾ മാസി മാസി
ജനനിക്കവശ്യമുളവായീടും |
ജാതമാം ശിശുവുടൻ മരിക്കിലു-
മിരിക്കിലും ശരി ശരച്ഛതം
താതമാതൃഗതി യോഗ്യമായ് ത്രിദിവ-
മാക്കിലും നരകമാക്കിലും ||

ജാതമാംശിശു പിറന്ന കുട്ടി; ഉടൻ മരിക്കിലും ശരി; ശരച്ഛതം, നൂറു വർഷം, ഇരിക്കിലും ശരി; അതുപോലെ ആ കുട്ടി പുണ്യകർമ്മങ്ങൾ ചെയ്തു, ത്രിദിവം സ്വർഗ്ഗം, താതമാതൃഗതിയോഗ്യമായ് അച്ഛനമ്മമാർക്കു പ്രാപിക്കുവാൻ തക്കതായ്, ആക്കിലും; ശ്രാദ്ധാദികൾ ചെയ്ത് അവർക്കു സൽഗതി വരുത്തിയാലും ശരി; നരകം താതമാതൃഗതിയോഗ്യമായ് ആക്കിലും ശരി, പാപകർമ്മങ്ങൾ ചെയ്തു പിതൃക്കൾ നരകത്തെ

പ്രാപിക്കാൻ ഇടവരുത്തിയാലും ശരി; ജനനിക്കു അമ്മയ്ക്കു, മാസി മാസി ഗർഭകാലത്തിൽ ഓരോ മാസത്തിലും, സ്ഫീതമായ് വർദ്ധിച്ചു്, അരുചി രുചികേടു്, പാണ്ഡുതാ, വിളർപ്പു്, ജ്വരം പനി, ശരീരസാദം ദേഹത്തിന്റെ തളർച്ച, വമനം ഛർദ്ദി ആദിയായ മുതലായ; വിതസൌഖ്യതകൾ സുഖക്കേടുകൾ, അവശ്യം ഉളവായിട്ടും നിശ്ചയമായ് ഉണ്ടാകും. ഉണ്ടാകുന്ന കുഞ്ഞു് അല്പായുസ്സോ ദീർഘായുസ്സോ ഉള്ളതോ പിതൃക്കൾക്കു സൽഗതിയോ ദുർഗ്ഗതിയോ വരുത്തുന്നതോ ആയിരുന്നുകൊള്ളട്ടെ, ഗർഭത്തിൽ കഷ്ടപ്പാടിനു് അമ്മയ്ക്കു് ഒരു കുറവുമില്ല.

ദാനവിഷയേ യാചകാൻ പ്രതി ഗർജനതർജനാദികം
വിനാകൃതം ചേദേവ യശഃപ്രാപ്തിരിത്യാഹ:—

നൂനം നിഘ്നന്തോഽശനിഭിസ്തടിദചിലസിതൈശ്ചക്ഷുർഹരന്തോ നൃണാം
വിഘ്നന്തശ്ച ശിലാശതൈഃ പരിചിതാഃ പ്രായേണ ധാരാധരാഃ |
വർഷന്തോ നിഭൃതാശ്ചിരം ച സമയേ ദൃഷ്ടാശ്ച കേചിൽ ഘനാ-
യൈരവ്യാജപരോപകാരനിരതൈർജാത്യാ യശസ്ഥാപിതം ||

ഒരു തറവാട്ടിൽ യോഗ്യന്മാരായി ചിലരുണ്ടാകുന്നവരുടെ യശസ്സുകൊണ്ടാണ് അതിന്നും അതിലുണ്ടാകുന്ന മററുള്ളവക്കും മാഹാത്മ്യം ശാശ്വതമായി സിദ്ധിക്കുന്നതെന്നു പറയുന്നു.

മിന്നൽകൊണ്ടു മിഴിയേ ഹരിച്ചു കരകങ്ങൾ
കൊണ്ടുടലിന്നേ വിനി-
ഭിന്നമാക്കിയിട്ടിവെട്ടമഭ്രമതു
മിക്കതും പരിചിതം നൃണാം |
പിന്നെയിങ്ങു നിഭൃതം ചിരം ചിലതു
മാരി പെയ്തു സമയങ്ങളിൽ-
തന്നെയക്ഷതയതാക്കിടുന്നു നിജയാം
പരോപകൃതികീർത്തിയെ ||

മിന്നൽകൊണ്ടു കൊള്ളിയാൻ മിന്നി, മിഴിയെ ഹരിച്ചു കണ്ണു മങ്ങിച്ചു, കരകങ്ങൾ കൊണ്ടു ആലിപ്പഴം വീഴ്ത്തി, ഉത്തരദേശങ്ങ

ളിൽ തണുപ്പേറുന്നതിനാൽ കല്ലുമഴ ധാരാളമുണ്ടാകും; ഉടലിനെ വിനിർഭിന്നമാക്കി, ദേഹത്തെ മുറിച്ച്; ആലിപ്പഴം പാറക്കല്ലുപോലെ കഠിനമാണ്; ഇടിവെട്ടും ഇടിവെട്ടി ആളുകളെ കൊല്ലുന്ന, അഭ്രമത്തു മേഘം, മിക്കതും മിക്കവാറും, നൂണാം ജനങ്ങൾക്കു, പരിചിതം അറിവുള്ളതാണ്. മേഘങ്ങൾ മിക്കവാറും മുൻപറഞ്ഞപ്രകാരം ദ്രോഹിക്കുന്നവയാണെന്നു ജനങ്ങൾക്കു സാധാരണ അറിവുള്ളതാണ്. പിന്നെ ജലദാനജന്യയായ പരോപകാരകീർത്തി അവയ്ക്കു് എങ്ങനെ സിദ്ധിച്ചു എന്നു ഉത്തരാർദ്ധത്തിൽ പറയുന്നു:—പിന്നെയിങ്ങു ചിലതു, അപൂർവ്വം ചില മേഘങ്ങൾ, നിഭൃതം പതുക്കെ, മുൻപറഞ്ഞവണ്ണം കൊട്ടി ഘോഷിക്കാതെ; സമയങ്ങളിൽ വേണ്ട കാലങ്ങളിൽ തന്നെ, ചിരം മാരി പെയ്തു് വളരെ നേരത്തേയ്ക്കു് മഴ ചൊരിഞ്ഞു്, നിജയാം പരോപകൃതികീർത്തിയെ, തങ്ങളുടെ പരോപകാരകീർത്തിയേ, അക്ഷതയതാക്കിടുന്നു ഹാനിശൂന്യയാക്കിത്തീർക്കുന്നു; മിക്കവാറും മേഘങ്ങൾ ഇടി മിന്നലുകളെക്കൊണ്ടു ഉപദ്രവം ചെയ്യുന്നതേയുള്ളു; തുലാവർഷകാലത്തിൽ ഇതിനു ദൃഷ്ടാന്തം കാണുക. അപൂർവ്വം ചിലതു നിശ്ശബ്ദമായി വന്നു വർഷിച്ചു സുഖമേകുന്നു; ഇടവപ്പാതിയിൽ നോക്കുക. രണ്ടാമതു പറഞ്ഞവയാണു മേഘവംശത്തിന്റെ പരോപകൃതി കീർത്തിയെ നിലനിർത്തുന്നതു്.

സ്തോകമപി കാലേ യദ്ദത്തം തദേവ ഹിതം ഭവേദിത്യാഹ:—

൯൦. നാകർണ്ണോൽഗ്ഗർജ്ജതി ഗോചരം ബഹുതിഥാൻ മാസാൻ നഭസ്യേ [പുന-
സ്സംഘീഭൂയ സമേത്യ വക്ഷസി നിരുച്ഛ്വാസം സമന്താദപഃ ।
കാലം കാലമനുവ്രജൻ മിതമിതാ മുഞ്ചസ്യപശ്ചേത്തതഃ
കിം ജീമൂത! തവ പ്രണശ്യതി കിയൽ പ്രാണന്ത്യതഃ പ്രാണിനഃ ॥

കൊടുക്കാൻ ഉറച്ചിട്ടുള്ളതിനെ വേണ്ടപ്പോൾ കൊടുത്താൽ ഉപയോഗപ്പെടുമെന്നു പറയുന്നു:—

കണ്ടതില്ല പലമാസകാലമിഹ
ഭാദ്രമായളവു ശക്തികൈ-
ക്കൊണ്ടു ജന്തുമൊരുമിച്ചു കൂടിയ-
തിഘോരമാരി ചൊരിയുന്ന നീ ।

കൊണ്ടലേ! നിയതമായ് കുറച്ചു മഴ
പെയ്കിലെന്തു തവ നഷ്ടമാ-
മിണ്ടലോകവെയകന്നു ജന്തുഘടയെന്തു
സൌഖ്യമൊടു വാണിടും ||

കൊണ്ടലേ! അല്ലയോ മേഘമേ! പലമാസകാലം ഇഹ കണ്ടതില്ല, നിന്നെ എന്നു ചേർത്തുകൊള്ളണം. ഒരു വർഷത്തു കഴിഞ്ഞാൽ പിന്നത്തെ വർഷത്തു വരുമ്പോഴേ മേഘം വന്നു ചേരുകയുള്ളു. പരദേശങ്ങളിൽ തുലാവർഷം മാത്രമേ ഉള്ളു. പിന്നെ മേഘത്തെ കണികാണാൻ കിട്ടുകയില്ല. ഭാദ്രമായളവ്, ഭാദ്രമാസത്തിൽ, കന്നി, തുലാം മാസങ്ങളാണു ഭാദ്രം. അജസ്രം ശക്തി കൈക്കൊണ്ടു, എപ്പോഴും ഊക്കോടെ, ഒരുമിച്ചുകൂടി, കൊട്ടങ്കാർകൊണ്ടു; നീ അതിഘോരമാരി ചൊരിയുന്നു. എന്നാൽ ഇങ്ങനെ പെയ്തുകളയുന്നതിനു പകരം, നിയതമായ് വേണ്ട കാലങ്ങളിൽ ശരിയായ്, കുറച്ചു മഴ പെയ്കിൽ, വേണ്ടിടത്തോളം സ്വല്പം സ്വല്പമായി മഴ പെയ്കിൽ, തവ എന്തു നഷ്ടമാം, നിനക്കു ഒരു നഷ്ടവുമില്ലല്ലോ. എന്നുതന്നെയല്ല, ജന്തുഘടപ്രാണിവർഗ്ഗം, ഇണ്ടലോകവേ അകന്നു, കഷ്ടപ്പാടെല്ലാം തീർന്നു, എന്തു സൌഖ്യമൊടു വാണിടും? വേനൽ മുതലായ ഋതുക്കളിൽ വെള്ളമില്ലാതെ വരണ്ടുഴലുന്ന പ്രാണികൾക്ക് അപ്പോഴപ്പോൾ കുറച്ചു മഴ പെയ്തുകൊടുത്താൽ ഇതിലധികം സുഖം നൽകാനില്ലല്ലോ. അല്ലാതെ ഉള്ളതെല്ലാം കൂടി കെട്ടിവെച്ചിരുന്നു ഒന്നായി പെയ്തുകളയുന്നതുകൊണ്ടു് ഒരുപയോഗവുമില്ലെന്നർത്ഥം.

സർവലോകക്ഷേമാപാദനവിഷയേ കേഷാഞ്ചിദുപദ്രവേ സത്യപി തദവിഷയചിന്താ മഹദ്ഭിർന്ന കാര്യേത്യാഹ:—

ന്രുവം. ഭഗ്നം ഭിത്തിഭിരാലയൈർന്നിപതിതം സ്രോതോഭിരാപ്ലാവിതം
വിഭ്രാന്തം പശുഭിശ്ച സംഘശ ഇതി ക്രോശന്തി വൃഷ്ടേ ത്വയാ |
തച്ഛ്രുത്വാഗ്രഹ് ണതി വാരി വാരിദ! ജനാ നശ്യന്ത്യവശ്യം ക്ഷണാൽ
കീർത്തിം ചിന്തയ ദുർല്ലഭാം ഗണയ ന ക്ഷുദ്രാൻ ഗുണാൻ മാദൃശാ ||

വളരെ പേർക്കു ഗുണം ചെയ്യുന്നതിൽ അപൂർവം ചിലർക്കു ദോഷം വരുന്നതിനെ ഗണിക്കാനില്ലെന്നു പറയുന്നു:—

വീട്ടുതാൻ ചുമരിടിഞ്ഞു വീണു, പെ-
രുവെള്ളമേറിയതിമാത്രമാ-
യാട്ടു മാട്ടുകൾ മുടിഞ്ഞിതെന്നു വി
ളിക്കൂട്ടിടുന്നു മഴ പെയ്യുവേ ।
കേട്ടു തട്ടി മുടിയുന്നുടൻ ജന-
മവൃഷ്ടിയിൽ, ജലദ! കീർത്തിയേ
നേടുവാൻ പണിയതോർക്ക, തുച്ഛമിഹ
മാദൃശാം കുശലമോക്കൊലാ ॥

ജലദ! മേഘമേ! മഴ പെയ്യുവേ; അതിമാത്രമായ്, കരകവിഞ്ഞു പെരുവെള്ളമേറി, വലിയ വെള്ളപ്പൊക്കം വന്നു, ചുമരിടിഞ്ഞു വീട്ടുതാൻ വീണു, ആട്ടുമാട്ടുകൾ മുടിഞ്ഞിതു, എന്നു വിളിക്കൂട്ടിടുന്നു. ജനങ്ങൾ എന്നു കർത്താവിനെ ചേർത്തുകൊൾക. എന്നാൽ മഴപെയ്യാതെ ഇരുന്നെങ്കിലോ? അവൃഷ്ടിയിൽ, മഴപെയ്യാതെ ഇരുന്നാൽ, ഉടൻ ജനം കേട്ടുതട്ടി മുടിയുന്നു, ജലക്ഷാമത്താൽ; അതുകൊണ്ടു, കീർത്തിയെ നേടുവാൻ പണി എന്നുള്ളതോർക്കണം. ഇഹ ഈ വിഷയത്തിൽ; മാദൃശാം എന്നെപ്പോലുള്ള ചില്ലറ ആളുകളുടെ, തുച്ഛം, അല്പമായ, കുശലം സൌഖ്യത്തെ ഓക്കൊലാ, ഗണിക്കാനില്ല. ധാരാളം വർഷിച്ചു കീർത്തി സമ്പാദിക്കയാണു വേണ്ടതു്; അല്പം ചിലക്ക് അതുകൊണ്ടു കഷ്ടപ്പാടു നേരിടുന്നതിനെ വകവെക്കാനില്ലെന്നു താൽപര്യം.

പരോപകാരകാരിണ ഏവ ബഹുഭിരുപദ്രുതാ ജായന്തേ, ക്ഷുദ്രാണാമുപദ്രവോ ന കൈശ്ചിദപി ക്രിയത ഇത്യാഹ:—

൯൨. ഉല്പത്തിർമ്മലയേ സമൃദ്ധനിലയേ പന്ഥാ വൃതോ രാക്ഷസൈ-
സ്തത്രത്യാനപി ഹന്ത! ചന്ദനതരൂൻ ഛിന്ദന്തി സാംയാത്രികാഃ ।
വർത്തന്തേ സവിധസ്ഥിതാശ്ച സുഖിനശ്ശാഖോടമുഖ്യാ ദ്രുമാ-
സ്തന്മന്യേ കൃതിനസ്ത ഏവ തരുകുലേ യേ നോപയോഗക്ഷമാഃ ॥

ഉപകാരിയായിരിക്കുന്നവനെ സർവ്വദാ എവിടെയും ആളുകൾ വന്നുപദ്രവിക്കും. അല്ലാത്തവനൊരു ബാധയുമില്ലെന്നു പറയുന്നു:—

അൎണ്ണവസ്ഥമലയാചലത്തില-
തിദുൎഗ്ഗമാൎഗ്ഗമതിലൂടയ-
ഭ്യൎണ്ണമാൎന്നഥ മുറിച്ചിടുന്നു ബത!
ചന്ദനത്തിനെ വണിക്കുകൾ |
വൎണ്ണനീയമിലവിൻെറ ഭാഗ്യമൊരു
ബാധയില്ലതിനൊരിക്കലും
നിൎണ്ണയം നിരുപയോഗമാം തരു-
വതിന്നു താൻ കുശലമക്ഷതം ||

വണിക്കുകൾ, കച്ചവടക്കാർ, ചന്ദനത്തിനെ ചന്ദനമരത്തെ; അൎണ്ണവസ്ഥമായ സമുദ്രത്തിലുള്ള, മലയാചലത്തിൽ മലയപൎവ്വതത്തിൽ; ലങ്കാദ്വീപത്തിലാണു മലയപൎവ്വതം എന്നാണു പ്രസിദ്ധി; അതിദുൎഗ്ഗമായ, കടക്കാൻ വളരെ പ്രയാസമുള്ള, മാൎഗ്ഗമതിലൂടെ വഴിയിൽക്കൂടി കടന്ന്; ഒന്നാമതു സമുദ്രത്തെ ലംഘിക്കണം, പിന്നെ ലങ്കയിൽ രാക്ഷസന്മാർ മുതലായ ദുഷ്ടന്മാർ പാൎക്കുന്നുണ്ടു; ഇതുകൊണ്ടാകെയാണു വഴി ദുൎഘടമാണെന്നു പറഞ്ഞിരിക്കുന്നതു്. ഇതൊക്കെ സഹിച്ചു്; അഭ്യൎണ്ണം ആൎന്നു; സമീപത്തിൽ ചെന്നു: മുറിച്ചിടുന്നു. ചന്ദനംകൊണ്ടുപയോഗമുള്ളതിനാലാണു നിൎബ്ബാധമായിരിക്കാൻ സമ്മതിക്കാതെ അതിനെ ആളുകൾ ഇങ്ങനെ ദ്രോഹിക്കുന്നതു്. ഉപയോഗമില്ലാത്ത വൃക്ഷമാകട്ടെ, അടുത്തു നിന്നിരുന്നാൽ കൂടിയും ആൎക്കും വേണ്ടെന്നു പറയുന്നു. ഇലവിന്റെ ഭാഗ്യം വൎണ്ണനീയം, വൎണ്ണിക്കേണ്ടതുതന്നെ; അതിനൊരിക്കലും ഒരു ബാധയില്ല. അതുകൊണ്ടു; നിൎണ്ണയം, സംശയമില്ല, നിരുപയോഗമാംതരുവതിന്നു താൻ, ഉപയോഗമില്ലാത്ത വൃക്ഷത്തിന്നുതന്നെയാണു; കുശലം, ക്ഷേമം; അക്ഷതമായുള്ളതു, കുറവില്ലാതെ ഇരിക്കുന്നതു്. ഉപകാരിയായിരിക്കുന്നവനെ പിന്നെയും ഉപദ്രവിക്കുന്നതു സങ്കടമാണെന്നു 'ബത' എന്ന അവ്യയം സൂചിപ്പിക്കുന്നു.

ബലവത്ഭിഃ ക്രൂരാ ഏവ പീഡിതവ്യാഃ നതു സാധവ ഇത്യാഹ:—

൯൦. ഗൃഹ്ണന്ത്യാം കരിണഃ പ്രസഹ്യ വിനിഘ്നന്ത്യന്താം വരാഹാന്വൃകാ
ന്ഭല്ലൂകാംശ്ച തരക്ഷവശ്ച പഥികാസ്സന്തു ത്വയാ നിൎഭയാഃ |
ആഖൂൻ കങ്ക! ഖരാൻ ശശാനനിമിഷാൻ കീടാൻ പതംഗാനപി
ഗ്രാഹം ഗ്രാഹമഹോ! കിയൽ പ്രകടയസ്യാടോപകം പാടവം ||

ബലവാന്മാർ ക്രൂരന്മാരെയാണു, സാധുക്കളെയല്ല, ദ്രോഹിക്കേണ്ടതെന്നു പറയുന്നു:—

അാന പന്നി പുലിയച്ഛഭല്ലമി-
വയെപ്പിടിച്ചു നിഹനിക്ക നീ
കാനനേ വഴിനടന്നിടട്ടെ വഴിപോക്കർ
കാതരതയെന്നിയെ |
മീനവും ശശവുമീച്ചയട്ട പു-
ഴപാററയോന്തെലിയിവററയേ
ത്താനഹർദ്ദിവമഹോ! ഹനിച്ചു തവ
വേട്ടയെന്തിതയി കങ്കമേ! ||

അയി കങ്കമേ! അല്ലയോ റാഞ്ചൻപക്ഷി! നീ ആന, പന്നി, പുലി; അച്ഛഭല്ലം, കരടി; ഇവയെ പിടിച്ചു റാഞ്ചി നിഹനിക്ക, കൊന്നാലും, അതുകൊണ്ടു തനിക്കു വേട്ടയാടുകയുമായി, വേറെ ഉപകാരവുമുണ്ടു്; അതെന്തെന്നാൽ, കാനനേ, കാട്ടിൽ: വഴിപോക്കർ; കാതരതയെന്നിയെ, ഭയംകൂടാതെ, വഴിനടന്നിടട്ടെ; അല്ലാതെ മീനവും, മത്സ്യവും; ശശവും മുയലും, ഈച്ച, അട്ട, പുഴു, പാററ, ഓന്തു്, എലി, ഇവററയെത്താൻ, ഇവയെത്തന്നെ; അഹർദ്ദിവം ദിവസംതോറും; ഹനിച്ചു, കൊന്നിട്ടു്; തവ വേട്ട നിന്റെ നായാട്ടു്; ഇതെന്തഹോ! നിസ്സാരമത്രെ. വേട്ടയാടുന്നെങ്കിൽ മുൻപറഞ്ഞ ദുഷ്ടമൃഗങ്ങളെ വേണം, അതുകൊണ്ടു മററു പ്രയോജനവുമുണ്ടു്, അല്ലാതെ അല്പങ്ങളും നിരുപദ്രവികളുമായ രണ്ടാമതു പറഞ്ഞ ജന്തുക്കളെ കൊല്ലുകയല്ല വേണ്ടതു്.

യസ്യ കസ്യചിൽ പ്രഭോരാശ്രിതേഷു ബഹുഷു സ്ഥിതേഷു തത്രൈവ കേചന തദൎപ്പിതം വിത്തം ധമ്മവിഷയേ വ്യയീകുൎവ്വന്തോ ന കേവലമാത്മനഃ അപിതു തസ്യ പ്രഭോരപി കീൎത്തിം സംപാദയന്തീത്യാഹ:—

൫൦. യാദോഭിർബഡവാഗ്നിനാ ജലനിധേൎമ്മാവൽ പയോ ഗൃഹ്യതേ
കിം താവത്ത്യുപയുജ്യതേ ശതതമോ*f*പ്യംശഃ പയോദ! ത്വയാ |
സൌജന്യം കിമിതി ബ്രവീമി ഭവതസ്സൎവ്വസ്വമിത്ഥം ത്യജൻ
ഖ്യാതഃ ഖ്യാപയസേ പയോധിമപി തം സൎവ്വോപയോഗക്ഷമം ||

കിട്ടിയ സമ്പത്തിനെ വേണ്ടുംവണ്ണം വിനിയോഗിച്ചെങ്കിൽ മാത്രമേ തനിക്കും തനിക്ക് ആ സ്വത്തു തന്നവനും കീർത്തി ലഭിക്കയുള്ളു എന്നു പറയുന്നു:—

തോയമെത്ര ജലധിസ്ഥജന്തുകു-
ലമൌർവ്വമെന്നിവ കവർന്നിട്ടു-
ന്നായതിൽ ശതതമാംശവും സ്വയ
മെടുപ്പതില്ലയി പയോദ! നീ |
ഭൂയസീ സുജനതാ തവാഖിലമത്തും
ത്യജൻ പരഗുണത്തിനായ്
സ്വീയകീർത്തിയൊടു നേടിയക്കടലിനും
സുദുർല്ലഭയശസ്സു നീ ||

ജലധിസ്ഥജന്തുകുലം, സമുദ്രത്തിൽ കിടക്കുന്ന ജന്തുക്കൾ; ഔർവ്വം ബഡവാഗ്നി; എന്നിവ ഇവററകൾ; എത്ര തോയം കവർന്നിടുന്നു, എത്രവളരെ വെള്ളം കുടിച്ചു വറ്റിക്കുന്നു? സമുദ്രജലത്തിൽ വളരെ ഭാഗം ഇവറ്റകൾ എടുക്കുന്നുണ്ടു്. ആയതിൽ ശതതമാംശവും, അവറ്റകൾ എടുക്കുന്നതിൽ നൂറിലൊരംശംപോലും; അയി പയോദ! അല്ലയോ മേഘമേ! നീ സ്വയമെടുപ്പതില്ല, നീ തനിക്കായി എടുക്കുന്നില്ല. സമുദ്രത്തിൽ നിന്നും ആവിയുണ്ടായി ആകാശത്തിൽ ശീതവായുസമ്പൎക്കത്താൽ മേഘമായിത്തീരുന്നതിനെ കവികൾ മേഘങ്ങൾ സമുദ്രത്തിൽ നിന്നും ജലപാനം ചെയ്യുന്നതായി കല്പിച്ചുവെച്ചിരിക്കുന്നു. ജലജന്തുക്കളും ബഡവാഗ്നിയും ഗ്രഹിക്കുന്നതിൽ വളരെ കുറച്ചേ കടൽവെള്ളം മേഘങ്ങൾ ഗ്രഹിക്കുന്നുള്ളു. അത്തും, നീ സ്വീകരിക്കുന്ന സ്വല്പാംശത്തെ കൂടിയും; അഖിലം, മുഴുവനും; പരഗുണത്തിനായി ത്യജൻ, മററുള്ളവരുടെ ഗുണത്തിനുവേണ്ടി വ്യയം ചെയ്യുന്നവനായിട്ടു, മഴപെയ്തു ചിലവഴിക്കയാലെന്നർത്ഥം; സ്വീയകീർത്തിയോടു അക്കടലിനും സുദുർല്ലഭയശസ്സു നീ നേടി, തനിക്കു മാത്രമല്ല, തനിക്കു ജലദാനംചെയ്ത കടലിനും കീർത്തിസമ്പാദിച്ചു. അതുകൊണ്ടു, തവ സുജനതാ ഭൂയസീ, നിന്റെ സൽഗുണം വളരെയുണ്ടു്. സജ്ജനങ്ങൾക്കു മാത്രമേ ഈ ഔദാൎയ്യമുണ്ടാകയുള്ളു. കാളിദാസനും മേഘത്തിന്റെ സൌജന്യത്തെക്കുറിച്ചു "ആദാനം ഹി വിസർഗ്ഗായ സതാം വാരിമുചാമിവ" എന്നു പ്രസ്താവിച്ചിട്ടുണ്ടു്.

അല്പം വിനിയുജ്യാപി ദാതുഃ കീൎത്തിരേവ സംപാദനീയാ
കൃത്സ്നം വിനിയുജ്യാപി നാകീൎത്തിരിത്യാഹ:—

൭൨. മേഘഃ കശ്ചിദചേതനഃ കിയദപി സ്വീകൃത്യസിന്ധോഃ പയഃ
കീൎത്തിം തസ്യ സമുച്ചിനോതി കിയതീം ധൎമ്മം കിയച്ഛാശ്വതം |
ബ്രഹ്മജ്ഞസ്തപസാം നിധിസ്ത്രിഭുവനഖ്യാതശ്ച കുംഭോത്ഭവ-
സ്സൎവ്വസ്വം വിനിയുജ്യ തസ്യകിമിവ ശ്രേയസ്സമപാദയൽ ||

കുറച്ചു ചിലവഴിച്ചാലും അതിനെ യശസ്കരമായി വിനിയോഗിക്കണം; അല്ലാതെ മുഴുവനും ചിലവിട്ടതുകൊണ്ടും പ്രയോജനമില്ലെന്നു പറയുന്നു:—

അംഭസാമതി തനിഷ്ഠമംശവു-
മെടുത്തു മേഘമൊരചേതനം
സംഭരിച്ചു കടലിന്നു കീൎത്തിഭ-
രമെത്ര ധൎമ്മവുമനശ്വരം |
കുംഭജൻ മുനി ജഗൽപ്രസിദ്ധന-
ഖിലം ജലം സ്വയമശിക്കയാൽ
സംഭവിച്ചു സരിതാംപതിക്കു ശു-
ഭലാഭമെന്തു ചെറുതെങ്കിലും ||

ഒരചേതനം മേഘം, കേവലം ജഡമായ മേഘം; അംഭസാം ജലങ്ങളുടെ; അതി തനിഷ്ഠം, ഏററവും കുറഞ്ഞ; അംശവും ഭാഗം മാത്രം; എടുത്തു. സ്വീകരിച്ചിട്ടു, കടലിന്നു എത്ര കീൎത്തിഭരവും അനശ്വരം ധൎമ്മവും സംഭരിച്ചു, സംപാദിച്ചു? കേവലം ജഡമായ മേഘം കടലിൽനിന്നും ആവിയായി എടുക്കുന്ന സ്വല്പജലത്തെത്തന്നെയും മാരിയായി ചൊരിഞ്ഞു സൎവ്വപ്രാണികൾക്കും സുഖത്തെ നൽകി ഇത്ര ഔദാൎയ്യമുള്ള മേഘത്തിനു ജലം കൊടുത്തതല്ലോ എന്നു കടലിനു കീൎത്തിയേയും, ഒരു കാലത്തിലും നശിച്ചുപോകാത്ത പരോപകാരരൂപമായ ധൎമ്മത്തേയും, സമ്പാദിച്ചു. നേരെമറിച്ചു, ജഗൽപ്രസിദ്ധൻ, എങ്ങും പേരുകേട്ട, കുംഭജൻമുനി, അഗസ്ത്യമഹൎഷി, അഖിലംജലം സ്വയമശിക്കയാൽ, കടലിലെ വെള്ളം മുഴുവനും കുടിച്ചുകളഞ്ഞതുകൊണ്ടു; പണ്ടു അഗസ്ത്യമഹൎഷി കടലിലുള്ള വെള്ളമെല്ലാം കൂടി ഉള്ളംകൈക്കുള്ളിലെടുത്തു ആചമിച്ചുകളഞ്ഞു എന്നു പുരാണപ്രസിദ്ധമായ കഥയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. സരിതാംപതിക്കു സമുദ്രത്തിനു, ചെറുതെങ്കിലും ശുഭലാഭം കുറ

ച്ചെങ്കിലും ഒരു ഗുണം, എന്തു സംഭവിച്ചു? ഒന്നും ഉണ്ടായില്ലെന്നർത്ഥം. കേവലം ജഡമായ മേഘത്തിനു കുറച്ചു ജലം കൊടുത്തതുകൊണ്ടു കടലിനു വളരെ കീർത്തിയുണ്ടായി, മഹാപ്രസിദ്ധനായി മഹർഷിയായ അഗസ്ത്യനു മുഴുവനും കൊടുത്തിട്ടും ഒരു ഫലവും സിദ്ധിച്ചില്ല.

ലോകേ വദാന്യേഷു പ്രഭുഷു സദസദ്വിഷയേഷു ദ്രവിണം സമം വ്യയീകുർവത്സ്വപി സദ്വിഷയേഷു യദ്വ്യയീകുർവന്തി തത്രൈവ സത്ഭിർദ്ദൃഷ്ടിർദ്ദേയേത്യാഹ:—

൬൨. യച്ഛൈലേഷു യദർണ്ണവേഷു യദപി ഗ്രാമാടവീജാംഗല-
പ്രായാസു ക്ഷിതിഷു ക്ഷിപന്തി ബഹുശസ്തോയം വൃഥാ തോയദാഃ |
ദൃഷ്ടിസ്തത്ര ന ദീയതാം യദി ഗുണഗ്രാഹീ ഭവാൻ യൽ പുനർ-
ഗ്രാമേഷൂപവനേഷു വാസകൃദമീ വർഷന്തി തൽ ഗൃഹ്യതാം ||

ലോകത്തിൽ പലതും നന്നായും ചീത്തയായും നടക്കുന്നുണ്ടെങ്കിലും സജ്ജനങ്ങൾ നല്ലതിനെ മാത്രമേ ഗണിക്കാവൂ എന്നു പറയുന്നു:—

പുഷ്ടിയായ് ജലധരങ്ങൾ പർവ്വത-
സമുദ്രകാനനമരുസ്ഥലേ
വൃഷ്ടിചെയ്തു സലിലവ്യയം ബഹു
വൃഥൈവ ചെയ്തിടുവതിൽ ഭവാൻ |
ദൃഷ്ടിനൽകിടരുതേ ഗുണഗ്രഹണ-
ശീലനെങ്കിലസകൃൽ ജലോ-
ത്സൃഷ്ടി ലോകവസതിസ്ഥലേഷ്വിഹ
ഭവിപ്പതോർത്തു പരിതുഷ്യതാം ||

ഭവാൻ ഗുണഗ്രഹണശീലനെങ്കിൽ, അങ്ങു നല്ലതിനെ മാത്രം ഗ്രഹിക്കുന്നയാളാണെങ്കിൽ, അത ഏവ സജ്ജനമെങ്കിൽ; ജലധരങ്ങൾ മേഘങ്ങൾ, സമുദ്രകാനനമരുസ്ഥലേ; കടൽ കാടു മരുഭൂമി ഇപ്രകാരമുള്ള പ്രദേശത്തിൽ; പുഷ്ടിയായ് വൃഷ്ടിചെയ്തു, വളരെ മഴപെയ്തു. ബഹുസലിലവ്യയം വൃഥൈവ ചെയ്തിടുവതിൽ, വളരെ ജലത്തെ നിഷ്പ്രയോജനമായി ചിലവഴിക്കുന്നതിൽ; ദൃഷ്ടി നൽകിടരുതേ, അതിനെ ഗൌനിക്കരുതേ, പിന്നെ എന്തിനെയാണു ഗൌനിക്കേണ്ടതെന്നു പറയുന്നു:—ഇഹ ലോകവസതിസ്ഥലേഷു, ജനങ്ങൾ പാർപ്പുള്ള ഈ സ്ഥലങ്ങളിൽ, ഗ്രാമം

തോട്ടം മുതലായവയിലെന്നൎത്ഥം. അസകൃൽ പലപ്പോഴും, ജലോൽ സൃഷ്ടി വൎഷം; ഭവിപ്പതോൎത്ത്, ഉണ്ടാകുന്നതിനെ വിചാരിച്ചു, പരിതുഷ്യതാം ഭവാനാൽ സന്തോഷിപ്പു എന്നുള്ളതുണ്ടാകട്ടെ, ഭവാൻ സന്തോഷിച്ചാലും; പ്രയോജനമില്ലാത്ത ദിക്കിൽ മഴ പെയ്യുന്നല്ലോ എന്നു വിചാരിച്ചു ഖേദിക്കയല്ല, പ്രയോജനമുള്ള ദിക്കിലും പെയ്യുന്നുണ്ടല്ലോ എന്നു കരുതി സന്തോഷിക്കയാണു സജ്ജനങ്ങൾ ചെയ്യേണ്ടതെന്നൎത്ഥം.

സമീചീനസ്യദ്രവിണാദേസ്സൎവ്വത്ര വിനിയോഗഃ പ്രഭോസ്സാധാരണോഽപി സൽപാത്രവിനിയോഗ ഏവ സൎവ്വശ്ലാഘ്യ ഇത്യാഹ:—

൭൪. ഗ്രാമേഷ്വേവ സുവൃഷ്ടയോ വിനയവത്സ്വേവ ശ്രിയഃ പുഷ്കലാ
ധീമത്സ്വേവ കലാഗമവ്യസനിതാ ഗോഷ്വേവ ദുഗ്ദ്ധസ്ഥിതിഃ |
വാഗ്മിഷ്വേവ വിവക്ഷുതേതി ച ജഗൽപ്രാൎത്ഥ്യാം വ്യവസ്ഥാമിമാം
കിം വേധാവിദധേ പുരേതി ശൃണുമോ രാമേഽപി രാജ്യസ്ഥിതേ ||

നല്ലതു നല്ലതിനോടു ചേരുന്നതാണു് യുക്തമെങ്കിലും ലോകത്തിൽ ഈ വ്യവസ്ഥ ഒരിക്കലും ഇല്ലെന്നു പറയുന്നു:—

ഗ്രാമമാത്രമതിലിഷ്ടവൃഷ്ടി, ധനപുഷ്ടി
പുഷ്ടവിനയൎക്കുതാൻ,
ധീമതാം പരമധീതിതൽപരത, പാൽ
വഹിപ്പതു പശുക്കൾ താൻ, |
കാമമുക്തിയതിൽ വാഗ്മികൾക്കുപര,-
മീവിധം നിയമനം പുരാ
രാമനിക്ഷിതി ഭരിച്ചനാളുമിഹ കേൾപ്പ-
തില്ല വിധി ചെയ്തതായ് ||

ഇഷ്ടവൃഷ്ടി ഗ്രാമമാത്രമതിൽ, ജനങ്ങൾ പാൎപ്പുള്ള ഇടങ്ങളിൽ മാത്രമേ വേണ്ടപ്പോൾ മഴ പെയ്കയുള്ളൂ, അല്ലാതെ വിജനങ്ങളായ കാട്ടുകളിലും മററും മഴപെയ്തു ജലം നിഷ്പ്രയോജനമാകയില്ല; പുഷ്ടവിനയൎക്കു താൻ ധനപുഷ്ടി, നല്ല വിനയമുള്ളവൎക്കു മാത്രമേ സമ്പത്തുള്ളൂ, അല്ലാതെ താന്തോന്നിയായി ദുരാചാരനായി നടക്കുന്നവനു ധനമുണ്ടാ

കയില്ല. ധീമതാം പരം അധീതിതല്പരത, ബുദ്ധിമാന്മാർക്ക മാത്രമേ വിദ്യയെ അഭ്യസിക്കാൻ ശ്രദ്ധയുള്ളു, അല്ലാതെ മൂഢന്മാർക്ക അതിന്ന കാംക്ഷയില്ല; പശുക്കൾ താൻ പാൽ വഹിപ്പതു, പശുവിന്ന മാത്രമേ പാലുള്ളു. അല്ലാതെ പട്ടിക്കും പുലിക്കും മററുമില്ല; വാഗ്മികൾക്ക പരം ഉക്തിയതിൽ കാമം, വക്താക്കൾക്ക മാത്രമേ സംസാരിപ്പാൻ ആഗ്രഹമുള്ളു. അല്ലാതെ കൊഞ്ഞക്കാരന്നില്ല, ഈ വിധം നിയമനം, ഇങ്ങനെ ഒരു വ്യവസ്ഥ; പുരാ രാമൻ ഇക്ഷിതി ഭരിച്ചനാളും, പണ്ടു സാക്ഷാൽ ശ്രീരാമന്റെ രാജ്യഭാരകാലത്തും; അന്ന വേണ്ടതുപോലെ അല്ലാതെ ഒന്നും ഇല്ലായിരുന്ന എന്നാണ പ്രസിദ്ധി. അന്നകൂടിയും, ഇഹ ഈ ലോകത്തിൽ, വിധി, ബ്രഹ്മാവ്, ചെയ്തതായി കേൾപ്പതില്ല, ലോകത്തിൽ നടപ്പുള്ളതായി അറിവില്ല. പിന്നെ ഇപ്പൊഴത്തെ കഥ പറയണമോ എന്നത്ഥം. വേണ്ടിടത്തേ മഴ പെയ്യാവൂ; വിനയമുള്ളവനേ ധനമുണ്ടായിക്കൂടു, ബുദ്ധിമാനേ പഠിക്കാൻ ആഗ്രഹമുണ്ടാകാവൂ, പശുക്കൾക്ക മാത്രമേ പാലുണ്ടായിരിക്കാവൂ, വാഗ്മിയേ സംസാരിക്കാനിച്ഛിച്ചകൂടു, എന്നീ മാതിരി വ്യവസ്ഥ ഉണ്ടായാൽ വളരെ നല്ലതാണ്, സംശയമില്ല; പക്ഷേ അതൊരിക്കലും ഉണ്ടാകയില്ലെന്നേയുള്ളു. കാട്ടിലും മഴ വീഴും, അവിനീതനാണ വലിയ ധനവാനായി തീരുന്നത്, മൂഢനാണ പഠിക്കാൻ വളരെ ശ്രദ്ധയുള്ളത്, ഉപയോഗമില്ലാത്ത ജന്തുക്കൾക്കാണ പാൽ ധാരാളം, കൊഞ്ഞക്കാരൻ ആണ സംഭാഷണത്തിന്ന മുൻപിട്ടു നിൽക്കുന്നത്, ഇങ്ങനെ നേരെ മറിച്ചാണ് അധികവും കാണുമാറുള്ളത്.

മഹത്സു പ്രഭുഷു സമാശ്രിതേഭ്യസ്സർവേഭ്യോഽപി സാധാരണതയാ വിത്തം ദദത്സ്വപി തേഷാം കശ്ചിൽ പക്ഷപാതിത്വം കേചിദപ്യൈവാരോപയന്തീത്യാഹ:—

൧൫. ഉന്മീലന്തി കിയന്തി വാ ന കുസുമാന്യുന്നിദ്രഭൂതേരുൽഗമേ
തത്ത്വേ താവതി ബന്ധുരിത്യതിസഖീത്യാദിത്യകാന്തേതി ച |
കീത്തിം ദത്തവതാം ത്രിലോകവിദിതാമേവം കവീനാമൃണം
കിം കൃതേയമപാകരോതു ജനുഷാം കോട്യാപി നാളീകിനീ? ||

വാസ്തവത്തിൽ തങ്ങൾക്ക മററുള്ളവരെക്കാൾ വിശേഷമൊന്നുമില്ലെങ്കിലും പ്രത്യേകമായി പ്രസിദ്ധിയെ സമ്പാദിച്ചുതരുന്നവക്ക് എന്തു കൊടുത്താലും പ്രതിഫലമാകയില്ലെന്ന പറയുന്നു:—

എത്ര പൂക്കൾ വിടിരുന്നു ഭാസ്കരനുദിച്ചിട്ടു-
    ന്നളവിലെങ്കിലും
മിത്രദേവനുടെ മിത്രമാണിതു കളത്ര-
    മാണിതി ജഗത്രയേ |
ഇത്രയും പുകൾ കൊടുത്തൊരക്കവികളോടു
    തൻ കടമ തീക്കുവാ-
നത്ര പങ്കജിനി കോടിജന്മമതുകൊണ്ടു-
    മെങ്ങനെ സമത്ഥയാം? ||

ഭാസ്കരൻ ഉദിച്ചിടുന്നളവിൽ, സൂര്യോദയത്തിൽ, എത്ര പൂക്കൾ വിടിരുന്നു. താമരപ്പൂ മാത്രമല്ല, പിന്നെയും അനേകം പൂക്കൾ വിടിരുന്നുണ്ടു്; എങ്കിലും ഇതു, താമര, മിത്രദേവനുടെ മിത്രമാണു സൂര്യഭഗവാന്റെ സഖിയാണു, മിത്രശബ്ദം നിത്യനപുംസകമാണ്. കളത്രമാണു, ഭാര്യയാണു; ഈ ശബ്ദവും അപ്രകാരം തന്നെ. ഇതി, ഇപ്രകാരം, ജഗത്രയേ, ത്രൈലോക്യത്തിൽ, ഇത്രയും പുകൾകൊടുത്ത, ഇത്ര വളരെ കീത്തി ഉണ്ടാക്കിക്കൊടുത്ത, അക്കവികളോടു, താമര സൂര്യന്റെ ഭാര്യയാണെന്നും മററും കവികളുണ്ടാക്കിത്തീത്ത കല്പനയാകുന്നു. തൻകടമ തീക്കുവാൻ, തന്റെ കടപ്പാടു തീക്കുന്നതിനു; പങ്കജിനി, താമര, അത്ര കോടി ജന്മമതുകൊണ്ടും, ഭൂമിയിൽ അനന്തകാലമിരുന്നു പ്രത്യുപകാരം ചെയ്യുന്നതായാലും, എങ്ങനെ സമത്ഥയാം, മതിയാകയില്ല, കടം വീടാൻ സാധിക്കയില്ല. മൂലത്തിലെ അവതാരിക "മഹാന്മാരായ പ്രഭുക്കൾ ആശ്രിതന്മാക്കെല്ലാവക്കും ഒരുപോലെ വിത്തം കൊടുക്കുന്നുവെങ്കിലും അവരിൽ ചിലരിൽ പ്രത്യേകത കാണിക്കുന്നുണ്ടെന്നു ചിലർ വൃഥാ പറഞ്ഞുണ്ടാക്കുന്നു" എന്നാകുന്നു. ഇതു ശ്ലോകാത്ഥത്തെ മുഴുവനും വ്യക്തപ്പെടുത്തുന്നില്ല. ഉത്തരാർദ്ധത്തെ നോക്കുമ്പോഴും കവിയുടെ പരിഹാസവാസനയെ ഓക്കുമ്പോഴും ഈ ശ്ലോകത്തിൽ കവികല്പനകളുടെ നിസ്സാരതയെ നിന്ദിച്ചിരിക്കുന്നതായി തോന്നുന്നു. വാസ്തവത്തിൽ സൂര്യനു മററുള്ള പൂക്കളെ പോലെയല്ലാതെ താമരപ്പൂവിൽ പ്രത്യേകപ്രതിപത്തിയില്ല. എങ്കിലും കവികൾ അങ്ങനെ ഉണ്ടാക്കി തീത്തിരിക്കുന്നു. ഇല്ലാത്തതിനെ ഇങ്ങനെ ഉണ്ടാക്കിത്തീക്കുന്ന കവികൾക്കു എന്തു കൊടുത്താൽ മതിയാകുമെന്നു പരിഹാസമായി കവി പറയുന്നതായി തോന്നുന്നു.

വാഗ്ഭിസ്സ്വരേണ കിം? ക്രിയയാ യസ്സ്വസാമത്ഥ്യം പ്രദർശയതി സ ഏവ നിപുണ ഇത്യാഹ:—

൬൨. വിഭോ സാധു ന സാധ്വിവ ക്ലപ്തമിദം രേ രേ! കഥം വിദ്ധ്യസീ-
ത്യാഖ്യാതും രണകൌശലം വയമപി പ്രൌഢാഃ സ്ഥിതാ ദൂരതഃ |

ആക്രാമൻ രണമേദിനീമപി വഹൻ ഖഡ്ഗം വികോശം കരേ
വേത്തി സ്വം ച പരം ച യദ്ധ്യവഹിതോ വിക്രാന്തിരേഷൈവ നഃ ||

ദുഷ്കരങ്ങളായ കാൎയ്യങ്ങളെ പററി ദൂരെ ഇരുന്നു ഗുണദോഷം പറക എളുതാണു്; അവയിൽ പ്രവൎത്തിക്കുമ്പോഴേ പ്രയാസമറിയൂ എന്നു പറയുന്നു—

വിദ്ധമായതു കണക്കിനാ,ക്കുതി പിഴച്ചു,
വേധമതു സാധുവോ, |
യുദ്ധകൌശലമിവണ്ണമേവനുമിരുന്നു
ദൂരെയുരചെയ്തിടാം |
ഉദ്ധതം രണശിരസ്സിലൂരിയൊരു വാളുമായ്
ഝടിതി ചെന്നു സ-
ന്നദ്ധനായ് സ്വപരഭേദമോൎത്തറിയുമെങ്കി-
ലായതൊരു വീൎയ്യമാം ||

അതു കണക്കിനു വിദ്ധമായ്, അതു നല്ല ശരിയായി എയ്തു കൊള്ളിച്ചു; അക്കുതി പിഴച്ചു, അച്ചാട്ടം ഒന്നു തെററിപ്പോയി; വേധമതു സാധുവോ, ആ എയ്ത്തു അത്ര ശരിയായോ?; ഇവണ്ണം ഏവനും ദൂരെ ഇരുന്നു യുദ്ധകൌശലം ഉരചെയ്തിടാം, തങ്ങൾക്കൊന്നും പററാതെ ദൂരെ നോക്കിയിരിക്കുമ്പോൾ യുദ്ധസമ്പ്രദായത്തെ പററി ഇപ്രകാരമെല്ലാം ഗുണദോഷം പറയാം; ഇതുകൊണ്ടു് ഒരു പ്രയോജനവുമില്ല. പിന്നെ എന്താണു വേണ്ടതെന്നു് ഉത്തരാൎദ്ധത്തിൽ പറയുന്നു:-രണശിരസ്സിൽ; യുദ്ധത്തിൽ മുമ്പിലായിട്ടു്; ഉദ്ധതം, സങ്കോചംകൂടാതെ, ഊരിയൊരു വാളുമായി, വാളൂരിയെടുത്തുകൊണ്ടു്; ഝടിതി, വേഗത്തിൽ; സന്നദ്ധനായ് ചെന്നു, ഒരുമ്പെട്ടിറങ്ങിച്ചെന്നു്; സ്വപരഭേദം ഓൎത്തറിയുമെങ്കിൽ, പരിഭ്രമംകൊണ്ടന്ധാളിച്ചുപോകാതെ തന്നെയും ശത്രുവിനെയും വേൎതിരിച്ചറിയുമെങ്കിൽ; ആയതു ഒരു വീൎയ്യമാം, അതു വീൎയ്യമെന്നു പറയാം. അതുപോലും ചെയ്യുന്നവനേയും വീരനെന്നു ഗണിക്കാം; അല്ലാതെ നോക്കിനിന്നു ഗുണദോഷം പറയുന്നവനെ അപ്രകാരം ഗണിച്ചുകൂട്ടുന്നതല്ല.

പുരാ മഹതി പദേ സ്ഥിതഃ കശ്ചിൽ പശ്ചാന്മഹതി സങ്കടേ പതിതശ്ചേൽ കഥം സഹേതേത്യാഹ:—

൭൦. അംഭോജേഷ്വതികോമളേഷു വിഹരന്നന്തർജ്ജലേ സംവിശ-
ന്നജ്ഞാതാതപവാതവർഷമനയൽ കാലം ചിരം യസ്സുഖം
സോƒദ്യ പ്രാവൃഷി കേതകീമധിവസൻ ഭൃംഗഃ ക്ഷതഃ കണ്ടകൈ-
രാവിദ്ധഃ കരകോപലൈരഭിഹതോ വാതൈഃ കഥം വർത്തതേ ||

വലിയ സ്ഥാനത്തിൽ സുഖിച്ചിരുന്ന ഒരുവൻ തനിക്ക് ദൈവഗത്യാ ദുഃഖം വരുമ്പോഴുണ്ടാകുന്ന കഷ്ടാവസ്ഥയെ എങ്ങനെ സഹിക്കുമെന്നു പറയുന്നു—

സ്ഫീതമാർദ്ദവമതാം സരോജനിരയിൽ
കളിച്ചു സുഖമായ് ശയി-
ച്ചാതപം മഴ മരുത്തിതൊന്നുമറിയാതെ
വാണൊരു മധുവ്രതം |
കേതകത്തിനെയണഞ്ഞു കണ്ടക-
നിവിദ്ധമായ് കരകപാതവും
ശീതവാതഹതിയും സഹിച്ചിഹ
വസിപ്പതെങ്ങനെ ഘനാഗമേ||

സ്ഫീതമാർദ്ദവമതാം; സ്ഫീതമായ, വർദ്ധിച്ച; മാർദ്ദവത്തോടുകൂടിയിരിക്കുന്ന, വളരെ മൃദുലങ്ങളോടുകൂടിയ; സരോജനിരയിൽ, താമരപ്പൂക്കളുടെ കൂട്ടത്തിൽ; കളിച്ചു രസിച്ചു നടന്നു; സുഖമായ് ശയിച്ചു, സുഖമായി അവിടത്തന്നെ കിടന്ന്; ആതപം വെയിൽ, മഴ, മരുത്തു, കററ ഇതൊന്നും അറിയാതെ, ഇവയെക്കൊണ്ടുള്ള കഷ്ടപ്പാടുകളൊന്നുമറിയാതെ; വാണൊരു, പാർത്തിരുന്ന; മധുവ്രതം, വണ്ടു; ഇഹ, ഘനാഗമേ; ഈ വർഷകാലത്തിൽ, കേതകത്തിനെ അണഞ്ഞു, കൈതപ്പൂവിൽ, ചെന്നു; കണ്ടകനിവിദ്ധമായ്; കണ്ടകങ്ങളാൽ, മുള്ളുകളാൽ, നിവിദ്ധമായ്, മുറിവേല്പിക്കപ്പെട്ടതായ്; കേതക്കമുള്ളുകൊണ്ടു മുറിവേററെന്നർത്ഥം; കരകപാതവും, ആലിപ്പഴം തൻെറ മേൽ വീണുണ്ടാകുന്ന വേദനയും, ശീതവാതഹതിയും, തണുത്ത കാററിന്റെ അടിയും; സഹിച്ച് എങ്ങനെ വസിപ്പതു്? എങ്ങനെ ജീവിച്ചിരിക്കും? ജീവിച്ചിരിക്കുന്നതു പ്രയാസമെന്നർത്ഥം. വസന്തകാലത്തിലാണ് താമര പൂക്കുന്നതു്. വർഷകാലം വരുമ്പോൾ അതു വെള്ളത്തിൽ മുങ്ങിപ്പോകും. കൈത പൂക്കുന്നതു് വർഷത്തിലാണ്. വണ്ടു തേൻ കുടിക്കാനായി രണ്ടിലും അതാതു കാലങ്ങളിൽ പോകുന്നു. ഉത്തരദേശങ്ങളിൽ വർഷർത്തുവിൽ വളരെ ആലിപ്പഴം വീഴും.

ഗർദ്ധയുക്താ ധനിനോ രിക്തഹസ്തേ സ്വസുഹൃദി ചിരാദ്ദൃഷ്ടേ തേന സഹ സ്വാഗതാദികുശലപ്രശ്നം വിനാ ഭുക്തിപ്രസ്താവമപി ന രചയന്തീത്യാഹ—

വൃ. ബ്രൂതേ സ്വാഗതമീക്ഷതേ കൃശമമും ശ്രുത്വാ കഥാഃ ഖിദ്യതേ
പക്ഷാഭ്യാമസകൃൽ പ്രമാർഷ്ടി രചയത്യുച്ചാവചാശ്ചാശിഷഃ |
ഉച്ഛിന്നപ്രസവാത്തരോരുപഗതേ ഭൃംഗേ ക്ഷുധാ താമ്യതി
പ്രസ്തൌതി ഭ്രമരസ്തു പൂർണ്ണജഠരോ നാഹാരവാർത്താമപി ||

ലുബ്ധന്മാർ നല്ല വാക്ക പറയുന്നതല്ലാതെ ബന്ധുവായ അതിഥിയോടും ഭക്ഷണത്തിന്റെ പ്രസ്താവംപോലും ചെയ്യുപോകയില്ലെന്നു പറയുന്നു—

ആത്തനാമളിവിശന്നുനിസ്സുമമരത്തിൽ നി-
ന്നരികിലെത്തവേ
ചീത്തമോദമൊട്ടു നല്ലവാക്കുകളുരയ്ക്കുയും
കൃശതകാണ്കയും |
ചേർത്തണച്ചുടനനുഗ്രഹിക്കയുമിതൊക്കെ
യൻപൊടു കഴിക്കിലും
വീർത്തകുംഭയൊടു കൂടിയോരളിയുരപ്പ-
തില്ലശനവാർത്തയും ||

വീർത്തകുംഭയൊടു കൂടിയോരളി, തേൻ നിറയക്കുടിച്ചു വയറു വീർത്തിരിക്കുന്ന വണ്ടു; നിസ്സുമമരത്തിൽ നിന്നു, പൂവില്ലാത്ത വൃക്ഷത്തിൽനിന്നു, വിശന്നു, പട്ടിണികിടന്നു, ആത്തനാം, ദീനനായ, അളി, മറ്റൊരു വണ്ടു, അരികിൽ എത്തവേ, അടുത്തു വരുമ്പോൾ, ചീത്തമോദമൊടു, വളരെ സന്തോഷത്തോടെ, നല്ല വാക്കുകൾ ഉരയ്ക്കുയും, സ്വാഗതം ചെയ്യുന്നതിനെയാണ് ഇങ്ങനെ ഉൽപ്രേക്ഷിച്ചിരിക്കുന്നത്. കൃശത കാണ്കയും, ദേഹം ചടച്ചുപോയതു നോക്കിയും, ചേർത്തണച്ചുടൻ അനുഗ്രഹിക്കയും; രണ്ടു വണ്ടുകൾ തമ്മിൽ പററി ചേൎന്നു പറക്കുന്നതിനെ പ്രാണസ്നേഹിതന്മാർ വളരെനാൾ പിരിഞ്ഞിരുന്നു പിന്നീടു കാണുമ്പോൾ ആനന്ദത്തോടുകൂടി ആലിംഗനം ചെയ്യുന്ന മട്ടിലാക്കിയിരിക്കുന്നു. ഇതൊക്കെയൻപൊടു കഴിക്കിലും, ഇതൊക്കെ ചെയ്യാൻ ഭാവമുണ്ടെങ്കിലും, അശനവാർത്തയും ഉരപ്പതില്ല, ഊണിന്റെ കഥപോലും മിണ്ടിപ്പോകുന്നില്ല. ഇതുപോ

ലെയാണ് ലുബ്ധന്മാർ; പഞ്ചസാരവാക്കുകൾ പറയുന്നതല്ലാതെ മറ്റൊരുത്തനുവേണ്ടി ഒരു കാശു ചിലവഴിച്ചു പോകയില്ല.

കാലവശാൽ സഹായരഹിതാസ്സന്തഃ പ്രബലാൻ നീചാനേവാശ്രയന്തസ്സ്വാൻ നിന്ദന്തസ്താൻ സ്തുവന്തോ ഗത്യന്തരാഭാവാൽ കൃച്ഛ്രേണ കാലം നയന്തീത്യാഹ:—

൯൭. യേ മൂഷ്യന്തി ന ഹംസികാമപി ബകൈർജ്ജാത്യാ ന ഹംസാസ്സ്വത
സ്തേഷ്വേകോ ജരസാ വിലുപ്തഗമനസ്ത്യക്തസ്സ്വകൈഃ പ്രാവൃഷി।
താനേവാനുസരൻ ബകാൻ ബഹുതരം തച്ചേഷ്ടിതാനി സ്തുവൻ
തജ്ജാത്യൈസ്സ്പൃഹയൻ കിയൽ കിയദഹോ ജാതിം നിജാം നിന്ദതി॥

കാലദോഷത്താൽ നിസ്സഹായന്മാരായിതീരുകയാൽ സജ്ജനങ്ങൾ ചിലപ്പോൾ സ്വജാതിധർമ്മം വിട്ടു നീചാശ്രയം ചെയ്തു കാലക്ഷേപം ചെയ്യേണ്ടിവരുന്ന കഷ്ടാവസ്ഥയേ വർണ്ണിക്കുന്നു—

ബാകസംവസതി മർഷിയാത്തൊരു മരാള-
വർഗ്ഗമതിൽ വൃദ്ധമാ-
മേകമങ്ങു ഗമനാക്ഷമം സ്വജനമുക്തമം-
ബുദസമാഗമെ।
സാകമമ്പുകകുലേന പോയതിനെ വാഴ്ത്തിയ-
ക്കൃപണജാതിയേ
സ്വീകരിപ്പതിനു കാംക്ഷയാ, ബത!
ദൂഷിച്ചിടുന്നു നിജ ജാതിയെ॥

ബകങ്ങളുടെ, കൊക്കുകളുടെ, സമൂഹം ബാകം; അതോടുകൂടിയുള്ള സംവസതിയെ സഹവാസത്തെ; മർഷിയാത്ത സഹിയാത്ത; മരാളവർഗ്ഗമതിൽ, ഹംസക്കൂട്ടത്തിൽ, വൃദ്ധമാം ഏകം, വയസ്സുചെന്ന ഒന്നു; ഗമനാക്ഷമാം, പറക്കാൻവഹിയാതെ; അംബുദസമാഗമേ, വർഷകാലത്തിൽ; സ്വജനമുക്തം, തന്റെ കൂട്ടുകാരൻ ത്യജിക്കപ്പെട്ടു്, വർഷകാലത്തു മറവുള്ള ഹംസങ്ങളെല്ലാം മാനസസരസ്സിലേക്കു പറന്നുപോകുമ്പോൾ

അവരുടെകൂടെ പറന്നുപോകാൻ ശേഷിയില്ലാത്ത വൃദ്ധനായ ഒരു ഹംസം; അല്പകുലേന സാകംപോയ്, ആ കൊക്കിൻകൂട്ടത്തോടു കൂടിപ്പോയ്, അതിനെ വാഴ്ത്തി, "നിങ്ങൾ കൂട്ടുകാരാൽ വിട്ടുംവെച്ചു പോകയില്ല"ഇത്യാദി സ്തുതിചെയ്തു, ആ കൃപണജാതിയെ സ്വീകരിപ്പതിന്നു കാംക്ഷയാൽ, നീചങ്ങളായ ആ കൊക്കുകളുടെ കൂട്ടത്തിൽ ചേരാനംഗ്രഹിച്ചു; അതല്ലാതെ കാലക്ഷേപത്തിന്നു മാൎഗ്ഗമില്ലാത്തതുകൊണ്ടുതന്നെ. നിജജാതിയെ, തന്റെ കൂട്ടുകാരെ, ഹംസങ്ങളെ; ദൂഷിച്ചിടുന്നു. "സ്നേഹമില്ലാത്തവരാണു; ഡംഭമധികമുള്ളവരാണു" എന്നും മറ്റും ശകാരിക്കുന്നു. ബത! കഷ്ടം, നീചന്മാരെ ആശ്രയിച്ചല്ലാതെ കാലക്ഷേപത്തിന്നു മാൎഗ്ഗമില്ലെന്നുവന്നാൽ സജ്ജനങ്ങൾ അവരെ സേവിക്കയെന്നേവരൂ എന്നു താൽപര്യം.

സന്തഃ പരാനനുപദ്രുത്യൈവ സ്വോദരംപൂരയന്തി; ഖലാസ്തു ബഹിൎന്നൈൎമ്മല്യമഭിനയന്തോഽപി സാധൂനനുപീഡ്യ സ്വവൃത്തിം സാധയന്തീത്യാഹ:—

വൃ. ശുദ്ധിം സ്വാമനു ചിന്ത്യ മീനനിവഹൈഃ പൂൎണ്ണേഽപി പത്മാകരേ
സ്വൈനൈവോപനതൈൎമ്മൃണാളവലയൈൎജ്ജീവന്തി ഹംസാസ്സുഖം
യേ ത്വേതേ വിമലാസ്തതോഽപി ച ബകാ ധ്യാനൈകനിഷ്ഠാസ്സദാ
നിൎദ്വന്ദ്വാ നിഭൃതാശ്ച ബിഭ്രതി തു തേ യാദോഭിരേവോദരം ||

സജ്ജനങ്ങൾ പരോദ്രവംകൂടാതെ സ്വകാൎയ്യം സാധിക്കുന്നു. ദുൎജ്ജനങ്ങളാകട്ടെ പുറമെ ഭംഗിനടിച്ചു സാധുക്കളെ ദ്രോഹിച്ചുതന്നെ തൻകാൎയ്യം നേടുന്നു. എന്നു പറയുന്നു:—

മീനപൂൎണ്ണനളിനാകരത്തിൽ നിജശുദ്ധി-
യോൎത്തു വിസനാളയേ-
ത്താനശിച്ചു സുഖവൃത്തിയോടു നിവസി-
ച്ചിടുന്നു ധവളഛദം |
ധ്യാനനിഷ്ഠമതിനിൎമ്മലം ബകമപേത
ദുഃഖസുഖമെപ്പൊഴും
മൌനമാൎന്നു ജലജന്തുജാലമതുതാൻ
ഭുജിച്ചുമരുവുന്നഹോ ||

ധവളച്ഛദം, ഹംസം; വെളുത്ത ചിറകുള്ളതുകൊണ്ടാണ് ഈ പേർ അതിനു സിദ്ധിച്ചതു്. നിജശുദ്ധിയോൎത്തു തന്റെ ജാതി ഉത്തമമെന്നു കരുതി; അതുകൊണ്ടു് അകൃത്യം ചെയ്തുകൂടെന്നറിഞ്ഞു് എന്നു താൽപൎയ്യം. മീനപൂൎണ്ണനളിനാകരത്തിൽ,|മത്സ്യങ്ങൾ നിറഞ്ഞിരിക്കുന്ന താമരപ്പൊയ്കയിൽ; വിസനാളമേത്താനശിച്ചു, താമരത്തണ്ടുമാത്രം തിന്നു, സുഖവൃത്തിയോടു നിവസിച്ചിടുന്നു, സുഖകാലക്ഷേപം ചെയ്യുന്നു. തടാകത്തിൽ വേണ്ട മത്സ്യങ്ങളുണ്ടെങ്കിലും അരയന്നങ്ങൾ ഇതരജന്തുദ്രോഹംചെയ്തു് ആത്മതൃപ്തിയെ വരുത്തുന്നതു് അവിഹിതമെന്നു കരുതി താമരത്തണ്ടുമാത്രം തിന്നു സുഖമായി കാലംകഴിച്ചുകൂട്ടുന്നു. ബകം കൊക്കു്; ധ്യാനനിഷ്ഠം, അനങ്ങാതെയിരുന്നു തത്വവിചാരഭാവം കാട്ടുന്നതെന്നൎത്ഥം; അതിനിൎമ്മലം; എത്രയും വെളുത്തതു്, ശുദ്ധിയുള്ളതെന്നും; അപേതദുഃഖസുഖം സുഖദുഃഖങ്ങൾ തുല്യങ്ങളായിട്ടുള്ളതു്; വെയിലും മഴയുമെല്ലാം ഒരുപോലെ കൊള്ളുന്നതെന്നൎത്ഥം. എപ്പോഴും മൌനമാൎന്നു, മിണ്ടാതെ ഇരുന്നു്; മുൻപറഞ്ഞ വിശേഷണങ്ങളെക്കൊണ്ടു ബകത്തിനെ ഒരു യോഗിക്കു തുല്യമാക്കിയിരിക്കുന്നു എന്നറിക. ഭാവമിങ്ങനെയാണു്, പ്രവൃത്തിയോ പരദ്രോഹമാണു്. ജലജന്തുജാലമതുതാൻ ഭുജിച്ചു, ജലജന്തുക്കളെത്തന്നെ എല്ലായ്പോഴും പിടിച്ചുതിന്നു; മരുവുന്നു. അഹോ, കഷ്ടം! തീററി എപ്പൊഴും ജലജന്തുക്കളാണു്

സന്തസ്സ്വബഹുലേനാപി ഹിംസാരഹിതേനൈവ വസ്തുനാ
സ്വോദരം പൂരയന്തി; ഖലാസ്തു സ്വല്പേനാപിഹിം
സാലബ്ധേനൈവ വസ്തുനാ ജീവന്തീത്യാഹ:—

വൃ. യൈൎജ്ജീവന്തി സിതച്ഛദാ ന ദുരിതം കസ്യാപി യത്ഭംഗുരേ
രോചന്തേ ന ഹി തേ മൃണാളവലയാഃ കസ്മൈ പ്രഭൂതാ അമീ |
അപ്യാസ്വാദ്യമപോഷ്യ മീനപൃഥുകൈൎയ്യുക്ത്യാ മഹത്യാൎജ്ജിതൈ-
രേകൈരപി തൃപ്തിമേതി പരമാം ഹിംസോപലബ്ധൈൎബ്ബകഃ ‖

നല്ല രുച്യങ്ങളായ ഫലമൂലാദികൾ ധാരാളമുണ്ടെങ്കിലും ജാത്യാ നീചൻ പട്ടിണികിടന്നു് വല്ലതിനേയും കൊന്നുതിന്നു തന്നെ ഉദരപൂൎത്തി വരുത്തുന്നു എന്നു പറയുന്നു —

ശ്വേതപത്രകുലഭക്ഷ്യമായ് ദുരിതമെന്ന്യ-
യാക്കുമധിഗമ്യമായ്
സ്ഫീതമായൊരു മൃണാളനാളമതിരമ്യ-
മേവനു രുചിച്ചിടാ |

വീതഭുക്തി ബകമന്തിയോളമടവോടിരുന്നു
കൊലചെയ്തു മീൻ-
പോതകാവലിയിലൊന്നുരണ്ടിനെയശിച്ചു
തുഷ്ടി കലരുന്നലം||

ശ്വേതപത്രകുലഭക്ഷ്യമായ്, ഹംസസമൂഹത്തിനുകൂടെയും ആഹാരമായിരിക്കുന്ന, ഉത്തമപക്ഷിക്ക് ആഹാരയോഗ്യമായ; ദുരിതമെന്ന്യേ യാർക്കുമധിഗമ്യമായ്, പാപംകൂടാതെ ഏവനും കിട്ടുന്നതായ്, അതിരമ്യമായ്, കണ്ടാലും തിന്നാലും കൊള്ളാവുന്നതായ്; സ്ഫീതമായൊരു ഗുണാളി നാളം, ധാരാളമായിക്കിടക്കുന്ന താമരത്തണ്ട്; ഏവനു രുചിച്ചിടാ, എല്ലാവർക്കും നല്ലതായി തന്നെ തോന്നുമെന്നർത്ഥം. ഈ ഗുണങ്ങളോടുകൂടിയ താമരത്തണ്ടിനെ ഉപേക്ഷിച്ച് ബകം എന്തുചെയ്യുന്നു എന്നു ഉത്തരാർദ്ധത്തിൽ പറയുന്നു-അന്തിയോളം സന്ധ്യയാകുംവരെയും, വീതഭുക്തി പട്ടിണികിടന്ന്, അടവോടിരുന്ന്, തക്കംപാർത്തിരുന്ന്, മീൻപോതകാവലിയിൽ ഒന്നുരണ്ടിനെ കൊലചെയ്ത്, ഒന്നോ രണ്ടോ ചെറിയ മത്സ്യങ്ങളെ കൊത്തിക്കൊന്ന്; അശിച്ചു; തിന്ന്, അലം തുഷ്ടി കലരുന്നു, നല്ലവണ്ണം തൃപ്തമാകുന്നു. ഒരു ദ്രോഹവും ചെയ്യാതെ സ്വാദുവായി ഭക്ഷിക്കാൻ വളരെ താമരത്തണ്ടിരുന്നിട്ടും അതുവിട്ടു പട്ടിണി കിടന്നും കാത്തിരുന്നും ഒന്നോ രണ്ടോ കൊച്ചു മത്സ്യങ്ങളെ തിന്നെങ്കിലേ ബകത്തിനു തൃപ്തിയുള്ളൂ. നീചന്മാരുടെ ലക്ഷണമാണിത്.

ദുർഗ്ഗുണഭൂയിഷ്ഠേഽപി പുരുഷേ സ്വജനമൈത്രീ ശ്ലാഘ്യേത്യാഹ:—

വൃ. അസ്പൃശ്യോഽസ്തു മലീമസോഽസ്തു നിയതാഹാരോഽസ്തു ജാതോഽ [പ്യുത്തമൈർ-
ല്ലോകൈരസ്തു പരസ്സഹസ്രൈഃ പരിവൃതഃ കാകസ്തതഃ കാ ക്ഷതിഃ |
ഭുങ്ക്തേ ഭോജ്യമുപസ്ഥിതം സമുപഹൂയൈവ സ്വതോ ബാന്ധവാൻ
യസ്സീദൻ ക്ഷുധയാപി ചിന്തയ തതോ ധന്യശ്ച പുണ്യശ്ച കഃ ||

ദോഷങ്ങളനേകമിരുന്നാലും ഒരുവനു പ്രബലമായ ഗുണമൊന്നുണ്ടായിരുന്നാൽ അതിനെ അഭിനന്ദിക്കേണ്ടതാണെന്നു പറയുന്നു—

സ്പൃശ്യമല്ല കരടം മലീമസമതില്ല
നിഷ്ഠയതിനഷ്ടിയിൽ
ദൃശ്യമല്ലുടൽ നിശമ്യമല്ലരവമെന്തുഹാനി-
യിതുകൊണ്ടെടോ? |

വശ്യമായ് വരികിലും വിശപ്പിനതു
ഭക്ഷ്യസാധനമശിച്ചിടാ
പശ്യ കൂട്ടരെ വിളിച്ചിടാതിതു വിശിഷ്ട-
മായ ഗുണമല്ലയോ? ||

കരടം കാക്ക, സ്പൃശ്യമല്ല തൊടാൻ കൊള്ളരുതാത്തതാണു്; മലീമസം അതു്, അതു വൃത്തികെട്ടതാണു്; അതിനു് അഷ്ടിയിൽ നിഷ്ഠയില്ല, ഇന്നതേ തിന്നുകയുള്ളു എന്നില്ല. ഉടൽ ദൃശ്യമല്ല, കണ്ടാൽ വിരൂപിയാണു്, രവം നിശമ്യമല്ല. ശബ്ദം കർണ്ണാരുന്തുദമാണു്; എന്തു ഹാനിയിതുകൊണ്ടെടോ? ഇതുകൊണ്ടൊക്കെ ഒരു ദോഷവുമില്ല. എന്തുകൊണ്ടെന്നു് ഉത്തരാർദ്ധത്തിൽ പറയുന്നു—അതു, കാക്ക; വിശപ്പിനു വശ്യമായ് വരികിലും, നന്നായി വിശന്നിരിക്കയാണെങ്കിലും, കൂട്ടരെ വിളിച്ചിടാതെ, കൂട്ടുകാരെക്കൂടി വിളിച്ചുകൂട്ടാതെ, ഭക്ഷ്യസാധനം അശിച്ചിടാ, ആഹാരം തിന്നുകയില്ല. എന്തെങ്കിലും തിന്നാൻ ഒരു സാധനം കിട്ടിയാൽ 'കാ കാ' എന്നു കരഞ്ഞു അതു മററു കാക്കകളേയും വിളിച്ചു വരുത്തുന്നതു പതിവാണു്. ഇതു വിശിഷ്ടമായ ഗുണമല്ലയോ, പശ്യ ഇതൊരു വലിയ ഗുണമല്ലയോ; ഓർത്തുകാണുക.

ക്ഷുദ്രാ മഹത്ഭ്യഃ സ്വേഷാമേവോൽകർഷം ഭാവയന്തോഽപി ഏഷു തദീയ ഗുണാഃ കഥം ഭവേയുരിത്യാഹ—

വൃന. ഭൃത്യോഽസ്തു ബിഭൃമസ്തു താൻ വയമിമേ ക്ഷുദ്രാ ബൃഹന്തോ വയം
ജാതൌ പക്ഷവതാമമീ തു കളകണ്ഠാഃ കാളകണ്ഠാ വയം |
ഇത്യുത്ഭാവയസേ കുഹൂമുഖകുലാദുൽകർഷമേവാത്മനഃ
കണ്ഠേ പാതയിതാ കദാ ഖലു ഭവാൻ കാക സ്വരം പഞ്ചമം ||

മൂർഖൻ വിദ്വാനെക്കാൾ ഉൽകർഷം നടിച്ചാലും വൈദഗ്ദ്ധ്യമുള്ളവനാകയില്ലെന്നു പറയുന്നു:—

ഭൃത്യനാണിതു, ഭരിച്ചിടുന്നതിനെ ഞാനെ,
രല്പനിതു, ഞാൻ മഹാൻ,
സത്യമേഷ കളകണ്ഠനെങ്കിലിഹ
കാളകണ്ഠനഹമോർക്കണം |

ഇത്ത്യഹോ! പരഭൃതാധികത്വമത്തു താൻ
തനിക്കു കരുതുന്നു നീ
കൃത്യമായ് കഥയ, നിൻഗളേ കരട!
പഞ്ചമസ്വരമുദിക്കുമോ?॥

കരട! അല്ലയോ കാക്കേ!, നീ; ഇതു ഭൃത്യനാണ്, ഇതിനെ ഞാൻ ഭരിച്ചിട്ടുന്നു; കാക്കയാണു കുയിലിനെ വളർത്തുന്നതെന്നു പ്രസിദ്ധം. ഇതു ഒരല്പൻ ഞാൻ മഹാൻ, കുയിൽ ചെറിയ പക്ഷിയും കാക്കവലുതുമാകുന്നു. ഏഷകളകണ്ഠനെങ്കിൽ അഹം കാളകണ്ഠൻ സത്യം എന്നോക്കണം, ഇതു കളമായ ശ്രാവ്യമായ കണ്ഠത്തോടുകൂടിയതാണെങ്കിൽ ഞാൻ കിളമായ കറുത്ത കണ്ഠത്തോടുകൂടിയതാകുന്നു. കളകണ്ഠമെന്നു കുയിലിനും കാളകണ്ഠമെന്നു കാക്കയ്ക്കും പേരുണ്ട്. കളകണ്ഠനെക്കാൾ കാളകണ്ഠനു വിശേഷം കൂടുമല്ലോ. ഇതി, എന്നിങ്ങനെ, പരഭൃതാധികത്വമത്തു താൻ, കുയിലിനെക്കാൾ ആധിക്യത്തെത്തന്നെ, നീ തനിക്കു കരുതുന്നു സ്വയം ഭാവിക്കുന്നു. അഹോ, ആശ്ചര്യം. എന്നാൽ നിൻഗളെ നിന്റെ കണ്ഠത്തിൽ, കൃത്യമായ് പഞ്ചമസ്വരമുദിക്കുമോ കഥയ, ശരിയായി പഞ്ചമസ്വരം പുറപ്പെടുമോ പറക. കാക്കയ്ക്കു പഞ്ചമസ്വരത്തിൽ ഗാനം ചെയ്വാൻ കഴികയില്ലല്ലോ! അതുകൊണ്ടു കുയിലിന്റെ യോഗ്യത കാക്കയ്ക്കുണ്ടാകയില്ലെന്നർത്ഥം.

സാധനസമവായാഭാവേƒപി പൂർവ്വജന്മാർജ്ജിതം ഭാഗ്യം നരാണാം സ്വയമേവ പ്രകാശം പ്രാപ്നയാദിത്യാഹ—

വൃ. കേനാദ്ധ്യാപിതമാസ്ഥിതം ക്വച കദാധീതം ക്വ വാവർത്തിതം
തദ്വിദ്യാമൃതു കുത്ര ജാതമഥ കൈഃ പൃഷ്ടാ തദാലോച്യതാം।
കാലേ സോƒപി കുഹൂമുഖോ യദി ജഗത്കർണ്ണാമൃതം കൂജതി
പ്രാഗ്ജന്മാർജ്ജിതഭാഗ്യവൈഭവമിദം കഃ സ്തോതുമീഷ്ടേ കവിഃ॥

കുയിലിന്റെ നാദവിദ്യയേ പുരസ്കരിച്ചു മുജ്ജന്മസിദ്ധയായ വാസനയെ പ്രശംസിക്കുന്നു—

ആരിതിന്നു ഗുരു,വെപ്പൊഴാണിതു പഠിച്ച-
തെന്ന കഥയെന്നിയേ
നേരിലെങ്ങിതുജനിച്ചതിൻഭരണമാരു
ചെയ്തതു നിനയ്ക്കണം।

പാരിലിക്കുയിലുമെത്ര ഭംഗിയൊടു
കൂകിടുന്നു കളപഞ്ചമം
ഭൂരിപൂർവ്വഭവഭാഗ്യവൈഭവമവർണ്ണനീയ-
മിതു കേവലം ||

ആരിതിനു ഗുരു, കുയിലിനെ പഞ്ചമസ്വരം പാടാൻ ആരും പഠിപ്പിച്ചില്ല; എപ്പോഴാണിതു പഠിച്ചതു്? അതിനും അവസരം ഉണ്ടായിട്ടില്ല; എന്നു കഥയെന്നിയേ, അക്കഥ പോകട്ടെ, നേരിൽ വാസ്തവത്തിൽ ഇതു ജനിച്ചതു എങ്ങു്? കാക്കക്കൂട്ടിലാണു്, ഇതിൻഭരണം ആരുചെയ്തു? കാക്കയാണു കുയിലിനെ വളർത്തിയിരിക്കുന്നതു്. കാക്കയ്ക്കു് 'പരഭൃത്' എന്നും കുയിലിനു 'പരഭൃതം' എന്നും പേരുണ്ടു്. അതു നില്ക്കണം, ഇതെല്ലാം ഓർക്കുമ്പോൾ കുയിലിനു നാദവിദ്യ ഉണ്ടാകുവാൻ ഒരു നിവൃത്തിയുമില്ലെന്നു നിശ്ചയം തന്നെ. എങ്കിലും ഇക്കുയിൽ എത്രഭംഗിയോടു പാരിൽ കളപഞ്ചമം കൂകിടുന്നു, വളരെ ഭംഗിയോടെ പഞ്ചമം പാടുന്നു, അതിനു കാരണം മുജ്ജന്മവാസന തന്നെ. ഭൂരിപൂർവ്വഭവഭാഗ്യവൈഭവം അതിയായ മുജ്ജന്മഭാഗ്യത്തിന്റെ മാഹാത്മ്യം. കേവലം അവർണ്ണനീയമിതു, വർണ്ണിക്കാൻ അശക്യം തന്നെ. അതിനാലത്രേ അവസരാഭാവത്തിങ്കലും കുയിലിനു നാദവിദ്യ ലഭിച്ചതു്.

ദുർഗ്ഗുണശാലിനോ ജനാഃ ക്ഷുദ്രാ അപി സർവ്വജനഭീതിപ്രദാ
ജായന്ത ഇത്യാഹ—

വൃ൭. കീടഃ കശ്ചന വൃശ്ചികഃ കിയദയം പ്രാണീ കിയദ്ദുഷ്ടതേ
കോ ഭാരോ ഹനനേഽസ്യ ജീവതി സ വാ കാലം കിയന്തം പുനഃ।
നാമ്നോഽപ്യസ്യ കിയദ്ബിഭേതി ജഗതാം ദൂരേ കിയല്ലാഘവേ
കിം ബ്രൂമോ ഗരളസ്യ ദുർവ്വിഷഹതാം പുച്ഛാഗ്രലഗ്നകസ്പൃശഃ ||

ദുഷ്ടൻ നിസ്സാരനെങ്കിലും അവനെ എല്ലാവരും ഭയപ്പെടുമെന്നു പറയുന്നു—

തേളതുച്ഛമൊരു കീടകം പര,മിതെന്തു
ചെയ്യു,മൊരിറുമ്പിനേ-
ക്കാളുമില്ല പണി കൊല്ലുവാനിതിനെ,
വാഴുമെത്രയിതു വാഴ്കിലും |

ആളുകൾക്കു പുനരെന്തു പേടി,യവർ
പേരു കേട്ടുമടന്നോടിടും,
കാളുമുഗ്രവിഷമുള്ള വാൽമുനയതിന്റെ
തീവ്രത കഥിപ്പതോ?||

തേളു തുച്ഛമൊരു കീടകം പരം, തേൾ നിസ്സാരമായ ഒരു പുഴുവത്രേ; ഇതെന്തുചെയ്യും, അതിന മനുഷ്യനോടു നേരിട്ട് ഒന്നും ചെയ്വാൻ ശക്തിയില്ല. ഒരു ഇറുമ്പിനെക്കാളും ഇതിനെ കൊല്ലുവാൻ പണിയില്ല. ഇതു വാഴ്കിലും എത്ര വാഴും, ഇതിന്റെ ആയുസ്സും അല്പമേയുള്ളു. ഒന്നു ചവിട്ടിയാൽ കഥ കഴിഞ്ഞു. ഇങ്ങനെയൊക്കെയിരിക്കിലും, ആളുകൾക്കു പുനരെന്തുപേടി, അവർ പേരു കേട്ടുമടന്നോടിടും, തേൾ എന്ന പേരു പറയുന്നതു കേൾക്കുമ്പോൾതന്നെ ആളുകൾ സംഭ്രമത്തോടെ എഴുന്നേററു ഓടും; കാളും ഉഗ്രവിഷമുള്ള വാൽമുനയതിന്റെ തീവ്രത കഥിപ്പതോ, അതിന്റെ വാലിന്റെ അററംകൊണ്ട് ഒന്ന് ഇറുക്കിയാൽ ഉള്ള വേദന എത്ര കഠിനമായിരിക്കുന്നു. അതുപോലെതന്നെ ദുഷ്ടന്റെ നാവിലുള്ള വിഷവാക്കു കേട്ടാലുമെന്നർത്ഥം. അതുകൊണ്ടു ആരും അവനെ ഭയപ്പെടും.

സാധനപൌഷ്കല്യേസ്ഥിതേഽപി തത്തൽഗുണോപഭോ
ഗോ ദൈവചോദനയൈവ ഭവേദിത്യാഹ—

വൃത്തം. കിം ചന്ദ്രാന പുരാ ബഭൂവ കിമിമേ വൃക്ഷാഃ പുരാനാഭവൻ
കിം സൃഷ്ടാ അധുനാ പികാ മധുകരാ അദ്യോദപദ്യന്ത കിം? |
സാഹംകാരമമും പ്രപഞ്ചമഖിലം ഭോക്തും യദാ പ്രാണിനാം
പ്രാസീഭദ്ദ്രുഹിണസ്തദാ സമുദഭൂദാശ്ചര്യവര്യോ മധുഃ ||

സുഖസാധനങ്ങൾ ധാരാളമുണ്ടായിരുന്നാലും യോഗമുള്ളപ്പോൾ മാത്രമേ അവയെ അനുഭവിപ്പാൻ കഴിയൂ എന്നു പറയുന്നു—

ക്ഷോണിതന്നിലിഹ മുന്നമേ ഹിമകരൻ മരങ്ങ-
ളിവയില്ലയോ?
ശോണിതാക്ഷവിഹഗങ്ങൾ വണ്ടുകളിവയ്ക്കു
സംഭവമതിപ്പൊഴോ? |

പ്രാണികൾക്കുവിധി തുഷ്ടനായളവിലിപ്രപഞ്ച-
മഖിലം മഹാ
ത്രാണിയോടനുഭവിപ്പതിന്നതുലവീൎയ്യനാം
സുരഭിജാതനായ് ||

ഇഹ ക്ഷോണിതന്നിൽ, ഈ ഭൂമിയിൽ, മുന്നമേ, വസന്തം വരുന്നതിനു മുമ്പിൽ തന്നെ, ഹിമകരൻ ചന്ദ്രൻ, മരങ്ങൾ ഇവ ഇല്ലയോ? ഉണ്ടായിരുന്നല്ലൊ, ശോണിതാക്ഷവിഹംഗങ്ങൾ കുയിലുകൾ; അവററകളുടെ കൺ ചുവന്നിരിക്കുന്നതുകൊണ്ടു് ഈ പേർ. വണ്ടുകൾ, ഇവയ്ക്കു് സംഭവം ഇപ്പൊഴോ? വസന്തം വന്നപ്പോഴേ ഇവയുണ്ടായുള്ളോ? മുൻപിലുമുണ്ടായിരുന്നല്ലോ. പിന്നെ എന്തുകൊണ്ടാണു് ഇവയെക്കൊണ്ടുള്ള സുഖാനുഭോഗം ഉണ്ടാകാഞ്ഞതു്? യോഗമില്ലായ്ക തന്നെ. വിധി, ദൈവം, പ്രാണികൾക്കു തുഷ്ടനായളവിൽ, ദൈവാനുകൂല്യംവന്നപ്പോൾ, ഈ പ്രപഞ്ചമഖിലം ഈ ലോകത്തെയാസകലം, മഹാത്രാണിയോടെ അനുഭവിപ്പതിനു, ശേഷിയോടെ അനുഭവിക്കുന്നതിനു, അതുലവീൎയ്യനാം സുരഭി ജാതനായ്, മഹാവീൎയ്യവാനായ വസന്തം ഉണ്ടായി. ചന്ദ്രൻ, കുയിൽ, വണ്ടു് മുതലായ സുഖസാധനങ്ങളൊക്കെ ഇരുന്നിട്ടും മററുള്ള ഋതുക്കൾക്കു് അവയെക്കൊണ്ടുള്ള സുഖം അനുഭവിക്കാൻ യോഗമുണ്ടായില്ല. വസന്തത്തിനു മാത്രമേ അതു സിദ്ധിച്ചുള്ളു. അതുകൊണ്ടു് ഉണ്ടായാലും അനുഭവിക്കാൻ യോഗം വേണമെന്നൎത്ഥം.

ലോകേ സ്ഥൂലലക്ഷാ മഹാന്ത ആശ്രിതേഭ്യസ്സൎവേഭ്യോഽപി
സമം ദ്രവിണം ദിശന്തി; തതഃപരം തസ്യ ദ്രവിണ
സ്യരക്ഷണനാശനേ തദാശ്രിതായത്തേ ഇത്യാഹ:—

വൃ. ആയാസം നവിചിന്തയന്നഗണയൻ ലാഭം തതഃ കിഞ്ചിദ-
പ്യംഭോ മുഞ്ചതി കീൎത്തിമാത്രശരണോ ധാരാധരസ്സൎവ്വതഃ |
തദ്വ്യത്യാദുപയുജ്യ വൎദ്ധയതു വാ ദാതുര്യ്യശശ്ശാശ്വതം
മൌഢ്യാദേതദുപേക്ഷ്യ നാശയതു വാ ലോകഃ പ്രമാണം തതഃ ||

ഈശ്വരൻ ബുദ്ധി എല്ലാവൎക്കും ഒന്നുപോലെ കൊടുത്തിട്ടുണ്ടു്. പക്ഷേ ഫലം അതിനെ ഉപയോഗിക്കുന്നപോലെയിരിക്കുമെന്നു പറയുന്നു.

ഓൎത്തിടാതെ വിവിധക്രമങ്ങൾ കരുതാതെ
ചെറുമൊരു ലാഭവും
കീൎത്തിമാത്രമതിലാസ്ഥയാ മുകിൽ ചൊരി-
ഞ്ഞിടുന്നു ജലമെങ്ങുമേ ।
പാൎത്തിതിൻഫലമെടുത്തു ദാതൃയശസോഽ-
ഭിവൎദ്ധനമഥാജ്ഞതാ-
പൂൎത്തിയാലതു വെടിഞ്ഞു നാശനമിതുണ്ടു
രണ്ടു ജനസാദ്ധ്യമായ് ॥

മുകിൽ, മേഘം, വിവിധക്രമങ്ങൾ ഓൎത്തിടാതെ, ജലസമ്പാദനക്രമത്തെ നിനയ്ക്കാതെ, ചെറുമൊരു ലാഭവും കരുതാതെ, മഴ പെയ്യുകകൊണ്ടു മേഘത്തിന് ഒരു ലാഭവും ഇല്ലല്ലോ. കീൎത്തിമാത്രമതിൽ ആസ്ഥയാ സൎവ്വപ്രാണികൾക്കും ജീവനദാതാവെന്നുള്ള ശയസ്സിനെ മാത്രം കരുതി, എങ്ങുമേ ജലം ചൊരിഞ്ഞിടുന്നു, എല്ലായിടത്തും ഒന്നുപോലെ വൎഷിക്കുന്നു. പിന്നെ ചിലെടം മരുഭൂമിയായും മററിടം ധാന്യപുഷ്ടമായും വരുവാനെന്തു കാരണമെന്നു പറയുന്നു:—ഇതിൻഫലം പാൎത്തെടുത്തു, മഴ പെയ്യുന്നതുകൊണ്ടുള്ള പ്രയോജനത്തെ മനസ്സിലാക്കി, അപ്പോൾ തടാകാദികളിൽ ജലത്തെ ശേഖരിച്ചു, ദാതൃയശസോഽഭിവൎദ്ധനം, ദാതാവിന്റെ, കൊടുക്കുന്ന ആളുടെ, യശസ്സിന്റെ അഭിവൎദ്ധനം, പോഷണം; കൃഷിക്കുപയോഗമുള്ളതാക്കി ധാന്യസമൃദ്ധിയുണ്ടാക്കി മേഘത്തിൻെറ കീൎത്തിയെ വൎദ്ധിപ്പിക്ക, അഥ അജ്ഞതാപൂൎത്തിയാൽ; അറിവില്ലായ് മയുടെ തികച്ചിൽ നിമിത്തം; അതു വെടിഞ്ഞു, അതുകൊണ്ടുള്ള ഫലത്തെ ഉപേക്ഷിച്ചു; നാശനം ദാതാവിന്റെ യശസ്സിനെ നശിപ്പിക്ക, ഇതു രണ്ടു; രണ്ടു കാൎയ്യം, ജനസാദ്ധ്യമായുണ്ട്, ഈ രണ്ടു കാൎയ്യവും മനുഷ്യൎക്ക് അധീനമാകുന്നു. അല്ലാതെ മേഘത്തിനിതിൽ ബാദ്ധ്യതയില്ലെന്നൎത്ഥം. അറിവുള്ളവർ ജലത്തെ ശേഖരിച്ചു വേണ്ടുംവണ്ണം വിനിയോഗിച്ചു കൃഷിക്കു സമൃദ്ധിയുണ്ടാക്കും, മൂഢന്മാർ ജലത്തെ വൃഥാ കളയും;, അതുകൊണ്ടു എന്തുതന്നെ കൊടുത്താലും ഉപയോഗിക്കുന്നതിനെ അനുസരിച്ചിരിക്കും ഫലമെന്നൎത്ഥം.

യേ കേചിന്നിജകാൎയ്യാണി സാധയിത്തും പരോപദ്രവം കുൎവ്വന്തി, തദസ്തു നാമ, ഇതരേ കേചിന്നിഷ്പ്രയോജനം പരാനുപപീഡയന്തി, തദേവ ദുഃഖകരമിത്യാഹ—

വൃ. വൃത്തിം വൎത്തയിതും നിജാം വിഷഹരാ ഗൃഹ്ണന്തു സൎപ്പാൻ നരാ
ഗൃഹ്ണന്തു ക്ഷുധിതാസ്തദേകവിഹിതാഹാരാ മയൂരാശ്ചവാ ।
നോ ജിഘ്രന്തി ച യേ കദാപി നകുലാസ്തേ ഹന്ത! കിംകാരണം
ദൎശംദൎശമനുദ്രവന്തി ഭുജഗാൻ ദേധാം ച വിച്ഛിന്ദതേ ॥

തന്റെ കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി പരദ്രോഹം ചെയ്യുന്നതിരിക്കട്ടെ, ഒരു പ്രയോജനവും കൂടാതെ പരപീഡ ചെയ്യുന്നതു വലിയ കഷ്ടംതന്നെ എന്നു പറയുന്നു—

തുണ്ഡപൂരണമതിന്നുതാനിഹ പിടിച്ചി-
ട്ടുന്നു ഭുജഗത്തിനേ
സ്കന്ദവാഹഖഗമാഹിതുണ്ഡികനുമാത്മ-
ജീവനനിമിത്തമായ് ।
ദന്ദശൂകമതുതൻമണത്തിനുമനിച്ഛുവാം
നകുലമെന്തിനായ്
മന്ദമെന്ന്യെയതിനെപ്പിടിച്ചുടൽ മുറിച്ചി-
ട്ടുന്നു ബത! ഖണ്ഡമായ്?॥

സ്കന്ദവാഹഖഗം, മയിൽ, സുബ്രഹ്മണ്യന്റെ വാഹനമാകകൊണ്ടു ഈ പേർ സിദ്ധിച്ചു. തുണ്ഡപൂരണമതിന്നുതാനിഹ, തിന്നു വയറു നിറയ്ക്കാൻ മാത്രം; ഭുജഗത്തിനെ പാമ്പിനെ; പിടിച്ചിട്ടുന്നു. ആഹിതുണ്ഡികനും പാമ്പാട്ടിയും; ആത്മജീവനനിമിത്തമായ്; തന്റെ കാലക്ഷേപത്തിനു വേണ്ടി, ഭുജഗത്തിനെ പിടിച്ചിട്ടുന്നു. ദന്ദശൂകമതുതൻ; പാമ്പിന്റെ, മണത്തിനുമനിച്ഛുവാം മണംപോലുമേല്ക്കുന്നതിനു ആഗ്രഹമില്ലാത്ത, തിന്നുന്നതു പോകട്ടെ മണപ്പിക്കപോലുംചെയ്യാത്ത; നകുലം കീരി, അതിനെ, പാമ്പിനെ, മന്ദമെന്ന്യെ പിടിച്ചു, കണ്ടാലുടനെ ഓടിച്ചെന്നു പിടിച്ച്, എന്തിനായ് ബത! കഷ്ടം! ഉടൽ ഖണ്ഡമായ് മുറിച്ചിടുന്നു? ഒരു പ്രയോജനവുമില്ലെന്നൎത്ഥം.

സാധവഃ ഖലൈഃ പീഡ്യന്തേ; സന്തോഽപി തൽബാധാം കഥമാരചയന്തീത്യാഹ—

വൃ. ഖാദന്തി ക്ഷുധിതാസ്തൃണാനി തൃഷിതാ ഗൃഹ്ണന്ത്യപോനിൎ- [ഝരെ
സീദന്തോ ഗിരികന്ദരാസു ഹരിണാ യേഽമീ കദാചിച്ചരതേ ।
വ്യാധവ്യാഘ്രദവാനലപ്രഭൃതയസ്തേഷ്വേവ സന്നാഹിന-
സ്തദാ തിഷ്ഠതു ഘാതയന്തി മുനയോഽപ്യേതാൻ കഥം ചൎമ്മണേ ॥

സാധുക്കളെ ദുഷ്ടന്മാർ ദ്രോഹിക്കുന്നതിരിക്കട്ടേ, അറിവുള്ളവരും ദ്രോഹിക്കുന്നതാണു കഷ്ടമെന്നു പറയുന്നു—

തിന്നിടുന്നു മൃഗമങ്ങു് പുല്ലുകൾ കുടിച്ചിടു-
ന്നരിവിയിൽ ജലം
കുന്നിലെഗ്ഗുഹയിൽ വിശ്രമത്തിനു കിട-
ന്നിടുന്നിതൊരു മൂലയിൽ |
ചെന്നിടുന്നിതിനെതിൎത്തു വേടർ കടുവാ
ദവാദികളതെന്നിയേ
കൊന്നിടുന്നിതിനെയെന്തഹോ ബത! മഹൎഷി-
മാരുമൊരു തോലിനായ് ||

മൃഗം, മാൻ; അങ്ങു കാട്ടിൽ, പുല്ലുകൾ തിന്നിടുന്നു, അരിവിയിൽ ജലം കുടിച്ചിടുന്നു, കുന്നിലെ ഗുഹയിലൊരു മൂലയിൽ വിശ്രമത്തിന്നു കിടന്നിടുന്നു. ഇതുകൊണ്ടെല്ലാം പരോപദ്രവമൊന്നും ചെയ്യാത്ത സാധുവാണു മൃഗമെന്നു വെളിപ്പെടുത്തുന്നു. വേടർ, കടുവാ, ദവാദികൾ, കാട്ടുതീ മുതലായവ; ഇതിനു് ഇത്ര സാധുവായ മൃഗത്തിന്നു; എതിൎത്തു ചെന്നീടുന്നു, അതെന്നിയേ, അതുകൊണ്ടൊന്നും പോരാതെ, മഹർഷിമാരും ശ്രേഷ്ഠന്മാരായ മഹർഷിമാർ കൂടിയും, ഒരു തോലിനായ് അതിന്റെ തോലെടുക്കാൻ വേണ്ടി, മഹൎഷിമാർ മാൻതോലിലിരുന്നാണു തപസ്സു ചെയ്യുന്നതെന്നു പ്രസിദ്ധം, അതിനെ കൊന്നിടുന്നു, അഹോ! ബത! കഷ്ടം! കഷ്ടം!

രാജ്യപാലനവിമുഖസ്യ രാജ്ഞോ വിഷയേ മാത്സ്യന്യായ ഏവ പ്രവൃത്തസ്സ്യാൽ; കദാചിദ്രാജാ് വിജ്ഞാതനിജരാഷ്ട്രവിജൃംഭിതാപനയോ/പി സപത്നദ്ദശാൻ കാംശ്ചിൽ ബാധേത, താവതാ വിഷയവാസിനാം കാ സുഖാവാപ്തിരിത്യാഹ:—

൫൦. ഖിന്നേത്യകത്ര തരക്ഷവോ മൃഗകുലം ദാവാ ദഹന്ത്യന്യതോ
വ്യാധാ വീതഭയാഃ പരത്ര ശതശോ വിധ്യന്തി ഗൃഹ്ണന്തി ച |
കിം ത്വം വേത്സി കഥാമിമാം മൃഗപതേ! നിദ്രാസി കോണേ ക്വചി
ദ്ദിഷ്ട്യാ ചേദവബുധ്യസേ ശയിതവാൻ ദചിത്രാൻ വൃഥാ ദന്തിനഃ ||

പ്രജകൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെക്കുറിച്ചു വിചാരമില്ലാതെ സുഖമനുഭവിക്കുന്ന രാജാവിനെ ദൂഷിക്കുന്നു—

കുത്രചിന്മൃഗകുലത്തിനെപ്പുലികൾ കൊന്നി-
ടുന്നു, തുലയുന്നിതേ-
കത്ര ദാവമതിനാൽ, വനേചരർ പിടിച്ചി-
ടുന്നു ശതശോഽന്യതഃ।
ഇത്രയിക്കഥ ധരിച്ചിതോ മൃഗപതേ!
പ്രസുപ്തനൊരിടത്തു നീ
ദ്വിത്രദന്തിഹതി ചെയ്തിടുന്നഥ യഥാക-
ഥഞ്ചിദവബുദ്ധനായ്॥

കുത്രവിൽ, ചിലെടത്തു, കാട്ടിൽ ചില സ്ഥലങ്ങളിൽ, പുലികൾ മൃഗകുലത്തിനെ കൊന്നിടുന്നു, ഏകത്ര ഒരിടത്തു, ദാവമതിനാൽ, കാട്ടുതീ പെട്ട്, മൃഗകുലം തുലയുന്നു, അന്യതഃ മറ്റൊരിടത്തു, വനേചരർ, വേടർ, ശതശഃ, അനേകം, മൃഗകുലത്തിനെ പിടിച്ചിടുന്നു; അല്ലയോ മൃഗപതേ! മൃഗരാജാവേ! സിംഹമേ! ഒരിടത്തു പ്രസുപ്തൻ നീ, സുഖമായി ഒരു ഗുഹയിൽ കിടന്നുറങ്ങുന്ന നീ, ഇക്കഥ ഇത്ര ധരിച്ചതോ ഈ മൃഗകുലങ്ങളെ ഉപദ്രവിക്കുന്നതിന്റെ കഥ ഇത്രത്തോളം നീ അറിഞ്ഞോ? അഥ യഥാകഥഞ്ചിൽ, പിന്നെ വല്ലവിധേനയും, അവബുദ്ധനായ്; നീയൊന്നുണർന്നാൽ, ദ്വിത്രദന്തിഹതി ചെയ്തിടുന്നു, ഒന്നു രണ്ടു ആനകളെ കൊല്ലുക മാത്രം ചെയ്യുന്നു. ഇതുകൊണ്ടു ഒരു പ്രയോജനവും ഇല്ലെന്നർത്ഥം.

സ്വശക്തിമജാനന്തോ മഹാന്തോഽപി ദുർബലൈഃ പരിഭൂയന്ത ഇത്യാഹ—

൯൧. ദുർദ്ധരേഷോഽസി വനേചരോഽസി കരിന്ദ്രം നേത്യാഹ കിന്തു സ്വചേതോ
ജാനീഷേ ന ഹിതാഹിതം ന ഖലു തജ്ജിജ്ഞാസസേ വാന്യതഃ।
തൽ ഗൃഹ്ണന്തി നിയന്ത്രയന്തി നിഗളൈസ്താഡയന്ത്യങ്കുശൈ-
രാരോഹന്തി ച വാരണേന്ദ്ര! മശകപ്രായാ മനുഷ്യാ അപി॥

ബുദ്ധിശക്തിയില്ലാതെ കേവലം കായബലം മാത്രമുള്ളവനെ ദുർബലന്മാർകൂടിയും പാട്ടിലാക്കിക്കളയുമെന്നു പറയുന്നു—

നീയധൃഷ്യനടവീചരൻ വിശയമില്ല-
    ഥാപിതു ഹിതാഹിതം
സ്വീയധീയിലറിയുന്നതില്ലറിവതിന്നോ-
    രാഗ്രഹവുമില്ല തേ |
ആയതിൻ ഫലമിതാ പിടിച്ചു നിഗള-
    ങ്ങളിട്ടു കൊതുകിൻ കണ-
ക്കായ കായമുടയോരു മർത്ത്യർ കയറുന്നു
    ഹസ്തിവര! നിൻഗളേ ||

ഹസ്തിവര! അല്ലയോ ആനത്തലവ! നീ അധൃഷ്യൻ, അടക്കാൻ പാടില്ലാത്തവൻ, ശക്തിമാൻ; അടവീചരൻ, കാട്ടിൽ സഞ്ചരിക്കുന്നവൻ, തോന്നിയവാസമായി മര്യാദയില്ലാതെ നടക്കുന്നവനെന്നർത്ഥം. വിശയമില്ല, സംശയമില്ല; അഥാപിതു, എങ്കിലും; ഹിതാഹിതം സ്വീയധിയിൽ അറിയുന്നില്ല, എന്താണു തനിക്കു ഹിതം എന്താണു അഹിതം എന്നുള്ള ബോധം നിന്റെ മനസ്സിൽ ഇല്ല; നീ വിവേകമില്ലാത്ത ജന്തുവത്രെ; തേ അറിവതിന്നു് ഒരാഗ്രഹവുമില്ല, ഹിതാഹിതമറിഞ്ഞാൽ കൊള്ളാമെന്നുള്ള താൽപര്യവും നിനക്കില്ല. ആയതിൻ ഫലമിതാ, അതിന്റെ ഫലമെന്തെന്നാൽ കൊതുകിൻകണക്കായ കായമുടയോരു മർത്ത്യർ, നിന്നെ വിചാരിച്ചാൽ കൊതുകിനു തുല്യമായ ശരീരമുള്ള മനുഷ്യർ, നിന്നെ പിടിച്ചു; നിഗളങ്ങളിട്ടു, ചങ്ങലയിട്ടു പൂട്ടി; നിൻഗളെ കയറുന്നു, നിന്റെ കഴുത്തിൽ കയറുന്നു. നിന്റെ അറിവില്ലായ്മയുടെ ഫലമാണിതു്.

ആചാരശുദ്ധോഽപി വിവേകരഹിതഃ പുരുഷോ വ്യർത്ഥ-
    ജന്മൈവേത്യാഹ:—

൯൨. അഹ്നസ്ത്രിശ്ചതുരംബുഭിഃ സ്നപയസി സ്വം പുഷ്കരാവർജ്ജിതൈ-
    ർഭുങ്ക്ഷേ മേദ്ധ്യതരാണി ഭദ്രതരുണാം ന്യശ്വത്ഥപത്രാണി ച |
പുണ്യാരണ്യചരോഽസി ന പ്രവിശസി ഗ്രാമം സകൃൽ കുഞ്ജര!
ജ്ഞാനം ചേൽകിയദപ്യുദേതി ന സമാ ബ്രഹ്മർഷയോഽപി ത്വയാ

എത്ര സദ്വൃത്തനായാലും ജ്ഞാനശൂന്യനെങ്കിൽ യോഗ്യത സിദ്ധിക്കയില്ലെന്നു പറയുന്നു:—

സാമജേന്ദ്ര! ദിനമൊന്നിനുണ്ടു തവ
മൂന്നു നാലു കുളി ശുദ്ധമായ്
കാമനീയകഭൃതങ്ങളാലിലകൾ പാവന-
ങ്ങൾ തവ ഭോജനം |
ഗ്രാമഭൂമിയിലൊരിക്കലും വരികയില്ല
പുണ്യവനചാരി നീ
കാമമല്പമറിവുള്ളിലേറുകിൽ മഹർഷിമാർ
കഴൽ തൊഴും തവ ||

സാമജേന്ദ്ര! ഗജേന്ദ്ര! തവ, നിനക്കു: ദിനമൊന്നിനു ശുദ്ധമായ് മൂന്നു നാലു കുളിയുണ്ടു്, ഒരു ദിവസം തടാകത്തിലിറങ്ങി മൂന്നുനാലു തവണ ശുദ്ധമായ് കുളിക്ക പതിവാണു്; തവ ഭോജനം; നിന്റെ ആഹാരം കാമനീയകഭൃതങ്ങൾ പാവനങ്ങളായ ആലിലകൾ, നല്ലഭംഗിയുള്ളവയും പരിശുദ്ധങ്ങളുമായ ആലിലകളാണു്. നീ ഗ്രാമഭൂമിയിൽ ഒരിക്കലും വരികയില്ല. പിന്നെയോ? നീ പുണ്യവനചാരി, പുണ്യങ്ങളായ കാടുകളിലെ സഞ്ചരിക്കയുള്ളു. ഇത്രയുംകൊണ്ടു ആനയുടെ അചാരശുദ്ധി സ്പഷ്ടമായി. കാമം എത്രയും; അൽപമായ ഒരറിവു ഉള്ളിൽ ഏറുകിൽ, നിനക്കു സ്വല്പമെങ്കിലും ഒരറിവു ഉള്ളിലുണ്ടായിരുന്നെങ്കിൽ; മഹർഷിമാർ തവ കഴൽതൊഴും, മഹർഷിമാർക്കുടിയും നിന്റെ അടി പണിയുമായിരുന്നു. മഹർഷിമാരേക്കാൾ ഉന്നതപദവി കിട്ടിയേനേ.

ഏകത്ര ബഹുഷു ദുർജനേഷൂപപീഡ്യമാനേഷു തേഷേവ കേചിന്നിജ വഞ്ചനാപാടവേന സർവ്വത്ര നിർഭയാശ്ചരന്തീത്യാഹ:—

൯൩. ഹന്യന്തേ കതി ജന്തവോ വനചരൈർന്നിത്യം കതി ശാപദൈർ
ഗൃഹ്യന്തേ കതി കൂടയന്ത്രരചനൈഃ ക്ഷോണീഭൃതാം പ്രീതയേ |
ഏതാവത്യപി വിപ്ലവേ ന ഭജസേ കസ്യാപി ദൃഗ്ഗോചരം
സ്വച്ഛന്ദശ്ച സൃഗാല! ഖേലസി പുനസ്തുല്യം വനഗ്രാമയോഃ ||

ചില ദുഷ്ടന്മാർ തങ്ങളുടെ സാമർത്ഥ്യത്താൽ ശിക്ഷയിലകപ്പെടാതെ സുഖമായി നടക്കുന്നതിനെ പറയുന്നു:—

കാട്ടുവാഴികൾ മൃഗാദനങ്ങളിവയെത്ര-
ജന്തുവിനെ നിത്യമായ്
കൂട്ടുവെച്ചു നരപാലകിങ്കരർ പിടിച്ചിടുന്നു
പുനരെത്ര താൻ |
കൂട്ടമീവിധമുപപ്ലവങ്ങളിലകപ്പെടാതെ-
യൊരുപോലെ നീ
നാട്ടു കാടിവയിലിഷ്ടമൊത്തു വിഹരിച്ചിടു-
ന്നിഹ സൃഗാലമേ! ||

കാട്ടുവാഴികൾ, വേടർ; മൃഗാദനങ്ങൾ, പുലികൾ; ഇവ നിത്യമായ് എത്ര ജന്തുവിനെ പിടിച്ചിടുന്നു; പുനഃ, പിന്നെ; നരപാലകിങ്കരർ, രാജഭൃത്യന്മാർ, എത്രതാൻ, എത്ര ജന്തുവിനെ; കൂട്ടുവെച്ചു പിടിച്ചിടുന്നു; ഇങ്ങനെ വളരെ ജന്തുക്കൾ അകപ്പെടുന്നുണ്ടു്. സൃഗാലമേ! അല്ലയോ കുറുക്കാ! നീ ഈ വിധം കൂട്ടം ഉപപ്ലവങ്ങളിൽ, ഇപ്രകാരം വന്നു കൂടുന്ന ആപത്തുകളിലൊന്നും അകപ്പെടാതെ; നാട്ടു കാടിവയിലൊരുപോലെ, നാട്ടിലും കാട്ടിലും ഒന്നുപോലെ; ഇഷ്ടമൊത്തു വിഹരിച്ചിടുന്നു; സ്വേച്ഛപോലെ കളിച്ചുനടക്കുന്നു. അതു നിന്റെ സാമർത്ഥ്യത്താലത്രേ.

ദൂരസ്ഥിതവസ്തുശ്രവണമാത്രേണ കിം? യദുപസ്ഥപാന്തേ ജാഗർത്തി തത്സംപാദയിതുമേവോദ്യമഃ കാര്യ ഇത്യാഹ:—

ശ്ലോ. അസ്തി സ്വർണ്ണമയോ ഗിരിരസ്തി വിഷയഃ ക്ഷുത്തൃഡ്ജരാവർജ്ജിത-
സ്സന്തി ക്ഷീരഘൃതാകരാ ജലധയസ്സന്തി ദ്രുമാഃ കാമദാഃ |
കിം നസ്തച്ചരിതാദ്ഭുതശ്രവണതസ്സാധ്യം ക്ഷുധാം താമ്യതാം
ദൃഷ്ടം യൽ സവിധേ വിധേഹി സുമതേ! തത്രൈവ സംശ്രമം ||

മക്കത്തു പൊന്നിരുന്നതുകൊണ്ടു ഒരുവൻ ധനവാനാകയില്ല; കൈവശമുള്ളതേ ഉതകൂ എന്നു പറയുന്നു:—

സ്വർണ്ണമാം മല വിശപ്പു തൃട്ടു ജരയെന്നി-
തൊന്നുമണയാത്ത നാ-
ടർണ്ണവങ്ങൾ ഘൃതദുഗ്ദ്ധവാഹികൾ മരങ്ങ-
ളിഷ്ടഫലദായികൾ |

കർണ്ണമെത്തുമിതി വാർത്തയാ നഹി വിശക്ഷ-
വോക്ക് ഫലമേതുമ-
ഭ്യർണ്ണദൃഷ്ടമതിലാണു വേണ്ടതഖിലം
നമുക്കിഹ പരിശ്രമം ‖

സ്വർണ്ണമാം മല, പൊൻമയമായ മലയുണ്ടു്, മേരുപർവ്വതം കനകാദ്രിയെന്നു പ്രസിദ്ധം; വിശപ്പു്, ദാഹം, തുട്ടു, ജര, ഇതൊന്നുമേയാത്ത നാടുണ്ടു്; സ്വർഗ്ഗത്തിൽ ഉള്ളവൎക്ക ഇതൊന്നും ഇല്ലെന്നു പ്രസിദ്ധം. ഘൃതദുഗ്ദ്ധവാഹികൾ, നെയ്യും പാലും നിറഞ്ഞ; അർണ്ണവങ്ങൾ, സമുദ്രങ്ങൾ; ഉണ്ടു്. ഭൂമിയെ ഏഴു സമുദ്രങ്ങൾ ചുററിയിരിക്കുന്നവെന്നും അവയിൽ രണ്ടെണ്ണം പാലും നെയ്യും നിറഞ്ഞതാണെന്നും പ്രസിദ്ധം. ഇഷ്ടഫലദായികൾ, വേണ്ടതെല്ലാം കൊടുക്കുന്ന; മരങ്ങൾ ഉണ്ടു്; കല്പവൃക്ഷം അപ്രകാരമെന്നു പ്രസിദ്ധം. ഇതി കർണ്ണമെത്തും വാർത്തയാ, ഇപ്രകാരം കേൾക്കുന്ന വൃത്താന്തം കൊണ്ടു; വിശക്ഷവോക്ക ഏതും ഫലം നഹി, വിശക്കുന്നവരു വയറു നിറയുകയില്ല; പിന്നെയെന്താണ് വെണ്ടതെന്നു പറയുന്നു—നമുക്ക അഭ്യർണ്ണദൃഷ്ടമതിലാണ്, അടുത്തു കാണുന്നതിലാണ്, അഖിലം പരിശ്രമം വേണ്ടതു്, എല്ലാ പ്രവൃത്തിയും വേണ്ടതു്, അല്ലാതെ വല്ലയിടത്തും വല്ലതുമുണ്ടെന്നു കേട്ടു മോഹിച്ചിരുന്നതുകൊണ്ടു ഒരു ഫലവുമില്ലെന്നു താൽപര്യം.

ലോകെ യദ്യദപസ്ത്വഭിജാതം തത്സർവം ദുർഗ്ഗമമേവ;
തസ്മാൽ സ്വഭാഗ്യാവാപ്യം വസ്തു നരഃ കഥമപി
പ്രാപ്നുയാദിത്യാഹ:—

൯൭. അസ്ത്യത്രൈവ കിലാർണ്ണവേ തദമൃതം തത്രൈവ ഹാലാഹല-
സ്തത്ര്യസ്മിൻ മലയേ പടീരതരവസ്തത്രൈവ രാതാശനാഃ
യദ്യദപസ്ത്വഭിജാതമസ്തി വിധേയ തത്തദ് ദുരാപം നൃണാം
പ്രാപ്തവ്യം രസനാഞ്ചലേ കരതലേ ഫാലേ ച വേധാന്യധാൽ ‖

ആപത്തില്ലാത്ത സമ്പത്തില്ല; ഭോഗമെല്ലാം ഭാഗ്യായത്തം; എന്നു പറയുന്നു:—

സാഗരോദരമതിങ്കലുണ്ടമൃതു കാള-
കൂടവുമടുത്തുതാൻ
നാഗരുണ്ടു മലയാചലത്തിൽ വിലസുന്ന
ചന്ദനമരങ്ങളിൽ |

ഭോഗയോഗ്യമരികിൽ പദാൎത്ഥമഖിലം
മനുഷ്യനു ദുരാപമാം
ഭാഗധേയമരുളുന്നു ലഭ്യമതു നാക്കു കൈ
നിടിലമെന്നിതിൽ ‖

സാഗരോദരമതിൽ, സമുദ്രാന്തർഭാഗത്തിൽ; അമൃതുണ്ടു, ഹാലക്ഷ്യ അടുത്തുതാൻ, അവിടെത്തന്നെയാണു കാളകൂടം വിഷവും ഇരിക്കുന്നത്. പാലാഴിമഥനത്തിൽ ഇതു രണ്ടും ഉണ്ടായ പുരാണകഥയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അതുപോലെ, മലയാചലത്തിൽ വിലസുന്ന ചന്ദനമരങ്ങളിൽ നാഗരുണ്ടു്, മലയപൎവ്വതത്തിൽ ചന്ദനമുണ്ടെങ്കിൽ അതിൽ ചുറ്റി സൎപ്പങ്ങളും ഉണ്ടു്. അതുകൊണ്ടു ഊഹിക്കേണ്ടതെന്തെന്നാൽ; ഭോഗയോഗ്യം, സുഖാനുഭവയോഗ്യമായ, അഖിലം പദാൎത്ഥം, എല്ലാ വസ്തുവും; മനുഷ്യനു അരികിൽ ദുരാപമാം, സുലഭമല്ല, ക്ലേശംകൂടാതെ അടുത്തുകിട്ടുന്നതല്ല, പിന്നെ പലൎക്കും കിട്ടുന്നതെങ്ങനെ? ഭാഗധേയം ഭാഗ്യം, വിധി; നാക്കു; കൈ; നിടിലം, നെറ്റി; എന്നിതിൽ ലഭ്യമതു് അരുളുന്നു, കിട്ടാൻ വിധിച്ചിട്ടുള്ളതു ഭാഗ്യംകൊണ്ടു കിട്ടുന്നു, ഓരോരുത്തൎക്കു ഭക്ഷിക്കുന്നതിനു വിധിച്ചിട്ടുള്ളതെല്ലാം നാക്കിലും, കിട്ടുന്നതിനു വിധിച്ചിട്ടുള്ളതെല്ലാം കയ്യിലും, തലയിലെഴുത്തനുസരിച്ച് അനുഭവിക്കുന്നതിനുള്ളതെല്ലാം നെററിയിലും ദൈവം കൊടുത്തു വെച്ചിട്ടുണ്ടു് എന്നു താൽപൎയ്യം.

വദാന്യതമേഷു പ്രഭുഷു ചിരേണ നിജാശ്രിതാൻ പോഷയത്സ്വപി തദാശ്രിതാനാം ന ജാതു തതേഽവാപ്തിസ്സ്യാദിത്യാഹ:—

ൻന്യ. താവച്ചൈധിതമേധിതവ്യമവനൌ യാവന്മഹത്ത്വൎദ്ധിമൈരേ-
ഷാഛായാഭിഃ കുസുമൈഃ ഫലൈശ്ച പഥികാസ്സുകൃത്യാ സമാരാധിതാഃ ।
കാലോഽയം മമ ജീൎണ്ണതഃ പതിതുമിത്യാദസ്യ തരോരാശയേ
പാന്ഥാനാം ച പതത്രിണാം ച ഹൃദയേ ജാതോഽയമസ്മിൻക്ഷണേ‖

പരോപകാരികൾ എത്ര കാലംതന്നെ ജീവിച്ചിരുന്നാലും ആശ്രിതന്മാൎക്കു മതിയാകയില്ലെന്നു പറയുന്നു:—

ഏധിതം ഭുവി മഹാതരുക്കൾ വള-
രാവതോളമിഹ ലോകമാ-
രാധിതം തണൽഫലങ്ങൾ പൂക്കളിവ
കൊണ്ടു ശക്തിയതിനൊത്തപോൽ ।

ബാധിതോസ്മി ജരയാദ്യുനാ പതന-
കാലമെന്നു മരമോൎക്കവേ
സാധിതാൎത്ഥപഥികാദികൾക്കിതു
തദാതജാതമിതി ബോധമാം ||

ഇഹ ഭുവി, ഈ ഭൂമിയിൽ, മഹാതരുക്കൾ വലിയ വൃക്ഷങ്ങൾ; വളരാവതോളം, എത്രത്തോളം വളരാമോ അത്രത്തോളം, ഏധിതം, എന്നാൽ ഏധിപ്പൂ എന്നതുണ്ടായി, ഞെറൻ വളൎന്നുകഴിഞ്ഞു. ഏധിതം, എന്ന ശബ്ദം ഭാവത്തിൽ ക്തപ്രത്യയം വന്നിട്ടുള്ളതെന്നറിക. തണൽ, ഫലങ്ങൾ, പൂക്കൾ ഇവകൊണ്ടു, ശക്തിയതിനൊത്തപോൽ; എന്നാൽ എന്നു ചേൎത്തുകൊൾക; ലോകം ആരാധിതം, താൻ ഇരുന്നിടത്തോളംകാലം തനിക്കു കഴിയുംപോലെ തണൽ, പൂക്കൾ, ഫലങ്ങൾ, ഇവയെ ജനങ്ങൾക്കു നൽകി അവരെ ഉപചരിക്കയും ചെയ്തു. ചില വൃക്ഷങ്ങൾക്കു തണൽമാത്രമെയുള്ളു. ആൽ അതിനു ദൃഷ്ടാന്തം; ചിലതിന്റെ പൂക്കൾമാത്രമെ ഉപയോഗയോഗ്യങ്ങളാകുന്നുള്ളു, ചമ്പകം അതിനു ദൃഷ്ടാന്തം, ചിലതിന്റെ ഫലങ്ങൾ മാത്രം ഉപയോഗപ്പെടുന്നു, പ്ലാവ് അതിനു ദൃഷ്ടാന്തം, മറ്റു ചിലതിന്റെ തണലും പൂക്കളും ഫലങ്ങളും എല്ലാം ഉപകാരപ്രദങ്ങളാകുന്നു, തേൻമാവു് അതിനു ദൃഷ്ടാന്തം. ഈ ഭേദങ്ങളുള്ളതുകൊണ്ടാണു 'ശക്തിയതിനൊത്തപോൽ' എന്നു പറഞ്ഞിരിക്കുന്നതു്. ഇപ്രകാരം വളരെ നാൾ നിന്നു ജനങ്ങൾക്കുപകാരം ചെയ്തുകഴിഞ്ഞിട്ടുണ്ടെങ്കിലും, അധുനാ ജരയാ ബാധിതോസ്മി, ഇപ്പോൾ എനിക്കു ജരവന്നു പിടിപെട്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു പതനകാലമായി, മുറിഞ്ഞുവീഴാറായി; എന്നു മരം ഓൎക്കവെ, എന്ന കാലംവരുമ്പോൾ എന്നു താൽപൎയ്യം. സാധിതാൎത്ഥപഥികാദികൾക്കു ആ മരത്താൽ ഉപകാരം സിദ്ധിച്ചിട്ടുള്ള വഴിപോക്കർ മുതലായവൎക്കു; ആദിശബ്ദംകൊണ്ടു പക്ഷികളെയും മറ്റും കുറിച്ചിരിക്കുന്നു. ഇതു ഈ മരം, തദാതജാതം, തൽക്കാലം ഉണ്ടായതാണ്. ഇതി ബോധമാം എന്നാണു വിചാരം, വളരെ നാളായി പഴകീട്ടുള്ളതാണെങ്കിലും പുത്തനായി ഉണ്ടായതുപോലെതന്നെ അവൎക്കു തോന്നുന്നു.

മഹാന്തഃ പരാൻ ജേതുമന്യസാഹ്യമപി നേച്ഛന്തി; രിപുപക്ഷപാതിന ഇതീതരാൻ സാധൂംശ്ച ന പീഡന്തീത്യാഹ:—

൪൮. ദൃഷ്ടിഘ്രാണവിഷാൻ ഫണാധരപതീനഷ്ടാപി ദൃഷ്ട്വാ സ്വയം
രോദ്ധും ദ്രാവയിതും വിനാശയിതുമപ്യവ്യാഹതപ്രക്രമഃ ||
മാൎജ്ജാരാൻ നകുലാംശ്ച കിം ഖഗപതിസ്സാഹ്യം വൃണോത്യാത്മനഃ
കിം പ്രത്യൎത്ഥികുലസ്യ വൃത്തിദ ഇതി പ്രദ്വേഷ്ടി വാ മാരുതം ||

ശക്തനു സഹായാപേക്ഷയാകട്ടെ ശത്രുപക്ഷക്കാരോടു വിരോധമാകട്ടെ ഇല്ലെന്നു പറയുന്നു:—

അക്ഷയം നയനനാസികാവിഷമെഴുന്നൊ-
രഷ്ടപവനാശനാ-
ദ്ധ്യക്ഷരേക്കിമപി ദൃഷ്ടികൊണ്ടുടനെ നഷ്ടി
ചെയ്യുതിനു ധൃഷ്ടനാം ।
തൃക്ഷസൂനുവിനപേക്ഷയില്ല തുണയായ്
വിലാളനകുലാദിയിൽ
ഭക്ഷണപ്രദനരാതികൾക്കിതി വിരോധവും
നഹി സമീരനിൽ ॥

അക്ഷയം നയനനാസികാവിഷമെഴുന്ന, കാവില്ലാതെ കണ്ണിലും മൂക്കിലും വിഷമുള്ള, നോക്കിയാലും ഘ്രാണിച്ചാലും കൂടിവിഷം തീണ്ടും, കടിക്കണമെന്നില്ല, എന്നർത്ഥം; ഉഗ്രവിഷമുള്ള എന്നു താൽപര്യം. അഷ്ട പവനാശനാദ്ധ്യക്ഷരേ, അഷ്ടനാഗങ്ങളെ; കിമപി ദൃഷ്ടികൊണ്ടുടനെ നഷ്ടിചെയ്‌വതിനു ധൃഷ്ടനാം, ഒരു നോട്ടംകൊണ്ടുതന്നെ ക്ഷണേന സംഹരിക്കുന്നതിനും മാത്രം പ്രാപ്തനായ; തൃക്ഷസൂനുവിനു, ഗരുഡനു, തുണയായ് വിലാളനകുലാദിയിൽ അപേക്ഷയില്ല, സഹായത്തിനു പൂച്ചയേയും കീരിയേയും മറ്റും ആവശ്യമില്ല. അരാതികൾക്കു, ശത്രുക്കളായ സർപ്പങ്ങൾക്കു ഭക്ഷണപ്രദൻ, ആഹാരം കൊടുക്കുന്നവൻ ഇതി, എന്നുവെച്ചു സമീരനിൽ വിരോധവും നഹി, വായുവിനോടു വിരോധവും ഇല്ല; സർപ്പങ്ങൾക്കു വായുവാണു ഭക്ഷണമെന്നാണു പ്രസിദ്ധി.

ക്ഷുദ്രാ വിഭവലേശപ്രാപ്ത്യൈവ ലോകാൻ ബഹുധാ ബാധന്തേ; മഹാന്തസ്തു സർവ്വദാ ക്ഷോഭം വിനൈവ തിഷ്ഠന്തീത്യാഹ:—

൯൮. അത്ഥാപന്യാൻ കതി രുന്ധതേ കതി ദൃഢാൻ ഭിന്ദന്തി തോയാക-
[രാൻ
കേദാരാൻ കതി മജ്ജയന്തി കതി ച വ്യാപാടയന്തി ദ്രുമാൻ ।
വാഹിന്യഃ ക്ഷണലുപ്തവാരിവിഭവാ വന്യാ അവന്യാമിമാ
യസ്സിന്ധുസ്സകലാശ്രയസ്സ തു പുനഃ കൂലത്രുതിം നാശ്രയതേ ॥

അല്പന്ന് അല്പം വലിപ്പം വരുമ്പോൾ അവൻ പല വിധത്തിലും ജനദ്രോഹം ചെയ്യുന്നു. മഹാന്മാരാകട്ടെ സർവ്വദാ ക്ഷോഭംകൂടാതെതന്നെ ഇരിക്കുന്നു എന്നു പറയുന്നു:—

രുദ്ധരായ് പഥികരെത്രയെത്ര സലിലാകരം
കരയുടഞ്ഞുപോ-
യ്യുദ്ധതമായ വയലെത്ര മുങ്ങി തരുവൃന്ദ-
മെത്ര പരിപാടിതം |
ഉദ്ധതക്ഷണവിലീനവാരിഭരവന്യ
വാഹിനികൾ മൂലമി-
ന്നിദ്ധരിത്രിയിൽ നദീകുലേശനറി-
യാവതല്ല കടലെങ്ങുപോൽ ||

ഉദ്ധതക്ഷണവിലീനവാരിഭരവന്യവാഹിനികൾ മൂലം, വേഗത്തിൽ വെള്ളം പൊങ്ങി ലഹളക്കൂട്ടുകയും ക്ഷണേന വെള്ളം വററിപ്പോകയും ചെയ്യുന്ന കാട്ടാറുകൾ നിമിത്തം, ഇന്ന് ഇദ്ധരിത്രിയിൽ, പഥികരെത്രരുദ്ധരായ് വളരെ വഴിപോക്കർ തടയപ്പെട്ടു; ആറുകടക്കാൻ നിർവ്വാഹമില്ലാതെ എന്നു താല്പര്യം. എത്ര സലിലാകരം കരയുടഞ്ഞുപോയി, വളരെ ജലാശയങ്ങൾക്കു മടവീണുപോയി. ഉദ്ധമായ വയലെത്രമുങ്ങി, സമൃദ്ധങ്ങളായ കണ്ടങ്ങൾ അനേകം വെള്ളംപെരുകി ആറുകളോടു ഒന്നിച്ചുചേർന്നുപോയി. എത്രതരുവൃന്ദം പരിപാടിതം വളരെ വൃക്ഷങ്ങൾ മുറിഞ്ഞുപോയി. ജലപ്രവാഹംകൊണ്ടു് കരയിൽ നില്ക്കുന്ന വൃക്ഷങ്ങൾ വീണുപോകുന്നു. ഇപ്രകാരം ക്ഷണനേരത്തെ വലിപ്പംകൊണ്ടു കാട്ടാറുകൾ വളരെ ദ്രോഹംചെയ്തു. എന്നാൽ നദീകുലേശൻ, ഇവയെന്നല്ല സകല നദികൾക്കും നായകനായ കടൽ, എങ്ങുപോൽ അറിയാവതല്ല എവിടെയാണ് എന്നുതന്നെ അറിയാൻ പ്രയാസമാകത്തക്കവണ്ണം ശാന്തമായി കിടക്കുന്നു. മഹാന്മാരുടെ ലക്ഷണമാണിതു്.

ഉത്തമാനന്യാൻ സർവ്വാനപി ദേശാൻ നിന്ദന്തം ദുർദ്ദേശവാസിനം കഞ്ചിദുദ്ദിശ്യ മർമ്മോക്ത്യാഹ:—

ൻൻ. കാ നാകഃ കിം ബലിസത്മ കാ വസുമതീ സ്യാൽ സർവ്വമേതദ്വൃഥാ
പ്രത്യക്ഷം ന ഭവേൽ കദാചിദപി കിം തേ സർവ്വസന്ദർശിനഃ |
ഭ്രാമ്യന്തഃ പ്രലപന്തു നാമ വിദിതം മണ്ഡൂക! സമ്യക് ത്വയാ
മുക്ത്വേമം പരമം സ്വകൂപമിതരൽ കിം നാമ സംഭാവ്യതേ ||

കൂപമണ്ഡൂകന്യായത്തെ വിവരിക്കുന്നു:—

നാകമേതു ഫണിലോകമേതു നരലോകമേ-
തിവഭവിക്കിലി-
ന്നാകണം സകലദർശിയാം തവ വിലോക-
നത്തിനതു ഗോചരം |
ലോകമുൾഭ്രമമിയന്നു വല്ലതുമുരച്ചിടട്ടെ
മതിമാൻ ഭവാൻ
ഭേകമേ! കിണറിതൊന്നൊഴിഞ്ഞു പുന-
രന്യമെന്തിഹ ഭവിച്ചിടാം ||

നാകം സ്വർഗ്ഗം ഏതു? ഫണിലോകം, പാതാളം, ഏതു? നരലോകം, ഭൂമി ഏതു? ഇവയൊക്കെയുണ്ടെന്നു പറയുന്നതു് അസത്യം. എന്തെന്നാൽ ഇവ ഭവിക്കിൽ, ഇവയുണ്ടെങ്കിൽ, ഭേകമേ! അല്ലയോ തവളേ ഇന്നു സകലദർശിയാം എല്ലാം കാണുന്ന, തവ നിന്റെ വിലോകനത്തിനു, കാഴ്ചക്കു്, അതു് ഇവയുണ്ടെന്നുള്ളതു്; ഗോചരമാകണം, പ്രത്യക്ഷമായി വരേണ്ടതാണു്. അതുകൊണ്ടു് ലോകം ജനങ്ങൾ, ഉൾഭ്രമമിയന്നു, ഭ്രാന്തു പിടിച്ചു്. വല്ലതുമുരച്ചിടട്ടെ, എന്തൊക്കെയെങ്കിലും പറഞ്ഞു കൊള്ളട്ടെ, ഭവാൻ മതിമാൻ നീ ബുദ്ധിമാനത്രെ. ലിന്റെ ദൃഷ്ടിക്കു ഗോചരമായ കിണറിതൊന്നൊഴിഞ്ഞു, ഈ കിണറൊഴിതെ ഇഹ, ഈ പ്രപഞ്ചത്തിൽ, അന്യം പുനരെന്തു ഭവിച്ചിടാം, മറ്റൊന്നുമില്ല, നിശ്ചയം തന്നെ. വക്രോക്തിയാണിതു് എന്നു സ്പഷ്ടം. തനിക്കറിയാൻ പാടില്ലാത്തതായി ലോകത്തിൽ ഒന്നുമില്ലെന്നു വിചാരിച്ചു വമ്പു നടിക്കുന്ന അല്പജ്ഞന്മാരെ ദൂഷിച്ചിരിക്കുന്നു എന്നറിക.

സർവ്വജനപോഷണം മഹത്സു സ്വയമാരചയൽസു തദേയ
മേവ കർമ്മ ഇതി യേ നിർല്ലജ്ജം യശഃ പ്രഖ്യാപ
യന്തി സൈവ വാർത്താ സുതരാം ദുസ്സഹേത്യാഹ—

൨൦൦. ത്വൽഗർഭേ സുഖമാസതേ ഫണിപതിഃ ശ്രീകൂർമ്മദിഗ്ദന്തിനഃ
പ്രത്യക്ഷാ കുലഭൂഭൃതാം സ്ഥിതിരപി ത്വയ്യംബ സർവ്വംസഹേ!
യേ ത്വേതേ ബിഭൃമോ വയം ഭുവമിതി സ്വം ഖ്യാപയന്തേയശഃ
നിശ്ശങ്കം നിരപത്രപം ച തദിദം നഃ കർണ്ണശൂലായതേ ||

മഹാന്മാർ സർവ്വജനപോഷണം ചെയ്യുവരവേ തങ്ങളാണു സകലവും ചെയ്യുന്നതെന്നു, ഉത്തരം താങ്ങുന്ന ഗൌളിയെപ്പോലെ, ദുരഭിമാനം കരുതുന്ന അല്പന്മാരെ പരിഹസിക്കുന്നു—

വാണിടുന്നു തവ സർപ്പരാജകമഠേന്ദ്രദിക്കരിക-
ളുള്ളിലായ്
കാണികൾക്കു കുലപർവ്വതങ്ങൾ നിലനില്പതും
ത്വയി സമക്ഷമാം |
ക്ഷോണിദേവി! ചിലരീ വസുന്ധര ഭരിപ്പതാത്മ-
ഭുജശക്തികൊ-
ണ്ടാണിതി പ്രഥ യശങ്കമത്രപമെടുത്തിടുന്നതു
സഹിപ്പതോ ||

അല്ലയോ ക്ഷോണിദേവി! ഭൂമിദേവി! തവ ഉള്ളിലായ്, നിന്റെ ഉള്ളിലായിട്ടാണു; സർപ്പരാജകമഠേന്ദ്രദിക്കരികൾ, അനന്തൻ, ആദികൂർമ്മം, ദിങ്നാഗങ്ങൾ, എന്നിവർ, വാണിടുന്നു, വസിക്കുന്നു, ഭൂമിയെ താങ്ങി അനന്തനും അനന്തനെ താങ്ങി ദിങ്നാഗങ്ങളും, ദിങ്നാഗങ്ങളെ താങ്ങി ആദികൂർമ്മവും കിടക്കുന്നു എന്നു പുരാണപ്രസിദ്ധമാകുന്നു. കുലപർവ്വതങ്ങളും ഹിമവാൻ, മലയൻ; വിന്ധ്യൻ മുതലായ മഹാപർവ്വതങ്ങളും, ത്വയി നിലനില്പതും, നിന്നെ ആധാരമാക്കി നിൽക്കുന്നതും; കാണികൾക്കു സമക്ഷമാം, കണ്ണുള്ളവൎക്കെല്ലാം കാണാവുന്നതാണ്. ഇപ്രകാരം സകലഭാരവും നീയാണു വഹിക്കുന്നതെങ്കിലും; ചിലർ ആത്മഭുജശക്തികൊണ്ടാണു ഈ വസുന്ധര ഭരിപ്പതു, തന്റെ ശക്തികൊണ്ടാണ് ഈ ഭൂമിയെ ഭരിക്കുന്നതു്. ഇതി പ്രഥ, എന്നുള്ള കീർത്തിയെ അശങ്കം അത്രപം, നിശ്ശങ്കമായും നിർല്ലജ്ജമായും എടുത്തിടുന്നതു; സഹിപ്പതോ? സഹിക്കാവതല്ല എന്നർത്ഥം.

ഭൂതാനാം പ്രഭവസ്ഥിതിപ്രവിലയാംസ്ത്വയ്യേവ വിശ്വംഭരേ!
ത്വൽഗർഭേ നനു തേ രസാതലജുഷോ ദൈത്യാഃ ഫണീന്ദ്രാശ്ച യേ-
ത്വാം സവ്വേ ത്വപജീവ്യ സന്തി വിവിധൈസ്ത്വത്തോഽധികം ഖല്വിൽ പരം
ന സ്യാൽ സ്യാദപി തന്നിരസ്തവിശയം ബ്രഹ്മത്വമേവാസി നഃ ||

കാവ്യാവസാനത്തിൽ മംഗളാശംസ ചെയ്യുന്നതിനായി സർവ്വലോകാവലംബഭൂതയായി പ്രത്യക്ഷദേവതയായ ഭൂമിദേവിയെ സ്തുതിക്കുന്നു:—

ഭൂതരാശിയുടെയുത്ഭവം സ്ഥിതി വിനാശവും
ഭവതിയിൽ പരം;
മാതരത്ര ഭവദന്തരേവ ബലിസദ്മവാസി
ദനുജാദികൾ |
പ്രീതമത്രിദശവൃന്ദവും ത്വദുപജീവി, ന
ത്വദധികം പരം,
വീതശങ്കമതിനാൽ ത്വമേവ മമ ഭൂതധാത്രി!
പരദൈവതം |

ഹേ ഭൂതധാത്രി! അല്ലയോ സർവ്വഭൂതങ്ങൾക്കും അവലംബമായ ഭൂമിദേവി! ഭൂതരാശിയുടെ, സർവ്വചരാചരങ്ങളുടേയും, ഉത്ഭവം, സ്ഥിതി, നാശം ഈ മൂന്നവസ്ഥകളും ഭവതിയിൽ പരം, നിന്നിൽതന്നെയാണുളവാകുന്നതു; എല്ലാം ഉണ്ടാകുന്നതും ഇരിക്കുന്നതും നശിക്കുന്നതും ഭൂമിയിലത്രേ. ഹേ മാതഃ! അല്ലയോ 'മാതാവായുള്ളോവേ! ബലിസദ്മവാസി ദനുജാദികൾ പാതാളവാസികളായ അസുരന്മാർ മുതലായവരും; ആദിശബ്ദംകൊണ്ടു സർപ്പങ്ങളേയും കുറിച്ചിരിക്കുന്നു. അത്ര ഭവദന്തരേവ, ഇവിടെ നിന്റെയുള്ളിൽതന്നെയാണു ഇരിക്കുന്നതു്. പ്രീതമത് ത്രിദശവൃന്ദവും ത്വദുപജീവി, നിന്നിലുണ്ടാകുന്ന പദാർത്ഥങ്ങളെ അനുഭവിച്ചിട്ടത്രേ ദേവന്മാരും സന്തുഷ്ടരാകുന്നതു. ഭൂമിയിലുണ്ടാകുന്ന സസ്യാദികളെകൊണ്ടു യാഗാദികർമ്മങ്ങൾ ചെയ്യുന്നതുകൊണ്ടാണു ദേവന്മാർതൃപ്തരാകുന്നതു. നത്വദധികം പരം, നിന്നെ കവിഞ്ഞു മറ്റൊന്നുമില്ല.' എന്നു മുൻപറഞ്ഞതുകൊണ്ടു സ്പഷ്ടം. അതിനാൽ, വീതശങ്കം, സംശയമില്ല; ത്വമേവമമ പരദൈവതം, നീ തന്നെ എന്റെ പരദൈവതമാകുന്നു. നീതന്നെ സകലലോകവന്ദ്യയാകുന്നു എന്നു താൽപര്യം. പ്രത്യക്ഷമായി കാണുന്ന ഭൂമിയെ തന്നെ പരദൈവതമായി ഞാൻ ആരാധിക്കുന്നു. പരദൈവശബ്ദംകൊണ്ടു കാവ്യത്തെ അവസാനിപ്പിച്ചിരിക്കുന്നതു ശുഭസൂചകമായിട്ടാണെന്നറിക.

തുഞ്ചൻ കുഞ്ചൻ തുടങ്ങീട്ടനവധി മലയാള-
        ത്തിലുണ്ടായ് കവിതാ-
ത്തുഞ്ചത്തഞ്ചാതെ ചാഞ്ചാടിന കവിവരരു-
        ണ്ണായി കണ്ണായിരുന്നു |
കിഞ്ചപ്രാചാം കവീനാം കവിതയൊടുപമി-
        ച്ചീടിലിക്കാലകാവ്യം
നഞ്ചായ് നെഞ്ചത്തിരിക്കുന്നിതിയരുളുവർ നോ-
        ക്കട്ടെയന്യാപദേശം |

        ഭാവം ഗഭീരം പുനരർത്ഥിയായി-
        പ്പോവുന്നവർക്കേകമനല്പമർത്ഥം
        ഏവർക്കുമാനന്ദദമാം വചസ്സും
        കവിക്കു ചേരുന്നിതു കാവ്യമോർത്താൽ ||

        കന്യാകുമാരിമുതലീമലയാളമൊട്ടു-
        ക്കന്യപ്രദേശമതിലും മലയാളികൾക്കു
        മന്യേ ധരിച്ചു ഹൃദയേ സതതം രസിക്കാ-
        നന്യാപദേശമിതു നല്ല മണിപ്രവാളം

വിഖ്യാതൻ കേരളാഖ്യൻ കവി ഗുണമണിയും
        കാവ്യവും നവ്യമോർത്താ-
ലാഖ്യാനം ചെയ്യുവാനില്ലിതിനൊടു ശരിയായ്
        ഭാഷയിൽ കാവ്യമന്യം
വ്യാഖ്യാനം ഭാവബോധാഭിധമിതു കഴിയും-
        പോലെയീരാജരാജാ-
ഭിഖ്യൻ ഞാനിന്നു തീർത്തേനതിനുടെ ഗുണദോ-
        ഷങ്ങൾ നോക്കട്ടെ ലോകം ||

ശുഭമസ്തു.

KAMALALAYA PRINTING WORKS, TRIVANDRUM

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2 Acc. No. 2637

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MA2
Cl.No. KER-A Acc.No. 2637
Author കേരളവർമ്മ കോയി-ത്തമ്പുരാൻ
Title അന്യാപദേശ ശതകം
Borrower's Number

MA2 2637
KER-A

കേരളവർമ്മ കോയി-
ത്തമ്പുരാൻ

അന്യാപദേശ ശതകം